## നിയമനിർമ്മാണകാര്യം

### 1) 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, സർ, 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡാണ് അടുത്തകാലം വരെ താരിഫ് നിശ്ചയിച്ചിരുന്നത്. ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി യാഥാർത്ഥ്യമായപ്പോൾ മുതൽ റെഗുലേറ്ററി അതോറിറ്റിയാണ് താരിഫ് നിശ്ചയിക്കുന്നത്. ഇത് സംസ്ഥാനത്ത് നടപ്പായ ഒരു കാര്യ

മാണ്. അതുപോലെതന്നെ ഇതിനെയും കണക്കാക്കണമെന്നതാണ് എന്റെ അഭിപ്രായം. അതനുസരിച്ച് റെഗുലേറ്ററി അതോറിറ്റിയുടെ..........

ശ്രീ. സി. ദിവാകരൻ: മുഖ്യമന്ത്രി പറഞ്ഞത് അതല്ലല്ലോ?

ശ്രീ. പി. ജെ. ജോസഫ്: മുഖ്യമന്ത്രി പറഞ്ഞതും ഇതും രണ്ട് വിഷയമാണ്. വാട്ടർ അതോറിറ്റിയുടെ സർവ്വീസുകളെല്ലാം നിലനിൽക്കും. താരിഫ് നിശ്ചയിക്കുന്നതിനുള്ള അധികാരം റെഗുലേറ്ററി അതോറിറ്റിക്കായിരിക്കും. കമ്പനിയുടെ കാര്യമാണ് മുഖ്യമന്ത്രി പറഞ്ഞത്. അതുകൊണ്ട് ഈ നിലയിലുള്ള ഒരു റെഗുലേറ്ററി അതോറിറ്റി വരുന്നത് ഗുണകരമായിരിക്കും. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇന്ന് മൂന്ന് ബില്ലുകൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. 150 മിനിട്ടേയുള്ളൂ. ഒരുപാട് സംസാരിക്കാനുണ്ട്, പുതിയ നിയമമാണ് എന്നുള്ള കൺസിഡറേഷൻ വരുമ്പോഴാണല്ലോ ഓരോരുത്തരും കയറി ഓരോ കാര്യങ്ങൾ പറയുന്നത്. എന്നിട്ട് സ്വന്തം അവസരം കഴിഞ്ഞശേഷം മറ്റൊരാൾ സംസാരിക്കുമ്പോൾ അവർ അസ്വസ്ഥരാകും. രണ്ടുകൂട്ടരും. ഒരാൾ 30–40 മിനിട്ട് സംസാരിക്കും. എന്നിട്ട് വേറൊരാൾ രണ്ട് മിനിട്ട് അധികമെടുക്കുമ്പോൾ നിങ്ങൾ അസ്വസ്ഥരാകും. I am very sorry.

ശ്രീ. എ. എം. ആരിഫ്, അങ്ങേയ്ക്ക് 2013–ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എ.എം. ആരിഫ്: സർ, I move that- " This House resolves to disapprove The Kerala State Water Resource Regulatory Authority Ordinance, 2013 (Ordinance No. 21 of 2013)". 2013-ലെ XIII-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശാനുസരണമായിട്ടാണ് നമ്മുടെ സംസ്ഥാനത്ത് ഇത്ര വേഗത്തിൽ ഒരു റെഗുലേറ്ററി അതോറിറ്റി സ്ഥാപിക്കാൻ ഗവൺമെന്റ് മുന്നോട്ട് വരാൻ കാരണമെന്നാണ് ഗവൺമെന്റ് നൽകുന്ന വിശദീകരണം. XIII-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് 28.12.2012-ൽ നാഷണൽ വാട്ടർ പോളിസി നിലവിൽ വന്നു. ആ നാഷണൽ വാട്ടർ പോളിസിയുടെ ചുവടുപിടിച്ചാണ് ഈ അതോറിറ്റി രൂപീകരിക്കാനുള്ള നിർദ്ദേശം വന്നത്. നാഷണൽ ലീഗൽ ഫ്രെയിം വർക്കിന്റെ ബേസിസ്സിൽ നിന്നുകൊണ്ട് ഇതെങ്ങനെ കൈകാര്യം ചെയ്യണമെന്നത് സംബന്ധിച്ച് ഒരു യോഗം ചേരുകയുണ്ടായി. സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ച് മുഖ്യമന്ത്രിമാരും വകുപ്പുമന്ത്രിമാരും ആ യോഗത്തിൽ സമ്മേളിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അതിൽ പങ്കെടുത്തോയെന്ന് എനിക്കറിയില്ല. പങ്കെടുത്ത മന്ത്രിമാരും മുഖ്യമന്ത്രിമാരും ഈ അതോറിറ്റി രൂപീകരിക്കുന്നതിനെതിരായി ആ കൗൺസിൽ യോഗത്തിൽ ശക്തമായ നിലപാടെടുത്തു. അതിലേറ്റവും ശക്തമായ നിലപാടെടുത്തത് പഞ്ചാബ് മുഖ്യമന്ത്രിയായ ശ്രീ. പ്രകാശ് സിംഗ് ബാദലാണ്. അതുപോലെ ശ്രീ. അഖിലേഷ് യാദവും. മുഖ്യമന്ത്രിമാർ പലരും നാഷണൽ വാട്ടർ റിസോഴ്സിന്റെ ആറാമത് മീറ്റിംഗിൽ അതോറിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശത്തിനെതിരായി അതിശക്തമായ നിലപാടെടുത്തു. ഇത് ജനങ്ങളുടെ അവകാശത്തിൻമേലുള്ള, സ്റ്റേറ്റിന്റെ അവകാശത്തിന്മേലുള്ള, ഭരണഘടനാപരമായ ആവകാശത്തിന്മേലുള്ള കടന്നുകയറ്റമാണെന്നുവരെ പറഞ്ഞുകൊണ്ടാണ്

പഞ്ചാബ് മുഖ്യമന്ത്രി അവിടെ സംസാരിച്ചത്. നമ്മുടെ മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും എന്ത് നിലപാടാണ് എടുത്തത് എന്നറിയാൻ ഈ നാട്ടിലെ ജനങ്ങൾക്ക് താത്പര്യമുണ്ട്. നമ്മുടെ അഭിപ്രായ വ്യത്യാസമെങ്കിലും പറയണ്ടേ. സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങളുടെമേലുള്ള കടന്നുകയറ്റമാണിത് എന്ന് വളരെ വ്യക്തമായി പറയുകയുണ്ടായി. പക്ഷെ നമുക്കത് സംബന്ധിച്ച് അഭിപ്രായം ഇല്ലാതെപോയി. അതോറിറ്റി രൂപീകരിക്കണമെന്നുള്ളത് XIII-ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശം മാത്രമല്ല കേന്ദ്ര ജലനയത്തിന്റെ കൂടി ഭാഗമാണ്. കേന്ദ്ര ജലനയത്തിന്റെ ഭാഗമായി ജലത്തിന്റെ വിതരണത്തിന് താരിഫ് നിശ്ചയിച്ച് അത് റഗുലേറ്റ് ചെയ്തേ മതിയാകൂ എന്ന കർശനമായ നിയന്ത്രണം പറഞ്ഞിട്ടുണ്ട്. രാജ്യവ്യാപകമായി ഇന്ത്യാ ഗവൺമെന്റിന്റെ നാഷണൽ വാട്ടർ പോളിസി, ജീവിക്കാനുള്ള ജനങ്ങളുടെ അവകാശങ്ങളുടെ മേലുള്ള കടന്നുകയറ്റമെന്ന നിലയിൽ ഇന്ന് ചർച്ച ചെയ്യപ്പെടുകയാണ്. ഒട്ടേറെ ചിന്തകൻമാർ അതിനോട് പ്രതികരിച്ചുകൊണ്ടിരിക്കുകയാണ്. വലിയ സ്ഥാപനങ്ങളെല്ലാം ജലം അമിതമായി ഉപയോഗിക്കുന്നു, അതുകൊണ്ട് അത് റഗുലേറ്റ് ചെയ്യണ്ടേ എന്നാണ് ഇവിടെ ചോദിക്കുന്നത്. ഫലത്തിൽ ജനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള റെഗുലേഷനാണ് നടക്കാൻ പോകുന്നത്. ഇപ്പോൾത്തന്നെ റോഡ് നിർമ്മിക്കാനുള്ള അധികാരം, സെൻട്രൽ ഗവൺമെന്റിന്റെ വിഹിതം ലോണായും ഗ്രാന്റായും തന്നിരുന്നു. അതുപയോഗിച്ചുകൊണ്ട് നമ്മളാണ് റോഡുകൾ നിർമ്മിച്ചുകൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ അത് ബി.ഒ.റ്റി അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് തീരുമാനിക്കുന്നത്. അധികാരം നമ്മളിൽ നിന്ന് എടുത്തു കളഞ്ഞു. റോഡ് ടാക്സ് കൊടുക്കുന്ന ആളുകൾ പോലും സഞ്ച

രിക്കുന്നതിന് അഡീഷണൽ ടോൾ കൊടുക്കണം. നമ്മുടെ പണം ഒരുഭാഗത്ത് നിന്ന് വാങ്ങുകയും ചെയ്യും അതുകൂടാതെ സഞ്ചരിക്കാൻ വീണ്ടും പണം ആവശ്യപ്പെടുകയും ചെയ്യും. ഇത് റോഡിന്റെ കാര്യത്തിൽ മാത്രമല്ല നിരവധി സംരംഭങ്ങളിൽ ഇത് കാണാൻ കഴിയും. ഇങ്ങനെ റെഗുലേഷൻ കൊണ്ടുവരുന്നതിന്റെ അടിസ്ഥാനതത്വം ഒന്നേയുള്ളൂ. ജനങ്ങളുടെ അവകാശത്തിൻമേൽ കടന്നുകയറി സ്വകാര്യ സ്ഥാപനങ്ങൾക്ക് കൈമാറുക അതുവഴി ലാഭം ഉണ്ടാക്കാനുള്ള അവസരങ്ങൾ വൻകിട സ്ഥാപനങ്ങൾക്കും കോർപ്പറേറ്റ് കുത്തകകൾക്കും നൽകുകയെന്നതാണ്. വൈദ്യുതിയുടെ കാര്യത്തിലും അതുതന്നെയാണ്. റിലയൻസ് കമ്പനിക്ക് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള അവസരം കൊടുക്കുകയും അവർക്ക് കുറഞ്ഞ നിരക്കിൽ  കൽക്കരിയും മറ്റും നൽകുന്നതായുള്ള അഴിമതിയാരോപണങ്ങൾ ഇപ്പോൾ ഉയർന്നു വന്നിട്ടുണ്ടല്ലോ. സി. ആന്റ് എ.ജി തന്നെ പറഞ്ഞിരിക്കുകയല്ലേ.  ഇത്തരത്തിലുള്ള കോർപ്പറേറ്റ് സ്ഥാപനങ്ങളെല്ലാം വെള്ളം, വെളിച്ചം, റോഡ് തുടങ്ങിയ ജനങ്ങളുടെ അവകാശങ്ങൾക്കുമേൽ ആധിപത്യം സ്ഥാപിക്കാനുള്ള തയ്യാറെടുപ്പിലാണ്. ഇത് നേടിയെടുക്കാൻ വളഞ്ഞ വഴിയിലൂടെ കാര്യം സാധിക്കുകയാണ്.  അതിനുള്ള അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കലാണ് യഥാർത്ഥത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്. അത് പകൽ പോലെ വ്യക്തമാണ്. വെള്ളവും വായുവും ജീവൻ നിലനിർത്തുന്നതിന് വേണ്ടവയല്ലേ. ഇത്തരത്തിലുള്ള റെഗുലേഷൻ പാടില്ലെന്നു പറയാൻ ശ്രീ. പ്രകാശ് സിംഗ് ബാദൽ, ശ്രീ. അഖിലേഷ് യാദവ് എന്നിവർ കൗൺസിൽ യോഗത്തിൽ പറഞ്ഞിട്ടുള്ള അഭിപ്രായമെങ്കിലും രേഖപ്പെടുത്താനുള്ള ധൈര്യം ബഹുമാനപ്പെട്ട മന്ത്രി കാണിക്കേണ്ടതായിരുന്നു. അദ്ദേഹം ആ യോഗത്തിൽ പങ്കെടുത്തോ ഇല്ലയോ എന്നെനിക്കറിയില്ല. പങ്കെടുത്തിരുന്നെങ്കിൽ ആ ധൈര്യം കാണിക്കേണ്ടതല്ലേ. കോൺഗ്രസിന്റെ ഏകാ

ധിപത്യ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ടാണ് 15 പേർ ഇറങ്ങി വന്ന് കേരള കോൺഗ്രസ് രൂപീകരിച്ചത്. സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ പരിരക്ഷിക്കാൻ വേണ്ടി രൂപംകൊണ്ട പാർട്ടി സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ പരിരക്ഷിക്കേണ്ട ഇടപെടൽ നടത്തേണ്ട സമയത്ത് ഇടപെടുന്നില്ല. ഇടപെടാത്ത ആജ്ഞാനുവർത്തിയായി കോൺഗ്രസ്സിന്റെ ആഗോളവത്ക്കരണ ഉദാരവത്ക്കരണ സാമ്പത്തിക നയങ്ങൾ.....

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയോടുള്ള താങ്കളുടെ സമീപനമെന്താണ്?

ശ്രീ. എ.എം. ആരിഫ്: ഫിനാൻസ് കമ്മീഷൻ റിപ്പോർട്ടിൽ ഇപ്പോൾ തന്നെ പറഞ്ഞിരിക്കുന്നത് ഈ അതോറിറ്റി ഉണ്ടാക്കിയില്ലെങ്കിൽ ഗ്രാന്റ് കൊടുക്കാൻ പാടില്ലെന്നല്ലേ. ഇത് നമ്മളെയാകെ ശ്വാസം മുട്ടിക്കുകയാണ്.

ശ്രീ. എ. കെ. ബാലൻ: കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ താരിഫ് നിശ്ചയിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കൊടുക്കുന്ന താരിഫ് പെറ്റീഷന്റെ അടിസ്ഥാനത്തിലാണ്. ആ രൂപത്തിലെങ്കിലും വാട്ടർ അതോറിട്ടി കൊടുക്കുന്ന താരിഫ് പുതുതായി ഉണ്ടാക്കാൻ പോകുന്ന കമ്പനി പരിഗണിക്കുമോ.

ശ്രീ. മുല്ലക്കര രത്നാകരൻ: വെള്ളവും വൈദ്യുതിയും ഒരുപോലെയല്ല. വെള്ളവും വായുവും മാത്രമാണ് ഒരുപോലെയുള്ളത്. പ്രൈസ് ഓഫ് വാട്ടർ എന്ന പ്രയോഗം പോലും ലോകത്തില്ല. ജലം എടുത്ത് കൊടുക്കുന്നതിന്റെ ചെലവ് വേണമെങ്കിൽ എടുക്കാം. അല്ലാതെ വെള്ളത്തിന് വിലയിടാൻ പാടില്ല. കാരണം വെള്ളവും വായുവും പ്രകൃതി വസ്തുവാണ്. ഇലക്ട്രിസിറ്റി പോലെയല്ല. അത് ഏതെങ്കിലും തരത്തിൽ റഗുലേറ്റ് ചെയ്ത് തരുന്നു

എന്നാൽ ഒരു പ്രകൃതി നിയമത്തെ കേരളം വെല്ലുവിളിക്കുകയാണ്. ഒരു പ്രകൃതി നിയമത്തെ വെല്ലുവിളിക്കുന്നത് ശരിയാണോ.

ശ്രീ. സി. പി. മുഹമ്മദ്: ഇവിടെ വെള്ളമായാലും കൽക്കരിയായാലും ഒരുപാട് കുത്തകകൾക്ക് അനുവാദം കൊടുത്തു എന്നതല്ലേ ആക്ഷേപം. കേരളം കണ്ട ഏറ്റവും വലിയ ജലചൂഷണം പാലക്കാട് ജില്ലയിലാണ് ഉണ്ടായിട്ടുള്ളത്. 1) കൊക്കക്കോള–പ്ലാച്ചിമട 2) പെപ്സി–വാളയാറിൽ. ഈ രണ്ട് കമ്പനികൾക്കും അധികാരം കൊടുത്തപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയാണ് ഭരിച്ചിരുന്നത്. പഞ്ചായത്ത് ഭരിച്ചിരുന്നതും ഇടതുപക്ഷമാണ്. എല്ലാവരും ചേർന്ന് സമരം ചെയ്ത് പ്ലാച്ചിമട കമ്പനി പൂട്ടി, നല്ലത്, ഞാനതിനെ അനുകൂലിക്കുന്നു. പെപ്സി കമ്പനിക്കെതിരെ ഒരു വിരലനക്കാൻ ഈ ജല ചൂഷണത്തെക്കുറിച്ച് പറയുന്നവർക്ക് ധൈര്യമുണ്ടായിട്ടുണ്ടോ. ഞാൻ അടക്കമുള്ള നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റി അംഗങ്ങൾ അവിടെ ചെന്നപ്പോൾ ഗേറ്റ് പൂട്ടി അവർ സ്ഥലം വിട്ടു. ആ ഗേറ്റ് ചവിട്ടിപൊളിക്കുമെന്ന് പറഞ്ഞപ്പോഴാണ് ഗേറ്റ് തുറന്നത്. ഇത്രയും ധാർഷ്ട്യം പുലർത്തുന്ന ബഹുരാഷ്ട്ര കുത്തകയ്ക്ക് ലൈസൻസ് കൊടുത്തിട്ട് ധാർമ്മികരോഷം കൊള്ളുന്നതിൽ വല്ല അർത്ഥവുമുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, പെപ്സി കമ്പനിയുള്ള പുതുശ്ശേരി ഗ്രാമ പഞ്ചായത്ത്, കോൺഗ്രസിന്റെ പഞ്ചായത്താണെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയുമോ?

ശ്രീ. സി. പി. മുഹമ്മദ്: അത് ഇപ്പോഴാണ്. മുമ്പ് എൽ.ഡി.എഫ്. ആയിരുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, ആറന്മുളയിൽ വിമാനത്താവളം നിർമ്മിക്കാൻ പാടില്ല എന്ന് ഞാനും ശ്രീ. സി. പി. മുഹമ്മദും ശ്രീ. പി.സി. വിഷ്ണു

നാഥും നമ്മളെല്ലാം അടങ്ങുന്ന പരിസ്ഥിതി കമ്മിറ്റി പറഞ്ഞു. നമ്മളെല്ലാം കൂടിയിരുന്ന് ഈ സഭ അംഗീകരിച്ചു. തത്വത്തിൽ പരിശോധിക്കാൻ വേണ്ടി തീരുമാനിച്ചാൽ....... അംഗീകാരം ആരു കൊടുത്താലും ഇരിക്കട്ടെ, ഈ നിയമ സഭ പാസ്സാക്കിയ....., ആറന്മുളയിൽ വിമാനത്താവളം ഇന്നത്തെ നിലയിൽ പാടില്ല എന്ന റിപ്പോർട്ട് പരിസ്ഥിതി കമ്മിറ്റി ചർച്ച ചെയ്ത് അംഗീകരിച്ചു, ഈ സഭയും അംഗീകരിച്ചു. അംഗീകരിച്ച റിപ്പോർട്ട് കൈവശം വച്ച് ഞാനും ശ്രീ. സി. പി. മുഹമ്മദുമടക്കം പാസാക്കിയ....., ആറന്മുളയിൽ വിമാനത്താവളം വരാൻ പോകുകയാണ്. നമുക്ക് രണ്ടുപേർക്കും ഒരു ചെറുവിരൽ അനക്കാൻ സാധിക്കുന്നുണ്ടോ? വെറുതേ വർത്തമാനം പറയരുത്...,

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, പ്രകൃതിക്കുവേണ്ടിയും ഭാരതപ്പുഴയ്ക്കു വേണ്ടിയും മണലിനുവേണ്ടിയുമൊക്കെയുള്ള വലിയ വാദങ്ങൾ ഉന്നയിക്കുന്ന ഒരു അംഗമാണ് ശ്രീ. സി. പി. മുഹമ്മദ്. ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് ഇത്രയും യാന്ത്രികമായി നിലപാട് പറയുന്നതും ഏകപക്ഷീയമായി രാഷ്ട്രീയം പറയുന്നതും ശരിയാണോ? 2025-ൽ ലോകത്ത് നടക്കാനിരിക്കുന്ന യുദ്ധം വെള്ളത്തിനുവേണ്ടിയായിരിക്കും. വെള്ളത്തെ ഒരു ചരക്കാക്കി മാറ്റുന്നതിനുവേണ്ടിയിട്ടുള്ള സാർവ്വദേശീയമായ ഗൂഢാലോചന നടക്കുകയാണ്. ഇറാഖ് യുദ്ധത്തിന്റെ പിറകിൽ ഊർജ്ജം എന്നു പറയുന്ന എണ്ണയ്ക്കു വേണ്ടിമാത്രമായിരുന്നില്ല, മെസൊപ്പൊട്ടോമിയൻ സംസ്ക്കാരത്തിന്റെ ഏറ്റവും ഉജ്ജ്വലമായ പ്രതീകമായ യൂഫ്രട്ടീസ്, ടൈഗ്രിസ് നദിയിലെ വെള്ളം കൂടി ലക്ഷ്യം വച്ചായിരുന്നു ഇറാഖ് യുദ്ധം എന്നുള്ളത് ഇന്ന് തെളിയിക്കപ്പെട്ടു. ആഗോളമായ ഈ ഗൂഢാലോചനയ്ക്ക് കേരളത്തെ

പങ്ക് ചേർക്കുന്നതിനുവേണ്ടിയുള്ള ഏറ്റവും നിഗൂഢമായ നീക്കമാണെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ അത് പറയാൻ വേണ്ടി തയ്യാറായിരിക്കുകയായിരുന്നു. ഞാൻ അത് പ്രിപ്പയർ ചെയ്തിട്ടുണ്ടായിരുന്നു. വെള്ളത്തിന്റെ വിതരണമടക്കം ആഗോള കുത്തകകൾക്ക് കൈമാറുന്ന അനുഭവമാണ് ഇറാഖിലുണ്ടായത്. അപ്പോൾ തീർച്ചയായും ആഗോളതലത്തിലുള്ള ഗൂഢാലോചന വളരെ വ്യക്തമാണ്.

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ ബഹുമാനപ്പെട്ട സി.പി മുഹമ്മദ് ഇങ്ങോട്ടു നോക്കി കയർക്കുകയുണ്ടായി. 1991-ൽ നരസിംഹറാവു കൊണ്ടുവന്ന ഉദാരവത്ക്കരണനയത്തിന്റെ ഭാഗമായിട്ടാണ് പെപ്സിയും കൊക്കകോളയും ഇന്ത്യയിൽ പല സ്ഥലങ്ങളിലും ഫാക്ടറി തുടങ്ങിയത് എന്നുള്ള വിവരം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, ബഹുമാനപ്പെട്ട സി.പി. മുഹമ്മദ് ഇവിടെ സംസാരിക്കുമ്പോൾ പ്ലാച്ചിമടയിലുള്ള കൊക്കകോള-പെപ്സി പ്ലാന്റിനെക്കുറിച്ച് സൂചിപ്പിച്ചു. അത് വന്ന പശ്ചാത്തലമാണ് ശ്രീ. രാജു എബ്രഹാം പറഞ്ഞത്. അവർ ഏറ്റവും വലിയ നിലയിൽ ജലചൂഷണം നടത്തുന്നു എന്ന് ബോദ്ധ്യപ്പെട്ടപ്പോൾ അതിനെതിരെ വലിയ പ്രക്ഷോഭം ഉയർന്നു വന്നു. ഇവിടത്തെ യുവജനപ്രസ്ഥാനവും എല്ലാവരും ചേർന്ന് വലിയ പ്രക്ഷോഭത്തിലേയ്ക്ക് വന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ്, ആ പ്രക്ഷോഭത്തെ അടിച്ചമർത്താനുള്ള നടപടികളാണ് സ്വീകരിച്ചത്. പങ്കെടുത്തവരുടെ പേരിൽ കള്ളക്കേസുകൾ ചുമത്തിയും മർദ്ദനമഴിച്ചുവിട്ടും അവരെ അടിച്ചമർത്താൻ നിങ്ങൾ ശ്രമിച്ചു. അന്ന് ആ സമരത്തിൽ പങ്കെടുത്തതിന്റെ ഭാഗമായി

നിങ്ങൾ ചുമത്തിയ കള്ളക്കേസുകളിൽ ഒന്നിൽ പ്രതിയായ ആളാണ് ഞാനും. ഇപ്പോഴും പാലക്കാട് ആ കേസിൽ ഹാജരാകാൻ ഞാൻ പോകേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. അപ്പോൾ ആ കൊക്കകോള-പെപ്സിയെ സംരക്ഷിക്കുന്ന നിലപാട് നിങ്ങളുടെ ഗവൺമെന്റല്ലേ സ്വീകരിച്ചത്?

ശ്രീ. എ. എം. ആരിഫ്: സർ, ഞാനതാണ് പറഞ്ഞത് കേന്ദ്ര നയത്തിന്റെ ഭാഗമായി മാത്രമേ സ്റ്റേറ്റ് ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഗ്രാന്റ് കിട്ടണമെങ്കിൽ ഇത് പാസ്സാക്കിയാലേ സാധിക്കുകയുള്ളൂ. ഇത് രാഷ്ട്രീയ നയമാണ്. ഞാൻ ജലവിഭവ വകുപ്പുമന്ത്രിയെ ഒന്നും പറയുന്നില്ല. അദ്ദേഹം ഈ ഭരണ സംവിധാനത്തിന്റെ ഒരു ആജ്ഞാനുവർത്തിയാണ്. ഈ ചുറ്റുപാടിൽ നിന്നു കൊണ്ടുമാത്രമേ അദ്ദേഹത്തിന് പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. കേന്ദ്രസർക്കാരിൽ നിന്നുള്ള ഗ്രാന്റ് കിട്ടണമെങ്കിൽ ഈ അതോറിറ്റി ഇവിടെ പാസ്സാക്കണം. പാസ്സാക്കാതെ പോയാൽ 10 നയാപൈസ കിട്ടില്ല. അത്തരത്തിലേയ്ക്ക് കാര്യങ്ങൾ മാറി എന്നുള്ളതാണ് സ്ഥിതി. കേന്ദ്ര നയം തിരുത്താനാണ് നമ്മളെല്ലാം ശ്രമിക്കേണ്ടത്. ആ നയം തിരുത്തന്നതിനു വേണ്ടി നമ്മൾ ശക്തമായി ഇടപെടണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കൊക്കകോള കമ്പനിയെ സംബന്ധിച്ച് കേസിനു പോകാൻതന്നെ കാരണം ഗ്രൗണ്ട് വാട്ടർ അതോറിറ്റി രൂപീകരിച്ചതാണ്. ഗ്രൗണ്ട് വാട്ടർ അതോറിറ്റി രൂപീകരിക്കണമെന്ന് പറഞ്ഞ് അന്ന് കത്ത് തന്ന ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ ഈ സഭയിൽ ഇരിക്കുകയാണ്. അങ്ങനെ ഗ്രൗണ്ട് വാട്ടർ അതോറിറ്റി രൂപീകരിച്ചതുകൊണ്ടു മാത്രമാണ് പിന്നീട് ബാക്കിയുള്ള കേസുകളിലേയ്ക്ക് ഫർദറായി നീങ്ങാൻ

സാധിച്ചത്. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ആരു വെള്ളം കൊടുത്തു? ആര് സ്ഥലം കൊടുത്തു? ആര് ഫയൽ പൊക്കി? ആര് അവിടെ കെട്ടിടമുണ്ടാക്കി? എന്നൊക്കെ അപ്പുറത്തുമിപ്പുറത്തുനിന്നും തർക്കിക്കാൻ സാധിക്കും. പക്ഷേ നിലവിൽ അവർക്ക് പ്രൊട്ടക്ഷൻ കിട്ടാനുള്ള ഏക കാരണം അതോറിറ്റി രൂപീകരിച്ചതും അതോറിറ്റിക്ക് മുകളിലുള്ള നടപടി നടന്നതുമാണ് എന്ന് മാത്രം അങ്ങ് അറിഞ്ഞാൽ മതി. അത് രേഖയിലും കിടന്നോട്ടെ.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, അതുകൊണ്ട് ഇപ്പോൾ ഈ അതോറിറ്റി വേണ്ട എന്നല്ലേ അങ്ങ് പറഞ്ഞതിന്റെ അർത്ഥം. പുതിയ പുതിയ അതോറിറ്റികൾ ഉണ്ടാക്കുന്നതിന്റെ പ്രത്യാഘാതം നമ്മൾ......, അങ്ങ് പറഞ്ഞതിന്റെ ആന്തരികാർത്ഥം അതല്ലേ? അതോറിറ്റി രൂപീകരിച്ചതാണ് അപകടമെങ്കിൽ ഇനി അത് രൂപീകരിക്കാതിരിക്കുന്നതല്ലേ ബുദ്ധി?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ശരിക്കു പറഞ്ഞാൽ അത് ഒരു ആണത്തമുള്ള കേസ് അല്ല എന്ന് അങ്ങ് മുമ്പ് പറഞ്ഞതുകൊണ്ടാണ് ഞാൻ അതിനെപ്പറ്റി മിണ്ടാതിരിക്കുന്നത്. അതാണ് ഇതിന്റെ പ്രധാനപ്പെട്ട കാര്യം.

<u>ശ്രീ. എ. എം. ആരിഫ്</u>: അങ്ങ് പറഞ്ഞ വസ്തുതയെടുത്താൽ അതോറിറ്റികളാണ് അപകടം എന്ന നിലയിൽ ഒന്നിനുമേൽ ഒന്നായി അതോറിറ്റി ഉണ്ടാക്കുന്നത് നിയമപരമായി ഇടപെടാനുള്ള നമ്മളുടെ സാദ്ധ്യതയെ തടസ്സപ്പെടുത്തുമെന്നല്ലേ അങ്ങ് പറഞ്ഞത്. ഇപ്പോൾ നിലവിൽ താരിഫ് നിശ്ചയിക്കാനും റഗുലേറ്റ് ചെയ്യാനും അതുപോലെ വാട്ടർ റിസോഴ്സസ് സംരക്ഷിക്കുവാനും വേസ്റ്റ് വാട്ടറിന്മേലുള്ള പൊല്യൂഷൻ ഉണ്ടാകുന്നതിനെതിരെ നടപടിയെടുക്കാനുമൊക്കെയായി നമുക്ക് ഇപ്പോൾ തന്നെ അധികാരങ്ങളുണ്ട്.

1986–ൽ ഈ നിയമസഭ ചർച്ച ചെയ്ത് അംഗീകരിച്ച, വാട്ടർ അതോറിറ്റിക്ക് ഇതിനെല്ലാം അധികാരമുണ്ട്. ആ അധികാരങ്ങളിൽ അമെന്റ്മെന്റ് വരുത്തി നമുക്ക് വേണമെങ്കിൽ കൂട്ടിച്ചേർക്കാം. അങ്ങനെയിരിക്കെ വളരെ ഫലപ്രദ മായി ചർച്ച ചെയ്ത് അംഗീകരിച്ച വാട്ടർ അതോറിറ്റി നിയമം നിലനിൽക്കു മ്പോൾ പുതിയ നിയമം കൊണ്ടുവരികയാണ്. ആ നിയമം കൊണ്ടുവരുന്നത് ഇവിടെ എല്ലാവരും ആശങ്കപ്പെടുന്നപോലെ തന്നെയാണ്. മൂന്നു വർഷം കൂടുമ്പോൾ നിർബന്ധമായും താരിഫ് പുതുക്കി നിശ്ചയിച്ചേ മതിയാകൂ. അങ്ങനെ ഓരോ പുതുക്കി നിശ്ചയിക്കലിനും ടാക്സ് ഈടാക്കുന്നത് ഇവിടത്തെ പാവപ്പെട്ട ജനങ്ങളുടെ മേലിലാണ്. 1000 ലിറ്റർ വെള്ളത്തിന് ഇപ്പോൾ 4.50 രൂപ കൊടുക്കാൻ പോകുന്ന സ്ഥാനത്ത് നാളെ 250 രൂപ നൽകേണ്ടി വരും. ഇവിടെ ഇപ്പോൾ തർക്കവിഷയമായ 31–ാം തീയതിയിലെ ഓർഡറുണ്ട്, ആ ഉത്തരവിൽ – Government have examined the report in detail and are pleased to accord administrative sanction for establishment of a limited company on CIAL model for functioning as a single nodal agency for constructing, developing, maintaining and operating community based drinking water supply plants across the State of Kerala. The Company shall implement this plant in the Panchayats before March 2014, Municipalities before 2015 and in Corporations before March 2016. The Company shall ensure 100% coverage of potable drinking water in the State within a timeframe of four years on a

self-sustainable basis. 'Self-sustainable basis' എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിച്ച തുപോലെയാണോ? ഇവിടെ അങ്ങനെയല്ല, അവർ അവരവരുടെ സ്വന്തം നിലയിൽ ഓരോരുത്തർക്കും അവരുടെ നിലയിൽ നിന്ന്........ ജനങ്ങൾക്ക് ഇതിന്റെ സബ്സിഡിയോ മറ്റ് ആനുകൂല്യങ്ങളോ ഒന്നും കിട്ടാൻ പോകുന്നില്ല. അദ്ദേഹം പറഞ്ഞപ്പോലെ, നമുക്കിവിടെ ഈ കാര്യങ്ങളിലെല്ലാം ചില കമ്പനി കളെയെല്ലാം ഉൾപ്പെടുത്തി...... നമുക്ക് വെള്ളം കൊടുക്കണ്ടേ, അതിന് നമു ക്കിത് വേണ്ടേ എന്നൊക്കെ പറഞ്ഞതുപോലെ ഉപരിവിപ്ലവമായി പറഞ്ഞ കാര്യമല്ല ആന്തരികമായി ലക്ഷ്യം വയ്ക്കുന്നത്. ഓരോ തുള്ളി വെള്ളത്തിനും ജനങ്ങളിൽ നിന്നും പണം ഈടാക്കി അവരെ നിയന്ത്രിക്കാൻ വേണ്ടിയിട്ടുള്ള നടപടിക്രമങ്ങളാണ് ഇവിടെ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്നത്.

അമേരിക്കയിലെ Chief Seattle -ൽ ഒരു റെഡ് ഇന്ത്യൻ മൂപ്പനുണ്ട്. അദ്ദേഹം ഫ്രാങ്ക്ളിൻ പിയേഴ്സന് അവിടത്തെ നദികളെയും അരുവിക ളെയും കുറിച്ച് എഴുതിയ കത്ത് ഉണ്ട്. അതിൽ അദ്ദേഹം പറയുന്നത് – അരുവികളിലൂടെയും പുഴകളിലൂടെയും ഒഴുകുന്ന തിളങ്ങുന്ന വെള്ളം വെറും വെള്ളമല്ല അത് ഞങ്ങളുടെ പൂർവ്വികരുടെ ചോരയാണ്. ഞങ്ങളുടെ ഭൂമി വിൽക്കുമ്പോൾ നിങ്ങൾ ഓർക്കണം അത് പവിത്രമാണെന്ന്. തടാകങ്ങ ളിലെ തെളിമയാർന്ന ജലത്തിലെ തിളക്കമുള്ള ഓരോ പ്രതിഫലനവും എന്റെ ജനതയുടെ ജീവിതത്തിലെ ഓർമ്മകളാണ് വിളിച്ച് പറയുന്നത്. ആ ജലമർമ്മര ങ്ങൾ എന്റെ പിതാമഹന്മാരുടെ ശബ്ദമാണ്. ഞങ്ങളുടെ ദാഹം തീർക്കുന്ന നദികൾ ഞങ്ങളുടെ സഹോദരങ്ങളാണ്. ഞങ്ങളുടെ കുഞ്ഞ് വഞ്ചികളെ ഒഴു ക്കുന്നവർ ഞങ്ങളുടെ കുഞ്ഞുങ്ങളെ ഊട്ടുന്നവരാണ്. അതുകൊണ്ട് നിങ്ങൾ

നിങ്ങളുടെ സഹോദരന്മാർക്ക് നൽകുന്ന കനിവ് നദികൾക്കും നൽകണം........ ഞങ്ങളുടെ നദിയിലും മരത്തിലും കണ്ണുവയ്ക്കുന്ന ഭരണകൂടത്തിന്റെ ദുരാർത്തിക്കെതിരെ നിർഭയം നിലകൊണ്ട Suquamish ഗോത്ര തലവൻ എഴുതിയ കത്തിന് വർഷം 159 കഴിഞ്ഞിട്ടും പ്രസക്തിയും തിളക്കവും പതിന്മടങ്ങ് വർദ്ധിക്കുകയാണ്. പ്രകൃതിയുടെയും മനുഷ്യരടക്കമുള്ള ജീവജാലങ്ങളുടെയും നിലനിൽപ്പിന് അനിവാര്യമായ വെള്ളം വിറ്റ് പണമുണ്ടാക്കുവാൻ മൂലധന ശക്തികൾ നൂറ്റാണ്ടുകൾക്ക് മുമ്പേ ശ്രമിച്ചിട്ടുണ്ടെന്നും പ്രകൃതിയെയും മനുഷ്യരെയും സ്നേഹിക്കുന്നവർ അതിനെ എക്കാലവും ചെറുത്തു നിന്നിട്ടുണ്ടെന്നുള്ളതാണ് സിയാറ്റിൽ മൂപ്പനും അദ്ദേഹത്തിന്റെ പിന്നിൽ അണിനിരന്ന റെഡ് ഇന്ത്യൻ ഗോത്രവർഗ്ഗവും നമുക്ക് നൽകുന്ന ചരിത്ര പാഠം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അമേരിക്കൻ പ്രസിഡന്റായിരുന്ന കെന്നഡി സഹോദരൻ അമേരിക്കയിലെ വെള്ളക്കച്ചവടത്തിന്റെ പേരിൽ പറഞ്ഞത്, വെള്ളം മുകളിൽ നിന്ന് താഴോട്ട് ഒഴുകുന്നതല്ല, ആധുനികകാലത്ത് വെള്ളം പണം ഉള്ളിടത്തേയ്ക്ക് മാത്രം ഒഴുകുന്നതാണെന്നാണ്. അങ്ങനെയെങ്കിൽ ആ പണം ഉള്ളിടത്തേയ്ക്ക് മാത്രം വെള്ളം ഒഴുക്കുന്ന അതോറിറ്റി അല്ലേ കേരളത്തിൽ വരുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, അത് വ്യക്തമാണല്ലോ. ഇന്ന് ഏറ്റവും കൂടുതൽ പണമുണ്ടാക്കാൻ കഴിയുന്നത് വെള്ളമാണ്. വെള്ളത്തെ വിൽപ്പന ചരക്കാക്കാനുള്ള ആഗോളനയത്തിന്റെ ഭാഗമായാണ് ഇന്ത്യൻ വാട്ടർ പോളിസി കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കിയത്. ആ നയത്തിന്റെ ഭാഗമായാണ് കേരള ഗവൺമെന്റ് പ്രവർത്തിക്കുന്നതെന്ന് പകൽപോലെ വ്യക്തമായിരിക്കു

കയാണ്. ഏതാണ്ട് ചരിത്രത്തിൽ 8000 – ത്തോളം ചെറുതും വലുതുമായ യുദ്ധങ്ങൾ നടന്നിട്ടുണ്ട്. അതെല്ലാംതന്നെ പ്രകൃതി വിഭവങ്ങളെ സംബന്ധിച്ചുള്ള യുദ്ധങ്ങളായിരുന്നുവെന്നാണ് പിന്നീട് U.S. National Academy of Science-ന്റെ ഒരു പ്രബന്ധത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. കാരണം നാളെ ഒരു യുദ്ധം നടക്കുന്നത് വെള്ളത്തിനുവേണ്ടി ആയിരിക്കുമെന്നുള്ള കാര്യം എല്ലാവരും പ്രവചിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ വെള്ളത്തിന്റെ ആധിപത്യം ഉറപ്പിക്കാൻവേണ്ടിയും ആഗോള കമ്പനികൾക്കെല്ലാം കടന്നുവരാനുള്ള അവസരം ഒരുക്കുന്നതിനുവേണ്ടിയുമാണ് ഇത്തരത്തിൽ ഈ അതോറിറ്റി രൂപീകരിക്കാൻ ശ്രമിച്ചിട്ടുള്ളത്. ലോകത്തിന്റെ സ്ഥിതി എടുത്താൽ കുടിവെള്ളമില്ലാതെ പ്രതിവർഷം 20 ലക്ഷം കുട്ടികൾ മരിക്കുന്നുവെന്നാണ് പഠന റിപ്പോർട്ട്. 2067–ൽ ലോക ജനസംഖ്യ 1300 കോടിയിലെത്തുമ്പോൾ കുടിവെള്ളം കിട്ടാക്കനിയായി മാറും. നൂറുകോടി ജനങ്ങൾക്ക് എന്ത് വില കൊടുത്താലും വെള്ളം കിട്ടാത്ത അവസ്ഥയിലേയ്ക്ക് എത്തും. ലോകത്തിന്റെ ഈ പരിതഃസ്ഥിതി മുന്നിൽ കാണുന്നുണ്ട്. ഇത് മുന്നിൽ കണ്ടുകൊണ്ട് ഏറ്റവും കൂടുതൽ അവശ്യ വസ്തുവായി മാറുന്ന ജലത്തിൻമേലുള്ള ആധിപത്യം ഉറപ്പിക്കുന്നതിനുവേണ്ടിയുള്ള വലിയ പരിശ്രമമാണ് അതിന്റെ ഭാഗമായി നടക്കുന്നത്. അങ്ങ് ഒരു ഈശ്വര വിശ്വാസിയാണ്. ബൈബിളിൽ എന്താണ് പറയുന്നത് – ദൈവത്തിന്റെ ആദ്യത്തെ പ്രകാശ കിരണങ്ങൾ പതിഞ്ഞത് ജലത്തിന്മേലാണെന്ന് ബൈബിളിൽ പറയുന്നുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, അദ്ദേഹം ഈശ്വര വിശ്വാസിയാണെന്ന് ഏകപക്ഷീയമായി പറയുന്നു. അദ്ദേഹം ഈശ്വര വിശ്വാസിയാണെന്നുള്ളതിന് വ്യക്തമായ തെളിവുകൾ ഹാജരാക്കാമോ?

ശ്രീ. എ. എം. ആരിഫ്: സർ, അദ്ദേഹം എപ്പോഴും എല്ലാ വിശ്വാസ കേന്ദ്രങ്ങളിലും പോകാറുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, പൊൻകുരിശുവച്ച പള്ളിയുടെ മുകളിൽ കയറി ഇരുന്ന ആളാണ്. അദ്ദേഹം വിശ്വാസിയാണോ? അദ്ദേഹം അങ്ങനെ ചെയ്തുവെന്നല്ല. പള്ളിയിൽ പോകുന്നവരെല്ലാം വിശ്വാസിയായിട്ട് കാണാ മോയെന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, പുറമേയുള്ള നിരീക്ഷണത്തിൽ നിന്നാണ് ഞാൻ എത്തിച്ചേർന്നിട്ടുള്ളത്. ആന്തരികമായി അതായിരിക്കുമെന്നുള്ളത് എന്റെ ധാരണയാണ്. എന്തായാലും അദ്ദേഹം വിശ്വാസിയാണെന്നാണ് ഞാൻ വിചാരിക്കുന്നത്. എന്റെ ധാരണയിൽ നിന്നുകൊണ്ടാണ് ഞാൻ പറയുന്നത്. ബൈബിളിന്റെ ഒന്നാം അദ്ധ്യായമാണ് ഉത്പത്തി. ആ ഉത്പത്തിയിലാണ് പ്രതി പാദിക്കുന്നത് ജലത്തിലാണ് ദൈവത്തിന്റെ പ്രഭാകിരണങ്ങൾ ആദ്യം പതി ഞ്ഞതെന്ന്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, തുടർച്ചയായി അദ്ദേഹത്തെ എല്ലാവ രുംകൂടി ചേർന്ന് കുരിശ്ശിലേറ്റിയെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, തീർച്ചയായും. അദ്ദേഹം ഇപ്പോൾ യു.ഡി. എഫ്. എന്ന് പറയുന്ന കുരിശ് ചുമക്കാൻ നിർബന്ധിക്കപ്പെട്ടിരിക്കുകയാണ്. വികലമായ നയങ്ങൾ അദ്ദേഹത്തിന്റെ തലയിൽ കെട്ടിവച്ച് അദ്ദേഹത്തിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുകയാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, ശ്രീ. പി. ജെ. ജോസഫിന്റെ വിശ്വാസ ത്തെക്കുറിച്ച് പറയുമ്പോൾ, എന്റെ അയൽപക്കത്തുനിന്നുമാണ് അദ്ദേഹം കല്ല്യാണം കഴിച്ചിരിക്കുന്നത്. സത്യക്രിസ്ത്യാനിയാണ്, വിശ്വാസിയാണ്. അത്

നമുക്ക് വളരെ ബോധ്യപ്പെട്ട കാര്യമാണ്. അതുകൊണ്ട് അക്കാര്യം ചർച്ച ചെയ്യേണ്ടായെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട ഒരു മെമ്പർ ഒരു പ്രശ്നം ഉന്നയിക്കുമ്പോൾ, അദ്ദേഹം ഉന്നയിച്ച പ്രശ്നം ചർച്ച ചെയ്യാൻ പാടില്ലായെന്ന് വേറൊരു മെമ്പർ പറഞ്ഞാൽ കീഴടങ്ങാൻ പറ്റുമോ? ഇവിടെ എല്ലാവർക്കും തുല്ല്യാവകാശമല്ലേ.

ശ്രീ. എ. എം. ആരിഫ്: സർ, ഇവിടെ ചർച്ചാവിഷയം എന്തായാലും അദ്ദേഹത്തിന്റെ വിശ്വാസത്തെക്കുറിച്ചല്ല. അദ്ദേഹം വിശ്വാസിയാണെന്നുള്ള ധാരണയിൽ നിന്നുകൊണ്ടാണ് ഞാൻ അവതരിപ്പിച്ചത്.

ശ്രീ. ജി. സുധാകരൻ: സർ, പ്രധാനപ്പെട്ട പ്രശ്നം അങ്ങയോട് ചോദിക്കാനുണ്ട്. ഇത് സാധാരണ ഒരു ബിൽ അല്ല. ഏറ്റവും സുപ്രധാനമായ ബില്ലാണ്. പൂച്ച ബിൽ പോലെ ഇടയ്ക്ക് തിരുകി കയറ്റിയിരിക്കുകയാണ്. ഈ നിയമസഭ അവതരിപ്പിക്കാൻപോലും സമ്മതിക്കാൻ പാടില്ലാത്ത ഒരു നിയമമാണെന്നാണ് എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. പക്ഷേ ഇത് അവതരിപ്പിച്ചു കഴിഞ്ഞു. പഞ്ചഭൂതങ്ങളെന്ന് പറയുന്നത് ഭൂമി, വെള്ളം, വായു, ആകാശം, ജലം ഇവയാണ്. അതിൽ വെള്ളമെന്ന് പറയുന്നത് പഞ്ചഭൂതങ്ങളിൽ ഒന്നാണ്. എന്റെ വീട്ടിൽ ന്യായമായ വെള്ളം വേണം. അതിനെ നിയന്ത്രിക്കാൻ എന്ത് അധികാരമാണ് സർക്കാരിനുള്ളത്. കുടുംബത്തിന്റെ ബേസിക്കായിട്ടുള്ള റൈറ്റാണ് വെള്ളം. വെള്ളമെന്ന് പറയുന്നത് ഫണ്ടമെന്റൽ റൈറ്റ് അല്ലേ? ഫണ്ടമെന്റൽ റൈറ്റ്സ് ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും തുല്ല്യമായിരിക്കേ ഫണ്ടമെന്റൽ റൈറ്റ്സിൽ വരുന്ന ജലം ലഭിക്കാനുള്ള അവകാശത്തെ ഒരു സംസ്ഥാന മന്ത്രിക്ക് എങ്ങനെയാണ് ഒരു ഓർഡിനൻസ് കൊണ്ടുവന്ന് ബിൽ ആക്കി റെസ്ട്രിക്ട് ചെയ്യാൻ സാധിക്കുന്നത്. അങ്ങ് മറു

പടി പറയണം. ലോക്കൽ ബോഡീസിനാണ് അവിടെയുള്ള വെള്ളത്തിന്റെ അധികാരം. സംസ്ഥാനത്തിന് മൊത്തമുള്ള നദിയാണെങ്കിൽ മാത്രമേയുള്ളൂ സംസ്ഥാന ഗവൺമെന്റിന് അധികാരമുള്ളത്.

മി. ചെയർമാൻ: 25 മിനിട്ടായി.

ശ്രീ. ജി. സുധാകരൻ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ്. അങ്ങയുടെ വെള്ളംകുടി മുട്ടും. വർക്കലയിലെ വെള്ളംകുടി മുട്ടും. അങ്ങ് ഒരു ഫിലോസഫർ കൂടിയാണ്. ഞങ്ങൾ ഒരുമിച്ച് ഓൾ ഇന്ത്യ ടൂറിന് കാശ്മീരിൽ പോയപ്പോൾ അവിടത്തെ വെള്ളച്ചാട്ടമെല്ലാം കണ്ടുകൊണ്ട് അങ്ങ് എന്നോട് ഫിലോസഫി പറഞ്ഞു. വെള്ളച്ചാട്ടത്തിനുമുന്നിൽ നമ്മളൊരുമിച്ച് നിൽക്കുന്ന ഫോട്ടോ ഉണ്ട്. ആ ഫോട്ടോ ഫേയ്സ് ബുക്കിൽ ഉണ്ട്. വളരെ മനോഹരമാണ്. ബേസിക്കായിത്തന്നെ ഞാൻ പറയുകയാണ്, നമ്മുടെ ഫണ്ടമെന്റൽ റൈറ്റ്സ് റെസ്ട്രിക്ട് ചെയ്യുകയല്ലേ? ഇന്റർസ്റ്റേറ്റ് ഡിസ്പ്യൂട്ടുള്ള നദികളുടെ കാര്യത്തിൽ തീരുമാനം എടുക്കുന്നത് സെൻട്രൽ ഗവൺമെന്റാണ്. സംസ്ഥാനത്തൊട്ടാകെയുള്ള നദികളുടെ അവകാശം സംസ്ഥാന ഗവൺമെന്റിനാണ്. പക്ഷേ, പഞ്ചായത്തിലുള്ള ജലാശയങ്ങളും കിണറുകളും പഞ്ചായത്തിനും പ്രൈമറിയായിട്ട് ആ വീട്ടുകാർക്കുമുള്ളതാണ്. അതിനെയെല്ലാം നമ്മുടെ മന്ത്രി കയറി ഇടപെടുകയല്ലേ? ഇവിടെ ലോക്കൽ ബോഡീസ് ഇനി എന്തിനാണ്? ഇവിടെ ഫൈനാൻസ് കമ്മീഷന് സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ട വെള്ളത്തിന്മേൽ ഒരു അതോറിറ്റി രൂപീകരിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിനോട് പറയാൻ അധികാരമുണ്ടോ? അധികാരമുണ്ടെങ്കിൽ ഭരണഘടന ഉദ്ധരിച്ചുകൊണ്ട് ഇവിടെ മറുപടി പറയണം. ലേറ്റസ്റ്റ് അമെന്റ്മെന്റ് ഉണ്ടെങ്കിൽ പറയണം.

ശ്രീ. സി. പി. മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ സംസാരിച്ചുകൊണ്ട് നിൽക്കുകയാണ്. ഞാൻ സംസാരിച്ച് കഴിഞ്ഞിട്ട് അങ്ങേയ്ക്ക് പറയാം. വളരെ ബേസിക്കായ ചോദ്യമാണ്. മൗലികമായ അവകാശമാണ് വെള്ളം. അത് ഒരു ഗവൺമെന്റിന് നിയന്ത്രിക്കാൻ അവകാശമില്ല. അങ്ങനെ അവകാശമില്ലാത്ത ഒരോ തുള്ളി വെള്ളത്തേയും നിയന്ത്രിക്കാൻ ........... ഇവിടെ ശ്രീ. എ.കെ. ബാലൻ ചോദിച്ചപ്പോൾ, ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ അതിന്റെ ഉത്പാദനവും വിതരണവും ഉൾപ്പെട്ടിട്ടില്ല. പ്രധാനമായും അതിന്റെ പൈസയാണ്. ഇവിടെ ജലമേഖലയിലെ ചെലവും വരുമാനവും മാത്രമല്ല. പിന്നെയോ ഇതിന്റെ എല്ലാതരത്തിലുമുള്ള ഒഴുക്ക്, വിതരണം ഇതെല്ലാം അവലോകനം ചെയ്യുന്നത് റെഗുലേറ്ററി കമ്മീഷനാണെന്നാണ് പറയുന്നത്. ഇത് നിയമവിരുദ്ധമാണ്. ഭരണഘടനാ വിരുദ്ധമാണ്. അങ്ങനെയല്ലായെങ്കിൽ അങ്ങ് മറുപടി പറയുമ്പോൾ ഭരണഘടനാപരമാണെന്ന് സ്ഥാപിച്ചതിനു ശേഷം മാത്രമേ പ്രൊസീഡ് ചെയ്യാൻ പാടുള്ളൂ. ഇത് സംബന്ധിച്ച് അങ്ങയുടെ വാദമുഖങ്ങൾ ഞാൻ ചോദിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. എ.എം. ആരിഫ്. പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ ഈ സഭയിൽ വന്നിട്ട് 12 വർഷമായി. ആ പരിചയം വച്ചുകൊണ്ട് ഒരാൾ പ്രസംഗിക്കുമ്പോൾ അതിനിടയിലുള്ള ഇടപെടലുകളൊക്കെ കണ്ടിട്ടുണ്ട്. പക്ഷേ വിമാനം ഹൈജാക്ക് ചെയ്യുന്നതുപോലെ ഒരാളുടെ പ്രസംഗം മറ്റൊരാൾ ഹൈജാക്ക് ചെയ്യുന്നത് ഓർഡറിലാണോ?

ശ്രീ. എ. എം. ആരിഫ്: സർ, അത് എനിക്ക് തോന്നിയിട്ടില്ല.

മി. ചെയർമാൻ: ശ്രീ. എ.എം. ആരിഫ് ഇപ്പോൾ 27 മിനിട്ടായി. ഇന്ന് മൂന്ന് ബില്ലുകളുണ്ട്. എല്ലാവരും സ്വയം നിയന്ത്രിച്ചില്ലായെങ്കിൽ അനന്തമായി പോകും.

ശ്രീ. എ. എം. ആരിഫ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരൻ, ഈ വിഷയം സംസാരിച്ചപ്പോൾ അങ്ങ് ഇല്ലായിരുന്നുവെന്ന് തോന്നുന്നു. ഞാൻ ഈ വിഷയം നേരത്തേ തന്നെ അവതരിപ്പിച്ചിരുന്നു.

മി. ചെയർമാൻ: ശ്രീ. എ. എം. ആരിഫ് പ്ലീസ്....

ശ്രീ. എ. എം. ആരിഫ്: ഞാൻ ചുരുക്കാം. ഞാൻ ഇത് ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. സുധാകരൻ അറിയുന്നതിനുവേണ്ടിയാണ് പറയുന്നത്. 2012–ൽ നടന്ന നാഷണൽ കൗൺസിലിന്റെ യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പങ്കെടുത്തിരുന്നോയെന്ന് ഞാൻ അദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. ആ യോഗത്തിൽ പങ്കെടുത്ത ശ്രീ. അഖിലേഷ്യാദവും, ശ്രീ. പ്രകാശ്സിംഗ് ബാദലും റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനെതിരായി ശക്തമായ അഭിപ്രായ പ്രകടനം നടത്തിയിട്ടുണ്ട്. ആ യോഗത്തിൽ അവർ അഭിപ്രായ പ്രകടനം നടത്തുകയും നമ്മുടെ ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കണമെന്ന് ഞാൻ അദ്ദേഹത്തോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ചർച്ചയ്ക്ക് മറുപടി പറയുന്ന സന്ദർഭത്തിൽ അദ്ദേഹം മറുപടി പറയുമെന്ന് ഞാൻ പ്രത്യാശിക്കുകയാണ്.

ശ്രീ. ടി.എം. തോമസ് ഐസക്: സർ, 14-ാം ധനകാര്യ കമ്മീഷന്റെ terms of reference-ൽ ആദ്യമായി കേന്ദ്രസർക്കാർ കുടിവെള്ളത്തിന്റെയും ഇലക്ട്രിസിറ്റിയുടെയും മാത്രമല്ല സംസ്ഥാന സർക്കാരുകൾ നൽകുന്ന

സേവനങ്ങളുടെയെല്ലാം വില റാഷണലായി നിശ്ചയിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക എന്നുൾപ്പെടുത്തിയിട്ട് നമ്മുടെ സംസ്ഥാന സർക്കാർ ഇതുവരെ കമാന്നൊരക്ഷരം പറയാത്തതിനെക്കുറിച്ച് അറിയാമോ?

ശ്രീ. എ.എം. ആരിഫ്: സർ, ശ്രീ. മൻമോഹൻസിംഗ് നടപ്പാക്കുന്നത് ആഗോളവത്ക്കരണത്തിന്റെയും ഉദാരവത്ക്കരണത്തിന്റെയും സാമ്പത്തിക നയങ്ങളാണ്. ആ നയങ്ങൾ അതിവേഗതയിൽ ഇവിടെ എങ്ങനെ നടപ്പാക്കാമെന്നുള്ളതാണ് അതിവേഗം ബഹുദൂരം ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. 'ആപ് കാ പൈസാ ആപ് കാ ഹാത്ത് മേം,' നിങ്ങളുടെ പൈസ നിങ്ങളുടെ കയ്യിൽ എന്നുള്ള പദ്ധതി അവിടെ ആവിഷ്ക്കരിച്ചുവരുന്നതേയുള്ളൂ. അപ്പോൾത്തന്നെ ഇവിടെ രണ്ട് താലൂക്കുകളിൽ നടപ്പാക്കാൻ മുൻകൈ എടുത്തു. അവിടെ നടപ്പാക്കി തുടങ്ങിയില്ല. അതിനുമുമ്പേത്തന്നെ ഇവിടെ റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന അരിയുടെയും പഞ്ചസാരയുടെയും മണ്ണെണ്ണയുടെയുമൊക്കെ പൈസ കൊടുക്കാൻവേണ്ടി ഇവിടെ പദ്ധതി ആവിഷ്ക്കരിച്ചു. നിയമസഭയിൽ അതിന്റെ ആവശ്യമുന്നയിച്ചു; പ്രതിപക്ഷം ഞങ്ങളോട് സഹകരിക്കണം; ഞങ്ങൾ അതൊന്ന് നടപ്പാക്കി നോക്കട്ടെ എന്നൊക്കെ പറഞ്ഞ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷത്തോടൊക്കെ ആവശ്യപ്പെട്ടു. അവസാനം എന്തായി; നടപ്പാക്കിയോ? ഇങ്ങനെ ആഗോളവൽക്കരണം, ഉദാരവൽക്കരണം തുടങ്ങിയ നയങ്ങൾ.............. ഇതൊരു ചെറിയ കാര്യമല്ല. ഇത് കെ.പി.സി.സി. ചർച്ച ചെയ്തിട്ടുണ്ടോ; അവരുടെ ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്ന പ്രധാനപ്പെട്ട പാർട്ടിയല്ലേ; ഈ അതോറിറ്റി കൊണ്ടുവരുമ്പോൾ അവർ ചർച്ച ചെയ്യണ്ടേ;. അതുപോലെ യു.ഡി.എഫും ചർച്ച ചെയ്യണ്ടേ?

ചർച്ച ചെയ്യണമെന്നുപറഞ്ഞ് പത്രത്തിലൊക്കെ കെ.പി.സി.സി. പ്രസിഡന്റിന്റെ പ്രസ്താവന കണ്ടിട്ടുണ്ട്. നയപരമായ വിഷയങ്ങൾ ചർച്ച ചെയ്തുവേണം നിയമസഭയിൽ അവതരിപ്പിക്കാൻ എന്നൊക്കെ പറയുന്നത് കേട്ടിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ ബില്ലിനോടുള്ള കടുത്ത എതിർപ്പുകൊണ്ടാണ് നമ്മുടെ കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനൻ ഈ സഭ ബഹിഷ്ക്കരിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അദ്ദേഹത്തിന്റെ നേതാവായ ശ്രീ. എം.പി. വീരേന്ദ്രകുമാർ എഴുതിയ സർവ്വ ലേഖനങ്ങളും ഇതിന് എതിരായിട്ടായിരുന്നതുകൊണ്ട് ഈ സഭയിൽ ആ സമയത്ത് ഇരിക്കാൻ അദ്ദേഹം തയ്യാറാകുന്നില്ല എന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. എ.എം. ആരിഫ്: സർ, കൃഷി വകുപ്പിന്റെ ഏർപ്പാട് തീർന്നു. കാർഷികാവശ്യങ്ങൾക്ക് കൊടുക്കുന്ന വെള്ളത്തിന്റെ കാര്യത്തിൽ റെഗുലേഷൻ വരുന്നതോടുകൂടി കൃഷിയുടെ കഥ കഴിഞ്ഞു. കൃഷിയുടെ കഥ അല്ലെങ്കിലും കഴിഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ പച്ചപ്പ് സംരക്ഷിക്കാൻ പോകുന്നില്ല. അല്ലാതെതന്നെ അത് പൊയ്ക്കൊണ്ടിരിക്കുകയാണ്. പച്ചപ്പ് നശിപ്പിച്ചിട്ട് നാം എവിടെയെങ്കിലും പച്ചക്കൊടി കെട്ടിയാൽ കേരളം ഹരിതാഭമാകത്തില്ല. കേരളത്തിന്റെ ഹരിതാഭം എന്നത് കൃഷിയാണ്. ആ കൃഷി ഇല്ലാതാക്കി വേറെ ഏതെങ്കിലും പച്ചക്കൊടി കെട്ടിക്കഴിഞ്ഞാൽ കേരളം ഹരിതാഭമാകത്തില്ല. ചില സ്റ്റേറ്റുകളിൽ ഈ അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. അങ്ങനെ രൂപീകരിച്ച സ്റ്റേറ്റുകളിലെ അനുഭവങ്ങൾ വിലയിരുത്തിയിട്ടുണ്ടോ? അതെങ്കിലും വിലയിരുത്താൻ തയ്യാറാകണ്ടേ? അങ്ങനെ വിലയിരുത്തപ്പെട്ട പലയിടങ്ങളിലും വെള്ളത്തിന്റെ വിതരണം വലിയ കുത്തക കമ്പനികൾ

കയ്യടക്കിയിരിക്കുന്നു. പല നദികളും ജലസ്രോതസ്സുകളും കുത്തക കമ്പനികളുടെ കീഴിലായി. നമ്മുടെ നാട്ടിലെ രീതിയനുസരിച്ച് സഞ്ചയനം ചെയ്യണം. സഞ്ചയനം, അംഗസ്നാനം ചെയ്യൽ അതുപോലുള്ള കാര്യ ങ്ങൾക്ക് ഈ സ്രോതസ്സുകൾ ഉപയോഗിക്കുകയാണ്. ഇതിനൊന്നും അനുവാദം കൊടുക്കാത്ത അവസ്ഥയിലേക്ക് പല സ്റ്റേറ്റുകളിലെയും സ്ഥിതികൾ മാറുന്നു എന്നുള്ളതാണ് റിപ്പോർട്ടുകൾ. തീർച്ചയായും ഇത് ഗൗരവമേറിയ പ്രശ്നമാണ്. ഇതിന്റെ നാനാമുഖങ്ങൾ ഉത്തരവാദപ്പെട്ട എല്ലാ തലങ്ങളിലും ചർച്ച ചെയ്യണം. അതിനുശേഷം നിലവിലുള്ള വാട്ടർ അതോറിറ്റി നിയമത്തെ ശക്തിപ്പെടുത്തുകയാണ് വേണ്ടത്. ഇത്തരത്തിൽ അതിനുകൂടി സഹായകരവും ജനോപകാര പ്രദവുമായ നിലയിലേക്ക് അത് കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണം.

ശ്രീ. കെ.കെ. ജയചന്ദ്രൻ: സർ, ഇടുക്കി ജില്ലയിലെ ഒരു മാതൃകാ കൃഷിക്കാരനാണ് ജലവിഭവ വകുപ്പുമന്ത്രിയായ ശ്രീ. പി.ജെ. ജോസഫ്. ജനങ്ങൾക്ക് മാത്രമല്ല കൃഷിക്കാർക്കുകൂടി പൂർണ്ണമായും ദ്രോഹംവരുന്ന ഈ ബില്ല് മനപ്പൂർവ്വം അവതരിപ്പിച്ച് അദ്ദേഹത്തെ വിഷമിപ്പിക്കുകയാണെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ചെയർമാൻ: ശ്രീ. ആരിഫ്, 31 മിനിട്ടായി. ഇന്ന് മൂന്ന് ബില്ലുകളുണ്ട്.

ശ്രീ. എ.എം. ആരിഫ്: സർ, ചുരുക്കാം. അങ്ങയെക്കൊണ്ട് ഇത് ചെയ്യിക്കുകയാണ്. കേരള കോൺഗ്രസ്സിന്റെ ആവിർഭാവംപോലും ഇത്തരത്തിലുള്ള സംസ്ഥാനങ്ങൾക്ക് വിരുദ്ധമായ നയങ്ങളിൽ പ്രതിഷേധിച്ചാണ് കേരള കോൺഗ്രസ്സ് രൂപം കൊള്ളുന്നത്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, കെ.എം. മാണി സാർ, കേന്ദ്രവിരുദ്ധ നയം പറഞ്ഞിട്ട് കേന്ദ്രത്തിന് കീഴടങ്ങിയപ്പോൾ, കീഴടങ്ങിയ മാണിസാറിന്റെ കേരള കോൺഗ്രസ്സിന് എതിരായിട്ടാണ് ജോസഫ് സാറിന്റെ കേരള കോൺഗ്രസ്സ് എന്നിരിക്കെ, അദ്ദേഹവും കീഴടങ്ങിയ സ്ഥിതിക്ക് പുതിയ ഒരു കേരള കോൺഗ്രസ്സ് വേണ്ടിവരുമോ?

<u>ശ്രീ. എ.എം. ആരിഫ്</u>: സർ, ശ്രീ. പി.ജെ. ജോസഫിനെക്കുറിച്ച് പറയുക യാണെങ്കിൽ, കാർഷിക രംഗത്തും നാടിന്റെ സമഗ്രമായ വികസനത്തിനും കുറേക്കൂടി വ്യക്തമായ കാഴ്ചപ്പാട് ഉള്ളതാണ്. അദ്ദേഹത്തിന്റെ വ്യക്തിത്വ ത്തെപ്പോലും ബാധിക്കത്തക്ക തരത്തിലാണ് ഈ ബിൽ അവതരിപ്പിക്കുകവഴി യഥാർത്ഥത്തിൽ സംഭവിച്ചിരിക്കുന്നത്. അതുകൊണ്ട് കേരള കോൺഗ്രസ്സ് പുതിയത് ഉണ്ടാകേണ്ടിവരുമോ എന്ന ശ്രീ. ജി. സുധാകരൻ പറഞ്ഞ ആശങ്ക വളരെ കറക്ടാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, 10 കി. ലിറ്റർ വെള്ളത്തിന് ഇപ്പോൾ ഈടാക്കുന്നത് 42 രൂപയാണ്. പുതിയ സംവിധാനം വന്നാൽ 2500 രൂപ കൊടുക്കേണ്ടി വരുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട ചെയറിന് പ്രതിഷേധമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ.എം. ആരിഫ്</u>: അതിവിടെ പരാമർശിച്ചുകഴിഞ്ഞു. ഏറ്റവും കൂടുതൽ പ്രതിഷേധമുണ്ടാകാൻ പോകുന്നത് വർക്കലയിലെ വെള്ളദാരിദ്ര്യമായിരിക്കുമെന്നുള്ള കാര്യം ഇവിടെ ചർച്ചയ്ക്കിടയിൽ വന്നതുകൊണ്ടാണ് ഞാൻ പറയാതിരുന്നത്. ഇതിന്റെ റേറ്റും കാര്യങ്ങളുമൊക്കെ ഞാൻ നേരത്തെ പറഞ്ഞിരുന്നു. ഇപ്പോൾ 4 രൂപ 20 പൈസയ്ക്ക് കിട്ടുന്നത് 250 രൂപയായി വർദ്ധിക്കുമെന്നുള്ളത് ഇതിനകം വന്ന

റിപ്പോർട്ടുകളിൽനിന്നെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞു. ഇത്തരത്തിൽ കുടിക്കാനും കുളിക്കാനും ആചാരാനുഷ്ഠാനങ്ങൾക്കുമൊക്കെ ഉപയോഗിക്കുന്ന സ്രോതസ്സുകളുടെയെല്ലാംമേൽ നിയന്ത്രണങ്ങളാണ് വരാൻ പോകുന്നത്. അതുപോലെതന്നെ മനുഷ്യന് കുടിക്കാനുള്ള വെള്ളത്തിൻമേലുള്ള അമിതമായ ഭാരം അടിച്ചേൽപ്പിച്ച് ജീവിക്കാനുള്ള അവകാശംപോലും നിഷേധിക്കത്തക്ക തരത്തിലുള്ള നയങ്ങളുടെ ഭാഗമാണ് ഈ നിയമം. അതുകൊണ്ട് കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കുന്ന ഇത്തരം നയങ്ങൾക്ക്....... വളത്തിന്റെ വില നിശ്ചയിക്കുന്നത് വളം കമ്പനികളും പെട്രോളിന്റെയും ഡീസലിന്റെയും വില നിശ്ചയിക്കാനുള്ള അധികാരം അതത് കമ്പനികൾക്കും റോഡ് നിർമ്മിക്കാനുള്ള അവകാശം ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചുകൊണ്ട് വലിയ കുത്തക കമ്പനികൾക്കും നൽകിയിരിക്കുകയാണ്. ഇങ്ങനെ ഓരോന്നും അതത് സ്ഥാപനങ്ങൾക്ക് നൽകിക്കൊണ്ട് നമ്മുടെ രാജ്യത്തെ എല്ലാ കാര്യങ്ങളും വലിയ കുത്തക കമ്പനികൾക്ക് കൈമാറാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നയം വളരെ ഫലപ്രദമായ നിലയിൽ സംസ്ഥാനങ്ങളെക്കൊണ്ട് അടിച്ചേൽപ്പിക്കുകയാണ്. അങ്ങനെ അടിച്ചേൽപ്പിക്കുന്ന നയത്തിന്റെ ഭാഗമായിട്ടാണ് ഇപ്പോൾ ഈ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാനുള്ള നീക്കം. അത് ഈ കേരള സംസ്ഥാനത്തിലെ മുഴുവൻ ജനങ്ങളുടെയും താൽപ്പര്യത്തിന് എതിരാണ്. അത്തരത്തിലുള്ള നയത്തിനെതിരായിട്ടുള്ള ശക്തമായ പ്രക്ഷോഭം ഈ വരുന്ന മെയ് മാസം 20 മുതൽ 25 വരെ സി.പി.എം.ന്റെയും എൽ.ഡി.എഫിന്റെയും നേതൃത്വത്തിൽ വരാൻ പോകുകയാണ്. കുടിവെള്ളം വിൽപ്പനച്ചരക്കാക്കുന്ന നയത്തിനെതിരായിട്ടുള്ള ശക്തമായ

പ്രതിഷേധമായിരിക്കും കേരളത്തിൽ അലയടിച്ചുയരാൻ പോകുന്നത്. ഇതടക്കമുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി ഉയരാൻ പോകുന്ന പ്രതിഷേധത്തിൽ യു.ഡി.എഫ്. ആടിയുലയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ ജലവിഭവ റഗുലേറ്ററി അതോറിറ്റി ബില്ലിനെ നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: സർ, ഈ നിരാകരണ പ്രമേയത്തെ ഞാൻ പിന്തുണക്കുകയാണ്. ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് അവതരിപ്പിച്ച ഈ ബിൽ, നേരത്തെ സൂചിപ്പിച്ചതുപോലെ ഇത് അവതരിപ്പിക്കാൻപോലും ഈ സഭ അനുവാദം കൊടുക്കാൻ പാടില്ലാത്ത, അതീവ ഗുരുതരമായ പ്രത്യാഘാതമുണ്ടാകുന്ന ഒരു ബില്ലാണിത്. അങ്ങ് ദൈവ വിശ്വാസിയാണെന്നാണ് എല്ലാവരും പറയുന്നത്. ഞാനും അത് വിശ്വസിക്കുകയാണ്. അങ്ങയുടെ മനസ്സിനകത്ത് ദൈവവിശ്വാസത്തിന്റെ ഒരു കണികയെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ അങ്ങ് ഈ ബിൽ പിൻവലിക്കുകയാണ് വേണ്ടത്. വാസ്തവത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ അല്ല. ഇത് വാട്ടർ അതോറിറ്റി അസാസിനേഷൻ ബില്ലാണ്. കേരളത്തിലെ വാട്ടർ അതോറിറ്റിയെ അസാസിനേറ്റ് ചെയ്യുന്ന ബില്ലാണ്. കേന്ദ്ര ഗവൺമെന്റിന്റെ 13ാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശപ്രകാരം ഈ സംസ്ഥാനത്ത് ഇത് പാസ്സാക്കിയേ പറ്റൂ എന്ന് നേരത്തെ ഇവിടെ പറഞ്ഞു. നമ്മുടെ ഭരണഘടനയിലെ സ്റ്റേറ്റ് ലിസ്റ്റിൽ 17ാമത്തെ ഗണത്തിൽപ്പെടുന്നതാണ് ജലം. ജലത്തിന്റെ പൂർണ്ണമായ അധികാരം

സംസ്ഥാനങ്ങൾക്കാണ്. അന്തർസംസ്ഥാന നദീജലവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാര്യത്തിലല്ലാതെ ജലം എന്ന വിഭവം സംസ്ഥാന ലിസ്റ്റിൽപ്പെടുന്നതാണ്. അത് കൺകറന്റ് ലിസ്റ്റിൽപ്പെടുത്താൻവേണ്ടി ശ്രമിക്കുകയാണ്. ഫെഡറിക് പബ്ലിക്കിന്റെ നിലനിൽപ്പിനെത്തന്നെ ചോദ്യം ചെയ്യുന്ന ഒരു സംഗതിയാണ്. ഈ നിയമം ഈ രൂപത്തിൽ അലുവാലിയ എന്നുപറയുന്ന ആസൂത്രണ കമ്മീഷൻ ചെയർമാൻ.................. നമ്മുടെ കേരളത്തിലെ നെൽക്ക്യഷിയെല്ലാം ഇനി മറ്റ് കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തണംധ ഞങ്ങൾ അവിടെ കൃഷി ചെയ്തുകൊള്ളാം എന്ന് അദ്ദേഹം നേരത്തെ പറഞ്ഞു. ജലവിഭവത്തിന് പണം ഈടാക്കുന്ന നിലപാട് സ്വീകരിക്കണമെന്ന് വളരെ വ്യക്തമായി പറഞ്ഞ ആളാണ് അലുവാലിയ. അദ്ദേഹം വൈസ്ചെയർമാനായിരിക്കുന്ന കമ്മിറ്റിയാണ് രാജ്യവ്യാപകമായി ഇതുപോലെ ജലഅതോറിറ്റി ഉണ്ടാക്കണമെന്ന നിർദ്ദേശം കൊടുത്തിരിക്കുന്നത്. അത് നമ്മുടെ നിലനിൽപ്പിനെത്തന്നെ ബാധിക്കും. കേരളത്തെപ്പോലെ 44 നദികൾ ഒഴുകുന്നതും ജലത്തിന്റെ ലഭ്യതകൊണ്ട് സമൃദ്ധമായി നിൽക്കുന്നതുമായ സംസ്ഥാനമാണെങ്കിൽപ്പോലും ഈ കൊടിയ വരൾച്ചയിൽധ ഈ സമയത്ത് വലിയ ജലക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇത്രയധികം നദികളുള്ള നമ്മുടെ സംസ്ഥാനത്ത് ജലമാനേജുമെന്റിന്റെ കാര്യത്തിൽ വലിയ വീഴ്ച സംഭവിക്കുകയും നമ്മുടെ സംസ്ഥാനം ഇന്ന് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന സംസ്ഥാനമായി മാറിയിരിക്കുകയാണ്. ആ സന്ദർഭത്തിലാണ് അദ്ദേഹം ഇപ്പോൾ ഒരു പുതിയ ബില്ലുമായി വന്നിരിക്കുന്നത്. ജലം നമ്മുടെ മൗലികാവകാശമാണ്. ആരാണ് ഇതിന്റെ

അതോറിറ്റി? നമ്മുടെ ഭരണഘടനയനുസരിച്ച് പ്രകൃതി വിഭവത്തിന്റെ ഉടമ സ്ഥാവകാശം ജനങ്ങൾക്കാണ്. അതനുസരിച്ചാണെങ്കിൽ ജലത്തിന്റെ ഉടമ സ്ഥാവകാശം ഈ രാജ്യത്തെ ജനങ്ങൾക്കാണ്. എന്നാൽ ജലവിഭവ റഗുലേ റ്ററി അതോറിറ്റി ബിൽ വരുന്നതോടുകൂടി ജലത്തിൻമേലുള്ള അധികാരം ജന ങ്ങൾക്കല്ലെന്ന് വരികയാണ്. ജലത്തിനുമേലുള്ള അധികാരം ജനങ്ങൾക്കല്ല എന്നുപറയുന്നതാരാണ്? അന്താരാഷ്ട്ര ഫണ്ടിംഗ് ഏജൻസികളാണ്. ലോകത്ത് അങ്ങനെയൊരു ചിന്ത ഉണ്ടാക്കിയതിൽ ജലത്തിനുമേലുള്ള അധി കാരം ഗവൺമെന്റുകൾക്കോ തദ്ദേശസ്ഥാപനങ്ങൾക്കോ പൗരൻമാർക്കോ എന്നുപറയുന്ന നമ്മുടെ രാജ്യത്ത് നിലനിന്നിരുന്ന എല്ലാ സങ്കല്പങ്ങളെയും അട്ടിമറിച്ചുകൊണ്ട് ഇതിന്റെ അധികാരം ജനങ്ങൾക്കല്ല എന്ന് സ്ഥാപി ക്കുന്നത് ഐ.എം.എഫും വേൾഡ് ബാങ്കും പോലെയുള്ള അന്താരാഷ്ട്ര ഫണ്ടിംഗ് ഏജൻസികളാണ്.

<u>ശ്രീ. ജി. സുധാകരൻ:</u> ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സുനിൽകുമാർ ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷന്റെ ആത്മാവിനെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. ഇൻഡ്യൻ കോൺസ്റ്റിറ്റ്യൂഷൻ, it is given by the people to themselves. ഇൻഡ്യൻ ഭരണഘടന ജനങ്ങൾ അവർക്ക് കൊടുത്തിരിക്കു ന്നതാണ്. ഈ ഭരണഘടനയിൽ പറയുന്ന സർവ്വ അവകാശങ്ങളും ജനങ്ങൾ ജനങ്ങൾക്ക് സമർപ്പിച്ചതാണ്. അപ്പോൾ ജലം ജനങ്ങളുടെ മൗലികാവകാശ മായിരിക്കെ, ഇത് ഭരണഘടനാവിരുദ്ധമാണെന്ന് അങ്ങേയ്ക്ക് തോന്നുന്നു ണ്ടോ; അങ്ങനെയെങ്കിൽ ഇത് നിരാകരിക്കാൻ അദ്ദേഹത്തെ ബോധ്യപ്പെടു ത്തുന്ന തരത്തിൽ ശക്തമായ നിലപാട് ഇവിടെ വരികയും അത് അദ്ദേഹം

അംഗീകരിക്കുന്നില്ലെങ്കിൽ അംഗീകരിപ്പിക്കുന്ന തരത്തിലുള്ള നിലപാടുകളിലേക്ക് നീങ്ങാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. സി.കെ. നാണു: ഇൻഡ്യാ രാജ്യത്ത് നമ്മുടെ കാർഷികോത്പന്നങ്ങളുടെ ഉത്പാദനം കുറച്ച് വിദേശത്തുനിന്ന് ജനങ്ങൾക്കാവശ്യമായ സാധനങ്ങൾ ഇറക്കുമതി ചെയ്ത് കൊള്ളലാഭമടിക്കുന്ന ആളുകൾക്ക് അംഗങ്ങളാകാൻ അവസരം കൊടുക്കുന്ന ഒരു അതോറിറ്റിയാണ് ഇത്. ഈ അതോറിറ്റി വന്നാൽ ഇന്ന് കേരളത്തിലെ കാർഷിക മേഖലയിലുള്ള ഉത്പാദനംപോലും തകർത്തുകൊണ്ട് ഈ സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള കാർഷികമേഖലപോലും തകർക്കാനുള്ള ഗൂഡാലോചനയ്ക്ക്, നമ്മുടെ കൃഷിയെ സംബന്ധിച്ച് കേരളത്തിലാദ്യം തൊടുപുഴയിൽ കാർഷികമേള നടത്തിയ കേരളത്തിന്റെ കാർഷിക രംഗം സജീവമാക്കിയ ബഹുമാനപ്പെട്ട പി.ജെ ജോസഫിനെക്കൊണ്ടുതന്നെ ഈ ബിൽ അവതരിപ്പിച്ചത് വളരെ ദു:ഖകരമാണ്.

ശ്രീ. വി.എസ്. സുനിൽകുമാർ: അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഭരണഘടന ഈ രാജ്യത്തെ ജനങ്ങൾക്ക് നൽകിയിരിക്കുന്ന ഏറ്റവും മൗലികമായ അവകാശത്തെയാണ് ചോദ്യം ചെയ്യുന്നത്. മാത്രമല്ല ശ്രീ. സി.കെ. നാണു സൂചിപ്പിച്ചതുപോലെ ഏറ്റവും പ്രസിദ്ധനായ കൃഷിക്കാരനാണ് ശ്രീ. പി.ജെ. ജോസഫ്. ഈ രാജ്യത്തെ ജലത്തിന്റെ 80 ശതമാനവും ഉപയോഗപ്പെടുത്തുന്നത് കാർഷികാവശ്യങ്ങൾക്കുവേണ്ടിയാണ്. കാർഷികാവശ്യങ്ങൾക്കുവേണ്ടിയുള്ള ജലത്തിനുമേൽ നിയന്ത്രണം വന്നുകഴിഞ്ഞാൽ അതിന്റെ ഏറ്റവും വലിയ പ്രത്യാഘാതം നേരിടുന്ന കൃഷിക്കാരിലൊരാളാണ് അങ്ങ് എന്ന കാര്യം കൂടി വിസ്മരിക്കുകയാണ്. വിശപ്പ്, ദാഹം എന്നതൊക്കെ

നമ്മുടെ അടിസ്ഥാനപരമായ കാര്യങ്ങളാണ്. വിശപ്പിനെയും ദാഹത്തെയും പോലും കച്ചവടവത്കരിക്കാനാണ് ഐ.എം.എഫും വേൾഡ് ബാങ്കുമൊക്കെ ശ്രമിക്കുന്നത്. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ടുകൊണ്ട്, രാജ്യത്തിന്റെ ഭക്ഷ്യധാന്യ ഉത്പാദനം, സംഭരണം, വിതരണം തുടങ്ങിയ മേഖലകൾ ബഹുരാഷ്ട്ര കുത്തക ഭീമൻമാർ കയ്യടക്കിക്കഴിഞ്ഞിരിക്കുന്നു. അത് കച്ചവട വത്കരിക്കപ്പെട്ടുകഴിഞ്ഞു. ശ്രീ. ശ്രീരാമകൃഷ്ണൻ സൂചിപ്പിച്ചപോലെ ലോകത്ത് ഇനി വരാൻപോകുന്ന യുദ്ധം ജലത്തിനുവേണ്ടിയായിരിക്കുമെന്നു പറയുന്നതിന് കാരണം 2025 ആകുമ്പോഴേക്കും ഇൻഡ്യയിൽ ജലത്തിന്റെ ഇന്നുള്ളതിന്റെ ആവശ്യകതയുടെ അമ്പത് ശതമാനമെങ്കിലും കൂടുതലാകും. എന്നാൽ ജലത്തിന്റെ ലഭ്യത ഇന്ന് നിലനിൽക്കുന്നതിന്റെ 50 ശതമാനം കുറയുകയും ചെയ്യുകയാണ്. അങ്ങനെ വരുമ്പോഴുണ്ടാകുന്ന ഏറ്റവും വലിയ പ്രശ്നം ശുദ്ധജലത്തിന്റെ ലഭ്യതയിലുണ്ടാകുന്ന പ്രതിസന്ധിയാണ്. ആ പ്രതിസന്ധിയെ കച്ചവടവത്കരിച്ചുകൊണ്ട് അതിലൂടെ വൻലാഭമുണ്ടാക്കാൻ വേണ്ടിയുള്ള ഗൂഢമായ നീക്കത്തിന്റെ ഭാഗമായിട്ടാണ് കേന്ദ്ര ആസൂത്രണ കമ്മീഷൻ അന്താരാഷ്ട്ര ഫണ്ടിംഗ് ലോബിക്കുവേണ്ടി കൊണ്ടുവന്ന ഒരു നയം പി.ജെ. ജോസഫ് എന്നുപറയുന്ന ഒരു ദൈവ വിശ്വാസിയിലൂടെ ഈ നിയമസഭയിൽ അവതരിപ്പിക്കുന്നത്. ഇത് വളരെ അപകടകരമായ കാര്യമാണ്. നാമെല്ലാവരും ഓർക്കേണ്ട ഒരു കാര്യം 1999–ൽ ബൊളീവിയയിലെ കൊച്ചബാംബ എന്ന സ്ഥലത്ത് വേൾഡ് ബാങ്കിന്റെ നിർദ്ദേശപ്രകാരം കുടിവെള്ള വിതരണം സ്വകാര്യവത്കരിക്കുന്ന ഒരു നിയമം കൊണ്ടുവന്നു. ഡ്രിങ്കിംഗ് വാട്ടർ ആന്റ് സാനിട്ടേഷൻ ലാ എന്നുപറയുന്ന നിയമം കൊച്ചബാംബയിൽ ബൊളീവിയൻ ഗവൺമെന്റ് പാസ്സാക്കി.

അവിടത്തെ ജനങ്ങൾ നടത്തിയ ഐതിഹാസികമായ സമരം, വെള്ളം ദൈവത്തിന്റെ വരദാനമാണ്, കച്ചവടച്ചരക്കല്ല, വെള്ളം ജീവൻതന്നെയാണ് എന്നുപറഞ്ഞുകൊണ്ടാണ് അവർ ആ സമരത്തിന് നേതൃത്വം കൊടുത്തത്.

ശ്രീ. എ.എം. ആരിഫ്: മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഒരു നിശ്ചിത തീയതി അദ്ദേഹം പറഞ്ഞിരുന്നു. അതിനകം കേന്ദ്രം അടിയന്തരമായി ഇടപെട്ടില്ലെങ്കിൽ മന്ത്രിസ്ഥാനം രാജിവച്ചുകൊണ്ട് അനിശ്ചിതകാല നിരാഹാര സമരം നടത്തുമെന്ന് ശ്രീ. പി.ജെ. ജോസഫ് പ്രഖ്യാപിച്ചിരുന്നതാണ്. അദ്ദേഹം നടത്തിയ ആ പ്രഖ്യാപനം അങ്ങയുടെ ഓർമ്മയിലുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: അങ്ങേയ്ക്കറിയാം നമ്മുടെ ഭരതീയ ഭൂത കാലത്തിലെ വേദകാലത്ത് ഇന്ത്യയിലെ ഏറ്റവും വലിയ അദ്ധ്വാനത്തിന്റെ അവതാരമായി കാണുന്നത് ഭഗീരഥനെയാണ്. അദ്ദേഹത്തെ അങ്ങനെ കാണുന്നത് അദ്ദേഹം ഗംഗയെ ഭൂമിയിൽ കൊണ്ടുവന്നതുകൊണ്ടാണ്; അദ്ദേഹം ജലം ഭൂമിയിൽ കൊണ്ടുവന്നു. അക്കാലത്ത് വെള്ളം വിൽക്കു ന്നതും കുളം ഇല്ലാതാക്കുന്നതും കൊലക്കുറ്റത്തിന് വിധിക്കാവുന്ന കുറ്റമായി രുന്നു. അങ്ങനെ ചെയ്യുന്നവരെ ഇന്ത്യയിൽ വേദകാലത്ത് കൊലക്കുറ്റത്തിന് വിധിച്ച് വധിച്ചിരുന്നു. അങ്ങനെയാണെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റിനെ ഈ ബിൽ അവതരിപ്പിച്ചതിന്റെ പേരിൽ കൊലക്കുറ്റത്തിന് വിധിക്കണ്ടേ?

ശ്രീ. വി.എസ്. സുനിൽകുമാർ: നമ്മൾ ഏറ്റവും ചതിയനെപ്പറ്റി പറയുന്നത് 'കുടിച്ചവെള്ളത്തിൽ വിശ്വസിക്കാൻ കൊള്ളാത്തവനെ'ന്നാണ്. ഈ ബിൽ അവതരിപ്പിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചതിലൂടെ കുടിച്ച വെള്ളത്തിൽ വിശ്വസിക്കാൻ പറ്റാത്ത ഒരു ഗവൺമെന്റായി ഇത് മാറിയിരിക്കു കയാണ്. നമ്മുടെ രാജ്യത്തെ ജനങ്ങളെ ചതിച്ചിരിക്കുകയാണ് ശ്രീമാൻ

പി.ജെ ജോസഫ്. അങ്ങ്, അങ്ങറിയാതെ ഈ രാജ്യത്തെ ജനങ്ങളെ ചതിക്കുകയാണ്. കുടിക്കാനുള്ള വെള്ളത്തിലാണ് അങ്ങ് വിഷം കലക്കുന്നത്

<u>ശ്രീ. ജി. സുധാകരൻ:</u> ക്രിസ്തുവിനെ ഒറ്റിക്കൊടുത്തത് ഒരു ശിഷ്യനായിരുന്നുവെന്ന് അങ്ങേക്കറിയാമോ?

<u>ശ്രീ. വി.എസ്. സുനിൽകുമാർ:</u> ക്രിസ്തുവിനെ ഒറ്റിക്കൊടുത്തത് യൂദാസാണ്. യൂദാസ് എന്നുപറയുന്ന നാമത്തിന്റെ അർത്ഥം മഹത്തരമായ കാര്യങ്ങൾ ചെയ്യുന്നവനെന്നാണ്. ക്രിസ്തുവിന്റെ അരുമശിഷ്യനായ യൂദാസിന് യഹൂദൻമാർക്കിടയിൽ അരുമയായ ശിഷ്യനാണെന്നുള്ളതു കൊണ്ട് അന്ന് കൊടുത്ത ഒരു സ്ഥാനപ്പേരാണ് യൂദാസ് എന്നത്. യഹൂദൻമാർക്കിടയിൽ മഹത്തരമായ കാര്യങ്ങൾ ചെയ്യുന്നവൻ എന്ന അർത്ഥത്തിലാണ് ഈ പദവി അദ്ദേഹത്തിന് കൊടുത്തത്. യേശുക്രിസ്തുവിനെ മുപ്പത് വെള്ളിക്കാശിന് ഒറ്റിക്കൊടുത്തതോടുകൂടി യൂദാസ് എന്നു പറയുന്ന പദവി ചതിയുടെ, വഞ്ചനയുടെ പര്യായപദമായി മാറിയത് അങ്ങ് ഓർക്കണം. അതുപോലെ അങ്ങ് ജലവിഭവ വകുപ്പുമന്ത്രി എന്ന പേരുമാറി ജലത്തിൽ വിഷം കലക്കിയ ഒരു മന്ത്രിയായി മാറി എന്ന അപഖ്യാതി അങ്ങേയ്ക്ക് ഉണ്ടാകാതിരിക്കണമെങ്കിൽ അങ്ങ് ഈ ബിൽ പിൻവലിക്കണം.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> വേദകാലത്ത് ജലം ദുരുപയോഗം ചെയ്യുന്നവരെ വധശിക്ഷയ്ക്ക് വിധിച്ചിരുന്നുവെന്നാണ് ശ്രീ. മുല്ലക്കര രത്നാകരൻ ഇവിടെ പറഞ്ഞത്. കേരളത്തിൽ ഇത് നടപ്പാക്കുന്നതിനുമുമ്പ് നടപ്പാക്കിയത് പശ്ചിമ ബംഗാളിലാണ്. അവിടെ സി.പി.ഐ. -യും സി.പി.ഐ.(എം)-ഉം കൂടിയുള്ള ഗവൺമെന്റായിരുന്നു. പശ്ചിമ ബംഗാളിലെ വധശിക്ഷയ്ക്കു ശേഷം പോരെ കേരളത്തിലെ വധശിക്ഷ; അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: ശ്രീ. വിഷ്ണുനാഥിന് ആരോ പശ്ചിമ ബംഗാളിൽ കൈവിഷം കൊടുത്തിരിക്കുകയാണ്. എന്തുപറഞ്ഞാലും വിഷ്ണു പശ്ചിമബംഗാളെന്നുപറഞ്ഞുകൊണ്ടിരിക്കും. ശ്രീ. വിഷ്ണു, ഞങ്ങൾ അതിന്റെ ദുരനുഭവങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ അത് മാറ്റി. നിങ്ങൾ ആന ചോരുന്നത് കാണാതെ കടുക് ചോരുന്നത് മാത്രം കാണരുത്.

<u>ശ്രീ. ജി. സുധാകരൻ</u> : പശ്ചിമ ബംഗാളിൽ ഇറക്കിയ ആ ബിൽ ഈ മേശപ്പുറത്ത് വയ്ക്കാമോ? ഞങ്ങളാരും അങ്ങനെയൊരു ബിൽ കണ്ടിട്ടില്ല.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ:</u> പശ്ചിമ ബംഗാളിൽ പാസ്സാക്കിയെന്നു പറയുന്ന ബിൽ അവിടത്തെ ഉൾനാടൻ ഗ്രാമപ്രദേശങ്ങളിൽ വെള്ളം ലഭ്യമല്ലാത്ത ആളുകൾക്ക് വെള്ളം ഉറപ്പുവരുത്താനുള്ള ഒരു ബില്ലാണ്. ഇവിടെ ക്ലോസ് 13(1) ൽ പറയുന്നു, വിവിധ വിഭാഗങ്ങളിലുള്ള ഉപയോക്താക്കളുടെ ജല ആവശ്യകത വാർഷികാടിസ്ഥാനത്തിലോ കാലികാടിസ്ഥാനത്തിലോ തീരുമാനിക്കുക എന്ന്. ഒരു സമൂഹത്തിന്റെ വെള്ളത്തിന്റെ ആവശ്യവും ഒരു വ്യക്തിയുടെ ആവശ്യവും തീരുമാനിക്കാൻ ആരാണ് ഇവർക്ക് അധികാരം കൊടുക്കുന്നത്; എങ്ങനെയാണ് ഈ അധികാരം നിശ്ചയിക്കുന്നത്; അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : ബഹുമാനപ്പെട്ട മെമ്പർ വളരെ ഖേദപൂർവ്വം അങ്ങ് സംസാരിക്കുമ്പോൾ പറഞ്ഞത് ദൈവ വിശ്വാസിയായ പി.ജെ.യുടെ കൈയിലൂടെ ഈ ക്രൂരമായ ബിൽ വന്നതിനെക്കുറിച്ചാണ്. ദൈവവിശ്വാസിയായ ശ്രീ. പി.ജെ. ജോസഫിന്റെ കയ്യിലൂടെ ഇവിടെ അവതരിപ്പിക്കപ്പെട്ട

ബില്ലിൽ ഒരു XXXXXXXXX* എന്നത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ; ആ XXXXXX ഇപ്പോൾ ഈ സഭയിൽ ഇല്ലെന്നുള്ള കാര്യവും അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. വി.എസ്. സുനിൽകുമാർ: XXXXXXXXXXX* പലപ്പോഴും അരൂപികളായിട്ടാണ് വരുന്നത്. XXXXXXXXXXXX* കാണാൻ കഴിയില്ല.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ പ്രധാനപ്പെട്ട നിയമനിർമ്മാണത്തിന്റെ ചർച്ചയാണ് നടക്കുന്നത്. നിയമസഭയിലെ ഈ ബില്ലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആളുകളെക്കുറിച്ചും മന്ത്രിമാരെക്കുറിച്ചും സാമാജികരെക്കുറിച്ചും XXXXXXXXXXXXXXX* എന്ന രൂപത്തിലൊക്കെയുള്ള പദപ്രയോഗങ്ങൾ നടത്തുന്നത് നിയമനിർമ്മാണത്തിന്റെ പവിത്രതയ്ക്ക് ചേർന്നതാണോ? പറയുന്നവർക്ക് എന്തെങ്കിലും മനസ്സമാധാനമോ ഏതെങ്കിലും തരത്തിലുള്ള ആശ്വാസമോ കിട്ടുമെങ്കിലും ഒരു നിയമനിർമ്മാണത്തിന്റെ പവിത്രതയ്ക്ക് ചേരുന്നതാണോ; ശ്രീ. പ്രദീപ്കുമാറിനെപ്പോലെയുള്ള അംഗങ്ങൾ സാധാരണ ഗതിയിൽ നല്ല ഔചിത്യത്തോടുകൂടി സംസാരിക്കുന്നവരാണ്. അവരുടെ ഔചിത്യം നഷ്ടപ്പെടാൻ തക്കതായ പ്രശ്നങ്ങൾ പ്രതിപക്ഷത്തുണ്ടായതായി സംശയിക്കേണ്ടിയിരിക്കുന്നു.

---
* അൺപാർലമെന്ററി പദപ്രയോഗം

മി. ചെയർമാൻ (ശ്രീ. വർക്കല കഹാർ): കഴിയുന്നത്ര ദുസ്സൂചനയില്ലാതെ സംസാരിക്കുക. ശ്രീ. സുനിൽകുമാർ അങ്ങ് പ്രസംഗം കണ്ടിന്യൂ ചെയ്യുക.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: പൈശാചികമായ മനോഭാവമുള്ള ആളുകളാണ് XXXXXXXXXX*. പൈശാചികത മനുഷ്യന്റെ പ്രത്യേകമായ മനോഭാവമാണ്. ആ മനോഭാവമുള്ള ആളുകൾ XXXXXXXXXXX* തന്നെയാണ്. XXXXXXXXXXXXX* രണ്ടാണെന്ന് മനസ്സിലാക്കാനുള്ള ബുദ്ധിയുണ്ടാകണം.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ശ്രീ. എ.കെ. ആന്റണി പറയുന്നതുപോലെ ഇതൊരു പൈശാചികമായ ബില്ലാണ്. ഈ ബിൽ പിൻവലിക്കേണ്ടതാണ്. കാരണം ഇത്രയും പൈശാചികമായ ഒരു ബിൽ കേരള നിയമസഭയിൽ ഇന്നുവരെ ആരും അവതരിപ്പിച്ചിട്ടില്ല. ഈ പൈശാചികമായ ബിൽ അവതരിപ്പിക്കുന്നതിനുപിന്നിൽ ഒരു പൈശാചികമായ ശക്തിയുണ്ട്. അതൊരു വ്യക്തിയാണോ എന്നുള്ളത് അറിയില്ല, അതൊരു പൈശാചികമായ ആശയമാണ്. ആ ആശയമാണ് ഞാനിവിടെ പറഞ്ഞത്. ഐ.എം.എഫിന്റേയും വേൾഡ് ബാങ്കിന്റേയും XXXXXXXXXX* ബാധിച്ച അലുവാലിയയുടെ ആസൂത്രണകമ്മീഷൻ, അദ്ദേഹത്തിന്റെ നിർദ്ദേശം, ഇങ്ങനെ XXXXXXX* കൈകൾ നീണ്ടുനീണ്ട് ഇവിടേക്ക് വരികയാണ്. അതുകൊണ്ട് ഇവിടെ പൈശാചികത എന്നുപറയുന്നത് ഏതെങ്കിലും വ്യക്തിയെ

---

* അൺപാർലമെന്ററി പദപ്രയോഗം

* അൺപാർലമെന്ററി പദപ്രയോഗം

ഉദ്ദേശിച്ചാണെങ്കിൽ അത് തെറ്റാണ്. ഇവിടെ ബഹുമാന്യനായ പ്രദീപ് കുമാർ ഉന്നയിച്ച പൈശാചികത എന്നുപറയുന്നത് പ്രതിലോമപരമായ ഒരു ആശയമാണ്. ആ ആശയത്തിന്റെ വക്താക്കളാണ് ഇവിടെ ബിൽ അവതരിപ്പിക്കുന്നത്. ആയതിനാൽ ഇത് രേഖയിൽ നിന്നും നീക്കം ചെയ്യേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, പ്രിയങ്കരനായ സുനിൽ കുമാർ ഈ ബില്ലിന്റെ മർമ്മത്തിലേക്ക് കടന്നാണ് സംസാരിക്കുന്നത്. പൈശാചികതയെക്കുറിച്ച് സംസാരിക്കുമ്പോൾ നമ്മുടെ ഹരിത എം.എൽ.എ.മാർ അദ്ദേഹത്തിനോടൊപ്പം നിന്ന് ഉറഞ്ഞുതുള്ളും എന്നാണ് ഞാൻ വിചാരിച്ചത്. എന്നാൽ ദൗർഭാഗ്യത്തിന് ഈ ഹരിത എം.എൽ.എ.മാരുടെ ശബ്ദം നമ്മൾ ഒരിക്കലും പ്രതീക്ഷിക്കാത്തവിധത്തിലാണെന്ന കാര്യം ഞാനിവിടെ പറയേണ്ടതില്ല. അതാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഭൂഗർഭ ജലവിതാനത്തെയാണ് ആഗോള സമ്പദ്ഘടനയുടെ താക്കോൽ എന്നുവിശേഷിപ്പിക്കുന്നത്. 44 നദികളും അതോടൊപ്പം ധാരാളം ജലസംഭരണികളുംകൊണ്ട് സമ്പന്നമായ നമ്മുടെ ഈ സംസ്ഥാനത്ത് കഴിഞ്ഞ ദിവസം പാലക്കാട് നിന്ന് ഒരു വാർത്ത കേട്ടു – 350 അടി താഴ്ചയിൽ ഡ്രഡ്ജ് ചെയ്തിട്ടും വെള്ളമല്ല ലഭിച്ചത്, പകരം സഹാറ മരുഭൂമിയിൽ നിന്നും ലഭിക്കുന്നതുപോലുള്ള പാറക്കഷ്ണങ്ങളും മണലുമാണ് ലഭിച്ചതെന്നാണ്. ഇത്രയും വലിയ ഭീഷണി നേരിടുന്ന ഈ സന്ദർഭത്തിൽ ജലം സ്വകാര്യവത്ക്കരിക്കാൻ കൈക്കൊള്ളുന്ന വളരെ തെറ്റായ നടപടിയുടെ ഭാഗമായി കൊണ്ടുവന്ന ഈ ബിൽ നമ്മെ ഏറെ ദുഷ്ക്കരമായ ഒരു സാഹചര്യത്തിലേക്ക് നയിക്കുകയില്ലേ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ജലം വളരെ സുലഭമായി വിനിയോഗിക്കാനുള്ള അവസരമുണ്ടാകണമെന്നാണ് അങ്ങയുടെ പ്രസംഗ ത്തിൽ സൂചിപ്പിച്ചത്. നമ്മുടെ രാജ്യത്ത് ജലസമ്പത്ത് കുറഞ്ഞുകൊണ്ടിരിക്കു കയാണ്. ആയതിനാൽ അത് വിനിയോഗിക്കുന്ന കാര്യത്തിൽ ജലസാക്ഷരത തന്നെ വേണമെന്ന് അപ്പുറത്തും ഇപ്പുറത്തുമുള്ള അംഗങ്ങൾ പറയുകയാണ്. ആ ഘട്ടത്തിൽ ജലവിനിയോഗത്തിന് കൃത്യതയോടുകൂടിയുള്ള ഒരു നിയന്ത്രണം നമ്മുടെ നാട്ടിൽ ആവശ്യമില്ലായെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, നേരത്തെ സ്ത്രീകളുടെ ഡിഗ്നിറ്റി യുമായി ബന്ധപ്പെട്ട ഒരു ബിൽ ഇവിടെ കൊണ്ടുവന്നു. അതിപ്പോൾ എവിടെ പ്പോയി എന്നറിയില്ല. അന്ന് പ്രതിപക്ഷത്തുനിന്ന് മാത്രമല്ല, ഭരണപക്ഷത്തു നിന്നുപോലും ശക്തമായ ഇടപെടലുകൾ ഉണ്ടായി. അന്ന് ശ്രീ. വി.ഡി. സതീശനും ശ്രീ. റ്റി.എൻ. പ്രതാപനുമുൾപ്പെടെയുള്ളവർ ഇടപെടുക യുണ്ടായി. ഈ സഭയിൽ ഹരിതവാദി എം.എൽ.എ.മാർ പ്രവർത്തിക്കുന്നുണ്ട്. അവരുടെ ആത്മാർത്ഥയെ ആരും ചോദ്യം ചെയ്യുന്നില്ല. ചിലപ്പോൾ അഭിപ്രായ വ്യത്യാസം വന്നേക്കാം. എന്നാൽ നമ്മുടെ രാജ്യത്തെ ജലത്തിന്റെ പ്രശ്നമാണ്. ആ കാര്യത്തിൽ ഒരു പോസിറ്റീവായ ഇടപെടലുണ്ടാകണം. ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് നിങ്ങൾ കൈപൊക്കിയാൽ, ഞങ്ങൾ ഹരിതവാദി എം.എൽ.എ.മാരാണെന്ന് പറയാനുള്ള അർഹത നിങ്ങൾക്ക് നഷ്ടപ്പെടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. സി.കെ. നാണു: സർ, ഇന്ന് വെള്ളം കുറഞ്ഞുവരുന്ന സാഹചര്യ ത്തിൽ ഈ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുവഴി അതിൽ നിന്ന് സംരക്ഷണം ലഭിക്കാൻ സഹായകമാകുകയില്ലേയെന്നുള്ള ഒരു ചോദ്യം

താങ്കളുടെ നേർക്ക് വന്നു. ഈ ചോദ്യം പെട്രോളിയം ഉൽപ്പന്നങ്ങളുടെ കാര്യത്തിലും ഉയർന്നുവന്നു. പെട്രോളിയം ഉൽപ്പന്നങ്ങൾ സ്വകാര്യവത്ക്കരിക്കുന്നതാണ് ഏറ്റവും നല്ലതെന്നുകരുതി അതിന്റെ സംരക്ഷണം കൂടുതൽ കുഴിച്ചെടുക്കാൻ കുറച്ച് ആളുകൾക്ക് നൽകി. ഇപ്പോൾ ഡീസലിന്റേയും പ്രെട്രോളിന്റേയും ഗ്യാസിന്റേയും വില എവിടെ യാണ് എത്തി നിൽക്കുന്നത്? പാവപ്പെട്ട ആളുകൾക്ക് ഉപയോഗിക്കാൻ സാധിക്കാത്ത രൂപത്തിലേക്ക് ജലത്തെയും എത്തിക്കുമെന്നുള്ളത് ഒരു വസ്തുതയല്ലേ?

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: സർ, ഇത് ശരിയാണ്. ഞാൻ നിരാകരണത്തെ സപ്പോർട്ട് ചെയ്യുകയാണ്. ഇത് നിരാകരിക്കപ്പെടണം. അതാണ് ഇവിടത്തെ ആവശ്യം. ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതു പോലെ വെള്ളത്തെക്കുറിച്ചുള്ള.............

<u>ശ്രീ. റ്റി.എൻ. പ്രതാപൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സുനിൽ കുമാർ പറഞ്ഞുവരുന്നതിന്റെ അർത്ഥം മനസ്സിലായി. ഈ ബില്ലിൽ ആശങ്കയുണ്ടെ ന്നുള്ള കാര്യം തുറന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. ബഹുമാനപ്പെട്ട മന്ത്രി യോടും ഈ ആശങ്ക പങ്കുവെച്ചിട്ടുണ്ട്. കൂടാതെ നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിയിലും ഈ ആശങ്ക പങ്കുവയ്ക്കും. തുടർന്ന് ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. വി.ഡി. സതീശനും ഇവിടെ സംസാരിക്കുന്നുണ്ട്. ജലം മനുഷ്യന്റെ ജന്മാവകാശമാണ്. പ്രകൃതി നമുക്ക് നൽകിയ ഏറ്റവും വലിയ വരദാനമാണ് ജലം. ഇക്കാര്യത്തിൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി പോലൊരു അതോറിറ്റി വേണ്ടെന്നുള്ളതാണ് ഞങ്ങളുടെ വ്യക്തി പരമായ അഭിപ്രായം. ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി ഉണ്ടായതിന്റെ ദുരന്തഫലം നമ്മളിന്ന് അനുഭവിക്കുകയാണ്. ഇലക്ട്രിസിറ്റിയുടെ ചാർജ്ജ്

നിശ്ചയിക്കുന്നതിനുള്ള ഒരു നിർദ്ദേശം മാത്രം ഇലക്ട്രിസിറ്റി ബോർഡ് നൽകുകയും ചാർജ്ജ് തീരുമാനിക്കുന്നത് റെഗുലേറ്ററി അതോറിറ്റിയായി മാറുകയും ചെയ്യുന്നതിലൂടെ ഇലക്ട്രിസിറ്റി ബോർഡും വൈദ്യുതി വകുപ്പും പലപ്പോഴും നോക്കുകുത്തികളായി മാറുകയാണ് ചെയ്യുന്നത്. ഇത്തരത്തിലൊരു അതോറിറ്റി വന്നാൽ ജലത്തിന്റെ വില നിശ്ചയിക്കാനുള്ള പൂർണ്ണ അധികാരം അതോറിറ്റിക്കുമാത്രമായി മാറുകയും സൗജന്യമായി നൽകേണ്ട ജലം കൂടുതൽ വിലയ്ക്ക് സാധാരണക്കാരന് നൽകേണ്ടി വരുന്ന സാഹചര്യമുണ്ടാകുന്നത് ഒരു കാരണവശാലും ആരോഗ്യകരമല്ലായെന്നുള്ളതു തന്നെയാണ് അഭിപ്രായം. ഇതുസംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യപ്പെടുമ്പോൾ ഞങ്ങളുടെ ഈ ആശങ്ക ബഹുമാനപ്പെട്ട ചെയർമാനുമായി പങ്കുവയ്ക്കും. കുടിവെള്ളം സൗജന്യമായി നൽകേണ്ടതാണ്. അപ്രകാരം നൽകുന്നതിനുള്ള ചെലവ് നിർവ്വഹിക്കേണ്ട ഉത്തരവാദിത്വം ഭരണകൂടങ്ങൾക്കുണ്ട്. അത് നിർവ്വഹിക്കപ്പെടേണ്ടത് ഭരണകൂടങ്ങളുടെ ദൗത്യവും ധാർമ്മികമായ അവകാശവുമാണെന്നാണ് ഞങ്ങളുടെയെല്ലാം അഭിപ്രായം.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, സ്റ്റേറ്റ് ലിസ്റ്റിൽ – ഐറ്റം 17. Water, that is to say, water supplies, irrigation and canals, drainage and embankments, water storage and water power....., ഇതെല്ലാം സ്റ്റേറ്റ് ലിസ്റ്റിലെ ഇഷ്യുവാണ്. പൊതുവായ അഭിപ്രായം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ ഈ ബിൽ പിൻവലിച്ചുകൂടേ? ബിൽ പിൻവലിച്ചാൽ ചർച്ച കുറയ്ക്കാമല്ലോ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ, ഹരിത എം.എൽ.എ.മാർ ഇതിനെതിരാണെന്ന് ബഹുമാനപ്പെട്ട റ്റി.എൻ. പ്രതാപൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അഞ്ച് ഹരിത എം.എൽ.എ.മാർ

ഇവിടെയുണ്ടെന്നാണ് റിപ്പോർട്ട്. നാല് എം.എൽ.എ.മാരുടെ ഭൂരിപക്ഷം മാത്രമേ ഈ ഗവൺമെന്റിനുള്ളൂ. ഈ അഞ്ച് ഹരിത എം.എൽ.എ.മാർ ഇതിനെതിരായാൽ ഈ ബില്ലിന് നിയമസഭയിൽ ഭൂരിപക്ഷമില്ല. ഭൂരിപക്ഷമില്ലാത്ത ഒരു സർക്കാരിന് ബില്ല് അവതരിപ്പിക്കുവാനുള്ള അവകാശ മില്ലാത്തതിനാൽ ഇപ്പോൾതന്നെ ഈ ബില്ല് മന്ത്രി പിൻവലിക്കണമെന്നാണ് ഞങ്ങൾക്ക് ആവശ്യപ്പെടാനുള്ളത്.

<u>മി. ചെയർമാൻ</u>: ശ്രീ. റ്റി.എൻ. പ്രതാപൻ, പ്ലീസ് ............ ശ്രീ. ബെന്നി ബെഹനാൻ സംസാരിക്കട്ടെ. അതുകഴിഞ്ഞശേഷം നിങ്ങൾക്ക് സംസാരിക്കാം. ശ്രീ. സി. ദിവാകരൻ, പ്ലീസ്.......... നോ, നോ............ ഇവിടെ ബെന്നി ബെഹനാനെ വിളിച്ചു.

<u>ശ്രീ. റ്റി.എൻ. പ്രതാപൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ........

<u>മി. ചെയർമാൻ</u>: ശ്രീ. റ്റി.എൻ. പ്രതാപൻ, ഇവിടെ ശ്രീ. ബെന്നി ബെഹ നാനെ വിളിച്ചു, Please sit there.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ബില്ല് ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചു. അത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയമാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ ഭരണകക്ഷിയിൽ ഇരിക്കുന്ന മുഴുവൻ അംഗങ്ങളും മന്ത്രിയുടെ ആശയത്തോട് യോജിച്ചുകൊണ്ട് വോട്ട് ചെയ്യും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട, അക്കാര്യത്തിൽ ഒരു തെറ്റിദ്ധാരണയും വേണ്ട.

<u>മി. ചെയർമാൻ</u>: പോയിന്റ് ഓഫ് ഓർഡർ..........

<u>ശ്രീ. റ്റി.എൻ. പ്രതാപൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതിൽ ഒരു തെറ്റിദ്ധാരണയുണ്ട്. ഇവിടെ ഈ ബില്ലിനെതിരാണെന്നുള്ള

രീതിയിൽ അങ്ങ് പറഞ്ഞു. കുടിവെള്ളം സൗജന്യമായി നൽകേണ്ടതാണെന്നുള്ളതാണ് വ്യക്തിപരമായ അഭിപ്രായം. അത് നൽകുന്നതിനുള്ള ചെലവ് നിശ്ചയിക്കപ്പെടേണ്ടത് സംസ്ഥാന ഗവൺമെന്റാണെന്നാണ് സൂചിപ്പിച്ചത്. ബില്ലിനെതിരാണെന്നുള്ള രീതിയിലല്ല ഇവിടെ സൂചിപ്പിച്ചത്. പറഞ്ഞതിനെ ദുർവ്യാഖ്യാനം ചെയ്തത്, അത് രേഖയിലുണ്ടാകാൻ പാടില്ല.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന വളരെ ജീവത്തായ ഒരു വിഷയമാണ് കുടിവെള്ളപ്രശ്നം. ഈ പ്രശ്നവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഒരു ബിൽ കൊണ്ടുവന്നിരിക്കുകയാണ്. എന്തിനാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നതെന്ന കാര്യത്തെപ്പറ്റി ഇതുവരെയും വ്യക്തമാക്കിയിട്ടില്ല. ഈ ബില്ലിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട റ്റി.എൻ. പ്രതാപൻ ജനങ്ങൾ പ്രതീക്ഷിക്കുന്ന ഒരു മറുപടി തന്നെയാണ് പറഞ്ഞത്. പക്ഷേ, അങ്ങയുടെ അത്തരമൊരു ആശയം ഈ ബില്ലിൽ ഇല്ലെന്നുള്ളതാണ് വസ്തുത. അങ്ങയുടെ ആശയമില്ലാത്ത ഇത്തരമൊരു ബിൽ പാസ്സാക്കുമെന്ന് പറയുന്നത് ഒരു കാപട്യമാണ്. മാത്രമല്ല, കോൺഗ്രസ്സ് പാർട്ടിയിലെ ഉത്തരവാദിത്തപ്പെട്ട ആളുകൾ ഈ ബില്ലിന്റെ ചർച്ചാവേളയിൽ പരസ്പരവിരുദ്ധമായി ഈ സഭയിൽ പറഞ്ഞ് മോക് അസംബ്ലിയാക്കാനാണ് ശ്രമിക്കുന്നത്. ഞങ്ങൾ വളരെ ഗൗരവമായിട്ടാണ് ഈ ചർച്ചയിൽ പങ്കെടുക്കുന്നത്.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ജനാധിപത്യ വ്യവസ്ഥയിൽ പ്രത്യേകിച്ച് ബില്ലിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് അംഗങ്ങൾ യോജിപ്പും വിയോജിപ്പും രേഖപ്പെടുത്തും. എന്നാൽ ആ ബിൽ വോട്ടിംഗിന് വരുമ്പോഴാണ് ഒരു വ്യക്തിയുടെ യഥാർത്ഥ അഭിപ്രായമെന്തെന്ന് വ്യക്തമാകുന്നത്. പ്രതിപക്ഷനേതാവിനെതിരെ പാർട്ടിയിൽ അവിശ്വാസം പറയുന്നവർ നിയമസഭയിൽ അദ്ദേഹം

വാക്കൗട്ട് നടത്തുമ്പോൾ പിന്നാലെ പോകുന്നതുപോലെയുള്ള ഒരു വൈരുദ്ധ്യമായി മാത്രം ഇതിനെ കണ്ടാൽമതി.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു ക്രമപ്രശ്നമാണ് ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട റ്റി.എൻ.പ്രതാപൻ കോൺഗ്രസ്സ് പാർട്ടിയുടെ ചീഫ് വിപ്പും ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ പാർലമെന്ററി പാർട്ടി സെക്രട്ടറിയുമാണ്. കോൺഗ്രസ്സ് എം.എൽ.എ.മാർ എവിടെ വോട്ട് ചെയ്യണമെന്ന് വിപ്പ് കൊടുക്കുന്നത് ശ്രീ. റ്റി. എൻ. പ്രതാപനാണ്. അദ്ദേഹം വ്യക്തിപരമായ നിലയിൽ വളരെ ഗൗരവമായ ഒരു അഭിപ്രായം ഈ സഭയിൽ ഉന്നയിച്ചിരിക്കുന്നു. അതേ സന്ദർഭത്തിൽ ശ്രീ. ബെന്നി ബെഹനാൻ അദ്ദേഹത്തിന്റെ അഭിപ്രായത്തെ പരിപൂർണ്ണമായി നിഷേധിച്ചിരിക്കുകയാണ്. വളരെ ഗുരുതരമായൊരു പ്രശ്നത്തിലേയ്ക്ക് ഈ സഭ നീങ്ങുകയാണ്. അതിസങ്കീർണ്ണമായൊരു പ്രശ്നമാണിത്. കോൺഗ്രസ്സിന്റെ പിന്തുണയില്ലാത്ത, കോൺഗ്രസ്സിനുപോലും നയപരമായി തീരുമാനമെടുക്കാൻ കഴിയാതെ നിൽക്കുന്ന അതിസങ്കീർണ്ണമായൊരു അവസ്ഥയിൽ ഇത്തരമൊരു ബിൽ ഈ സഭയിൽ അവതരിപ്പിച്ച് എങ്ങനെ മുന്നോട്ടുകൊണ്ടുപോകും. ബഹുമാനപ്പെട്ട ചെയർ ഇക്കാര്യത്തിൽ ഇടപെടണം; റൂളിംഗ് നൽകണം.

<u>മി. ചെയർമാൻ</u>: ഇവിടെ ശ്രീ. റ്റി.എൻ. പ്രതാപൻ, അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞതാണെന്നും ബില്ലിനോട് യാതൊരു തരത്തിലും എതിരല്ലെന്നും വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ യാതൊരു ക്രമപ്രശ്നവുമില്ല. ശ്രീ. വി. എസ്. സുനിൽകുമാറിന് പ്രസംഗം തുടരാവുന്നതാണ്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപൻ അദ്ദേഹത്തിന്റെ വാദഗതിയിൽ നിന്നും പിൻമാറിയിട്ടില്ല. ജലത്തിന്റെ വില നിശ്ചയിക്കുന്നത് ഗവൺമെന്റായിരിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്.

എന്നാൽ അങ്ങനെയല്ല ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അതോറിറ്റിയാണ് ജലത്തിന്റെ വില നിശ്ചയിക്കുന്നത്. ജലത്തിന്റെ ലഭ്യതയെ സംബന്ധിച്ചും അതിന്റെ ആവശ്യകതയെ സംബന്ധിച്ചും തീരുമാനിക്കുന്നത് ഗവൺമെന്റല്ല, അതോറിറ്റിയാണ്. അപ്പോൾ ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞ കാര്യം ഇപ്പോഴും നിലനിൽക്കുകയാണെന്ന് മാത്രമല്ല, അതിനോട് യോജിക്കുകയുമാണ്. ബഹുമാനപ്പെട്ട അംഗം നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു ജനാധിപത്യ വ്യവസ്ഥയിൽ സ്വതന്ത്രമായ അഭിപ്രായം പറയണം. വാസ്തവത്തിൽ റ്റി.എൻ. പ്രതാപനെപ്പോലുള്ള അംഗങ്ങളുടെ സ്വതന്ത്രമായ അഭിപ്രായത്തോട് എന്തുകൊണ്ട് മറ്റുള്ളവർ യോജിക്കുന്നില്ല. കോൺഗ്രസ്സ് പാർട്ടിയിലെ ആളുകളുൾപ്പെടെ ഈ ബില്ലിന്റെ ചർച്ചാവേളയിൽ സ്വതന്ത്രാഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് ഈ ബിൽ തെറ്റാണെന്ന് പറഞ്ഞിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു സർക്കുലർ പുറപ്പെടുവിച്ചതിനെ സംബന്ധിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച് സഖാവ് എ. കെ. ബാലന് ഗവൺമെന്റ് നൽകിയ മറുപടിയിൽ 2015 ഓടുകൂടി പബ്ലിക് ടാപ്പുകൾ നിർത്തലാക്കാൻ പോവുകയാണെന്നാണ് പറഞ്ഞിരിക്കുന്നത്. പബ്ലിക് ടാപ്പ് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് അത് പ്രൈവറ്റ് ടാപ്പുകളാക്കി മാറ്റാൻ പോകുന്നുവെന്നാണ് പറയുന്നത്. അതോടൊപ്പം ജലത്തിനും അതിന്റെ ശുദ്ധീകരണത്തിനുംവേണ്ടിവരുന്ന ചെലവ്, ഓപ്പറേഷൻ മാനേജ്മെന്റ് തുടങ്ങിയ എല്ലാ ചെലവുകളും പൂർണ്ണമായി ഗുണഭോക്താക്കൾ വഹിക്കേണ്ടിവരും. അതിനുപുറമേ ഗുണഭോക്താക്കളുടെ വിഹിതം പഞ്ചായത്തിൽ മുൻകൂട്ടി അടയ്ക്കാതെ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതികൾ ആരംഭിക്കാൻ പാടില്ലെന്ന് തദ്ദേശസ്വയംഭരണ സ്ഥാപന

ങ്ങൾക്കുകൊടുത്തിരിക്കുന്ന സർക്കുലറിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഗുണഭോക്താക്കൾ കൃത്യമായി പണം കൊടുക്കാതെ ഒരു പദ്ധതിപോലും ഇവിടെ ആരംഭിക്കാൻ പാടില്ലെന്നുള്ള സർക്കുലർ കൊടുത്തിരിക്കുന്നു. അതിനുപുറമെ സ്വകാര്യ കുടിവെള്ള കമ്പനി സ്ഥാപിക്കുന്നതിനുള്ള ഒരു ഉത്തരവും അതിനോടനുബന്ധിച്ച് ഒരു ബില്ലും വന്നിരിക്കുന്നു. ഇതെല്ലാം കൂട്ടി വായിച്ചാൽ, ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞതനുസരിച്ചാണെങ്കിൽ അദ്ദേഹത്തിന് ഒരിക്കലും ഈ ബില്ലിനെ അനുകൂലിക്കാൻ സാധ്യമല്ല. നദീജലം സംരക്ഷിക്കാൻവേണ്ടി, യു.ഡി.എഫ്-ന്റെ ബഹുമാനപ്പെട്ട എം.എൽ.എ.മാർ ചേർന്നു ഒരു ജാഥ നടത്തി. ആ ജാഥയിൽ പങ്കെടുത്ത് ജനങ്ങൾ പ്രതിഷേധമർപ്പിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ്, കൺക്ലൂഡ്...

ശ്രീ. വി. എസ്. സുനിൽകുമാർ: ഇത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. ഈ ബില്ലിൽ നിന്ന് വ്യത്യസ്തമായി ഒന്നും പറയാൻ ഉദ്ദേശിക്കുന്നില്ല. ജലവുമായി ബന്ധപ്പെട്ട കാര്യം മാത്രമേ പറയുന്നുള്ളൂ. കേരളത്തിലെ 44 നദികളും പൊല്യൂട്ടഡായിക്കൊണ്ടിരിക്കുകയാണ്. അവയെ സംരക്ഷിക്കുന്നതിനും നദികളിലെ മണൽവാരൽ നിർത്തലാക്കുന്നതിനും നദികളെ കൊല്ലുന്നതിനുമെതിരായി ഹരിതവാദി എം.എൽ.എ. മാർ നടത്തിയ ജാഥ എല്ലാവരും ശ്രദ്ധിച്ചുകാണും. അവർ ഓരോ നദീതടങ്ങളിലേയ്ക്കും പോയിക്കൊണ്ടിരിക്കുകയാണ്. അൺടാപ്ഡ് റിസോഴ്സസും സ്വകാര്യകമ്പനികൾക്ക് കൊടുക്കാൻ പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. ഈ അൺടാപ്ഡ് റിസോഴ്സസ് എന്നുപറയുന്നത് ഏതാണ്? ഇവിടത്തെ 44 നദികളിൽ മഹാഭൂരിപക്ഷം വരുന്ന നദികളും അതിന്റെ റിസോഴ്സസ് ഉൾപ്പെടെ, കേരള വാട്ടർ അതോറിറ്റിയുടെ കൈവശ

മിരിക്കുന്ന റിസോഴ്സസ് ഉൾപ്പെടെ ഈ സ്വകാര്യകമ്പനികൾക്ക് കൊടുക്കാനുള്ള തീരുമാനമെടുത്തുകഴിഞ്ഞാൽ ശ്രീ. റ്റി. എൻ. പ്രതാപനെയും ശ്രീ. വി. ഡി. സതീശനെയുംപോലുള്ള ഹരിതവാദി എം.എൽ.എ.മാർ പറഞ്ഞുകൊണ്ടിരിക്കുന്ന, പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന, മുന്നോട്ടുവച്ചുകൊണ്ടിരിക്കുന്ന ആശയവുമായി യോജിക്കുന്നതെങ്ങനെയാണ്? അതുകൊണ്ടാണ് സംസ്ഥാനത്തെയൊട്ടാകെ വളരെ ഗുരുതരമായി ബാധിക്കുന്ന ഈ വിഷയത്തിൽ രാഷ്ട്രീയത്തിനതീതമായി സംസാരിക്കാൻ അങ്ങനെപ്പോലൊരാൾ തയ്യാറാകണമെന്ന് ഞാൻ പറയുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, വെള്ളക്കരമായി ഇപ്പോൾ നാലര രൂപ കൊടുക്കുന്ന ഒരു വീട്ടുകാരൻ ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ വീട്ടിൽ ലഭിക്കുന്ന കുടിവെള്ളത്തിന് 250 രൂപ കൊടുക്കാൻ പോകുകയാണെന്ന് മാത്രമല്ല, പബ്ലിക്ക് ടാപ്പുകൾ പൂർണ്ണമായി പൂട്ടാൻ പോകുന്നു. അതിന്റെ ഗുരുതരാവസ്ഥയെപ്പറ്റി ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു. എനിക്ക് ചോദിക്കാനുള്ളത്, ഇതാണ് ഇവിടത്തെ സ്ഥിതിയെങ്കിൽ കേരളത്തിലെ ഏതെങ്കിലുമൊരു കംഫർട്ട് സ്റ്റേഷന് ഇവിടെ പ്രവർത്തിക്കാൻ കഴിയുമോ? ഒരാൾക്ക് കുളിക്കണമെങ്കിൽത്തന്നെ മിനിമം 40 ലിറ്റർ വെള്ളമെങ്കിലും വേണം. ഒരു കംഫർട്ട് സ്റ്റേഷനിൽ പോകുന്ന ഒരാൾ എന്തുചെയ്യും. മൂത്രമൊഴിക്കണമെങ്കിൽ പോലും മിനിമം പത്ത് രൂപ കൊടുക്കേവരും. ഇത് വളരെ ഗുരുതരമായൊരു പ്രശ്നമാണ്. കേരളത്തിലെ കംഫർട്ട് സ്റ്റേഷന് പ്രവർത്തിക്കാൻ കഴിയില്ല. ഇത്തരം ഗുരുതരമായൊരവസ്ഥ ബഹുമാനപ്പെട്ട അംഗത്തിന് ബോദ്ധ്യമാകുന്നുണ്ടോ;

ശ്രീ. ജി. സുധാകരൻ: സായിപ്പന്മാർ കഴുകാറില്ല. കടലാസുകൊണ്ട് തുടയ്ക്കലാണ് പതിവ്. അതുകൊണ്ട് പി.ജെ. ജോസഫിനോടും കടലാസു കൊണ്ട് തുടയ്ക്കാൻ പറയുകയാണെങ്കിൽ കഴുകേണ്ട കാര്യമില്ല.

ശ്രീ. സി. കെ. നാണു: സർ, പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്നൊരു ബിൽ, രാജ്യതാൽപ്പര്യത്തിന് വിരുദ്ധമാണെന്ന് ഫിറോസ് ഗാന്ധിയുടെ നേതൃത്വത്തിൽ പ്രഗത്ഭരായ കോൺഗ്രസ്സ് എം.പി. മാർ സംസാരിച്ച അവസരത്തിൽ രാജ്യതാൽപ്പര്യം മനസ്സിലാക്കി ആ ബിൽ പിൻവലിച്ച ഒരു പാരമ്പര്യം കോൺഗ്രസ്സിനുണ്ടായിരുന്നു. ബില്ലിന്റെ ചർച്ചാവേളയിൽ എതിരായി പ്രസംഗിക്കുകയും വോട്ടിംഗ് സമയത്ത് അനുകൂലമായി കൈ പൊക്കുകയും ചെയ്യുമ്പോൾ, ഇവിടത്തെ ചെറുപ്പക്കാർ വസ്തുതകൾ മനസ്സിലാക്കുന്നവരാണെന്ന് ശ്രീ. സി. പി. മുഹമ്മദിനെപ്പോലുള്ള അംഗങ്ങളെ ഓർമ്മിപ്പിക്കുകയാണ്.

ലോകത്ത് ജലത്തെക്കുറിച്ച് നടത്തിയിരിക്കുന്ന ആധികാരികമായ പഠന റിപ്പോർട്ടാണ് ബ്ലൂ ഗോൾഡ് റിപ്പോർട്ട്. ലോകത്തെ ജലവിഭവത്തെക്കുറിച്ചും ജലവിഭവ സംരക്ഷണത്തിൽ സർക്കാർ ഇടപെടണമെന്നും ജലം പൊതു വിപണിയിലെ വ്യാപാര ചരക്കല്ലെന്നും ആ പഠന റിപ്പോർട്ടിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അതിലെ പ്രധാനപ്പെട്ട പോയിന്റുകൾ മാത്രം ഞാൻ പറയുകയാണ് – 'ജലം ഭൂമിയുടെയും എല്ലാ ജീവജാലങ്ങളുടേതുമാണ്. നിലനിർത്താവുന്നിടത്തൊക്കെ ജലം നിലനിർത്താൻ സാധിക്കണം. വെള്ളം എല്ലാ കാലത്തേയ്ക്കുമായി സംരക്ഷിക്കണം. സർക്കാരുകളാണ് വെള്ളം സംരക്ഷിക്കേണ്ട ഉത്തരവാദികൾ. ജലം മനുഷ്യന്റെ മൗലികാവകാശമാണ്.' ജലത്തിന്റെ ഉടമസ്ഥത പ്രാദേശിക സമൂഹത്തിനും പൗരന്മാർക്കുമാകണം എന്ന്

ഇൻഡ്യൻ ഭരണഘടനയിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. 'ജലവിഭവം ജനങ്ങളുടേതാണ്, പോരാട്ട കുത്തകകളുടേതല്ല. ജലത്തിന്റെ ഉടമസ്ഥത പ്രാദേശിക സമൂഹത്തിനും പൗരന്മാർക്കുമാകണം. ജലനയത്തിൽ സർക്കാരി നൊപ്പം പൊതുജനങ്ങൾക്കും നിർണ്ണായക സ്വാതന്ത്ര്യം വേണം. വെള്ളത്തെ ക്കുറിച്ചുള്ള തീരുമാനങ്ങൾ ലോകവ്യാപാര സംഘടനകളുടെ വാണിജ്യ നയ ങ്ങൾക്കനുസരിച്ചാകാൻ പാടില്ല' – ഇതെല്ലാം ബ്ലൂ ഗോൾഡ് റിപ്പോർട്ടിൽ വ്യക്തമായി പറയുന്ന കാര്യങ്ങളാണ്. ജലത്തെ ഒരു ചൂഷണ വസ്തുവാക്കി, ദാഹത്തെ കച്ചവടവൽക്കരിക്കാൻ ശ്രമിക്കുന്ന കുത്തക കമ്പനികൾ കുപ്പി വെള്ള വിതരണത്തിലൂടെ 40 ലക്ഷം കോടി ഡോളറാണ് സമ്പാദിച്ചുകൊണ്ടി രിക്കുന്നത്. ആ അമിതമായ ചൂഷണത്തിനെതിരെയാണ് ഈ റിപ്പോർട്ട് പറയു ന്നത്. വെള്ളം പ്രകൃതിവിഭവമാണെന്നും ഉപഭോഗം സർവ്വജനങ്ങളുടെയും മൗലികാവകാശമാണെന്നും സമ്മതിക്കാത്ത ഒരേയൊരു വിഭാഗം ലോക ബാങ്കും ഐ.എം.എഫുമാണ്. അതുകൊണ്ട് ലോകം അംഗീകരിച്ച ബ്ലൂ ഗോൾഡ് റിപ്പോർട്ടനുസരിച്ച് ഒരു കാരണവശാലും......

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.......

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: ഞാൻ 5 മിനിറ്റിനുള്ളിൽ പ്രസംഗം നിർത്താം. അങ്ങ് ഇടയ്ക്കിടയ്ക്ക് ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത് എനിക്ക് ബുദ്ധിമുട്ടുണ്ടാക്കുകയാണ്. ഞാൻ അങ്ങയെ ധിക്കരിക്കാനായി പറയുകയല്ല. ബ്ലൂ ഗോൾഡ് റിപ്പോർട്ട് പ്രകാരം ജലം എന്ന അടിസ്ഥാന പ്രകൃതിവിഭവത്തെ കച്ചവടവൽക്കരിക്കുന്നു, സ്വകാര്യവൽക്കരിക്കുന്നു, അത് ജനങ്ങളിൽ നിന്നും അന്യമാകപ്പെടുകയാണ്. 1982–1984 കാലഘട്ടത്തിൽ നമ്മുടെ നാട്ടിൽ കുപ്പിവെള്ളമുണ്ടായിരുന്നില്ല. ജലം മലിനമാക്കപ്പെട്ടു.

തോടുകളും, പുഴകളും, കിണറുകളും, കുളങ്ങളും, അരുവികളും, ചാലുകളുമൊക്കെ അശുദ്ധമാക്കപ്പെട്ടു. ജലത്തെ അശുദ്ധമാക്കിയതിനു പിന്നിലും വലിയൊരു ഗൂഢാലോചനയുണ്ടെന്നാണ് അന്താരാഷ്ട്രതലത്തിലെ പഠനങ്ങൾ വ്യക്തമാക്കുന്നത്. അതിന്റെ ഭാഗമായാണ് കുപ്പിവെള്ളം വരുന്നത്. കേരളത്തിൽ മാത്രം എത്രയോ തരം കുപ്പിവെള്ള കമ്പനികളുണ്ട്. കുപ്പിവെള്ളത്തിന് 2500 കോടിയോളം രൂപയുടെ ടേൺഓവറും ഉണ്ടെന്നാണ് പറയുന്നത്. കുപ്പിവെള്ള വിതരണം സ്വകാര്യവൽക്കരിക്കാൻ പോകുന്നുവെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. 2009–ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ശബരിമലയിൽ സൗജന്യ നിരക്കിൽ കുപ്പിവെള്ളം കൊടുക്കാനുള്ള പദ്ധതിയുണ്ടാക്കിയില്ലേ; 2009–ൽ അരുവിക്കരയിൽ ഒരു കുപ്പിവെള്ള വിതരണ ഫാക്ടറിയുണ്ടാക്കാൻ തീരുമാനിക്കുകയും അതിന് 3 കോടി രൂപ അനുവദിക്കുകയും ചെയ്തില്ലേ; ഇപ്പോൾ അതിന്റെ സ്ഥിതി എന്താണ്; അരുവിക്കര തിരുവനന്തപുരത്താണല്ലോ? അങ്ങ് ഒന്ന് പരിശോധിച്ചു നോക്കുക. ഞങ്ങൾ അവിടെ പോയി നോക്കിയതാണ്. 2009–ൽ തറക്കല്ലിട്ട സ്ഥലത്ത് ഇതുവരെ ഒരു കാര്യവും ചെയ്തിട്ടില്ല.

<u>മി. ചെയർമാൻ</u>: പ്ലീസ് കൺക്ലൂഡ്.......

<u>ശ്രീ. വി.എസ്. സുനിൽ കുമാർ</u>: അതിനുശേഷം ആ സ്ഥാപനത്തിന്റെ പണികൾ ചെയ്യുന്നതിനായി വാട്ടർ അതോറിറ്റി ശിവൻ വാട്ടേഴ്സ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. പണി നടന്നില്ലെന്ന് മാത്രമല്ല, വാട്ടർ അതോറിറ്റി അതിൽ നിന്ന് ഇപ്പോൾ പിൻമാറിയിരിക്കുകയുമാണ്. അങ്ങനെയൊരു സ്ഥാപനം പൊതുമേഖലയിൽ ആരംഭിക്കാനായി തീരുമാനിക്കുകയാണ് ചെയ്തത്. ഈ പറയുന്ന കാര്യത്തിന് ഇപ്പോഴത്തെ ഓർഡറിൽ പറഞ്ഞിരി

ക്കുന്നത്, this company may cater the water supply for pilgrims in seasonal requirements, like Sabarimala etc. ശബരിമലയിൽ തീർത്ഥാടക ന്മാരായി വരുന്ന അയ്യപ്പ സ്വാമിമാർക്ക് വിൽക്കാനുള്ള വെള്ളം പോലും ഈ കമ്പനിയെ ഏൽപ്പിക്കാൻ പോകുകയാണ്. ആ മേഖലയെക്കൂടി ഉദ്ദേശിച്ചു കൊണ്ട് വാട്ടർ അതോറിറ്റി 2009-ൽ ആരംഭിച്ച പദ്ധതി അട്ടിമറിക്കുകയും പകരം ഒരു സ്വകാര്യ കമ്പനിയെ ഏൽപ്പിച്ചുകൊടുക്കുകയും ചെയ്യുന്നതിന്റെ സാക്ഷ്യപത്രമാണ് ഇതിനകത്ത് പറയുന്ന കാര്യങ്ങൾ.

മി. ചെയർമാൻ: സുനിൽ............പ്ലീസ് കൺക്ലൂഡ്.......

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ഞാൻ ചുരുക്കുകയാണ്. ലോക ത്തിലെ വിവെൻഡി വാട്ടർ കമ്പനി, തെയിംസ് വാട്ടർ കമ്പനി, ബൈവാട്ടർ (Biwater) കമ്പനി, യുണൈറ്റഡ് യൂട്ടിലിറ്റീസ് തുടങ്ങിയ അന്താരാഷ്ട്ര കമ്പ നികളുണ്ട്. വാട്ടർ സപ്ളൈ, ബിവറേജസ് തുടങ്ങിയ മേഖലകളിൽ ഇടപെട്ട് ദശലക്ഷക്കണക്കിന് കോടി ഡോളറിന്റെ കച്ചവടം നടത്തിക്കൊണ്ടിരിക്കുന്ന കമ്പനികൾ കേരളത്തിലുണ്ട്. 44 നദികളുള്ള ജലസമൃദ്ധമായ കേരളത്തി ലേയ്ക്ക് ഈ കമ്പനികൾക്ക് കടന്നുവരാനുള്ള വാതായനം തുറന്നുകൊടുക്കു കയാണ്. പെപ്സി, കൊക്കൊകോള കമ്പനികളൊക്കെ പ്ലാച്ചിമടയിൽ ചെയ്ത കാര്യങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്.

മി. ചെയർമാൻ: സുനിൽ കുമാർ .....പ്ലീസ് കൺക്ലൂഡ്.......

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, ചുരുക്കുകയാണ്. ഇത് പാസ്സാ ക്കാൻ പറ്റുന്ന ബില്ലല്ല, ഇത് പിൻവലിക്കേണ്ടിവരും. അത് പിൻവലി ക്കേണ്ടതിന്റെ കാര്യമാണ് ഞാൻ പറഞ്ഞുവരുന്നത്. ഇത്രയും വലിയ കമ്പനി കൾ കേരളത്തിലേയ്ക്ക് കണ്ണും നട്ടിരിക്കുകയാണ്. അവർ ചെറിയ ചെറിയ

കമ്പനികൾ ആരംഭിച്ചുകൊണ്ട് ഇവിടത്തെ കച്ചവടം പിടിച്ചുകൊണ്ടിരിക്കുകയാണ്. ഈ ബിൽ പാസ്സാക്കപ്പെടുന്നതോടുകൂടി വാട്ടർ അതോറിറ്റി എന്നുപറയുന്ന ഒരു വലിയ സ്ഥാപനം നോക്കുകുത്തിയായി മാറും. ഇതേക്കുറിച്ച് ഒരിക്കൽ ഞാൻ സഭയിൽ ആവർത്തിച്ചതാണ്. ഒരു പുതിയ പാലം പണിത് അതിലൂടെ വണ്ടികൾ പൊയ്ക്കൊണ്ടിരിക്കുമ്പോൾ അവിടെയുണ്ടായിരുന്ന പഴയ പാലത്തെക്കുറിച്ച് നമ്മളാരും ഓർക്കാറില്ല. ആ പഴയ പാലം അങ്ങനെ ജീർണ്ണിച്ച് നശിച്ചുപോകുന്നതുപോലെ ഈ നിയമം വരുന്നതോടുകൂടി വാട്ടർ അതോറിറ്റി എന്നുപറയുന്ന ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ അന്ത്യം കുറിക്കും. പബ്ലിക് ടാപ്പുകൾ ഇല്ലാതാകും. ജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ഇല്ലാതെയാകും. അങ്ങനെ വന്നാൽ നമ്മുടെ സംസ്ഥാനത്ത് കുടിവെള്ളമെന്ന് പറയുന്നത് വൻ കമ്പനികളുടെ കൈകളിലേയ്ക്ക് കൊണ്ടുപോയി കൊടുക്കുന്ന പണി കാലത്തിനേൽപ്പിച്ചുകൊടുക്കുന്നതു പോലെയായിത്തീരും. ബഹുമാന്യനായ പി.ജെ. ജോസഫ് അത് ചെയ്യാൻ പാടില്ല. അങ്ങ് ഒന്നുമല്ലെങ്കിലും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഭാഗമായി കുറെക്കാലം നിന്ന ആളല്ലേ? അങ്ങയെപ്പോലെയുള്ള ആളുകൾ ഒരുകാരണവശാലും കൊണ്ടുവരാൻ പാടില്ലാത്ത ബില്ലാണ് ഇത്. ശ്രീ. എം.പി. വീരേന്ദ്രകുമാർ ഇപ്പോൾ യു.ഡി.എഫ്.-ൽ ആണ്. ശരീരം മാത്രമേ യു.ഡി.എഫ്.-ൽ ഉള്ളൂ, മനസ്സ് ഇപ്പോഴും എൽ.ഡി.എഫ്.-ലാണെന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞു, സത്യമാണ്. സ്വകാര്യവൽക്കരണത്തെക്കുറിച്ച് അദ്ദേഹം എഴുതിയ പുസ്തകങ്ങളിലൂടെ പ്രസരിപ്പിച്ചുവിട്ട ആശയങ്ങളെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്കറിയാം. ബഹുമാന്യനായ കെ.പി. മോഹനൻ, കൃഷി വകുപ്പിന്റെ മന്ത്രിയാണ്. കൃഷി വകുപ്പിന് അന്ത്യം കുറിക്കാൻ പോകുകയാണ്. ഇത്

കുടിവെള്ളത്തിന്റെ പ്രശ്നം മാത്രമല്ല, കുടിവെള്ളം വെറും 20 ശതമാനമാണ്. 80 ശതതമാനം കൃഷിക്കാണ്. ആ കാർഷിക മേഖലയിലേയ്ക്ക് ........

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കൃഷി വകുപ്പിന്റെ അന്ത്യം കുറിക്കാൻ ആര് വിചാരിച്ചാലും സാദ്ധ്യമല്ല.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, അത് ശരിയാണ്. കൃഷി വകുപ്പിന് അന്ത്യം കുറിക്കാൻ സാധിക്കില്ലെന്ന് പറഞ്ഞത് ശരിയാണ്. പക്ഷേ കൃഷി വകുപ്പിനെ സ്വകാര്യവൽക്കരിക്കാൻ സാധിക്കും, സ്വകാര്യവൽക്കരിക്കപ്പെടും.

ശ്രീ. രാജു എബ്രഹാം. വാസ്തവത്തിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ലേഖനങ്ങൾ എഴുതിയത് ബഹുമാനപ്പെട്ട കെ.പി. മോഹനന്റെ നേതാവ് ശ്രീ. എം.പി. വീരേന്ദ്രകുമാറാണ്. ഇങ്ങനെ അതീവ ഗുരുതരമായ ഒരു ബില്ല് വരുമ്പോൾ ബഹുമാനപ്പെട്ട എം.പി. വീരേന്ദ്രകുമാറിന്റെ അഭിപ്രായം വെള്ളത്തിലാകാൻ പോകുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായമെന്താണെന്ന് ഈ സഭയിൽ വ്യക്തമാക്കാമോ?

ശ്രീ. വി.എസ്. സുനിൽ കുമാർ: ബഹുമാന്യനായ കെ.പി. മോഹനൻ, അങ്ങയുടെ നേതാവിന്റെ പുസ്തകത്തിലെ ആദ്യത്തെ ഉദ്ധരണികൾ ഞാൻ വായിക്കാം – 'ഈ വൻ കച്ചവടത്തിന്റെ രഹസ്യം നാം തിരിച്ചറിയേണ്ടതുണ്ട്. നമ്മുടെ ജലസ്രോതസ്സുകളെ മലിനമാക്കി കുടിവെള്ളം മുട്ടിച്ച് കുപ്പിവെള്ളമായെത്തുന്ന കച്ചവട തന്ത്രത്തെ സർവ്വശക്തിയുപയോഗിച്ച് പ്രതിരോധിച്ചേ പറ്റൂ. ജലലഭ്യത ജീവന്റെ മൗലിക അവകാശമാണ് '.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കൊക്കക്കോള കമ്പനിക്ക് പെരുമാട്ടി പഞ്ചായത്തിൽ മാത്രമാണ് ലൈസൻസ് കൊടുക്കാതിരുന്നത്. ലൈസൻസ് ക്യാൻസൽ ചെയ്തു. അത് മറ്റ് പഞ്ചായത്തുകൾക്ക് സാധിച്ചിട്ടില്ല. അത് പാർട്ടിയുടെ നയം കൊണ്ടുതന്നെയാണ്. ശ്രീ. എം. പി. വീരേന്ദ്രകുമാറിന്റെ ഓർഡർ കൊണ്ടുതന്നെയാണ് പെരുമാട്ടി പഞ്ചായത്തിൽ കമ്പനി നിർത്തലാക്കിയത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അതുപോലെ ഈ നിയമത്തെ വീറ്റോ ചെയ്യാനുള്ള പവർ അങ്ങേയ്ക്കുണ്ട്. അങ്ങ് അത് ചെയ്യുമോയെന്നാണ് ചോദ്യം.

മി. ചെയർമാൻ: ശ്രീ. വി. എസ്. സുനിൽ കുമാർ......... പ്ലീസ്........... പ്ലീസ്.........കൺക്ലൂഡ്.

ശ്രീ. ജി. സുധാകരൻ: സർ, ഈ സന്ദർഭത്തിൽ കുഞ്ചൻ നമ്പ്യാരെ ഓർക്കണം. ദീപസ്തംഭം മഹാശ്ചര്യം, മോഹനനും കിട്ടണം പണം.

ശ്രീ. കെ. പി. മോഹനൻ: സി.പി.ഐ(എം.) ഭരിക്കുന്ന മറ്റ് പഞ്ചായത്തുകൾക്കും കിട്ടണം പണം. പെരുമാട്ടി പഞ്ചായത്തിന് വേണ്ട.

ശ്രീ. വി. എസ്. സുനിൽ കുമാർ: അങ്ങ് ഇവിടെ സൂചിപ്പിച്ചല്ലോ, കേവലമൊരു പഞ്ചായത്തിന്റെ കാര്യത്തിൽ അങ്ങയുടെ പാർട്ടിയെടുത്ത നിലപാട്.....

ശ്രീ. എ. കെ. ബാലൻ: സർ, ആ കമ്പനിക്ക് വെള്ളം കൊടുത്തത് ആരാണ്? ശ്രീ. കെ. പി. മോഹനനോട് ചോദിക്കൂ.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളത്തിൽ ഇന്ന് സുലഭമായി ഉപയോഗിക്കുന്ന ജലം ഒരു വിൽപ്പനച്ചരക്കാകുമ്പോൾ അത് പാവപ്പെട്ടവരെ ബാധിക്കുമെന്നാണ് അങ്ങ് പറഞ്ഞുവരുന്നത്. കേരളത്തിൽ എക്സൈസ്

വകുപ്പുമന്ത്രിയുടെ ബിവറേജസ് കോർപ്പറേഷന്റെ മുമ്പിൽ കാശുമായി ക്യൂ നിൽക്കുന്നതുപോലെ നാളെ ഈ ബിൽ പാസ്സായാൽ കേരളത്തിൽ വെള്ളത്തിനുവേണ്ടി പാവപ്പെട്ടവൻ ക്യൂ നിൽക്കേണ്ട ഒരു സാഹചര്യം കേരളത്തിൽ ഉണ്ടാകുമെന്ന് അങ്ങ് ആശങ്കപ്പെടുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: വെള്ളത്തിന്റെ കാര്യത്തിൽ മാത്രമല്ല, കുറേക്കാലം കഴിഞ്ഞാൽ വായുതന്നെ ശുദ്ധീകരിച്ച് നൽകുന്നതിന് സിലിണ്ടർവച്ച്, മീറ്റർവച്ച് നിയമം കൊണ്ടുവരും. അതിനുമൊരു അതോറിറ്റി വരുമായിരിക്കാം. ഇങ്ങനെയൊരു അതോറിറ്റി ബിൽ വരുമെന്ന് ചെയറിലിരിക്കുന്ന അങ്ങ് ചെറുപ്പകാലത്ത് പ്രതീക്ഷിച്ചിട്ടുണ്ടോ; വെള്ളത്തിന് വില കൊടുക്കേണ്ടിവരുമെന്ന് പ്രതീക്ഷിച്ചിട്ടുണ്ടോ? നാമൊക്കെ ഒരിക്കലും വരുമെന്ന് പ്രതീക്ഷിക്കാത്ത കാര്യങ്ങൾ ഇവർ വരുത്തുകയാണ്. നമ്മൾ പ്രതീക്ഷിക്കാത്ത രീതിയിൽ ചൂഷണാധിഷ്ഠിതമായ നിലയിൽ എല്ലാം ചൂഷണം ചെയ്യുകയാണ്. ആരും ചോദിക്കാനില്ലെന്ന തെറ്റിദ്ധാരണയാണ്.

ശ്രീ. സി. കെ. നാണു: സർ, പെരുമാട്ടി പഞ്ചായത്തിൽ കൊക്കക്കോള കമ്പനി അനുവദിച്ചപ്പോൾ അതിന്റെ അപകടങ്ങൾ മനസ്സിലാക്കി വളരെ പെട്ടെന്ന് അത് നിർത്തലാക്കിയത് പെരുമാട്ടി പഞ്ചായത്തിലെ ജനതാദൾ ആണ്. അന്ന് ജനതാദളിന്റെ ലീഡറായ ശ്രീ. എം. പി. വീരേന്ദ്രകുമാറിനും സഹപ്രവർത്തകർക്കും ഇവിടെ ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ പറഞ്ഞ ആ അഭിപ്രായങ്ങളുണ്ടായിരുന്നു. ഇന്ന് വേറെ വേദിയിൽ ഇരിക്കുമ്പോൾ, വേറെ മുന്നണിയിലിരിക്കുമ്പോൾ, അധികാരത്തിലിരിക്കുന്ന ഗ്രൂപ്പിന്റെ ഈ കുത്തക സമീപനത്തിന്റെകൂടെ കോംപ്രമൈസ് ചെയ്യുന്നില്ലായെങ്കിൽ അത് പറയാൻ തയ്യാറാകണം.

മി. ചെയർമാൻ: ശ്രീ. വി. എസ്. സുനിൽ കുമാർ, പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: ഇതൊക്കെ രാഷ്ട്രീയ നിലപാടിന്റെ പ്രശ്നമാണ്. നിയമസഭയിൽ വ്യക്തിപരമായ നിലപാടില്ല. രാഷ്ട്രീയ നിലപാടാണുള്ളത്. ഞാൻ ബഹുമാന്യനായ ജനതാദൾ നേതാവ് കെ. പി. മോഹനനെ വെല്ലുവിളിക്കുന്നു, അങ്ങയുടെ പാർട്ടി ഈ നയം അംഗീകരിക്കുന്നുണ്ടോ? ഉണ്ടെങ്കിൽമാത്രം അങ്ങ് നിയമസഭയിൽ ഈ ബില്ലിനെ പിന്തുണയ്ക്കണം. അല്ലെങ്കിൽ അങ്ങ് രാജിവയ്ക്കണമെന്ന് ഞാൻ പറയുന്നില്ല. അങ്ങ് നിയമസഭയിൽ മന്ത്രിയായിരിക്കുമ്പോൾ ചെയ്ത ഏറ്റവും വലിയ കാര്യം എന്താണ്? അങ്ങ് പണിമുടക്കിൽ പങ്കെടുത്ത് കാൽനടയായി വന്ന് രാജ്യത്തെ തൊഴിലാളികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച ആളല്ലേ. ഞാൻ അങ്ങയോട് ചോദിക്കുന്നു, അന്ന് ചെയ്തതുപോലെ, നിയമസഭയിൽ ഈ ബില്ലിനെതിരായി വിയോജിപ്പ് രേഖപ്പെടുത്തുവാൻ അങ്ങേയ്ക്ക് കഴിയുമോ? അങ്ങ് പി. ആർ. കുറുപ്പിന്റെ മകനാണല്ലോ; അങ്ങ് ചേകവനാണെന്ന് ഞാൻ പറയുന്നില്ല. ധീരനായ പി.ആർ. കുറുപ്പിന്റെ മകനോട് ചോദിക്കുന്നു, കാർഷിക മേഖലയ്ക്കുവേണ്ടി, ജലത്തിനുവേണ്ടി അങ്ങയുടെ നേതാവ് പേന ഉപയോഗിച്ച് ശക്തമായി എഴുതിക്കൊണ്ടിരിക്കുന്ന ആശയങ്ങൾ അങ്ങ് അംഗീകരിക്കുന്നുണ്ടെങ്കിൽ ഇവിടെ ശ്രീ. സി. കെ. നാണു പറഞ്ഞതുപോലെ പെരുമാട്ടി പഞ്ചായത്തിൽ അന്ന് ജനതാദൾ കാണിച്ച ധൈര്യം, സഖാവ് കൃഷ്ണപിള്ള സൂചിപ്പിച്ചതുപോലെ 'ഉശിരുള്ള നായർ മണിയടിക്കും, ഇലനക്കി നായർ പുറത്തടിക്കും' എന്നുപറഞ്ഞതുപോലെ, അന്ന് ചെയ്തതുപോലെ നിങ്ങൾക്ക് ധൈര്യമുണ്ടോ; ഉശിരുണ്ടോ? ഇതിന് പൊളിറ്റിക്കൽ ഡിസെന്റാണ് വരേണ്ടത്. രാഷ്ട്രീയ തീരുമാനം വരേണ്ട സമയമാണ്. അവിടെ ചാഞ്ചാടാൻ പാടില്ല.

ശ്രീ. കെ. പി. മോഹനൻ: പെരുമാട്ടി പഞ്ചായത്തിൽ ഇപ്പോഴും സോഷ്യലിസ്റ്റ് ജനതാദൾ (ഡെമോക്രാറ്റിക്ക്)-ന്റെ ആളുകൾ ഭരിക്കുന്നതുകൊണ്ടാണ് ലൈസൻസ് നൽകാത്തത്. ജനതാദൾ സെക്കുലർ ആയിരുന്നുവെങ്കിൽ ലൈസൻസ് തുടരുമായിരുന്നു. അങ്ങ് സൂചിപ്പിക്കുന്നതുപോലെ അത്രമാത്രം ഗുരുതരമായ പ്രശ്നങ്ങളൊന്നും ഈ ബിൽ പാസ്സാകുമ്പോൾ വരുന്നില്ല. ബിൽ ഞാൻ വായിച്ചു. ഞങ്ങൾ ഡിസ്ക്കസും ചെയ്തു. അങ്ങനെ എന്തെങ്കിലും പ്രശ്നങ്ങൾ വരുന്നുണ്ടെങ്കിൽ ഈ പറഞ്ഞ രീതിയിൽ ചെയ്യും.

ശ്രീ. ജോസ് തെറ്റയിൽ: സർ, ജലത്തെ സംബന്ധിച്ച് ഇവിടെ വളരെ പ്രധാനപ്പെട്ട ചർച്ച നടക്കുകയാണ്. പെരുമാട്ടി പഞ്ചായത്തിലെ കാര്യം ഇപ്പുറത്തും അപ്പുറത്തും പറഞ്ഞു. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി കെ. പി. മോഹനൻ പറഞ്ഞപ്പോഴും ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞപ്പോഴും ചെറിയൊരു തെറ്റുപറ്റി. ജനതാദൾ എന്നാണ് ഇപ്പോഴും അങ്ങ് ശ്രീ. കെ. പി. മോഹനന്റെ പാർട്ടിയെ പറഞ്ഞത്. അല്ല, അത് ഫാക്ച്വൽ മിസ്റ്റേക്കാണ്. ജനതാദൾ ആയിരിക്കുമ്പോഴാണ് ശ്രീ. കെ. പി. മോഹനനും ശ്രീ. എം. പി. വീരേന്ദ്രകുമാറും നയപരമായ കാര്യത്തിൽ ജലചൂഷണത്തിനെതിരായ നടപടികൾ സ്വീകരിക്കുകയും ശ്രീ. കൃഷ്ണൻകുട്ടി അന്ന് നേതൃത്വം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ പെരുമാട്ടി പഞ്ചായത്തിൽ ബഹളം നടക്കുകയും കൊക്കക്കോള കമ്പനിക്ക് നേരത്തെ നൽകിയ അനുവാദം പിൻവലിക്കുകയും ചെയ്തത്. ഇന്നും മന:സാക്ഷികൊണ്ടും മനസ്സുകൊണ്ടും ശ്രീ. കെ. പി. മോഹനൻ ജനതാദളായി അപ്പുറത്തിരിക്കുകയാണ്. അതുകൊണ്ട് ക്ഷമിക്കുക.

മി. ചെയർമാൻ: ശ്രീ. വി. എസ്. സുനിൽകുമാർ, അങ്ങ് പറഞ്ഞ് ചുരുക്കണം. അങ്ങയുടെ പ്രസംഗം 50 മിനിട്ടിലേയ്ക്ക് കടക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഞാൻ ചുരുക്കുകയാണ്. എന്റെ ശരീരം മാത്രമേ അവിടെയുള്ളൂ, മനസ്സ് ഇവിടെയാണെന്ന് ബഹുമാന്യനായ എം. പി. വീരേന്ദ്രകുമാർ പറയുന്നതിന്റെ കാരണം ഇതാണ്. കേവലമൊരു പെരുമാട്ടി പഞ്ചായത്തിനെതിരായി എടുത്ത നിലപാട് കേരളത്തിലെ 999 പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമുൾപ്പെടെയുള്ള മൂന്നരക്കോടി ജനങ്ങൾ അധിവസിക്കുന്ന കേരളത്തിന്റെ സർവ്വമേഖലയിലേയ്ക്കും വ്യാപിക്കുമ്പോൾ ബഹുമാനപ്പെട്ട എം. പി. വീരേന്ദ്രകുമാറിന്റെ പാർട്ടിക്ക് അടങ്ങിയിരിക്കാൻ പറ്റുമോ? അദ്ദേഹത്തിന്റെ ശരീരം മാത്രം അവിടെയിരിക്കുന്നു. തങ്ങൾ വിശ്വസിക്കുന്ന നയത്തിന് വിരുദ്ധമായി തങ്ങളുൾപ്പെടുന്ന മുന്നണി മുന്നോട്ടുപോകുമ്പോൾ ശ്രീ. എം. പി. വീരേന്ദ്രകുമാറിന്റെ പാർട്ടിക്ക് ഈ നയത്തെ അംഗീകരിച്ചുകൊണ്ട് എങ്ങനെ മുന്നോട്ടുപോകുവാൻ കഴിയും; ഹരിതവാദി എം.എൽ.എ.-മാർക്ക് എങ്ങനെ അവർ പറയുന്ന പ്രവൃത്തിയും വാക്കും തമ്മിൽ യോജിപ്പിച്ച് മുന്നോട്ടുപോകുവാൻ കഴിയും? അതുകൊണ്ട് കോൺഗ്രസ്സിനകത്തുനിന്നുതന്നെ, മുന്നണിക്കകത്തുനിന്നുതന്നെ ഈ ബില്ലിനെതിരായി ശബ്ദമുയരുകയാണ്. ഇനി നിങ്ങൾ ഭൂരിപക്ഷം ഉപയോഗിച്ച് ഈ ബിൽ മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഈ ബിൽ നടപ്പാക്കാൻ കേരളത്തിലെ ജനങ്ങൾ സമ്മതിക്കില്ല. ഇത് ജനങ്ങളുടെ ജീവന്റെ പ്രശ്നമാണ്. ചന്തുമേനോന്റെ കോർട്ടിൽ ചെണ്ടമേളത്തിന് ഉത്തരം പറഞ്ഞതുപോലെ കൊട്ടിക്കൊട്ടി ഈ ഗവൺമെന്റ് ഉത്തരം പറയേണ്ടിവരും. ഇത് ജനങ്ങളുടെ ജീവന്റെ പ്രശ്നമാണ്, ജീവിതത്തിന്റെ പ്രശ്നമാണ്, ജീവജല

ത്തിന്റെ പ്രശ്നമാണ്. അത് കള്ളക്കച്ചവടം ചെയ്ത് ബഹുരാഷ്ട്ര കുത്തകഭീമൻമാരുടെ കൈകളിൽ എത്തിച്ചുകൊടുക്കാൻ കൊണ്ടുവന്ന ഈ ബില്ലിനെ സർവ്വശക്തിയും ഉപയോഗിച്ച്, പല്ലും നഖവും ഉപയോഗിച്ച് എതിർക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ചെയർമാൻ: ശ്രീ. ജോസ് തെറ്റയിലിന് 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബില്ലിന്റെ ഭേഭഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, I move that The Kerala State Water Resource Regulatory Authority Bill, 2013 be circulated for eliciting public opinion.

ഞാൻ വളരെ ദീർഘമായി പറയുന്നില്ല. ചുരുക്കം രണ്ടുമൂന്ന് പോയിന്റുകൾ മാത്രമേ പറയുന്നുള്ളൂ. ഇവിടെ മൊത്തത്തിൽ ചർച്ച നടന്ന ഒരു കാര്യം, Confusion worst confounded. തുടക്കത്തിലുണ്ടായിരുന്ന സന്ദേഹം worst ആയി. ഇനി ഇതിനേക്കാളും കൂടുതലായി ഒരു സന്ദേഹം ഒരു ബില്ലിനെക്കുറിച്ചും ചർച്ചയ്ക്കുണ്ടാകാനില്ല. ഈ ബില്ലിന്റെ പ്രത്യേകത ആദ്യമായി തുടങ്ങുന്നത് സ്റ്റേറ്റ് ലിസ്റ്റിൽപ്പെട്ടതാണോ, കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണോ എന്നുള്ള ഭരണഘടനാ പ്രശ്നത്തിൽ നിന്നാണ്. നാഷണൽ വാട്ടർ പോളിസിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാപരമായി ചില നിർദ്ദേശങ്ങൾ സംസ്ഥാനത്തെ അടിച്ചേൽപ്പിക്കുകയാണ്. ഇത് ഭരണഘടനാപരമായി വിരുദ്ധമാണ്. ഇങ്ങനെ ചെയ്യാൻ പാടില്ല. ഇത് കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന കാര്യമല്ല. നേരത്തെ ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരൻ ഉൾപ്പെടെയുള്ളവർ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷനെടുത്ത് കാണിച്ചിരു

ന്നു. സ്വാഭാവികമായും ഇത് കേരളത്തിൽ അവതരിപ്പിക്കേണ്ട കാര്യമല്ല എന്നു മാത്രമല്ല, ഇതിനകത്തുള്ള വേറൊരു പ്രശ്നം, സർക്കാരിയ കമ്മിഷന്റെ തീരുമാനമുണ്ട്. ഒരു സംസ്ഥാനത്തിന്റെ അധികാര പരിധിയിലേയ്ക്ക് കേന്ദ്രം കൈകടത്തി വരികയാണ്. ഇതൊരു പോളിസിയുടെ പ്രശ്നമാണ്. ഇതിനകത്തെ അജണ്ട ഹിഡൻ അജണ്ടയാണ്. ഇത് ഫെഡറൽ സിസ്റ്റത്തെ അട്ടിമറിക്കുന്ന ഒരു പരിപാടിയാണ്. ഇതുമാത്രമല്ല, ഓരോ കാര്യവും ഇങ്ങനെയാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. റിപ്പീലിംഗിനെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം പറഞ്ഞു. ഇംപ്ലൈഡ് റിപ്പീലിംഗ് എന്നാണ് പറഞ്ഞത്. ഇതിനകത്ത് ഏത് ആക്ട് പുതുതായി വരുമ്പോഴും എക്സിസ്റ്റിംഗ് ആക്ടുകളുടെ പ്രൊവിഷൻസിനെ റിപ്പീൽ ചെയ്യുന്നെങ്കിൽ, റിപ്പീലിംഗ് ക്ലോസ് എന്നുള്ളത് ആക്ടിലെ ഏറ്റവും അവസാനത്തെ ക്ലോസ്സായിരിക്കും. ഇതിനകത്ത് റിപ്പീലിംഗ് ഇല്ല. അതുകൊണ്ടാണ് Confusion worst confounded എന്ന് ഞാൻ നേരത്തെ പറഞ്ഞത്. നിലവിലുള്ള ഒരു ആക്ട് ഇല്ലാതാകുന്നുവോ നിലനിൽക്കുന്നുവോ എന്നുള്ളതിനെക്കുറിച്ച് പറയാൻ നിവൃത്തിയില്ലാത്ത ഒരു അവസ്ഥയാണ് ഇപ്പോൾ നിലനിൽക്കുന്നത്. തന്നെയുമല്ല മറ്റൊരുകാര്യം, ഒരു ഓർഡർ മുഖാന്തിരം കൊണ്ടുവന്ന സ്വകാര്യ കമ്പനിയുടെ സ്ഥാപനം, സിയാൽ മോഡലിൽ വരുമെന്നാണ് പറയുന്നത്, 26 ശതമാനം സംസ്ഥാന ഗവൺമെന്റിന് നിയന്ത്രണമുണ്ടാകുമെന്നാണ്. സിയാൽ മോഡൽ അങ്ങനെ നടക്കുന്നുണ്ടെന്നത് ശരിയായിരിക്കും. പക്ഷേ, ഇത് അതല്ല കളി. അന്തർദേശീയ കുത്തകൾ ലക്ഷ്യമിടുന്ന ഒരു മേഖലയാണ് ജലം. ജലം പ്രകൃതിയുടെ വരദാനമാണെന്ന് നമ്മളെല്ലാവരും പറയുന്നു. പെരുമാട്ടി പഞ്ചായത്തിലെ കൊക്കക്കോള കമ്പനിയുടെ കേസിൽ സുപ്രീം

കോടതി തന്നെ പറഞ്ഞതാണ്, ഇതൊരു ഫണ്ടമെന്റൽ റൈറ്റാണ്, ജന്മാവകാശമാണ്. അത് വേറെയാർക്കും എടുക്കാൻ കഴിയില്ല, കൊടുക്കാനും കഴിയില്ല എന്ന്. അങ്ങനെ ഭൂഗർഭ ജലത്തെക്കുറിച്ച് അന്ന് സുപ്രീം കോടതിയും ഹൈക്കോടതിയും പറഞ്ഞത് അതുകൊണ്ടാണ്. അത്തരത്തിലുള്ള അടിസ്ഥാനപരമായ, ജനങ്ങളുടെ മൗലികമായ അവകാശത്തിൽ കൈവയ്ക്കുന്നതിനു വേണ്ടിയുള്ള ഈ ഗൂഢശ്രമത്തെ എതിർക്കണം. അതുകൊണ്ടാണ് ഇതിൽ നിയമപരമായും ഭരണഘടനാപരമായും പ്രശ്നമുണ്ടെന്ന് ഞാൻ പറഞ്ഞത്. ഇതിനകത്ത് ഒരു ഹിഡൻ അജണ്ടയുണ്ട്. ഇത് ഒരു ഡീകൺട്രോളിംഗിന്റെ കാലമാണ്, ഗ്ലോബലൈസേഷന്റെ കാലമാണ്. ഗ്ലോബലൈസേഷനെക്കുറിച്ച് പറയുമ്പോൾ അതിനെതിരായി ഏറ്റവും കൂടുതൽ താത്വികമായി ചർച്ച ചെയ്യുകയും ലീഡ് ചെയ്യുകയും ചെയ്തിട്ടുള്ള പാർട്ടിയാണ് ജനതാദൾ. അതിന്റെ പ്രസിഡണ്ടായിരുന്ന ശ്രീ. എം.പി.വീരേന്ദ്രകുമാർ ബൗദ്ധികമായ പല കാര്യങ്ങൾക്കും നേതൃത്വം കൊടുക്കുകയും അതിനുവേണ്ടി പ്രസംഗിക്കുകയും ചെയ്തയാളാണ്. ആഗോളവൽക്കരണത്തിന്റെ ഭവിഷ്യത്തുകളെക്കുറിച്ച് പ്രചരിപ്പിക്കുന്നതിനായി കേരളത്തിലങ്ങോളമിങ്ങോളം ഞങ്ങളൊക്കെ അദ്ദേഹത്തോടൊപ്പം നടന്നതാണ്. ആ വസ്തുത ഇന്നും നിലവിലിരിക്കുകയാണ്. ശ്രീ. എം.പി വീരേന്ദ്രകുമാറും കൂട്ടരും താല്ക്കാലികമായ ചില പ്രശ്നങ്ങൾകൊണ്ട് മുന്നണി മാറി നിൽക്കുന്നു എന്നേയുള്ളൂ. അതിന് കുഴപ്പമില്ല. ഞങ്ങളൊരു കാര്യം പലപ്പോഴും പറയാറുണ്ടായിരുന്നു. ശ്രീ. എം.പി വീരേന്ദ്രകുമാറിന് കോൺഗ്രസ്സിന്റെ കൂടെയോ കോൺഗ്രസ്സിന് വീരേന്ദ്രകുമാറിന്റെ കൂടെയോ അധികകാലം പോകാൻ കഴിയില്ലെന്നുള്ളത് 2009-ൽ ഞാനും ശ്രീ. മാത്യു ടി. തോമസുമുൾപ്പെടെ പറഞ്ഞതാണ്. അത് ബോദ്ധ്യപ്പെട്ടുകൊണ്ടിരി

ക്കുകയാണ്. അതിനകത്ത് ആശയപരമായ പ്രശ്നമുണ്ട്. ഒരിക്കൽപോലും ആശയത്തിന് വിരുദ്ധമായി മന:സാക്ഷിക്ക് വിരുദ്ധമായി പ്രവർത്തിക്കാൻ കഴിയില്ല, അങ്ങനെ രാഷ്ട്രീയത്തിൽ അധികകാലം നിൽക്കാനും കഴിയില്ല. അതുതന്നെയാണ് ശ്രീ. പി.ജെ. ജോസഫിന്റെ കാര്യത്തിലും വരാൻ പോകുന്നത്. കാരണം അദ്ദേഹത്തിന് കാര്യങ്ങൾ അറിയാം. പക്ഷേ, സംസ്ഥാനത്തിന്റെ അധികാരത്തിൽ കേന്ദ്രം ഇങ്ങനെ കൈകടത്തുമ്പോൾ എതിരായി നിൽക്കാൻ കഴിയാതെ നിസ്സംഗനായി, നിർവികാരനായി, നിസ്സഹായനായി നിൽക്കുന്ന ശ്രീ. പി.ജെ. ജോസഫിനെ നമ്മൾ കാണുകയാണ്. ശരശയ്യയിൽ കിടക്കുന്ന ഭീഷ്മരെപോലെ ഒന്നു ചെയ്യാൻ നിവൃത്തിയില്ലാതെ ആകാശത്തു നോക്കിനിൽക്കുകയാണ്. എന്തു ചെയ്യണമെന്ന് അറിയില്ല, പക്ഷേ ഇതു ശരിയല്ലെന്ന് അദ്ദേഹത്തിന്റെ മന:സാക്ഷി പറയുന്നുണ്ട്. ഇത് കേരളത്തെ വിൽക്കുന്നതാണ്, ഒരു യഥാർത്ഥ കർഷകസുഹൃത്തും കർഷകനുമായ അദ്ദേഹം മാനസികമായി അതിനെ അനുകൂലിക്കുന്നതെങ്ങനെയാണ്? പുറത്ത് എന്തു പറഞ്ഞാലും ഉള്ളിൽ അനുകൂലിക്കാൻ കഴിയില്ല. അത്തരത്തിലുള്ള ഒരു പ്രശ്നമാണുള്ളത്. ഇതിനകത്തുള്ള മറ്റൊരു കാര്യം, ഒരു ഡ്രിങ്കിംഗ് വാട്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഷെയറിനെക്കുറിച്ചും പറയുന്നുണ്ട്. ഈ ആക്ടിൽ അതോറിറ്റിയുടെ കാര്യത്തെക്കുറിച്ച് പറയുമ്പോൾ അദ്ധ്യായം 3, സെക്ഷൻ 13, സബ് ക്ലോസ് 2 – പ്രൊജക്ട് കമ്മിറ്റി, ഡിസ്ട്രിബ്യൂട്ടഡ് കമ്മിറ്റി, വാട്ടർ യൂസേഴ്സ് അസോസിയേഷൻ തുടങ്ങി വിവിധ തലങ്ങളിലുള്ള കർഷക സംഘടനകൾക്ക് ആവശ്യമുള്ള ജലസേചനത്തിനായുള്ള ജലത്തിന്റെ ആവശ്യകത തീരുമാനിക്കാം. ഇത് വളരെ ഗുരുതരമാണ്. ജലത്തിന്റെ ആവശ്യകത തീരുമാനിക്കുന്നത് ജനങ്ങളല്ല, അതോറിറ്റിയാണെന്നാണ് കൊടുത്തിരിക്കുന്നത്. ഞാൻ എന്തുമാത്രം വെള്ളം കുടിക്കണമെന്ന്

തീരുമാനിക്കാനുള്ള അധികാരം അതോറിറ്റിക്കാണോ? എന്റെ വീട്ടിലെ കന്നുകാലികൾക്ക് എത്രമാത്രം വെള്ളം കൊടുക്കണമെന്ന് തീരുമാനിക്കുന്നത് ഞാനാണ് അല്ലെങ്കിൽ അത് കുടിക്കുന്ന കന്നുകാലികളാണ്. അതിനുപോലും നിയന്ത്രണമേർപ്പെടുത്തുന്ന ഒരു അതോറിറ്റിയാണ്. ഇതിൽ എന്ത് ആവശ്യകതയാണുള്ളത്. പദ്ധതി മാനേജ്മെന്റ് ചെലവ് – ജലപദ്ധതികളുടെ മതിയായ പ്രവർത്തനത്തിനും പരിപാലനത്തിനും വേണ്ട ചെലവ്, ഇതൊക്കെ പറയുമ്പോൾ എന്താണ് ഇതിന്റെ ചെലവ് എന്നതിനെക്കുറിച്ച് കണക്കാക്കിയിട്ടില്ല. ഇതിൽ വളരെ വിചിത്രമായ കാര്യമുണ്ട്, ഇതിന്റെ ചെലവിനെക്കുറിച്ച് പറയുമ്പോൾ ഒരു 28 ലക്ഷവും ഒരു 12 ലക്ഷവുമാണ് പറയുന്നത്, സംസ്ഥാന ഖജനാവിൽ 28,50,000 രൂപ ആവർത്തനച്ചെലവും 12 ലക്ഷം രൂപ അനാവർത്തനച്ചെലവും എന്നാണ്. എന്താണ് ഇതിന്റെ കണക്ക്? വെറുതെ പരിഹസിക്കുന്ന കണക്കാണിത്. യഥാർത്ഥത്തിൽ എന്തു കാര്യത്തിനാണ് ഇങ്ങനെ ചെയ്യുന്നതെന്ന് അറിയില്ല. അദ്ധ്യായം 3–ൽ പറയുന്നുണ്ട് പ്രൊജക്ട് അതോറിറ്റികൾ സമ്പൂർണ്ണ ജലസേചന തത്വം നടപ്പിലാക്കി എന്ന് ഉറപ്പ് വരുത്തുക എന്ന്. എന്താണ് സമ്പൂർണ്ണ ജലസേചനമെന്ന് ഇതിനകത്തെങ്ങും ഡിഫൈൻ ചെയ്യുന്നില്ല. സമ്പൂർണ്ണ ജലസേചനമെന്താണെന്ന് പറയേണ്ടതല്ലേ. അത് പറയുന്നില്ല. ഗാർഹിക വിതരണക്കാരന് ജല ആഡിറ്റ് – ഗാർഹിക ഉപഭോക്താക്കൾക്കല്ല ഗാർഹിക ജലവിതരണക്കാർക്കാണ്, അപ്പോൾ ഈ ആക്ട് ഗാർഹിക ജലവിതരണത്തിനായി ഒരു ഏജൻസിയെ കണ്ടെത്തുന്നു. ഇത് റെഗുലറൈസേഷൻ അതോറിറ്റിയല്ല. ഇതിനകത്ത് വരുന്ന കാര്യം എന്തുമാത്രം വെള്ളം കുടിക്കണം എന്ന കാര്യം തീരുമാനിക്കുന്നു, കുടിക്കുന്ന വെള്ളത്തിന്റെ തുക എത്രയാണെന്ന് തീരുമാനിക്കുന്നു, അത് എവിടെ ലഭ്യ

മാകുന്നു, ആരാണ് എന്നുള്ളതിനെക്കുറിച്ച് തീരുമാനിക്കുന്നു. അങ്ങനെ മനുഷ്യനെ സംബന്ധിച്ചിടത്തോളം എല്ലാ അവകാശങ്ങളെയും എടുത്തുകൊണ്ടു പോകുന്ന, കരചരണങ്ങൾ ഛേദിച്ചുകൊണ്ട് ഒരു പിണ്ഡമായി, ജഡമായി മാറ്റുന്ന രീതിയിലുള്ള ഒരു നിയമമാണിത്. ഇതിനകത്ത് മനുഷ്യാവകാശത്തിന്റെ പ്രശ്നമുണ്ട്. ജലം വിതരണം ചെയ്യുന്ന കാര്യത്തിൽ മനുഷ്യാവകാശത്തിന്റെ പ്രശ്നമുണ്ട്. അതിനെക്കുറിച്ച് ആലോചിക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ജലം മനുഷ്യന് പ്രകൃതിയിൽ നിന്നും കിട്ടുന്ന വരദാനമാണ്. അതിൽ വളരെ സമ്പന്നമാണ് കേരളം. ഇൻഡ്യയിൽ അഞ്ച് ശതമാനം ശുദ്ധജലം ലഭിക്കുന്നത് മൊത്തത്തിൽ ഒരു ശതമാനമുള്ള കേരളത്തിലെ ഭൂമിയിൽ നിന്നാണ്. ഈ നിയമം വന്നാൽ അരി ഉണ്ടെങ്കിലും ചോറാക്കാൻ പറ്റാത്ത അന്തരീക്ഷമുണ്ടാകുമെന്നും കഞ്ഞിവെള്ളം പോലും കിട്ടില്ലെന്നും അങ്ങനെ കേരളത്തിന്റെ കഞ്ഞികുടി മുട്ടുമെന്നും അങ്ങ് ആശങ്കപ്പെടുന്നുണ്ടോ?

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ഈ നിയമം വന്നാൽ നാട്ടിൻപ്പുറത്തു പറയാറുള്ളതുപോലെ അരി വയ്ക്കാനല്ല ഇനി അരി വറുക്കാൻ നോക്കിയാൽ മതി. അതാണ് സ്ഥിതി. അരി വറുക്കേണ്ട സ്ഥിതിയാണ് ഇപ്പോൾ വന്നിട്ടുള്ളത്. വെള്ളം കുടിച്ച് മരിക്കാമെന്ന് വിചാരിക്കേണ്ട. ആ സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ എത്തുകയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, നമ്മുടെ ജലസേചന വകുപ്പു മന്ത്രി നല്ല സംഗീതജ്ഞനും അരുവികളെക്കുറിച്ചും നദികളെക്കുറിച്ചും പാടി സമൂഹത്തെ ആശ്വസിപ്പിക്കുന്ന ഒരാളുമാണെന്ന് താങ്കൾക്ക് അറിയാമല്ലോ. അങ്ങനെയുള്ള ഒരാളെ ഈ ബില്ല് അവതരിപ്പിച്ച് സമൂഹത്തിന് എതിരാക്കുന്ന നടപടി ശരിയാണോ; അത് അദ്ദേഹത്തിന്റെ ആശയത്തിന് വിരുദ്ധമല്ലേ?

ശ്രീ. ജോസ് തെറ്റയിൽ: സർ, അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ മന:സാക്ഷിക്ക് വിരുദ്ധമായിട്ടാണ് ഇതെല്ലാം ചെയ്യുന്നത്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം, പ്രവർത്തനം, പ്രസംഗം ഇതെല്ലാം മന:സാക്ഷിക്ക് വിരുദ്ധമായി നടന്നുകൊണ്ടിരിക്കുകയാണ്. മന:സാക്ഷിക്കനുസരിച്ച് പ്രവർത്തിക്കാൻ കുറച്ചു നാളുകൾകൂടി നമുക്ക് കാത്തിരിക്കേണ്ടിവരുമെന്നാണ് പറയാനുള്ളത്. സാമ്പത്തിക വളർച്ച, ജൈവ ഭൗതിക ജലവിഭവങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. സാമ്പത്തികവളർച്ചയെക്കുറിച്ച് പറയുമ്പോൾ ജലത്തിന്റെ ലഭ്യതയാണ് ഒരു പ്രദേശത്തിന്റെ വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം. കൃഷി, വ്യവസായം, മറ്റ് സേവനമേഖലകൾ ഇവിടെയൊക്കെ സ്വഭാവികമായി വേണ്ടത് അതുതന്നെയാണ്. പാരിസ്ഥിതിക വിഷയങ്ങളുടെ ഏകോപനവും ജലവിഭവങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ടതാണ്. അത്തരത്തിൽ നോക്കുമ്പോൾ ആഗോളീകരണത്തിന്റെയും സ്വകാര്യവൽക്കരണത്തിന്റെയും കാലത്ത് ഇത് നമ്മുടെ അവകാശങ്ങൾ കൊണ്ടുപോകുന്നതാണ്. യു.എസ്. നാഷണൽ അക്കാഡമി ഓഫ് സയൻസ് അടുത്ത കാലത്ത് നടത്തിയിട്ടുള്ള പഠനങ്ങൾ നമ്മളെ ഞെട്ടിപ്പിക്കുന്നതാണ്. മാറി മാറിവന്നിട്ടുള്ള യു.എൻ. സെക്രട്ടറി ജനറൽമാർ എല്ലാവരും തന്നെ യുദ്ധത്തെക്കുറിച്ച് പറയുകയാണ്. വളരെ ഭീകരമാണ്, സ്ഥിതി എന്നുള്ളത് അറിഞ്ഞുകൊണ്ടാണ് വെള്ളം ഇനിയൊരു യുദ്ധത്തിന് ചാലകമാകാതിരിക്കാൻ എന്ത് ചെയ്യണമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഞാൻ നേരത്തെ സൂചിപ്പിച്ച പോളിസിയുടെ പ്രശ്നം, സർക്കാരിയ കമ്മീഷന്റെ പ്രശ്നമെന്നു പറയാൻ കാരണം മുല്ലപ്പെരിയാർ പ്രശ്നം അന്തർസംസ്ഥാന ജല പ്രശ്നമായി മാറിയപ്പോൾ നമ്മൾ ഇവിടെ ബന്ദ് നടത്തി, എല്ലാവരുംകൂടി ഇവിടെ പ്രമേയം പാസ്സാക്കി, പക്ഷേ എന്തു

ണ്ടായി? വെള്ളത്തിന്റെ പ്രശ്നമാണ്. വളരെ ഗുരുതരമാണ്. പറമ്പിക്കുളം-ആളിയാർ പദ്ധതി, എന്റെ നാട്ടിൽ പ്രസ്തുത പദ്ധതിയുടെ വ്യവസ്ഥകൾ തമിഴ്നാട് നടപ്പിലാക്കാത്തതുകൊണ്ടാണ് വെള്ളം കിട്ടാത്തത്. പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരമാണ് അവിടെത്തെ ജലസേചനപദ്ധതി നടക്കുന്നത്. കാവേരി നദീജലതർക്കം എന്തായി. ഇത്തരം പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലാണ് യു.എൻ. കൗൺസിൽ തീരുമാനിച്ചത്. ജല സഹകരണമാണ് ഇപ്പോഴത്തെ കാര്യം. വിവിധ സംസ്ഥാനങ്ങളിൽ അത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. നാഷണൽ വാട്ടർ പോളിസിയുടെ ഭാഗമായി തമിഴ്നാട്ടിൽ അർബൻ ഡെവലപ്മെന്റ് ഫണ്ട് എന്നുപറഞ്ഞ് 300 കോടി രൂപയുടെ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിനെ വാട്ടർ ആന്റ് സാനിട്ടേഷൻ പൂൾഡ് ഫണ്ട് എന്നാണ് പറയുന്നത്. അത്തരത്തിലുള്ള കാര്യങ്ങളെക്കുറിച്ച് നമ്മൾ ആലോചിക്കുന്നില്ല. കേന്ദ്രം എന്തു പറയുന്നുവോ അത് സ്വീകരിക്കുന്ന അടിമകളാണോ സംസ്ഥാന ഗവൺമെന്റ്? പ്രത്യേകിച്ച് കേരള കോൺഗ്രസ്സിന്റെ പ്രതിനിധി ശ്രീ. പി. ജെ. ജോസഫ് ഈ സ്ഥാനത്തിരിക്കുമ്പോൾ ഒരിക്കലും അത്തരത്തിൽ വന്നുകൂടാ. കമ്പനിയുടെ ഷെയറും കാര്യങ്ങളും നോക്കിയിട്ട് കാര്യമില്ല. ഉണ്ടാക്കിയ ഓർഡർ പ്രകാരം വന്നിട്ടുള്ളത് ഭൂരിപക്ഷവും സ്വകാര്യവ്യക്തികൾക്കാണ്. ഇതെല്ലാംതന്നെ സ്വകാര്യവൽക്കരിക്കപ്പെടുകയാണ്. ഇത് അനുവദിച്ചുകൂടാ. ഇത് ഗൗരവമായ ഒരു പ്രശ്നമാണ്. ഇതിനകത്ത് കോൺസ്റ്റിറ്റ്യൂഷൻ ഇഷ്യൂ ഉണ്ട്. അതുപോലെ ഇത് നിയമപരമായും നിലനിൽക്കുന്നതല്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഈ പ്രൊജക്ട് റിപ്പോർട്ട് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. ശ്രീ. പി. ജെ. ജോസഫിനെകൊണ്ട് ഇത് അവതരിപ്പിക്കേണ്ടി വന്നത് ഒരു nemesis ആണ്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, അങ്ങ് പറഞ്ഞ സുപ്രധാനമായ ഭരണഘടനാ പ്രശ്നത്തിൽ ഒരു പ്രശ്നംകൂടി ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പുതിയ ഭരണഘടനാ ഭേദഗതി കൊണ്ടുവന്നു. പുതിയ ഭരണഘടനാ ഭേദഗതി എപ്പോഴും അതിശയിപ്പിക്കുന്ന, ജനവിരുദ്ധമായ സഹകരണ പ്രസ്ഥാനത്തെ റിസർവ്വ് ബാങ്കിന്റെ കീഴിലാക്കാൻ........ അമേരിക്കൻ നയത്തിൻ പ്രകാരം ഫിസ്ക്കൽ പോളിസി ആവിഷ്ക്കരിക്കുന്നത് റിസർവ്വ് ബാങ്കിന്റെ കീഴിലാണ്. കയർ ഫെഡ് വലിയ കോ-ഓപ്പറേറ്റീവ് പ്രസ്ഥാനമാണ്. അതിന്റെ 40 കോടി രൂപയുടെ വായ്പ ഗവൺമെന്റ് എഴുതി തള്ളുന്നതിനുപകരം, 100 കോടി രൂപ വിലയുള്ള ഭൂമി സർക്കാർ ഏറ്റെടുത്ത് ഭൂമാഫിയ്ക്ക് വിൽക്കാൻ പോകുന്നു എന്ന് മലയാള മനോരമ റിപ്പോർട്ട് ചെയ്തിരിക്കുന്നു. മൂന്നാമതായി പഞ്ചായത്തിന്റെ അധികാരമാണ് ഭരണപരമായി വെള്ളത്തിന്റെ വിനിയോഗം. അതാണ് പഞ്ചായത്തീരാജ്, അധികാര വികേന്ദ്രീകരണം. മഹാത്മാഗാന്ധിയുടെ സ്വപ്നമെന്നു പറഞ്ഞുകൊണ്ട് ആ അധികാരം സെൻട്രലി സ്പോൺസേർഡായിട്ടുള്ള കേന്ദ്ര ഫിനാൻസ് കമ്മീഷനെ ഏൽപ്പിക്കുകയാണ്. ഒരു അമേരിക്കൻ ലൈൻ എല്ലാ കാര്യത്തിലെന്നതുപോലെ ഇത് ശ്രീ. മൻ മോഹൻ സിംഗ് വഴി അലുവാലിയമാർ വഴി ശ്രീ. ഉമ്മൻ ചാണ്ടി വഴി കർഷക സ്നേഹിയും ഹൃദയാലുവെന്നും കരുതുന്ന ശ്രീ. പി. ജെ. ജോസഫിന്റെ ഹൃദയത്തെപോലും ഒരു തരം തുരുമ്പിച്ച ഇരുമ്പ് കഷണമാക്കി മാറ്റുകയും ഈ രാജ്യത്ത് ഈ നയത്തിന്റെ ഭാഗമായി ഭരണഘടനാ വിരുദ്ധമായിട്ടുള്ള ഇക്കാര്യത്തെ ഈ സഭയിൽ എങ്ങനെയാണ് അങ്ങ് തടയാൻ പോകുന്നത്?

ശ്രീ. ജോസ് തെറ്റയിൽ : വളരെ ഗൗരവമായ കാര്യമാണ് അങ്ങ് പറഞ്ഞത്.

മി. ചെയർമാൻ : ശ്രീ. ജോസ് തെറ്റയിൽ അങ്ങ് കൺക്ലൂഡ് ചെയ്യുക.

ശ്രീ. ജോസ് തെറ്റയിൽ : ഇതൊരു കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമാണ്. ഈ പദ്ധതി ഇൻഡ്യയിൽ ജന്മം കൊണ്ടതല്ല. ഇൻഡ്യയ്ക്ക് പുറത്ത് ജന്മം കൊണ്ട..... ഐ.എം.എഫ്.-ന്റെയും വേൾഡ് ബാങ്കിന്റെയും തുടങ്ങിയ ആളുകളുടെയൊക്കെ ഒരു ഗൂഢശ്രമത്തിന്റെ ഭാഗമാണിത്. ഞാൻ വീണ്ടും ആവർത്തിക്കുകയാണ് ബഹുമാനപ്പെട്ട മന്ത്രി പി. ജെ. ജോസഫ്, അദ്ദേഹം മനസ്സുകൊണ്ട് ഇതിനെ അനുകൂലിക്കുന്നില്ല എന്നുള്ളത് വ്യക്തമാണ്. ഒരു കർഷക സ്നേഹിക്കും ഈശ്വരവിശ്വാസിക്കും ഇതിനെ അനുകൂലിക്കാൻ സാധിക്കുകയില്ല. ഇവിടെ അദ്ദേഹം തുടക്കത്തിൽ പറഞ്ഞത് ഇതൊരു Implied repealing എന്നാണ്. ശ്രീ. റ്റി. എൻ. പ്രതാപൻ ഒരു പ്രസ്താവന പറഞ്ഞതിനെക്കുറിച്ച് പറയാനുള്ളത് ഞങ്ങൾ എതിരാണെന്നും ഞങ്ങൾ അനുകൂലിക്കുന്നില്ലെന്നും ഞങ്ങൾ അത് ചെയ്യുന്നില്ലെന്നും ഞങ്ങൾ ഇത് ചെയ്യുന്നില്ലെന്നുമാണ്. പക്ഷേ, ഞങ്ങൾ വോട്ട് ചെയ്യുമെന്നാണ് പറഞ്ഞത്. സാധാരണ ഉള്ളിൽ ബോധമുണ്ട്, വിളിച്ചാൽ മിണ്ടില്ല എന്നുള്ള രീതിയിലാണ് ഇങ്ങനെ പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ : അങ്ങ് ഉദ്ദേശിക്കുന്നത് ഈ ബിൽ പിൻവലിക്കണമെന്നല്ലേ?

ശ്രീ. ജോസ് തെറ്റയിൽ : അതുതന്നെയാണ് ഉദ്ദേശിച്ചത്. Implied repealing എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ശ്രീ. റ്റി. എൻ. പ്രതാപനും ഇവിടെ പറഞ്ഞത് Implied whip എന്നാണ്. Implied whip എന്നുപറ

ഞ്ഞാൽ ശ്രീ. പി. ജെ. ജോസഫ് പറഞ്ഞ Implied repealing പോലെ അത് സ്വീകാര്യമാണെങ്കിൽ ഇത് Implied ആയിട്ടുള്ള whip കൊടുത്തിരിക്കുകയാണ്. ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞത് ഞങ്ങൾ ഇതിനെതിരാണെന്നാണ്. ഞങ്ങൾ ഇതിനെതിരാണെന്നു പറഞ്ഞാൽ അവർ ഇതിനകത്ത് ഇല്ലെന്നും അവർ Implied whip ആണെന്നുമാണ്. ഇങ്ങനെ നോക്കുമ്പോൾ ഈ ബിൽ ഇവിടെ അതരിപ്പിച്ചത് ഒരബദ്ധമെന്നുള്ള രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി ........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി.ജെ. ജോസഫ് സംസാരിച്ചപ്പോൾ പറഞ്ഞത് ഇതിലെ Repealing and Saving ക്ലോസ്സിനകത്ത് പറയുന്ന കാര്യത്തെ സംബന്ധിച്ച് ഇത് കേരള വാട്ടർ സപ്ലൈസ് സ്വീവേജ് ആക്ടിലെ 15,2,3 ഇതോടുകൂടി പോകുമെന്നാണ് അദ്ദേഹം പറഞ്ഞത്. പക്ഷേ അങ്ങനെ വരണമെങ്കിൽ ഇതിനകത്ത് ഇക്കാര്യത്തെക്കുറിച്ച് പറയണം. നിയമകാര്യങ്ങളറിയുന്ന ബഹുമാനപ്പെട്ട ശ്രീ. ജോസ് തെറ്റയിൽ, Notwithstanding such repeal, anything done or deemed to have been done or any action taken or deemed to have been taken under the said Ordinance. ഈ ഓർഡിനൻസ് പ്രകാരം ചെയ്ത കാര്യങ്ങൾക്കുമാത്രമേ ഇത് നിയമപ്രകാരം കൊടുക്കുന്നുള്ളു. അതേ സന്ദർഭത്തിൽ വാട്ടർ സപ്ളൈസും സ്വീവേജ് ആക്ടും പ്രകാരം 15,2,3 പ്രകാരം ചെയ്തിട്ടുള്ള കാര്യങ്ങൾ റിപ്പീൽ ചെയ്യുമെന്ന് പറഞ്ഞുകൊണ്ട് അല്ലെങ്കിൽ അത് പോകുമെന്ന് പറഞ്ഞുകൊണ്ട് ഒരു ക്ലോസും ഇതിനകത്തില്ല. അങ്ങനെ വരുമ്പോൾ ഇതിങ്ങനെ ചർച്ച ചെയ്തുകൊണ്ടു പോയിട്ട് എന്താണ് കാര്യം ?

ഈ ബില്ല് തന്നെ ചർച്ച ചെയ്തിട്ട് എന്താണ് കാര്യം? അത് സംബന്ധിച്ച് ബഹുമാനപ്പെട്ട നിയമകാര്യങ്ങളെക്കുറിച്ച് അറിയുന്ന ഒരംഗമെന്ന നിലയിൽ അങ്ങയുടെ അഭിപ്രായമെന്താണ്? ഈ ബില്ലിന് ചർച്ച തുടരേണ്ട കാര്യമുണ്ടോ?

<u>ശ്രീ. ജോസ് തെറ്റയിൽ</u> : ഞാൻ തുടക്കത്തിലെ പറഞ്ഞ കാര്യമാണ്. ബഹുമാനപ്പെട്ട ചെയർ ഇതിനെക്കുറിച്ചൊരു റൂളിംഗ് നൽകിയതിനെ ചോദ്യം ചെയ്യുകയല്ല. അതിനകത്തുള്ള ഒരു വിഷയം റിപ്പീലിംഗിനെക്കുറിച്ച് പറ യാത്ത ഒരു ആക്ടിൽ ഏതാണ് പ്രിവെയിൽ ചെയ്യുക എന്നുള്ളതിനെക്കുറിച്ച് ഒരു കൺഫ്യൂഷനുണ്ട്. ഞാൻ അതിനെക്കുറിച്ചാണ് തുടക്കത്തിൽ പറഞ്ഞത്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് നിർത്താം. ഇതിൽ Implied whip ഉണ്ട്. Implied whip ഉള്ളപ്പോൾ ഇതിൽ സ്വാഭാവികമായും ശ്രീ. റ്റി. എൻ. പ്രതാ പൻ പ്രതിനിധീകരിക്കുന്ന ഹരിത എം.എൽ.എ. മാർ ഇതിൽ വോട്ട് ചെയ്യു ന്നില്ല എന്നുതന്നെയാണ് അർത്ഥമാക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ സ്വാഭാവികമായും ഈ ബിൽ പിൻവലിക്കുന്നതാണ് ബുദ്ധിയും നിയമപരമായും ശരിയായിട്ടുള്ള കാര്യം. ഇത് സംസ്ഥാന ഗവൺമെന്റിന്റെ അധികാര പരിധിയിലേയ്ക്ക് കടന്നുവരുന്നു. സംസ്ഥാന ഗ വൺമെന്റിന് കോൺസ്റ്റിറ്റ്യൂഷണൽ പ്രകാരമായി വച്ചിട്ടുള്ള അധികാരം എടുത്തു കളയുന്നു. അതുപോലെ കേന്ദ്രത്തിനുള്ള ഈ പോളിസിയെ അനുകൂലിക്കാൻ നമ്മെ നിർബന്ധിക്കുകയും രാഷ്ട്രീയമായി നമ്മളെ അടിമ കളാക്കി മാറ്റുകയും ചെയ്യുന്ന ഈ ബിൽ ബഹുമാനപ്പെട്ട മന്ത്രി കേരള കോൺഗ്രസ്സിന്റെ പ്രതിനിധി, കേരളമെന്ന സംസ്ഥാനത്തിന്റെ സംരക്ഷണ ത്തിനുവേണ്ടി രൂപീകൃതമായ പാർട്ടി എന്നുള്ള രീതിയിലും, കേരളത്തിലെ

കാര്യങ്ങളെക്കുറിച്ച് പറയുമ്പോൾ മാണിസാർ പറയുന്ന രീതിയിലുള്ള കേരളത്തിനുവേണ്ടി പറയുന്ന പാർട്ടി, അദ്ധ്വാനവർഗ്ഗത്തിന്റെ പടവാൾ എന്നൊക്കെ പറയുമ്പോൾ സ്വാഭാവികമായും അതാണ് ശരിയെങ്കിൽ കർഷകരുടെ പാർട്ടിയാണ് കേരള കോൺഗ്രസ്സെങ്കിൽ ശ്രീ. പി. ജെ. ജോസഫ് ഇത് പിൻവലിക്കണം. പിൻവലിച്ചെങ്കിൽ മാത്രമേ നിയമപരമായും ഭരണഘടനാപരമായും നിലനിൽക്കാൻ കഴിയുകയുള്ളു.

പ്രതിപക്ഷനേതാവ് <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u> : സർ, അപ്പുറത്തുള്ള എന്റെ സ്നേഹിതൻ ശ്രീ. റ്റി.എൻ. പ്രതാപന്റെയും അതുപോലെ ശ്രീ. മോഹനന്റെ നേതാവായ ശ്രീ. എം.പി വീരേന്ദ്രകുമാറിന്റെയും അഭിപ്രായങ്ങൾ ശ്രദ്ധിക്കുമ്പോഴും ആദരിക്കുമ്പോഴും സ്വാഭാവികമായും ഈ സഭയ്ക്ക് അല്ലെങ്കിൽ അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതൻമാർക്ക് ഈ ബിൽ പാസ്സാക്കി നടപ്പിലാക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ല. നാല് ഭൂരിപക്ഷമുള്ള ഭരണകക്ഷിക്ക്, ഈ ഭരണകക്ഷിയിലെ തന്നെ ഏഴ് എം.എൽ.എ. മാർ എതിര് വന്നിരിക്കുന്ന ഈ സാഹചര്യത്തിൽ ഈ ബിൽ പാസ്സാക്കി നടപ്പിലാക്കാൻ സാധിക്കുമെന്ന് തോന്നുന്നില്ലാത്തതുകൊണ്ട് വ്യർത്ഥമായി ഇനിയും ഇങ്ങനെ ചർവ്വിത ചർവ്വണം നടത്തേണ്ട ആവശ്യമില്ല എന്നുള്ളതുകൊണ്ടും ഈ ബിൽ പിൻവലിക്കുകയാണ് വേണ്ടെതെന്നുള്ള കാര്യം അറിയിച്ചുകൊണ്ടും, ചെയർ റൂളിംഗ് കൊടുക്കുമെന്ന് ഞാൻ കരുതുന്നില്ല എന്നുള്ളതുകൊണ്ടും സ്വാഭാവികമായും ചെയർ ചെയറിന്റേതായിട്ടുള്ള നിലപാടായിരിക്കും സ്വീകരിക്കുക എന്നുള്ളതുകൊണ്ട് അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ബില്ലിന്റെ അവതരണാനുമതിയിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽ നിന്ന് പുറത്തുപോയി)

ശ്രീ. വി.ഡി. സതീശൻ: സർ, 2013-ലെ കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരള സംസ്ഥാന ജലവിഭവ റഗുലേറ്ററി അതോറിറ്റി ബിൽ ഇവിടെ പയലറ്റ് ചെയ്തിരിക്കുകയാണ്. നമ്മുടെ രാജ്യത്തും, നമ്മുടെ സംസ്ഥാനത്തും വളരെ സുപ്രധാനമായ നിയമനിർമ്മാണങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു കാലമാണ്. സ്വതന്ത്ര്യം ലഭിച്ച് 65 വർഷങ്ങൾക്കുശേഷം വിപ്ലവകരമായ നിയമനിർമ്മാണം നമ്മുടെ പാർലമെന്റിൽ നടക്കുകയാണ്- ഭക്ഷ്യ-സുരക്ഷാ ബിൽ. ഇന്ത്യയിലെ 82 കോടി ജനങ്ങൾക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണം പൂർത്തിയാക്കുകയാണ്. നമുക്കറിയാം വിശപ്പ് ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. 110 കോടി ജനങ്ങളുള്ള ഒരു രാജ്യത്തെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനുണ്ട്. വിശപ്പിന് പരിഹാരമുണ്ടാക്കുക എന്നത് പ്രഥമ പരിഗണന അർഹിക്കുന്ന കാര്യം തന്നെയാണ്. അതോടൊപ്പംതന്നെ ഇന്ന് ദാരിദ്ര്യം എന്നതുകൊണ്ട് കണക്കാക്കപ്പെടുന്നത് വിശപ്പ് മാത്രമല്ല. ഭക്ഷണം കൊടുത്താൽ മാത്രം തീരുന്നതല്ല ദാരിദ്ര്യം. ഒരാൾക്ക് കുടിക്കാനാവശ്യമായ വെള്ളം ലഭിക്കുന്നില്ല. സ്ത്രീകൾ മൈലുകളോളം യാത്ര ചെയ്ത് കുടിവെള്ളം ശേഖരിക്കേണ്ടിവരുന്നു. കുടിവെള്ളം കിട്ടാക്കനിയായി മാറുന്ന ഒരുപാട് ഗ്രാമങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. കൃത്യമായ ആരോഗ്യ സംവിധാനങ്ങളും വിദ്യാഭ്യാസ സൗകര്യങ്ങളും കൊടുക്കാൻ പറ്റാത്ത സ്ഥലങ്ങളുണ്ട്. കിടക്കാൻ പാർപ്പിടമില്ലാത്ത സ്ഥലങ്ങളുണ്ട്. ഇതെല്ലാം ദാരിദ്ര്യത്തിന്റെ അളവു

കോലാണ്. ഭക്ഷണം കഴിഞ്ഞാൽ ഏറ്റവും പ്രധാന പരിഗണന കൊടുക്കേണ്ട ഒരു വിഷയം കുടിവെള്ളത്തിന്റെ കാര്യം തന്നെയാണ്. ഇന്ന് കുടി വെള്ളത്തിന്റെ ആവശ്യകതയും ലഭ്യതയും തമ്മിൽ വലിയ വ്യത്യാസമുണ്ട് എന്ന് നമുക്കറിയാം. നമുക്കാവശ്യമുള്ളത്ര വെള്ളം ലഭ്യമാകുന്നില്ല. അതിന്റെ പരിണതഫലമായി നമ്മുടെ സമൂഹത്തിലെ വലിയൊരു വിഭാഗം പാർശ്വവത്ക്കരിക്കപ്പെട്ട് കുടിവെള്ളംപോലും കിട്ടാതെ ദാരിദ്ര്യത്തിന്റെ ഏറ്റവും അടിത്തട്ടിൽ കഴിയുന്ന ഒരു അവസ്ഥയുണ്ട്. നമ്മുടെ സംസ്ഥാന ത്തിലേയ്ക്ക് കടന്നുവരുമ്പോഴും ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളിൽനി ന്നെല്ലാം വ്യത്യസ്തമായി ജലസമൃദ്ധമായ സംസ്ഥാനം എന്നുള്ള തെറ്റായ പാഠഭാഗങ്ങൾ പഠിച്ചുവന്നവരാണ് നമ്മൾ. പക്ഷെ ഇന്ന് നമ്മുടെ സംസ്ഥാ നത്തും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നു. 3000 മി.മീ. മഴ ലഭി ക്കുന്ന ഒരു സംസ്ഥാനം മറ്റുപല സംസ്ഥാനങ്ങളേയും അപേക്ഷിച്ച് ലോക ത്തിന്റെ പല ഭാഗങ്ങളേയും അപേക്ഷിച്ച് ജലലഭ്യതയുള്ള പ്രദേശമായിട്ടാണ് കണക്കാക്കപ്പെടേണ്ടത്. എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ ഭൂമിശാസ്ത്ര പരമായ പ്രത്യേകതകൾകൊണ്ട് മഴയിലൂടെ ലഭ്യമാകുന്ന വെള്ളം ശേഖരിച്ചു വയ്ക്കാനോ ഭൂഗർഭ ജലലഭ്യത വർദ്ധിപ്പിക്കാനോ നമുക്ക് കഴിയുന്നില്ല. പാര മ്പര്യമായ സങ്കേതങ്ങൾ ധാരാളമായി ഉണ്ടായിരുന്നു. നമ്മുടെ കുന്നുകളും ജലാശയങ്ങളും നീർത്തടങ്ങളും അതുപോലെ പരമ്പരാഗതമായ കൃഷിരീതി കളുമെല്ലാം ലഭ്യമാകുന്ന മഴയെ ജലാശയങ്ങളിലെ ജലസ്രോതസ്സുകളിൽ സൂക്ഷിച്ചുവയ്ക്കാനും നമ്മുടെ കിണറുകളെ സമ്പന്നമാക്കാനും ഭൂഗർഭ ജല സമൃദ്ധിയെ വർദ്ധിപ്പിക്കാനും സഹായകരമായിരുന്നു. ധാരാളം തെ ങ്ങുകൃഷി ഉണ്ടായിരുന്ന സംസ്ഥാനത്ത് തെങ്ങിന്റെ തടംകൂട്ടുന്നതുതന്നെ ലഭ

്യമാകുന്ന മഴ ഭൂഗർഭജലമായി മാറുന്നതിനുവേണ്ടിയിട്ടുള്ള സൗകര്യം കൊടുത്തിരുന്ന സ്ഥലമായിരുന്നു കേരളം. എന്നാൽ ഇന്ന് പാരമ്പര്യ കൃഷിരീതികളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റവും വെള്ളം ശേഖരിച്ചുവയ്ക്കാനുള്ള നീർത്തടങ്ങളുടെയും ജലാശയങ്ങളുടെയും അനിയന്ത്രിതമായ നികത്തൽ കാരണം വെള്ളത്തിന്റെ ലഭ്യത വല്ലാതെ കുറഞ്ഞുവരികയാണ്. നേരത്തെ പലരും സൂചിപ്പിച്ചതുപോലെ, വിരലൊന്നമർത്തിയാൽ വെള്ളം ലഭ്യമാകുന്ന ഭൂഗർഭജല സമൃദ്ധി ഉണ്ടായിരുന്ന ഒരു സംസ്ഥാനത്ത് ഇന്ന് 4 ഉം 5 ഉം മീറ്റർ വരെ ഭൂഗർഭജലം താഴേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. കിണറുകൾ കുഴിക്കുമ്പോൾ വെള്ളം ലഭ്യമാകുന്നില്ല. വീണ്ടും ആഴത്തിൽ റിംഗുകൾ താഴ്ത്തേണ്ട സ്ഥിതി ഉണ്ടായിരിക്കുന്നു. പല സ്ഥലങ്ങളിലും ഭൂഗർഭജലം തന്നെ ഇല്ലാതായിരിക്കുന്നു. ഇന്നും നമ്മുടെ സംസ്ഥാനത്ത് 70 ശതമാനത്തോളം ആളുകൾ ഉപയോഗിക്കുന്നത് കിണറുകളിലെയും ജലാശയങ്ങളിലെയും വെള്ളമാണ്. പൈപ്പിൽനിന്നും ലഭിക്കുന്ന വെള്ളം ഉപയോഗിക്കുന്നത് വളരെ മൈനോറിറ്റി വിഭാഗം മാത്രമാണ്. പക്ഷെ നമ്മുടെ പരിഷ്കൃത സമൂഹത്തിൽ പൈപ്പുവെള്ളത്തിന്റെ ആവശ്യം വർദ്ധിച്ചുവരികയാണ്. ഇവിടെ, ഈ ഗവൺമെന്റ് പൊതുടാപ്പുകളെല്ലാം നിർത്തലാക്കാൻ പോകുകയാണെന്ന് പറഞ്ഞു. പൊതുടാപ്പുകൾ മുഴുവൻ നിർത്തലാക്കണമെന്ന ആവശ്യം ആദ്യം വന്നത് തദ്ദേശ ഭരണസ്ഥാപനങ്ങളിൽ നിന്നാണ്. പൊതുടാപ്പുകൾ വഴി ധാരാളം വെള്ളം നമുക്ക് നഷ്ടപ്പെടുന്നുണ്ട്. മാത്രമല്ല എല്ലാക്കാലത്തും നമ്മുടെ അമ്മമാരും സഹോദരിമാരും പൈപ്പിന്റെ ചുവട്ടിൽ കുടവുമായി പോയിനിന്ന് വെള്ളം ശേഖരിക്കണം എന്നുവരുന്നത് ശരിയല്ല. പഞ്ചായത്തുകളിൽ പദ്ധതികൾ കൊണ്ടുവന്ന് എല്ലാ സ്ഥലങ്ങളിലേയ്ക്കും

പൈപ്പ്ലൈനുകളിട്ടുകൊടുത്ത് വീടുകളിലേയ്ക്ക് പൈപ്പ്ലൈനുകളിൽനിന്ന് കണക്ഷൻ എടുക്കാൻ കഴിയുന്ന സൗകര്യം ചെയ്തുകൊടുക്കുന്നതാണ് ഒരു പരിഷ്കൃത സമൂഹത്തിൽ ഏറ്റവും പ്രധാനപ്പെട്ടത്. അതിന്റെ അർത്ഥം പൊതുടാപ്പുകൾ ഇല്ലാതാകുന്നു എന്നുള്ളതാണ്. പൊതുടാപ്പുകൾ ഇല്ലാതായാൽ പഞ്ചായത്തുകളുടെ വരുമാന നഷ്ടം കുറയും. പൊതുടാപ്പുകൾ പൂർണ്ണമായും ഇല്ലാതാക്കണമെന്നുള്ളതല്ല. പൊതുടാപ്പുകൾ കുറച്ചുകൊണ്ടുവരികയും വീടുകളിൽ വെള്ളം കിട്ടാനുള്ള സൗകര്യം ചെയ്യുകയും വേണം. ഇപ്പോൾ മൺസൂണും തുലാവർഷവും ലഭിക്കാതെപോയതോടുകൂടി രൂക്ഷമായ കുടിവെള്ളക്ഷാമത്തിലേയ്ക്കും ഭയങ്കരമായ ചൂടിലേയ്ക്കും നമ്മുടെ സംസ്ഥാനം പോകുകയാണ്. കേരളം മുഴുവൻ നിന്നുകത്തുന്ന അവസ്ഥയാണ്. കുടിവെള്ളക്ഷാമം വ്യാപകമായി മാറിയിരിക്കുന്നു. നമ്മുടെ വാട്ടർ അതോറിറ്റിയുടെ സംവിധാനംകൊണ്ട് വെള്ളം കൊടുക്കാൻ കഴിയുന്നില്ല. മാത്രമല്ല കൂനിന്മേൽ കുരു എന്നതുപോലെ കൃത്യമായ ജലവിതരണത്തിന് പവർകട്ട് വലിയ തടസ്സമുണ്ടാക്കുന്നു. അത് വാട്ടർ അതോറിറ്റിയുടെ പ്ലാന്റുകളിലും അതുപോലെതന്നെ പമ്പുകളിലും വ്യത്യസ്ത സമയങ്ങളിലാണ് പവർകട്ട് ഉണ്ടാകുന്നത് എന്നുള്ളതുകൊണ്ട് ഇപ്പോഴുണ്ടാകുന്ന പവർകട്ടിന്റെ ഇരട്ടിസമയം വെള്ളം പമ്പ് ചെയ്യാൻ കഴിയാത്ത അവസ്ഥയിലേയ്ക്ക് പോകുന്നു. വെള്ളംതന്നെ കുറവാണ്. അത് കൃത്യമായി വിതരണം നടത്താൻപോലും കഴിയാത്ത അവസ്ഥയിലേയ്ക്ക് പോകുകയാണ്. കേരളത്തിൽ വരൾച്ച വടക്കെ ഇന്ത്യയിലേതിനു സമാനമായ അവസ്ഥയിലേയ്ക്ക് പോകുന്നു. പ്രമുഖ പത്രപ്രവർത്തകനായിരുന്ന ശ്രീ. പി.ഇ. സായിനാഥിന്റെ മനോഹരമായ ഒരു പുസ്തകമുണ്ട്. 'Everyboy loves Good Drought.'-

വരൾച്ചയെ ഇഷ്ടപ്പെടുന്ന ധാരാളം ആളുകളുണ്ട്. വരൾച്ച നേരിടുന്നതിനു വേണ്ടി അനുവദിക്കുന്ന പണം എങ്ങനെയാണ് പ്രയോജനപ്പെടുത്തുന്നതെന്ന് നമുക്കറിയാം. ഇന്ന് വരൾച്ചയിൽ സന്തോഷിക്കുന്ന വലിയൊരു വിഭാഗമുണ്ട്. ടാങ്കർ ലോറികളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതു തന്നെ വലിയ മാഫിയയായി മാറിയിരിക്കുകയാണ്. കോടിക്കണക്കിന് രൂപയാണ് ടാങ്കർ ലോറികളിലെ കുടിവെള്ള വിതരണത്തിനുവേണ്ടി ചെലവഴിക്കുന്നത്. കള്ളക്കണക്കുകളുണ്ടാക്കി, നല്ല വെള്ളം കൊടുക്കാതെ പലസ്ഥലങ്ങളിൽനിന്നും വെള്ളം കളക്ട് ചെയ്ത് ആളുകളെ കബളിപ്പിക്കുകയും ജനങ്ങളെ ചൂഷണം ചെയ്യുകയും ചെയ്യുന്ന കുടിവെള്ള മാഫിയകൾ നിലവിൽ വരുന്നു. നല്ല വരൾച്ചയെ ശ്രീ. പി.ഇ സായിനാഥ് പറയുന്നതുപോലെ ഇഷ്ടപ്പെടുന്ന ആളുകളുടെ എണ്ണം കൂടി വരികയാണ്. കാരണം ഇതെല്ലാം പലർക്കും അവസരങ്ങളാണ് ആ അവസരങ്ങളെ നമുക്ക് തീർച്ചയായും അതിൽനിന്നും മാറ്റി കൊണ്ടുവരണം. ഇവിടെ ഈ ബില്ലിൽ എന്തെല്ലാം കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്? ഇവിടെ 13-ാം ധനകാര്യ കമ്മീഷന്റെ കർശനമായ നിർദ്ദേശപ്രകാരം ബില്ലിൽ അങ്ങനെ പറഞ്ഞിട്ടില്ലെങ്കിലും, കർശനമായ നിർദ്ദേശപ്രകാരം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കണം എന്ന് അവർ ആവശ്യപ്പെട്ടിരിക്കുകയാണ്. ആ റെഗുലേറ്ററി അതോറിറ്റി ആവശ്യപ്പെട്ടില്ലെങ്കിൽ ഫിനാൻസ് കമ്മീഷന്റെ നിർദ്ദേശപ്രകാരമാണ് ബഡ്ജറ്റ് മാനേജുമെന്റ് ലെജിസ്ലേഷനുകൾ നമ്മുടെ സംസ്ഥാനത്തുണ്ടായത്. റവന്യൂകമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ടുവരാൻ ഫിനാൻസ് കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ചാണ് എഫ്.ആർ.ഡി.എം ആക്ട് നമ്മളുണ്ടാക്കിയത്. അതേ ധനകാര്യ കമ്മീഷൻ തന്നെ നമ്മുടെ സംസ്ഥാനത്തെ ജലവിനിയോഗവുമായി ബന്ധപ്പെട്ട ജലവിഭവങ്ങൾക്ക് റെഗുലേറ്ററി അതോറിറ്റി ഉണ്ടാക്കണമെന്ന് ആവശ്യ

പ്പെട്ടിരിക്കുകയാണ്. ആ റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ച്, അധികാരങ്ങളെക്കുറിച്ച് 13 കാര്യങ്ങൾ പറയുന്നുണ്ട്. സിയാൽ മോഡൽ കമ്പനി രൂപീകരിക്കാനുള്ള ഗവൺമെന്റിന്റെ ഉത്തരവും ഇന്നത്തെ ഈ ബില്ലും തമ്മിൽ എല്ലാവരും കൂട്ടിവായിക്കുകയായിരുന്നു. യഥാർത്ഥത്തിൽ ബില്ലിൽ ഇല്ലാത്ത പല കാര്യങ്ങളുമാണ് ഇന്നിവിടെ ചർച്ച ചെയ്തത്. ഇതെല്ലാം സ്വകാര്യമേഖലയ്ക്ക് വില്ക്കാൻ പോകുന്നു എന്നുപറഞ്ഞു. ഞാൻ വളരെ വിനയപൂർവ്വം ചോദിക്കുകയാണ്– ഈ ബില്ലിൽ എവിടെയാണ് കുടിവെള്ളം സ്വകാര്യമേഖലയ്ക്ക് വില്ക്കണമെന്ന് എഴുതിവച്ചിരിക്കുന്നത്? ബില്ലിൽ ചില അപാകതകളുണ്ടാകും. ആ അപാകതകൾ ബില്ലിന്റെ ചർച്ചാവേളയിൽ സംസാരിക്കണം. ഭരണകക്ഷിയിലെ ഏതെങ്കിലും ഒരംഗം ബില്ലിലെ ഒരു പ്രൊവിഷന് വിരുദ്ധമായി സംസാരിക്കുകയോ വിയോജിപ്പ് പ്രകടിപ്പിക്കുകയോ ചെയ്യുന്നത് വലിയ വാർത്തയല്ല. ഈ സംസ്ഥാനത്തിന്റെ, നിയമസഭയുടെ ചരിത്രത്തിൽ ഇവിടെ നിയമനിർമ്മാണസഭയിൽ നിയമനിർമ്മാണങ്ങളുണ്ടായ കാലത്ത്, ബില്ല് പയലറ്റ് ചെയ്ത മന്ത്രിമാരുടെ അതേകക്ഷിയിൽപ്പെട്ട അംഗങ്ങൾ അല്ലെങ്കിൽ അതേ മുന്നണിയിൽപ്പെട്ട ഭരണകക്ഷിയിലെ അംഗങ്ങൾ ബില്ലിലെ വ്യത്യസ്തമായ പ്രൊവിഷനുകളെക്കുറിച്ച് അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്.

ഇവിടെ ചർച്ച നടക്കുമ്പോൾ നല്ല ഭംഗിയായ നിയമം ഉണ്ടാക്കുന്നതിനുവേണ്ടി പല നിർദ്ദേശങ്ങളും വരും. അതിൽ ഭരണപ്രതിപക്ഷഭേദമന്യേ അംഗങ്ങൾ ഭേദഗതികൾ നിർദ്ദേശിക്കാറുണ്ട്. ഞങ്ങളെല്ലാവരും ഓരോ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് നൂറുകണക്കിന് ഭേദഗതികൾ കൊടുക്കാറുണ്ട്. അതിന് അർത്ഥം ഗവൺമെന്റിന് എതിരാണെന്നാണോ? അല്ലെങ്കിൽ ആ

ബിൽ പൈലറ്റ് ചെയ്ത ആ നിയമത്തിനെതിരാണെന്ന് ആണോ? ബില്ലിനെ കുറ്റമറ്റതാക്കാൻ വേണ്ടി നടത്തുന്ന ശ്രമം, തെറ്റായി ചില കാര്യങ്ങൾ കഴിഞ്ഞ ദിവസം സഹകരണ നിയമവുമായി ബന്ധപ്പെട്ട ചർച്ചയിൽ വന്നു. ഞങ്ങളെല്ലാവരും കൊടുത്ത എത്രയോ അമെന്റ്മെന്റുകളാണ് ഇവിടെ പാസ്സാക്കിയത്? ആഭ്യന്തര വകുപ്പുമന്ത്രി ഒരു നിയമം കൊണ്ടുവന്നു. അതിനെക്കുറിച്ചുള്ള വ്യത്യസ്തമായ അഭിപ്രായങ്ങൾ ഇവിടെ വന്നു. ശ്രീ. റ്റി. എൻ. പ്രതാപൻ ഒരു വ്യത്യസ്തമായ അഭിപ്രായം പറഞ്ഞുവെന്നതിന്റെ പേരിൽ ഇത്രയും ബഹളമുണ്ടാക്കേണ്ട കാര്യമെന്താണ്? ഹരിത എം.എൽ.എ. മാരെക്കുറിച്ചുള്ള അഭിപ്രായം ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞു. ഞങ്ങളാരും ഹരിത എം.എൽ.എ. മാരാണെന്ന് അഭിനയിച്ച് നടക്കുന്ന ആളുകളൊന്നുമല്ല. ചില കാര്യങ്ങളിൽ അഭിപ്രായം പറയാറുണ്ട്. ഗവൺമെന്റിനെതിരായ അഭിപ്രായമാണെന്നാണോ അതിനർത്ഥം? ഇടതുപക്ഷ യുവജന സംഘടനകളിലെ പ്രത്യേകിച്ച് ശ്രീ. വി. എസ്. സുനിൽ കുമാറിനെ പോലുള്ള ആളുകൾക്ക് വലിയ അസ്വസ്ഥതയാണ്. കാരണം അവർ പറയേണ്ട കാര്യങ്ങളാണ് ഞങ്ങൾ പറയുന്നത്. അവരുടെ പിൻതലമുറക്കാർ പലരും പറഞ്ഞ എല്ലാ കാര്യങ്ങളുമായി ഇപ്പോൾ അവർ കോംപ്രമൈസ് ചെയ്യുകയാണ്. ഞങ്ങൾ കോംപ്രമൈസ് ചെയ്യാതെ വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നു. യു.ഡി.എഫ്-ലെ അഞ്ചോ ആറോ എം.എ.ൽ.എ.മാർ ഒരുമിച്ച് ചേർന്ന് ഒരു പ്രഷർ ഗ്രൂപ്പായി പ്രവർത്തിച്ചിട്ടുണ്ട്. ഞങ്ങൾ അത് സമ്മതിക്കുന്നു. ഞങ്ങളാരും ഹരിത എം.എൽ.എ.മാരല്ല. ആ പേര് മാധ്യമങ്ങളാണ് ഇട്ടത്. ഞങ്ങളുടെ പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഞങ്ങൾ എല്ലാവരും ചേർന്ന് ഉന്നയിച്ച എല്ലാകാര്യങ്ങളേയും പൂർണ്ണമായി അംഗീകരിച്ചിട്ടുണ്ടെന്ന് ഞാൻ അഭിമാനത്തോടെ പറയുന്നു. ഞങ്ങൾ പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണെന്ന്

അദ്ദേഹം ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. അദ്ദേഹം നിയമസഭയ്ക്ക് അകത്തും പുറത്തും പറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്–ൽ ആണെങ്കിലും കോൺഗ്രസ്സിലാണെങ്കിലും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ നയപരമായ രൂപീകരണം നടത്തുമ്പോൾ ഞങ്ങളിലെ അഞ്ചോ ആറോ ആളുകൾ മാത്രമല്ല, ധാരാളം ആളുകളാണ് അതിനെക്കുറിച്ച് അഭിപ്രായങ്ങൾ പറയുന്നത്. ഞങ്ങൾ ആറുപേരുടെ കൂട്ടത്തിൽ ശ്രീ. സി. പി. മുഹമ്മദിനെ ആരും കൂട്ടിയില്ലല്ലോ? ശ്രീ. സി. പി. മുഹമ്മദ് ഞങ്ങളെക്കാൾ വാശിയോടുകൂടി പരിസ്ഥിതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയുന്ന ആളാണ്. അങ്ങനെ പരിസ്ഥിതി വാദികളായ കുറച്ച് ആളുകൾ, പരിസ്ഥിതി വാദിയല്ലാത്ത കുറച്ച് ആളുകൾ എന്നുള്ള വ്യത്യാസമില്ലാതെ എത്രയോ അംഗങ്ങൾ ഇതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പറയാറുണ്ട്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് സംസാരിച്ചപ്പോൾ സി.പി.ഐ.(എം.)–ലെ കക്ഷി നേതാവായ ശ്രീ. സി. ദിവാകരൻ എന്ത് ബഹളമാണ് ഇന്ന് സഭയിലുണ്ടാക്കിയത്? ശ്രീ. ബെന്നി ബെഹനാനും ശ്രീ. റ്റി.എൻ. പ്രതാപനും വ്യത്യസ്ത അഭിപ്രായം പറഞ്ഞതുകൊണ്ട് സഭയെ മോക്ക് അസംബ്ലിയാക്കിയെന്നാണ് പറഞ്ഞത്. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്തപ്പോൾ സി.പി.ഐ. യുടെ അംഗവും മുൻ മന്ത്രിയുമായ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞ അഭിപ്രായമല്ലല്ലോ ശ്രീ. സി. ദിവാകരൻ പറഞ്ഞത്? ശ്രീ. സി. ദിവാകരന്റേതും ശ്രീ. മുല്ലക്കര രത്നാകരന്റേതും വ്യത്യസ്തമായ അഭിപ്രായങ്ങളായിരുന്നു. സി.പി.ഐ.(എം)–ൽ തന്നെ വ്യത്യസ്തമായ അഭിപ്രായമുണ്ടായിരുന്നു. ലോകത്തിലെല്ലായിടത്തും പരിസ്ഥിതിയുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകും.

<u>ശ്രീ. സി. പി. മുഹമ്മദ്</u>: അഞ്ച് ഹരിത എം.എൽ.എ.മാരുടെ പ്രതിനിധി യായി ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞ കാര്യങ്ങളിലെ അഞ്ച് പേരും ശ്രീ. എം.പി. വീരേന്ദ്രകുമാർ പറഞ്ഞ രണ്ടുപേരും ചേർത്ത് ഏഴുപേരുടെ പിന്തുണ നഷ്ടപ്പെട്ടുവെന്ന് പറഞ്ഞാണ് ശ്രീ. വി. എസ്. അച്ചു താനന്ദൻ വാക്കൗട്ട് പ്രഖ്യാപിച്ചത്. പാർട്ടിയിലെ എം.എൽ.എ. മാരിൽ എത്രയാളുകളുടെ പിന്തുണ അദ്ദേഹത്തിനുണ്ടായിരുന്നു? അദ്ദേഹത്തിന്റെ വാക്കൗട്ടിന് എന്താണ് വില?

<u>ശ്രീ. വി. ഡി. സതീശൻ</u>: ശ്രീ. സി. പി. മുഹമ്മദ്, ഞാൻ തീർച്ചയായും ആ കാര്യങ്ങളിലേയ്ക്കാണ് സംസാരിച്ച് വരുന്നത്. ഒരു അനാവശ്യ വാക്കൗട്ട് ആണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് വ്യത്യസ്തമായൊരു അഭിപ്രായം ശ്രീ. റ്റി. എൻ. പ്രതാപൻ പറഞ്ഞു എന്നതിന്റെ അർത്ഥം ഞങ്ങൾ ഈ ബില്ലിന് എതിരാണെന്നാണോ? ആ ബില്ലിനെ കുറ്റമറ്റതാക്കണമെന്ന നിർദ്ദേശം വച്ചു വെന്ന് കണക്കാക്കിയാൽ മതി. അങ്ങനെ ഒരാളും മനപ്പായസം ഉണ്ണണ്ട. പരി സ്ഥിതിയെക്കുറിച്ച് സംസാരിച്ചാൽ അത് യു.ഡി.എഫ്-ലെ കൊട്ടാര വിപ്ലവമാ ണെന്നോ, കോൺഗ്രസ്സിലെ കലാപമാണെന്നോ തെറ്റിദ്ധരിച്ച് ആരും മനപ്പായസം ഉണ്ണണ്ട. കഴിഞ്ഞ കുറേദിവസമായി പ്രതിപക്ഷത്തെ പല ആളുകളും കുറുക്കന്റെ കണ്ണ് കോഴിക്കൂട്ടിലാണെന്ന് പറഞ്ഞതുപോലെ ആരെങ്കിലും എന്തെങ്കിലും പറയുന്നുണ്ടോയെന്ന് നോക്കിയിരിക്കുകയാണ്; കാരണം കുറേപേർ മന്ത്രിമാർ അല്ലാതിരുന്നിട്ട് രണ്ടുവർഷമായി. അതു കൊണ്ട് സഹിക്കാൻ പറ്റുന്നില്ല. എങ്ങനെയെങ്കിലും അധികാരത്തിൽ വന്നിരു ന്നാൽ മതി. കഴിഞ്ഞ കുറേദിവസമായി കുറേയാളുകൾ ട്രഷറി ബഞ്ചിലിരി ക്കുന്ന മന്ത്രിമാരെ നോക്കി കൊതിയൂറുകയാണ്. കോൺഗ്രസ്സിലും യു.ഡി.എഫ്-ലുമൊക്കെ വ്യത്യസ്തമായ അഭിപ്രായങ്ങൾ പറയും.

അതൊക്കെ പുറത്തും പറയും. ഇപ്പോൾ സി.പി.എം. ഏരിയകമ്മിറ്റിയിൽ നടക്കുന്നതുപോലെയുള്ള അടിയൊന്നും ഇവിടെ നടന്നില്ലല്ലോ? അഭിപ്രായങ്ങൾ പറയും. ആ അഭിപ്രായങ്ങൾ തീർച്ചയായും പാർട്ടിയുടെ നയരൂപീകരണത്തിൽ തീരുമാനമെടുക്കാൻ സഹായകരമായ നിലപാടുകൾ പറയും. ശ്രീ. പി. ജെ. ജോസഫ് യു.ഡി.എഫ്. മന്ത്രിസഭയിലെ ജലവിഭവ വകുപ്പുമന്ത്രിയാണ്. അദ്ദേഹം പൈലറ്റ് ചെയ്ത ബില്ലിനെതിരായല്ല ഇവിടെ ഒരാളും സംസാരിക്കുന്നത്. ഈ ബില്ലിന് അനുകൂലമായി തന്നെയാണ് ഞങ്ങൾ വോട്ട് ചെയ്യാൻ പോകുന്നത്. അതിൽ ഒരു സംശയവും ഒരാൾക്കും വേണ്ട. ആ ബില്ലിനെ കുറ്റമറ്റതാക്കാൻ വേണ്ടി, അതിൽ കൂടുതൽ നല്ല നിർദ്ദേശങ്ങൾ വരും. അതെല്ലാക്കാലത്തും ഇവിടെ ഉണ്ടായിട്ടുണ്ട്. അതാണ് ഒരു കാര്യം. ജലസ്രോതസ്സുകളെ നിലനിറുത്താൻ, സംരക്ഷിക്കാൻ വേണ്ടിയുള്ള ഫലപ്രദമായ ശ്രമം നമുക്കുണ്ടാകണം. ഇന്ന് ബില്ലിനെ സംബന്ധിച്ച് പറഞ്ഞല്ലോ? ബില്ലിലെ ചാപ്ടർ മൂന്നിൽ (i) To determine the water requirement for various categories of users on a yearly or seasonal basis; എന്നാണ് പറയുന്നത്. നമ്മുടെ സംസ്ഥാനത്ത് ജലം ഉപയോഗിക്കുന്ന കാറ്റഗറിയിൽ കൃഷിക്കാരുണ്ട്, കുടിവെള്ളത്തിനുവേണ്ടി ഉപയോഗിക്കുന്നവരുണ്ട്, പവർ ജനറേറ്റ് ചെയ്യാൻ വേണ്ടി ഉപയോഗിക്കുന്നുണ്ട് ആ കാറ്റഗറിയെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. അങ്ങനെ വ്യത്യസ്ത കാറ്റഗറിയിൽപ്പെട്ട ആളുകൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ്...... ഒരു വാട്ടർ മാനേജ്മെന്റ് പ്ലാൻ ഉണ്ടാക്കണമെങ്കിൽ ഡിമാന്റ് എന്താണെന്ന് അറിയണ്ടേ? സംസ്ഥാനത്തിന് ഒരു വാട്ടർ മാനേജ്മെന്റ് പ്ലാൻ വേണ്ടേ? അതിന്റെ ഡിമാന്റ് എന്താണ്; റിക്വയർമെന്റ് എന്താണ്; അറിയണ്ടേ? അതാണ് ചാപ്ടർ മൂന്നിൽ (ii) To determine the

requirement of irrigation water for the various levels of Farmers Organizations namely, Project Committee, Distributor Committee and Water Users' Association; ജലസേചനത്തിനും കുടിവെള്ളത്തിനും മറ്റ് ആവശ്യങ്ങൾക്കും വേണ്ടിയിട്ടുള്ള കുടിവെള്ളത്തിന്റെ റിക്വയർമെന്റ്, അതിന് എന്തൊക്കെയാണ് പറഞ്ഞത്? എന്റെ വീട്ടിലെ പോത്തിന് വെള്ളം കൊടുക്കണോ വേണ്ടയോയെന്ന് തീരുമാനിക്കുന്നത് ഞാനാണോ അതോ സർക്കാരാണോ എന്നാണ് ചോദിക്കുന്നത്? സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ആവശ്യം അല്ലെങ്കിൽ ജലസേചനത്തിനുവേണ്ടിയുള്ള വെള്ളത്തിന്റെ ആവശ്യം എത്രയുണ്ട്? സംസ്ഥാനത്ത് ജലലഭ്യത എത്രയുണ്ട്? കുടിവെള്ളപ്രശ്നം പരിഹരിക്കാൻ എത്ര എം.എൽ.ഡി. വെള്ളം വേണം? ഈ റിക്വയർമെന്റും ആ സപ്ലൈ ഡിമാന്റും തമ്മിലുള്ള മിസ്മാച്ച് അറിയാതെ എങ്ങനെ സംസ്ഥാനത്തിന്റെ വാട്ടർമാനേജ്മെന്റ് പ്ലാനുണ്ടാക്കും? ചാപ്ടർ മൂന്നിൽ (iii) To establish a water tariff system and to fix the criterion for water charges for different users such as domestic, irrigation and industrial at different levels after ascertaining the views of the beneficiary public based on cost of project management, administration, operation and maintenance of such Water Resources Project; അതായത് റെഗുലേറ്ററി അതോറിറ്റിക്ക് പ്രൈസ് ഫിക്സ് ചെയ്യാൻ വേണ്ടിയുള്ള അധികാരം കൊടുക്കുന്നു. എന്തിനെ ബേസ് ചെയ്താണ് അധികാരം കൊടുക്കുന്നത്? On the basis of project management, administration, operation and maintenance of such

Water Resources Project; നമ്മുടെ സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയാണെങ്കിലും ഇറിഗേഷൻ പ്രോജക്ടിന്റെ ജലസേചന പദ്ധതിയാണെങ്കിലും അതിന്റെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ അനുസരിച്ചാണ് വില നിശ്ചയിക്കാൻ പോകുന്നതെങ്കിൽ ഈ താരിഫ് ഇവിടെയൊന്നും നിൽക്കില്ല. ഇവിടെ നടക്കുന്ന കുടിവെള്ള പദ്ധതി എങ്ങനെയാണ്? 50 കോടി രൂപയ്ക്ക് തുടങ്ങിയ കല്ലട ഇറിഗേഷൻ പ്രോജക്ട് 500-ഉം 600-ഉം കോടിരൂപ കഴിഞ്ഞു. അത് നമ്മുടെ മിസ്മാനേജ്മെന്റാണ്. നമ്മുടെ പ്രൊഫ ഷണലിസം ഇല്ലായ്മ മൂലമാണ്. അതിന്റെ പുറകിൽ നടക്കുന്നത് അഴിമതി യാണ്. മാറിമാറി വന്ന ഗവൺമെന്റുകളുടെ കാലത്തെ ഉദ്യോഗസ്ഥന്മാരും കോൺട്രാക്ടർമാരും അതിന് കൂട്ടുനിന്ന ആളുകളും എല്ലാവരും ചേർന്ന് നടത്തിയ അഴിമതിയുടെ ഭാഗമായാണ് 50 കോടിരൂപയുടെ പദ്ധതി ഇതുവരെ തീർക്കാതെ 600 കോടി രൂപയായി സ്റ്റേറ്റ് എക്സ്ചെക്കറിനെ കൊള്ളയടിച്ചു കൊണ്ടിരിക്കുന്നത്, ഖജനാവിനെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്നത്. അങ്ങനെ അഴിമതികൊണ്ടും പ്രവർത്തനരാഹിത്യംകൊണ്ടും ഉത്തരവാദിത്വ മില്ലായ്മ കൊണ്ടും സംസ്ഥാനത്തെ കുടിവെള്ള പദ്ധതികളിലും ജലസേചന പദ്ധതികളിലുമുണ്ടാകുന്ന കോസ്റ്റ് സാധാരണക്കാരന്റെ തലയിൽ താരിഫ് ആയി കെട്ടിവയ്ക്കാൻ കഴിയുമോ? ഇത് ഗൗരവമായി പരിഗണിക്കേണ്ട വിഷ യമാണ്. എത്രയോ വർഷക്കാലമായി ഇത്രയും പ്രൊഫഷണലിസമില്ലാത്ത വാട്ടർ അതോറിറ്റിപോലെ വേറെയൊരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ? ഒരു ടെണ്ടർ വച്ചുകഴിഞ്ഞാൽ, ഒരു പദ്ധതി തീരുമാനമെടുത്തുകഴിഞ്ഞാൽ എത്ര വർഷം കഴിഞ്ഞാണ് ടെണ്ടർ ചെയ്യുന്നത്? ആ പ്രോജക്ട് പ്ലാൻ

ചെയ്തുകഴിഞ്ഞാൽ അതിന്റെ എ.എസും ടി.എസും കിട്ടണം. അതിന് എസ്റ്റി മേറ്റ് കിട്ടണം. അതിന്റെ ഡിസൈൻ തയ്യാറാക്കണം. എത്ര വർഷമാണ് എടു ക്കുന്നത്? ഓരോ ഓഫീസിലും ഓരോ എഞ്ചിനീയർമാരുടെ ടേബിളിന്റെ പുറത്ത് വിശ്രമിക്കുകയാണ്. ഒന്നര-രണ്ടുവർഷം വരെയായിരുന്നു, ഇപ്പോൾ അതിന് മാറ്റമുണ്ടായിട്ടുണ്ട്. ഇല്ലായെന്ന് പറയുന്നില്ല. സമീപകാലം വരെ കുടി വെള്ള വിതരണ പദ്ധതികൾ വൈകും. അത് വൈകി ടെണ്ടർ ചെയ്താൽ കൃത്യമായി എസ്റ്റിമേറ്റ് ചെയ്യാത്തതിന്റെ പേരിൽ ടെണ്ടർ എക്സസ്സ് വരും. അത് വീണ്ടും മൂന്നും നാലും വർഷം നീണ്ടുപോകും. കൊച്ചി നഗരത്തിലെ ഹഡ്കോ കുടിവെള്ള പദ്ധതി 36 കോടി രൂപയ്ക്ക് 1995 -ൽ തുടക്കമിട്ട താണ്. അതിന്റെ പണി 1998-ൽ തീർക്കേണ്ടതായിരുന്നു. 36 കോടി രൂപ കൊണ്ട് 1995-ൽ തുടങ്ങി 1998-ൽ തീരേണ്ട പദ്ധതി 13 കൊല്ലം കഴിഞ്ഞ് 172 കോടി രൂപയ്ക്കാണ് തീർന്നത്. ആരാണ് ഇതിന്റെ ഉത്തരവാദി? യാതൊ രുവിധ ആസൂത്രണവുമില്ലാതെ ഒരുതരത്തിലുമുള്ള ആലോചനകളുമില്ലാതെ ഒരു പ്രൊഫഷണലിസവുമില്ലാതെ ഈ പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമോ?

എന്റെ മണ്ഡലത്തിൽ ഒരു കുടിവെള്ള പദ്ധതിയുണ്ട്. തുടക്കം മുതൽ അവസാനം വരെ നമ്മൾ നോക്കി നിൽക്കുകയാണ്. ഈ ഏപ്രിൽ മാസം കുടിവെള്ളക്ഷാമം ഏറ്റവും രൂക്ഷമായ സമയത്ത് ഒരു പഞ്ചായത്തിൽ കുടി വെള്ളം കൊടുക്കാൻ പൈപ്പ് ലൈനെല്ലാം ഇട്ടുതീർത്തു. മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും അദ്ധ്യക്ഷതയിലുമെല്ലാം നിരന്തരം യോഗങ്ങൾ കൂടി. എല്ലാ സാങ്കേതിക തടസ്സങ്ങളും പരിഹരിച്ച് പൈപ്പെല്ലാം

ഇട്ടുതീർത്ത് പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കി വെള്ളം നൽകാൻ തുടങ്ങിയപ്പോൾ രണ്ട് ട്രാൻസ്ഫോർമർ വയ്ക്കണമെന്ന് പറയുന്നു. ആ രണ്ട് ട്രാൻസ്ഫോർമറിന് ഇനി ടെണ്ടർ വയ്ക്കണം. ഒരു മാസം കഴിഞ്ഞ് ആ ടെണ്ടർ കിട്ടുന്ന ആൾ ട്രാൻസ്ഫോർമർ ഉണ്ടാക്കിക്കൊടുക്കാൻ മൂന്ന് മാസം സമയമെടുക്കും. അങ്ങനെ മൊത്തത്തിൽ നാല് മാസം സമയമെടുക്കും. കുടിവെള്ളത്തിന്റെ പ്ലാന്റും പൈപ്പിംഗും പൂർത്തിയാക്കുമ്പോൾ ട്രാൻസ്ഫോർമർ വേണമെന്ന് എഞ്ചിനീയർമാർക്ക് അറിയാൻ പാടില്ലേ; പിന്നെന്തിനാണ് എഞ്ചിനീയർമാർ ഈ പണിയുമായി നടക്കുന്നത്? ഹൈവേ ക്രോസ് ചെയ്യണമെങ്കിൽ ഹൈവേയുടെ അനുവാദം വേണം. പൈപ്പെല്ലാം ഇട്ടുതീർത്ത് ഹൈവേയുടെ അടുത്ത് വരുമ്പോഴാണ് ഹൈവേയുടെ സാങ്ഷൻ വാങ്ങണമെന്ന കാര്യം ആലോചിക്കുന്നത്. റെയിൽവേ ലൈൻ ക്രോസ് ചെയ്യണമെങ്കിലും ആലോചിക്കുന്നത് അപ്പോഴാണ്. രണ്ട് വർഷത്തെ ഒരു പദ്ധതിയിൽ പൈപ്പിട്ട് വരുമ്പോൾ അടുത്ത വർഷം റെയിൽവേ ലൈനും നാഷണൽ ഹൈവേയും ക്രോസ്സും ചെയ്യണം. ഈ വർഷമേ അതിനുവേണ്ടി റിക്വസ്റ്റ് കൊടുത്ത് അതിന്റെ സാങ്ഷൻ വാങ്ങിവച്ചാൽ അടുത്തവർഷം ക്രോസ് ചെയ്യേണ്ട സമയമാകുമ്പോൾ ക്രോസ് ചെയ്യാം. അതിവർ ചെയ്യില്ല. അതുചെയ്യാതെ സമയമാകുമ്പോൾ അന്വേഷണത്തിന് പോകും. നാഷണൽ ഹൈവേയിൽ നിന്നും റെയിൽവേയിൽ നിന്നും സാങ്ഷൻ വാങ്ങാൻ 6 മാസവും 8 മാസവും സമയമെടുക്കും. ആരാണ് അതിന്റെ വിക്റ്റിം? എത്ര കോടി രൂപയാണ് വ്യത്യാസം വരുന്നത്. എന്താണ് അതിന്റെ പുറകിലുള്ള കള്ളത്തരം. കോൺട്രാക്ടർമാർക്ക് എസ്കലേഷൻ കൊടുക്കാം. ഇത്ര സമയത്തിനുള്ളിൽ പ്രോപ്പർട്ടി ട്രാൻസ്ഫർ ചെയ്യണമെന്നും ഞങ്ങളുടേതല്ലാത്ത കാരണത്താൽ

വൈകിയാൽ ഞങ്ങൾക്ക് കോമ്പൻസേഷൻ വേണമെന്നും അവരുമായി എഗ്രിമെന്റുണ്ട്. കേരളത്തിലെ ഇറിഗേഷൻ പ്രോജക്റ്റുകളും കേരള വാട്ടർ അതോറിറ്റി പ്രോജക്റ്റുകളും തീർത്തുകഴിഞ്ഞ് ആരുമറിയാതെ ആർബിട്രേഷന് പോയി കോടികൾ പങ്കുവച്ച് വാങ്ങിക്കുന്ന എത്രയോ അഴിമതിക്കഥകളാണ് കേരളത്തിലുള്ളത്. എത്ര കോടി രൂപയാണ് സംസ്ഥാന ഖജനാവിൽ നിന്ന് ഈ മിസ്മാനേജ്മെന്റ് കൊണ്ടും പ്രൊഫഷണലിസമില്ലായ്മ കൊണ്ടും പോകുന്നത്. പൈപ്പ് കമ്പനികൾ പലതും കുത്തകകമ്പനികളാണ്. കേരള വാട്ടർ അതോറിറ്റി 25 വർക്കുകൾക്ക് ടെക്നിക്കൽ സാങ്ഷൻ കൊടുത്താൽ പൈപ്പ് കമ്പനി 25 ശതമാനം വില കൂട്ടുകയാണ്. അങ്ങനെ വരുമ്പോൾ ഈ എസ്റ്റിമേറ്റിൽ ഇത് നടക്കാതെ പോകും. വീണ്ടും എസ്റ്റിമേറ്റ്, ടെണ്ടർ എക്സസസ്, വീണ്ടും തീരുമാനം, പദ്ധതികൾ അങ്ങനെ നീളുകയാണ്. അങ്ങനെ സാധാരണക്കാരന്റെ കുഴപ്പം കൊണ്ടല്ലാതെ, കേരളം എവിടേയ്ക്കാണ് പോകുന്നതെന്ന് മാറി മാറി വരുന്ന സർക്കാരുകൾ ഗൗരവമായി ചിന്തിക്കണം. മാറിവരുന്ന സർക്കാരുകൾ, ഉദ്യോഗസ്ഥന്മാർ, കോൺട്രാക്ടർമാർ, ഒരു പരിധിവരെ ആർബിട്രേറ്റർമാർ ഇവരെല്ലാം ഒത്തുകളിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ ഖജനാവിൽ വലിയ നഷ്ടം ഉണ്ടാക്കുന്നു. 10 കോടി രൂപയ്ക്ക് തീരേണ്ട പദ്ധതി 50 കോടി രൂപയ്ക്ക് തീർന്നാൽ, 50 കോടി രൂപയുടെ പദ്ധതി 600 കോടി രൂപയ്ക്ക് തീർന്നാൽ അതിന്റെ ചെലവ് മുഴുവൻ.....റെഗുലേറ്ററി അതോറിറ്റി ഉണ്ടാക്കി താരിഫ് ഇനത്തിൽ സാധാരണക്കാരുടെ തലയിൽ കെട്ടിവയ്ക്കാൻ പോയാൽ അതെവിടെ ചെന്ന് നിൽക്കും. വളരെ കുറച്ച് പൈസയ്ക്കാണ് വെള്ളം ലഭ്യമാകുന്നത്. ഇലക്ട്രിസിറ്റി ബോർഡിൽ റെഗുലേറ്ററി അതോറിറ്റിയുണ്ട്. വൈദ്യുതിയും വെള്ളവും തമ്മിൽ വ്യത്യാസമുണ്ട്.

വൈദ്യുതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഉപഭോക്താക്കൾ ഗാർഹിക ഉപഭോക്താക്കളല്ല. വലിയ കമ്പനികളൊക്കെയാണ് ഉപഭോക്താക്കൾ. അത് നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിലും സാമ്പത്തിക കാര്യത്തിലും പ്രധാനപ്പെട്ടത് തന്നെയാണ്. പക്ഷേ, ഇലക്ട്രിസിറ്റി ബോർഡാണ് താരിഫ് വർദ്ധിപ്പിക്കണമെന്ന് റഗുലേറ്ററി അതോറിറ്റിക്ക് റെക്കമെന്റ് ചെയ്യുന്നത്.

മി. ചെയർമാൻ: യെസ്........

ശ്രീ. വി. ഡി. സതീശൻ: ഞാൻ പറഞ്ഞ് തീരാതെ നിറുത്തില്ല.

മി. ചെയർമാൻ: പറഞ്ഞിട്ട് നിറുത്തിയാൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, അമന്റ്മെന്റ് മൂവ് ചെയ്യുകയാണ്. പുതിയ ബില്ലാണ്. ചെറിയ അമന്റ്മെന്റല്ല. ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിച്ചതിനുശേഷമേ നിറുത്തുകയുള്ളൂ. അത് ഒരു മെമ്പർ എന്നുള്ള നിലയിൽ എന്റെ അവകാശമാണ്. വേറെ എന്തെങ്കിലും കാര്യങ്ങൾ പറയുമ്പോൾ അങ്ങ് നിയന്ത്രിച്ചോളൂ. അപ്പോൾ ചെയർ പറഞ്ഞാൽ ഞാൻ നിറുത്താം. ബിൽ തുക കൂട്ടണമെന്ന് ഇലക്ട്രിസിറ്റി ബോർഡ് റഗുലേറ്ററി അതോറിറ്റിക്ക് റെക്കമെന്റ് ചെയ്യുകയാണ്. ഇതിൽ അങ്ങ് ഒരു പ്രൊവിഷൻ വയ്ക്കണം. ഏതുവരെ കൂട്ടാമെന്ന് വാട്ടർ അതോറിറ്റി റെക്കമെന്റ് ചെയ്യണം. കാരണം കുടിവെള്ളം സാധാരണക്കാർക്കാണ് കൊടുക്കുന്നത്. ഇലക്ട്രിസിറ്റി ചാർജ്ജ് കൂട്ടുന്ന ലാഘവത്തോടെ വെള്ളത്തിന്റെ ചാർജ്ജ് വർദ്ധിപ്പിക്കാൻ പാടില്ല. വെള്ളത്തിന്റെ ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെന്റാണ്, വാട്ടർ അതോറിറ്റിയാണ് തീരുമാനിക്കേണ്ടത്. ഗവൺമെന്റിന്റെ ഒരു say അതിനകത്ത് ഉണ്ടാകണം. ഗവൺമെന്റ് ശുപാർശ ചെയ്യുന്ന കാര്യങ്ങൾ മാത്രമേ റെഗുലേറ്ററി അതോറിറ്റിക്ക് നിശ്ചയിക്കാൻ പാടുള്ളുവെന്ന

നിബന്ധന നിർബന്ധമായും വേണം. വാട്ടർ മാനേജ്മെന്റിനെക്കുറിച്ചും മറ്റും ഒരുപാട് കാര്യങ്ങൾ ബില്ലിൽ പറയുന്നുണ്ട്. ടെക്നിക്കൽ സ്റ്റാൻഡേർഡ്സ്, ഓപ്പറേഷൻ, മെയിന്റനൻസ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് എതിർക്കേണ്ട കാര്യമില്ല. ബഡ്ജറ്ററി സപ്പോർട്ട് കൊടുക്കണമെന്ന് പറയുന്നുണ്ട്. കൂടാതെ 'to ensure the quality of the service delivery is not allowed to suffer for want of Systems Operation and Maintenance needs;' എന്നും പറയുന്നുണ്ട്. പക്ഷേ, ഈ കമ്മിറ്റിയിലുള്ളത് ആരാണ്; റിട്ടയർ ചെയ്ത ചീഫ് എഞ്ചിനീയർമാരും വാട്ടർ റിസോഴ്സസ് ഏരിയയിലുള്ള ഉദ്യോഗസ്ഥരും തന്നെയാണ് കമ്മിറ്റിയിലുള്ളത്. സർവ്വീസിൽ ഇരിക്കുമ്പോൾ ചെയ്യാൻ കഴിയാത്ത കാര്യങ്ങളാണ് റിട്ടയർ ചെയ്യുമ്പോൾ ചെയ്യുമെന്ന് പറയുന്നത്. സംസ്ഥാനത്ത് കുടിവെള്ളം മുഴുവൻ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്; മെയിന്റനൻസ് ചാർജ്ജ് കൃത്യമായി കൊടുക്കാത്തതുകൊണ്ടാണ്. എല്ലായിടത്തുമുള്ള പഞ്ചായത്ത് മെമ്പർമാരും സാധാരണക്കാരും എം.എൽ.എ. മാരും ഇതുസംബന്ധിച്ച് വിളിക്കും. വാട്ടർ അതോറിറ്റിയിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്തുചെയ്യും; കോൺട്രാക്ടർമാരോട് പറഞ്ഞാൽ ചെയ്യില്ല. കാരണം മുമ്പ് നടത്തിയ മെയിന്റനൻസ് ചാർജ്ജ് കൊടുത്തിട്ടില്ല. കേരളം മുഴുവൻ ഉണ്ടാകുന്ന കുടിവെള്ളത്തിന്റെ നഷ്ടമെത്രയാണ്; രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കാലത്തുപോലും പ്ലാന്റിലെയും ലൈനിലെയും മെയിന്റനൻസ് കൃത്യമായി നടക്കാത്തതുകൊണ്ട് കുടിവെള്ളം നഷ്ടപ്പെടുകയാണ്. അതു പരിഹരിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് അതോറിറ്റിയെയാണ്. അതോറിറ്റിയെന്നുപറയുന്നത് വേറെ രൂപമൊന്നുമല്ലല്ലോ. ഈ ഡിപ്പാർട്ടുമെന്റിലെ തന്നെ

ചീഫ് എഞ്ചിനീയർമാരായിരുന്ന ആളുകളും അംഗങ്ങളായിരുന്ന ആളുകളും കൂടി സർവ്വീസിലിരിക്കുമ്പോൾ ചെയ്യാൻ പറ്റാത്ത കാര്യം, അവർ റിട്ടയർ ചെയ്തതിനുശേഷം ചെയ്യാൻ പോവുകയാണെന്നുപറഞ്ഞാൽ അതിൽ പ്രായോഗികമായിട്ടുള്ള ഒരു കാര്യമുണ്ട്. അതുപോലെ നീർത്തട സംരക്ഷണം, ജലവിനിയോഗത്തിന്റെ മാനേജ്മെന്റ് പ്ലാൻ, ഗുണനിലവാരം സംരക്ഷിക്കുന്നതിനുള്ള പദ്ധതി, നദീതടങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ഇതിനെയെല്ലാം നമുക്ക് ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. ഇവിടെ നേരത്തേ ഒരു ചർച്ച വന്നത് ഗവൺമെന്റ് ഇറക്കിയ ഉത്തരവുമായി ബന്ധപ്പെട്ടാണ്. സർക്കാർ 31-12-12-ൽ ഇറക്കിയ ഉത്തരവും ഈ ബില്ലിലെ പ്രൊവിഷൻസും തമ്മിൽ കൂട്ടിവായിച്ചുകൊണ്ടാണ് പറഞ്ഞത്. ഈ ബില്ലിൽ കുടിവെള്ളം സ്വകാര്യ ആളുകൾക്ക് വിൽക്കാൻ വേണ്ടിയുള്ള ഒരു പ്രൊവിഷനുമില്ല. പക്ഷേ ആ ഓർഡറിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരണം നടത്തിയപ്പോൾ കുപ്പിവെള്ളം വിൽക്കാൻ വേണ്ടിയാണെന്നാണ് പറഞ്ഞത്. എന്നാൽ കുപ്പിവെള്ളത്തിന്റെ കാര്യം ഈ ഓർഡറിൽ എവിടെയും പറയുന്നില്ല. പറയുന്നത് 'Government have examined the report in detail and are pleased to accord administrative sanction for establishment of a limited company on CIAL model for functioning as a single nodal agency for constructing, developing, maintaining and operating community based drinking water supply plants across the state of Kerala' എന്നാണ്. കൂടാതെ 'The company shall ensure 100% coverage of potable drinking water in the state within a timeframe of four years on

a self sustainable basis എന്നും പറയുന്നു. നാലുവർഷത്തിനകം സംസ്ഥാനത്തെ മുഴുവൻ പോട്ടബിൾ ഡ്രിങ്കിംഗ് വാട്ടറിനും (സെയ്ഫ് ആയിട്ടുള്ള കുടിവെള്ളം) 100 ശതമാനം കവറേജ് ഉറപ്പുവരുത്തേണ്ട ചുമതല ഈ കമ്പനിക്കാണ്. അപ്പോൾ കുപ്പിവെള്ളം വിൽക്കാനുള്ള കമ്പനിയല്ല. പിന്നെ ആ ഓർഡറിൽ 'the newly formed company shall pay the cost of raw water the rate of which will be decided by Government of Kerala' എന്നും പറയുന്നുണ്ട്.

ജലം ശുദ്ധിചെയ്യാൻ ഒരു പ്ലാന്റ്, ഡിസാലിനേഷൻ പ്ലാന്റ്, ഫിൽട്ടർ ചെയ്യാനുള്ള സംവിധാനം, വിതരണ സംവിധാനങ്ങൾ എന്നിവയെല്ലാം ഉണ്ടാക്കണം. അതിനുവേണ്ടിയെടുക്കുന്ന 'raw water'- ന് അവർ ഗവൺമെന്റിന് പൈസ കൊടുക്കണമെന്നാണ് പറയുന്നത്. ഗവൺമെന്റ് ആ കമ്പനിക്ക് വെള്ളം വിൽക്കുന്നുവെന്ന് വേണമെങ്കിൽ തിരിച്ചും പറയാം. ഇവിടെയൊരു 'Question of Law' ഉണ്ട്. 'Whether the Government is competent to sell the water' നമ്മുടെ ഈ പ്രകൃതിവിഭവങ്ങൾ വിൽക്കാനുള്ള അധികാരം ഗവൺമെന്റിനുണ്ടോ? ആ 'raw water'- ന് കമ്പനി പൈസ കൊടുക്കണമെന്നാണ് പറയുന്നത്. മാത്രമല്ല, ഇതിന്റെയെല്ലാം സോഴ്സ് എവിടെയാണ്? നമുക്കൊരു മികച്ച വാട്ടർ മാനേജ്മെന്റ് പ്ലാനില്ലാതെ അത്തരം നടപടികളിലേയ്ക്ക് പോകുന്നതിനുമുമ്പ് ശ്രദ്ധിക്കണം. എന്നാൽ കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളിൽ ആളുകൾ പൈസ കൊടുത്ത് കുപ്പിവെള്ളം വാങ്ങുന്ന കിയോസ്കുകളുമുണ്ട്. സംസ്ഥാനത്തെ കുടിവെള്ളവിതരണം തന്നെ ഈ പദ്ധതിക്ക് ഏറ്റെടുത്ത് ചെയ്യാനുള്ള അധികാരം ഈ ഓർഡറിലൂടെ കൊടു

ത്തിട്ടുണ്ട്. അവർക്ക് വെള്ളം കൊടുക്കാനുള്ള സോഴ്സ് നമ്മൾ ആലോചിക്കണം. നമുക്കത്രയും വാട്ടർ റിസോഴ്സസ് ഉണ്ടോ; നമുക്കിപ്പോൾത്തന്നെ നമ്മുടെ സംസ്ഥാനത്തെ പല കുടിവെള്ള സ്രോതസ്സുകളും കുടിവെള്ളം പമ്പുചെയ്യുന്ന സ്രോതസ്സുകളും മുഴുവൻ കപ്പാസിറ്റിയെക്കാൾ കൂടുതലായിരിക്കുകയാണ്. ഉദാഹരണമായി ഏറ്റവും പ്രധാനപ്പെട്ട സ്ഥലമാണ് ശാസ്താംകോട്ട കായൽ. ആ ശാസ്താംകോട്ട കായലിലെ ശുദ്ധജല തടാകത്തിലെ ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുകയാണ്. ജലനിരപ്പ് താഴ്ന്നുകൊണ്ടിരുന്ന സമയത്താണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ മന്ത്രിയുടെ നിയോജകമണ്ഡലമായ ചവറയിലേയ്ക്ക് ഒരു പ്രോജക്ട് അനുവദിച്ചത്. ഇപ്പോൾ ശാസ്താംകോട്ട കായൽ നേരിടുന്ന ഏറ്റവും വലിയ ഭീഷണിയെന്നുപറയുന്നത് ചവറ പ്രോജക്ടിലേയ്ക്ക് വെള്ളം കൊണ്ടുപോകുന്നതാണ്. ഇതുമൂലം ഒരു കംപോണന്റുകൂടി വർദ്ധിച്ചു. ഇപ്പോൾ പെരിയാറിൽ ആവശ്യമായ സംവിധാനമുണ്ടോ? അതായത് ഒരു പ്ലാന്റ് ഉണ്ടാക്കുമ്പോൾ അടുത്ത പത്തു വർഷത്തേയ്ക്ക് അല്ലെങ്കിൽ 25 വർഷത്തേയ്ക്ക് നമ്മുടെ സംസ്ഥാനത്തിനാവശ്യമായ വെള്ളം പമ്പുചെയ്യാനുള്ള സ്രോതസ്സ് ഉണ്ടോയെന്ന് നമ്മൾ പരിശോധിക്കണം. വെള്ളത്തിന്റെ upstream -ൽ മാത്രമേ കുടിവെള്ളത്തിന്റെ സ്രോതസ്സുണ്ടാവുകയുള്ളൂ. Downstream- ലേയ്ക്ക് പോയിക്കഴിഞ്ഞാൽ വെള്ളം കുറയും. മാത്രമല്ല ഇപ്പോൾ ഉപ്പുവെള്ളം കയറുന്ന പ്രതിഭാസമുണ്ട്. കടൽ പുഴയിലേയ്ക്ക് ഇരച്ചുകയറുകയാണ്. അങ്ങനെ ഉപ്പുവെള്ളം കയറുന്നു. അതുകൊണ്ട് ഉപ്പുവെള്ളം കയറുന്ന സ്ഥലത്ത് പ്ലാന്റുകൾ വയ്ക്കാൻ പറ്റില്ല. പ്ലാന്റുകൾ upstream–ലേ വയ്ക്കാൻ പറ്റുകയുള്ളൂ. ഓരോ നദിയുടെയും upstream–ൽ നമുക്കാവശ്യമായ വെള്ളം കൊടുക്കാനുള്ള സംവിധാന

മുണ്ടോ? നമ്മൾ അത് പരിശോധിക്കാതെ ഒരു നടപടിയിലേയ്ക്ക് പോകുന്നത് ശരിയല്ല. അത് ആലോചിക്കപ്പെടേണ്ടതാണ്. ഞാൻ ഈ ഓർഡർ വായിച്ചപ്പോൾ ഇത് എവിടെയോ കണ്ട് പരിചയമുള്ളതുപോലെ തോന്നി. ഇതിലൊരു പുതിയ കാര്യം മാത്രമേയുള്ളൂ. അത് സിയാൽ മോഡൽ കമ്പനി എന്നുപറയുന്ന ഒരു പുതിയ കാര്യമാണ്. വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി സിയാലിന്റെ എം.ഡി. കൂടിയായതുകൊണ്ട് അദ്ദേഹമൊരു കോസ്റ്റ് ഇഫക്ടീവായ ഒരു സിസ്റ്റം കൊണ്ടുവന്നതാണ്. വളരെ പോസിറ്റീവായ ഒരു കാര്യംതന്നെയാണ്. സംശയമൊന്നുമില്ല. പക്ഷേ, ഈ ഓർഡറിന് ഏതോ ഒരു ഛായ തോന്നി. അന്വേഷിച്ചപ്പോഴാണ് മനസ്സിലായത് അതിന് സഭ ബഹിഷ്കരിച്ചിറങ്ങിപ്പോയ പ്രതിപക്ഷത്തിന്റെ ഒരു ഛായയുണ്ട് എന്ന്. ഇതുപോലെയൊരു ഉത്തരവ് ഇറങ്ങിയത്, 1998–1999–ൽ ഇ. കെ. നായനാർ കേരളത്തിന്റെ മുഖ്യമന്ത്രിയും സുശീലാ ഗോപാലൻ വ്യവസായ വകുപ്പുമന്ത്രിയുമായിരുന്നപ്പോൾ ചെന്നൈയിൽ വച്ച് ഇൻഡോ അമേരിക്കൻ സംയുക്ത സംരംഭം നടന്നു. അമേരിക്കയുമായിട്ടാണ്, ചൈനയുമായിട്ടുപോലുമല്ല നടന്നത്. ഇൻഡ്യയും അമേരിക്കയുമായിട്ടുള്ള ഒരു സംയുക്ത ബിസിനസ്സ് സംരംഭം നടന്നപ്പോൾ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് അന്ന് ഷോകേസ്സ് ചെയ്ത ഒരു പദ്ധതിയുണ്ട്. ആ പദ്ധതി കുറേക്കൂടി ഡയല്യൂട്ട് ചെയ്തിട്ടാണ് യഥാർത്ഥത്തിൽ ഈ ഓർഡർ ഇറക്കിയിരിക്കുന്നത്. പെരിയാറിലെ വെള്ളം മുഴുവൻ വിൽക്കാൻ വേണ്ടിയാണ് ആ പ്രോജക്ട് അവിടെ ഷോകേസ്സ് ചെയ്തതെന്നാണ് അന്ന് പറഞ്ഞത്. അത് എൽ.ഡി.എഫ്. നയപരമായ തീരുമാനമെടുത്തിട്ട് ചെയ്തതാണോ? ആണെന്നാണ് അന്നത്തെ വ്യവസായ വകുപ്പുമന്ത്രി സുശീലാ ഗോപാലൻ പറഞ്ഞത്. അപ്പോൾ 15 വർഷം

മുമ്പ് പെരിയാറിലെ വെള്ളം മുഴുവൻ സ്വകാര്യ കമ്പനിക്ക് വിൽക്കാൻ പ്രോജക്ട് തയ്യാറാക്കി അമേരിക്കക്കാരുടെ മുമ്പിൽ ഷോകേസ്സ് ചെയ്ത ആളുകളാണ് ഇവിടെ താരിഫ് റഗുലേറ്ററി അതോറിറ്റി ഉണ്ടാക്കാൻ പോകുന്നുവെന്ന കാരണം പറഞ്ഞ് വാക്കൗട്ട് ചെയ്തത്. ഇത് ആളുകളെ കബളിപ്പിക്കലാണ്. യഥാർത്ഥത്തിൽ കേരളത്തിലാദ്യമായി കുടിവെള്ളം സ്വകാര്യ കമ്പനിക്ക് വിൽക്കാമെന്ന ഒരു കൺസെപ്റ്റ് കൊണ്ടുവന്നതും ഒരു ഐഡിയ ആദ്യമായി മൂട്ട് ചെയ്തതും ഈ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അവരുടെ ഉത്തരവാദിത്വപ്പെട്ട നേതാക്കന്മാർക്കും ആ കാര്യത്തിൽ വലിയ പങ്കുണ്ട്. അത് മറച്ചുവച്ചുകൊണ്ടാണ് ഈ ഗവൺമെന്റിനെ അധിക്ഷേപിക്കാനും ഇവിടെ ഗവൺമെന്റിലുള്ള ആളുകൾ വോട്ടുചെയ്യില്ല എന്ന കാരണം പറഞ്ഞുകൊണ്ട് ഇവിടെനിന്ന് ഇറങ്ങിപ്പോയത്. ഇവിടെ 1986-ലെ ആക്ടിൽ പറയുന്ന അതേ അധികാരം ഇപ്പോഴുള്ള ഈ ബില്ലിൽ പറയുന്നുണ്ട് എന്നൊരു പ്രശ്നം ഇവിടെ ചർച്ചചെയ്തു. ബഹുമാനപ്പെട്ട ചെയറിൽ നിന്ന് അതിനെ സംബന്ധിച്ച് റൂളിംഗ് ഉണ്ടായി. ചെയറിൽ നിന്നുള്ള റൂളിംഗ് കറക്ടാണ്. ഈ ബിൽ അവതരിപ്പിക്കാതിരിക്കുന്നതിനുള്ള ഒരു തടസ്സമല്ലത്. പക്ഷേ, നമ്മളൊരു ബിൽ അവതരിപ്പിക്കുമ്പോൾ അത് കോടതിയിൽപ്പോയി തീരുമാനമെടുക്കട്ടെ, കോടതിയിൽച്ചെന്ന് ജനറൽ ക്ലോസസ് ആക്ട് നോക്കിയിട്ട് അവർ അത് വച്ച് തീരുമാനമെടുക്കട്ടെ എന്നൊരു നിയമനിർമ്മാണസഭ തീരുമാനിക്കുന്നത് ശരിയല്ല. അതുകൊണ്ട് 1986-ലെ ആക്ടിൽ പറയുന്ന ആ പ്രൊവിഷൻസ് ഇവിടെ റിപ്പീലുചെയ്തേ മതിയാകൂ. അതിവിടെ ബിൽ അവതരിപ്പിക്കാതിരിക്കാനുള്ള തടസ്സവാദമല്ല. ബിൽ അവതരിപ്പിക്കാം. പക്ഷെ അത് ഗവൺമെന്റ് ഓറലായി കൊണ്ടുവരികയോ അല്ലെങ്കിൽ സബ്ജക്ട്

കമ്മിറ്റിയിൽ ചർച്ചചെയ്യുകയോ വേണം. കാരണം ഒരേ അധികാരം രണ്ട് ആക്ടിൽ കൂടി കൊടുക്കാൻ പാടില്ല. താരിഫ് ഫിക്സ് ചെയ്യാനുള്ള അധി കാരം ഇപ്പോഴത്തെ നിയമം അനുസരിച്ച് റഗുലേറ്ററി അതോറിറ്റിക്ക് വരികയും പഴയ നിയമം അനുസരിച്ച് സംസ്ഥാന സർക്കാരിന് വരികയും ചെയ്യുന്ന ഒര വസ്ഥയുണ്ട്. രണ്ട് അധികാര കേന്ദ്രങ്ങൾക്ക് ഒരേ അധികാരം കൊടുക്കാൻ പാടില്ല. അതുകൊണ്ട് അത് കറക്ട് ചെയ്ത് ഈ നിയമം വരുന്നതോടുകൂടി നേരത്തേ പറഞ്ഞതുപോലെ 'notwithstanding anything contained in any other act' എന്നുപറഞ്ഞ് ക്ലിയർ ചെയ്താൽ നിയമനിർമ്മാണം കുറ്റമറ്റതാക്കി നമുക്ക് കൊണ്ടുപോകാൻ കഴിയും. അങ്ങ് പറയുന്നതുപോലെ ഞാൻ ദീർഘ മായ ഒരു പ്രസംഗത്തിന് മുതിരുന്നില്ല. പക്ഷെ, ഇത് ഗൗരവപൂർവ്വം നടത്തിയി ല്ലെങ്കിൽ അപകടകരമായ ഒരവസ്ഥ ഉണ്ടാകാനുള്ള സാധ്യതകളുണ്ട്. അതു കൊണ്ട് ഈ നിയമത്തിലും ഇതുമായി ബന്ധപ്പെടുന്ന ചട്ടങ്ങളിലുമെല്ലാം കർശനമായ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതാണ്. റെഗുലേറ്ററി അതോറി റ്റികൾ ഏത് തരത്തിൽ വേണമെങ്കിലും നടത്താം. ഇൻഡ്യാ ഗവൺമെന്റ് ടെലികോം റെഗുലേറ്ററി അതോറിറ്റി ഉണ്ടാക്കി. കൺസ്യൂമേഴ്സിനെ സംബന്ധിച്ചിടത്തോളം ദൈവതുല്യമായിരുന്നു ആ റെഗുലേറ്ററി അതോറിറ്റി. കാരണം മൊബൈൽ ഫോൺ ഇൻഡ്യയിൽ വന്ന കാലത്ത് ഔട്ട് ഗോയിംഗ് കോളിന് 16 രൂപ 40 പൈസയും ഇൻകമിംഗ് കോളിന് 8 രൂപ 20 പൈസയുമാ യിരുന്നു. ഇന്ന് ഇൻകമിംഗ് കോൾ ഫ്രീയാണ്. ഔട്ട് ഗോയിംഗ് കോളിന് 10 പൈസ മുതൽ മുകളിലോട്ടാണ്. ലോകത്തിലെ ഏറ്റവും ചീപ്പസ്റ്റ് താരിഫ് ഇൻഡ്യയിലാണ്. അമേരിക്കയുൾപ്പെടെ ലോകത്ത് ഒരു രാജ്യത്തും ഇത്രയും ചീപ്പായിട്ടുള്ള താരിഫ് ഇല്ല. ടെലികോം റെഗുലേറ്ററി അതോറിറ്റി എല്ലാ കാര്യ

ത്തിലും ഇടപെട്ടുവെന്നുള്ളതുകൊണ്ടാണ് ഇങ്ങനെ വന്നത്. ഓരോ പുതിയ നിയമങ്ങൾ വരുമ്പോഴും ഓരോ പുതിയ ലൈസൻസ് കൊടുക്കുമ്പോഴും അവർ കൺസ്യൂമറിന് അനുകൂലമായി ഇടപെട്ടു. ആ റെഗുലേറ്ററി അതോറിറ്റിയുടെ സ്വഭാവം വ്യത്യസ്തമായിരുന്നുവെങ്കിൽ 16 രൂപ 40 പൈസയുണ്ടായിരുന്ന ഔട്ട് ഗോയിംഗ് കോളിന് ഇപ്പോൾ വേണമെങ്കിൽ 50 രൂപ ചാർജ്ജ് ചെയ്യാമായിരുന്നു. അവരങ്ങനെയല്ല ചെയ്തത്. ഓരോ പുതിയ ലൈസൻസ് കൊടുക്കുമ്പോഴും ഒരു ഹെൽത്തി കോമ്പറ്റീഷൻ അവർ പ്രമോട്ട് ചെയ്യുകയും മൊബൈൽ ഫോൺ കമ്പനികൾ തമ്മിലുള്ള ആരോഗ്യകരമായ മത്സരങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുകയും ചെയ്തു. ആരോഗ്യകരമായ മത്സരങ്ങൾ ഉണ്ടായി പുതിയ ലൈസൻസുകൾ കൊടുത്തപ്പോഴെല്ലാം കൺസ്യൂമർക്ക് ഗുണപരമായ രീതിയിലുള്ള നിർദ്ദേശങ്ങൾ അവർ കൊടുത്തു. പുതിയ ലൈസൻസ് കൊടുത്തപ്പോൾ ചാർജ്ജ് കുറയ്ക്കാൻ ആവശ്യപ്പെട്ടു. നിങ്ങൾക്ക് പുതിയ കണക്ഷൻ കിട്ടാൻ പോകുകയാണ്. നിങ്ങൾക്ക് ഒരു ലക്ഷമോ രണ്ട് ലക്ഷമോ കണക്ഷൻ പുതിയതായി ലഭിക്കും. ആ രണ്ട് ലക്ഷം കണക്ഷൻ ലഭിക്കുമ്പോൾ നിങ്ങൾക്ക് വരുമാന വർദ്ധനവുണ്ടാകും. ആ വരുമാന വർദ്ധനവിന്റെ ഒരു ഷെയർ നിങ്ങൾ കൊടുക്കേണ്ടത് ഉപഭോക്താവിനാണ്. അങ്ങനെയാണ് 16 രൂപ 40 പൈസയായിരുന്ന ഔട്ട് ഗോയിംഗ് കോൾ കുറഞ്ഞ് 10 പൈസ വരെയാക്കി കമ്പനികൾക്ക് കോമ്പീറ്റ് ചെയ്യാൻ കഴിയാവുന്ന ഒരവസ്ഥയിലേയ്ക്ക് കൊണ്ടുവന്നത്. അപ്പോൾ റഗുലേറ്ററി അതോറിറ്റിയെന്നുപറഞ്ഞാൽ നമ്മുടെ തലയ്ക്കുമീതെ ആണെന്ന് തെറ്റിദ്ധരിക്കേണ്ട കാര്യമില്ല. നമുക്ക് ഗുണപരമായ രീതിയിൽ അത് മാറ്റിയെടുക്കാനും കഴിയും. പക്ഷെ, അത് നിയമത്തിൽത്തന്നെ യാതൊരുവിധത്തിലും അമിതാ

ധികാരങ്ങളുള്ള ഒരു കേന്ദ്രമായി റെഗുലേറ്ററി അതോറിറ്റിയെ മാറ്റാതെ, തോന്നുന്നതുപോലെ സ്വകാര്യ കമ്പനികളും മറ്റുള്ളവരുമൊക്കെ വന്നാൽ അവർക്കെല്ലാം സ്വാധീനിക്കാവുന്ന തരത്തിൽ ആകും. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരാണ് ഇരിക്കുന്നത്. വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റി ലെയും വാട്ടർ അതോറിറ്റിയിലെയും.......... ഞാനവരെയൊന്നും പൊതുവൽക്ക രിച്ച് മോശക്കാരാക്കി പറയുകയല്ല, ഉദ്യോഗസ്ഥരാണ് അവിടെ ഇരിക്കുന്നത്. അവരെല്ലാം പോയിരിക്കുന്ന ഒരു സ്ഥലത്ത് സ്വകാര്യ കമ്പനികൾകൂടി രംഗ പ്രവേശം ചെയ്യുകയും ഈ കുടിവെള്ളത്തിന്റെ വില നിശ്ചയിക്കാനുള്ള പൂർണ്ണമായ അധികാരം റെഗുലേറ്ററി അതോറിറ്റിക്ക് കൊടുക്കുകയും ചെയ്യുന്ന അപകടത്തെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കും എന്നു ഞാൻ കണക്കാക്കുന്നു. അതുകൊണ്ട്, ഞാൻ ആവർത്തിച്ചുപറയുന്നു, ഇവിടെ കുടിവെള്ളത്തിന്റെ താരിഫ് വർദ്ധിപ്പിക്കണമെങ്കിൽ, തീരുമാനം അവർ എടു ത്തുകൊള്ളട്ടെ, ഫിനാൻസ് കമ്മീഷൻ പറഞ്ഞതുകൊണ്ട് മറ്റ് നിയന്ത്രണങ്ങൾ വരുമെന്നുള്ളതുകൊണ്ട് നമുക്ക് റഗുലേറ്ററി അതോറിറ്റി ഉണ്ടാക്കാതിരിക്കാൻ കഴിയില്ല. പക്ഷെ, ആ റഗുലേറ്ററി അതോറിറ്റിയുടെ അധികാരങ്ങൾ കുറേ ക്കൂടി നിയന്ത്രിച്ച് ഗവൺമെന്റാണ് അതിന്റകത്തെ ഫൈനൽ അതോറിറ്റി എന്നുള്ള ഒരു ധാരണ നമുക്ക് പ്രായോഗികമായി ഉണ്ടാക്കിയില്ലെങ്കിൽ അതിൽ അപകടമുണ്ടാകും. അതുകൊണ്ട്, ഈ ബില്ലിൽപ്പറയുന്ന ഈയൊരു കാര്യം പ്രത്യേകം പരിഗണിക്കണം. ബാക്കി ബില്ലിൽ പറയുന്ന കാര്യങ്ങ ളെല്ലാം സംസ്ഥാനത്തിന് നല്ല വാട്ടർ മാനേജ്മെന്റ് പ്ലാൻ ഉണ്ടാക്കുന്നതിനു വേണ്ടിയാണ്. നമ്മുടെ ജലലഭ്യതയും ജലത്തിനുള്ള നമ്മുടെ ആവശ്യത്തെ യുംകുറിച്ച് മനസ്സിലാക്കുന്നതിനും, നമ്മുടെ വെള്ളത്തിന്റെ കുറവ് പരിഹരി ക്കുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും, ബഡ്ജറ്ററി സപ്പോർട്ട്

കൊടുത്ത് വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റിനെ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഈ ബില്ലിൽ പറയുന്ന ചില കാര്യങ്ങൾകൂടി സബ്ജക്ട് കമ്മിറ്റി യിലും പിന്നീട് നടക്കുന്ന വകുപ്പുതിരിച്ചുള്ള ചർച്ചകളിലും ചർച്ചചെയ്ത് ആവശ്യമായ മാറ്റങ്ങൾ വരുത്തി ഫലപ്രദമായ ബില്ലാക്കി മാറ്റണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, West Bengal Ground Water Resources Management and Control and Regulation Bill പശ്ചിമ ബംഗാൾ ഗവൺമെന്റ് പാസ്സാക്കിയിരന്നു. വധശിക്ഷയുമായി ബന്ധപ്പെട്ട് ചെയ്യുകയാണെങ്കിൽ ആദ്യം പാസ്സാക്കിയ ഗവൺമെന്റിനെയാണ് ചെയ്യേണ്ടതെന്ന് പറഞ്ഞപ്പോൾ അങ്ങനെയൊരു ബിൽ പശ്ചിമ ബംഗാൾ ഗവൺമെന്റ് കൊണ്ടുവന്നിട്ടില്ല, ആക്ട് പാസാക്കിയിട്ടില്ല എന്ന് മെമ്പർ ശ്രീ.ജി സുധാകരൻ പറഞ്ഞിരുന്നു. അങ്ങനെയൊരു ബിൽ ഉണ്ടെങ്കിൽ മേശപ്പുറത്തുവയ്ക്കാൻ അദ്ദേഹം ആവശ്യപ്പെട്ടു. ആ ബില്ലിന്റെ പകർപ്പ് ഞാൻ അങ്ങേയ്ക്ക് എഴുതിത്തന്നു. അത് അങ്ങയുടെ അനുവാദത്തോടുകൂടി മേശപ്പുറത്തുവയ്ക്കുന്നു. അതോടൊപ്പം പശ്ചിമ ബംഗാൾ ഗവൺമെന്റ് അവിടെ നടപ്പിലാക്കിയ സാൾട്ട് ലീക്ക് വാട്ടർ സപ്ലൈ ആന്റ് സിവറേജ് നെറ്റ് വർക്ക് അത് പി.പി.പി. ആണ്. അതിലെ ഒരു വാചകം ഞാൻ പറയാം. ഈ സഭയക്ക് എന്നിൽ വിശ്വാസമുണ്ടാകാൻ വേണ്ടിയാണ്, അല്ലെങ്കിൽ ഞാൻ അവാസ്തവമായ കാര്യങ്ങൾ പറയുന്ന ഒരംഗമാണെന്നുള്ള തെറ്റിദ്ധാരണയുണ്ടാകും. The private developer is permitted to charge the consumers a water supply cum sewerage tariff. The concession agreement requires the private developer

to operate and manage the water supply and sewerage system for a time period of 30 years. The project involve design, construction and commissioning of all the water supply and sewerage facilities on a PPP basis, specifically for the water supply infrastructure, the project required the construction of an elevated storage reservoir, arising main an underground reservoir and the laying of pipe lines along individual roads which would be connected to the dedicated main with respect to the sewerage sector the project required the concession of a sanitary network and pumping station and the development of a waste treatment system. ഇത് പശ്ചിമ ബംഗാൾ ഗവൺമെന്റ് അവിടെ നടപ്പിലാക്കിയ പി.പി. പി. മോഡലാണ്. ഇത് ഡീറ്റെയിൽഡായി പറയാൻ സമയമെടുക്കുന്നുള്ളതു കൊണ്ടാണ്. ഇത് പശ്ചിമ ബംഗാളിൽ പി.പി.പി. ആയി 30 വർഷത്തേക്ക് സ്വകാര്യ മേഖലയ്ക്ക് കൊടുത്ത് അവിടെ പ്രവർത്തനവും ആരംഭിച്ച കാര്യം ബഹുമാനപ്പെട്ട സഭയെ ഞാൻ അറിയിക്കുകയാണ്.

ശ്രീ. കെ.എൻ.എ. ഖാദർ: സർ, ജലവിഭവ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതുസംബന്ധിച്ച ഈ ബിൽ വളരെ കാലോചിതമായ ഒരു നടപടി എന്ന നിലയിലാണ് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ.ജോസഫ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ബില്ലിനെക്കുറിച്ചുള്ള പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട് പ്രതിപക്ഷത്തുള്ള പല സ്നേഹിതൻമാരും വളരെയേറെ അവാസ്തവമായതും അതിശയോക്തി

പരമായതുമായ പല ആക്ഷേപങ്ങളും ഉന്നയിക്കുകയുണ്ടായി. അതിൽ ഏറ്റവും പ്രബലമായ ആരോപണങ്ങൾക്കുപലതിനും എന്റെ മാന്യ സ്നേഹിതൻ ശ്രീ. വി.ഡി. സതീശൻ മറുപടി പറയുകയും ശ്രീ. പി. സി. വിഷ്ണുനാഥ് പശ്ചിമ ബംഗാളിൽ പാസ്സാക്കിയെടുക്കപ്പെട്ടിട്ടുള്ള ഈ ബില്ലിനോട് താദാത്മ്യമുള്ള ഒരു നിയമത്തിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കു കയും ചെയ്തതോടുകൂടിതന്നെ പ്രതിപക്ഷത്തുനിന്നും ഈ ബില്ലിനെതിരെ ഉണ്ടായ ആക്രോശങ്ങൾക്ക് തക്കതായ മറുപടി ലഭ്യമായിരിക്കുന്നുവെന്ന ബോധത്തോടുകൂടിയാണ് ഞാനിവിടെ നിൽക്കുന്നത്. വാണിജ്യവത്ക്കരണ ത്തെക്കുറിച്ചും സ്വകാര്യവത്ക്കരണത്തെക്കുറിച്ചും വളരെ വർഷങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്ന ഇടതുപക്ഷ പ്രസ്ഥാനങ്ങളും പ്രതിപക്ഷവുമൊക്കെ സ്വയം വാണിജ്യവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന, രാഷ്ട്രീയ കക്ഷി കൾതന്നെ വാണിജ്യവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന, രാഷ്ട്രീയ നേതൃത്വം തന്നെ വാണിജ്യവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പുതിയ കാലഘട്ട ത്തെക്കുറിച്ച് എന്തുകൊണ്ടോ അജ്ഞത നടിക്കുകയാണെന്നാണ് എനിക്ക് തോന്നുന്നത്. ഈ വാണിജ്യവത്ക്കരണം വരുന്നത് വെള്ളത്തിന്റെ കാര്യത്തിൽ മാത്രമല്ല, ജീവിതത്തിന്റെ വിവിധ മേഖലകളിലും പടർന്നുകയറി ക്കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണിത്. ഏതാനും വർഷങ്ങളായിട്ട് ആരംഭിച്ച ആ പ്രതിഭാസം അതിന്റെ സ്വാഭാവികമായൊരു പതനത്തിലെത്തു ന്നതുവരെ തുടർന്നുകൊണ്ടേയിരിക്കും എന്ന യാഥാർത്ഥ്യം മനസ്സിലാക്കി ക്കൊണ്ടുമാത്രമേ ഏത് ഗവൺമെന്റിനും പ്രവർത്തിക്കുവാൻ സാധിക്കുക യുള്ളൂ എന്ന് കരുതുന്ന ഒരാളാണ് ഞാൻ. അതുകൊണ്ട് ഈ ബില്ലിനെ ആ തരത്തിലുള്ള ആക്ഷേപം ഉന്നയിച്ച് എതിർക്കുന്നതിൽ യാതൊരർത്ഥവുമില്ല.

റെഗുലേറ്ററി അതോറിറ്റി എന്നുപറയുന്നത് something has to be regulated - അപ്പോൾ മാത്രമാണ് റെഗുലേറ്ററി അതോറിറ്റിയുടെ ആവശ്യം വരുന്നത്. ഇവിടെ വാട്ടർ അതോറിറ്റിയുണ്ട്. ഒരു സംഗതി നിറവേറ്റുന്നതിനുവേണ്ടി ഒന്നിലധികം ഏജൻസികൾ പ്രവർത്തിക്കുന്ന സന്ദർഭത്തിൽ മാത്രമേ ഒരു റെഗുലേറ്ററി അതോറിറ്റി എന്ന കൺസപ്റ്റ് ഉടലെടുക്കുകയുള്ളൂ. എന്തോ ചിലത് നിയന്ത്രിക്കുന്നതിനുവേണ്ടി ആവശ്യമായിട്ടുള്ള ഒരു അതോറിറ്റി എന്നുള്ള നിലയിലാണ് ഈ റെഗുലേറ്ററി അതോറിറ്റി ഇവിടെ രൂപം കൊള്ളുന്നത്. ടെലികോം റെഗുലേറ്ററി അതോറിറ്റി, ഇൻഷ്വറൻസ് റെഗുലേറ്ററി അതോറിറ്റി, ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി തുടങ്ങിയ പല വിഭാഗങ്ങളും പ്രവർത്തിക്കുന്നതുപോലെതന്നെ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് അതോറിറ്റി അത്യാവശ്യമായിട്ടുള്ള ഒരു സംഗതി തന്നെയാണ്. കുടിവെള്ളത്തിനുവേണ്ടിയായിരുന്നാലും ജലസേചനാവശ്യത്തിനായാലും കാർഷിക-വ്യാവസായിക-വാണിജ്യ ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഉപയോഗമായാലും ഉപഭോഗമായാലും യാതൊരുതരത്തിലുള്ള നിയന്ത്രണവു മില്ലാതെ ഒരു മാനേജ്മെന്റുമില്ലാതെ യഥേഷ്ടം ജലസമ്പത്ത് ചൂഷണം ചെയ്യപ്പെടുന്നതിനെ തടയുവാൻ ശരിയായ ദിശയിൽ സഞ്ചരിക്കുകയാ ണെങ്കിൽ ഈ റെഗുലേറ്ററി അതോറിറ്റിക്ക് കഴിയും എന്ന് ഞാൻ പൂർണ്ണമായും വിശ്വാസിക്കുകയാണ്. 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ഒരു നാഷണൽ വാട്ടർ പോളിസിയുടെ ഭാഗമായിട്ടാണ് വാട്ടർ സെക്ടറിലെ റെഗുലേറ്ററി അതോറിറ്റി വരുന്നതെന്ന് ഞാൻ കരുതുന്നു. വാട്ടർ സെക്ടറിലെ റെഗുലേറ്ററി അതോറിറ്റി വരുമ്പോൾ അത് ഒന്നുകൂടി ഓപ്പൺ ചെയ്യപ്പെടും, അതിൽ ചിലപ്പോൾ പ്രൈവറ്റ് ഏജൻസികൾ കടന്നു

വരാനുള്ള സാധ്യതയേറും, പ്രൈവറ്റ് പാർട്ടിസിപ്പേഷന്റെ സാധ്യതയേറും എന്നൊക്കെ പറയുന്നത് ശരിയായിരിക്കാം. പക്ഷെ പ്രൈവറ്റ് പാർട്ടിസിപ്പേഷൻ വന്നാലും നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി വ്യക്തമാക്കിയതുപോലെ ഏത് പാർട്ടിസിപ്പേഷനുണ്ടായാലും സമ്പൂർണ്ണമായ ഗവൺമെന്റിന്റെ മേധാവിത്വം ഇതിനുണ്ടാകുമെന്ന് ഉറപ്പാക്കുകയാണ് വേണ്ടത്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകളിൽ നിന്ന് ഉറപ്പായിട്ടുള്ള കാര്യമാണ്. നേരത്തെ പ്രതിപക്ഷത്തുനിന്നും ചില ആളുകൾ ചൂണ്ടിക്കാണിച്ചതുപോലെ 2 അതോറിറ്റി വരുമെന്ന് പറയുന്നതിൽ അർത്ഥമില്ല. നിയമസഭയിൽ ഗവൺമെന്റ് നിയമം പാസ്സാക്കി ഏത് ആതോറിറ്റി രൂപീകരിച്ചാലും എല്ലാ അതോറിറ്റികളും ഗവൺമെന്റാകുന്ന പരമാധികാര അതോറിറ്റിയുടെ കീഴിൽതന്നെയാണ് എന്നതാണ് നമ്മുടെ നിയമത്തിന്റെ കൺസപ്റ്റ്. അതല്ലാതെ ഗവൺമെന്റിനോളംതന്നെ അധികരാമുള്ള മറ്റൊരു അതോറിറ്റിയായിട്ടല്ല ഈ ബിൽ പാസ്സായി വരുമ്പോൾ ഇത് രൂപംകൊള്ളുകയെന്ന് എനിക്ക് തോന്നുന്നു. അതുപോലെ ശ്രീ. വി.ഡി. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ വെള്ളത്തിന്റെ റിക്വയർമെന്റ് തീരുമാനിക്കുന്നതിനുവേണ്ടി ഓരോ സെക്ടറിലേക്കും ആവശ്യമുള്ള ജലത്തിന്റെ ആവശ്യകത നിജപ്പെടുത്തുന്നതിനുവേണ്ടിയും ന്യായമായ താരിഫ് നിശ്ചയിക്കുന്നതിനുവേണ്ടിയും ശാസ്ത്രീയമായ പരിപാലനത്തിനുവേണ്ടിയും ഒരു അതോറിറ്റിയുണ്ടായിരിക്കുക എന്നത് ഏറെ അത്യന്താപേക്ഷിതമായിട്ടുള്ള സംഗതിയാണ്. ഈ അതോറിറ്റിയെക്കുറിച്ച് ബില്ലിൽ പറയുമ്പോൾ അതോറിറ്റിയുടെ കൺസപ്റ്റ് എങ്ങനെയായിരിക്കും. പ്രധാനമായും മൂന്നുപേരുള്ള ഒരു അതോറിറ്റിയാണ് സെക്ഷൻ 4-ൽ വിഭാവനം ചെയ്തിട്ടുള്ളത്. സെക്ഷൻ 4-ലെ സബ്

സെക്ഷൻ 3–ൽ പറയുന്നത് ഗവൺമെന്റ് സർവ്വീസിലുള്ള ഒരു എഞ്ചിനീയർ ചെയർമാനും സർക്കാരിനുകീഴിൽ പഠിപ്പിക്കുന്ന ഒരു പ്രൊഫസർ അല്ലെങ്കിൽ പ്രൊഫസറുടെ നിലവാരത്തിൽ കുറയാത്ത ഒരാളും ജലവിഭവ കാര്യങ്ങളെ ക്കുറിച്ച് വൈദഗ്ദ്ധ്യമുള്ള ഒരു വിദ്യാഭ്യാസ വിദഗ്ദ്ധനും അടങ്ങുന്ന ഒരു കമ്മിറ്റി എന്നാണ്. ജലവിഭവ അതോറിറ്റിയിൽ ഒരു പ്രൊഫസർക്കെന്താണ് സ്ഥാനമെന്ന് എനിക്ക് മനസ്സിലായില്ല. ആധുനിക കാലഘട്ടത്തിൽ ഇത്രയേറെ നോളഡ്ജ് എക്സ്പ്ലോഷൻ ഉണ്ടായ കാലഘട്ടത്തിൽ ഒരു പ്രൊഫസർ എന്നുപറയുന്നത് അത്രവലിയ സംഭവമൊന്നുമല്ല. അതുകൊണ്ട് ഒരു പ്രൊഫസർ എന്നതിനുപകരം പഠിക്കുന്ന ഒരാളാണ് അതോറിറ്റിയിൽ വേണ്ടത്. കാര്യങ്ങൾ നന്നായി മനസ്സിലാക്കുകയും പഠിക്കുകയും ചെയ്യുന്ന ഒരാളെയാണ് ഈ അതോറിറ്റിയിൽ ആവശ്യമായിട്ടുള്ളത്. അതുകൊണ്ട് ആ മൂന്നുപേർ ആരൊക്കെയായിരിക്കണമെന്ന് ആലോചിക്കേണ്ട ഒരു വിഷയമാണ്. അതുപോലെ വെള്ളത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നമുക്ക് പറയേണ്ട കാര്യമില്ല. കാരണം നമുക്കറിയാം കണക്കുകൾ വച്ചുനോക്കി യാൽ കേരളം വളരെ ജലലഭ്യതയുള്ള ഒരു സംസ്ഥാനമാണ്. 300 സെ.മീ. വരെ മഴ ലഭിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. 44 നദികൾ ഉള്ള ഒരു സംസ്ഥാനമാണ്. അതിൽ മൂന്നുനദികൾ കിഴക്കോട്ടും 41 നദികൾ പടിഞ്ഞാ റോട്ടും ഒഴുകുന്നു. 44 നദികളുള്ള നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 900–ത്തോളം പോഷകനദികൾ ഉള്ളതായി കാണാൻ സാധിക്കും. അതുപോലെ അഷ്ടമുടിക്കായലും വേമ്പനാട്ട് കോൾനിലങ്ങളും ശാസ്താംകോട്ട കായലും ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങൾ ധാരാളമായി കേരളത്തിലുണ്ട്.

ഇവിടെ പ്രതിവർഷം 78.041 മില്യൺ ക്യുബിക് മീറ്റർ ജലമാണ് നദികളിൽ ശേഖരിക്കപ്പെടുന്നത്. കേരളത്തിനകത്ത് ലഭിക്കുന്നത് വെറും 70.323 മില്യൺ ക്യുബിക് മീറ്റർ മാത്രമാണ്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിതന്നെ ചരിവുള്ള പ്രദേശമായതുകൊണ്ടും അഞ്ച് മീറ്റർ മാത്രം കടൽ നിരപ്പിനെക്കാൾ ഉയരമുള്ളതിൽ തുടങ്ങി 2695 മീറ്റർ വരെ ഉയരമുള്ള ഭൂപ്രദേശം ഈ സംസ്ഥാനത്തുണ്ട്. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് പെയ്യുന്ന മഴയും വൃഷ്ടിപ്രദേശത്ത് ലഭിക്കുന്ന ജലവുമൊക്കെ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന നിർഭാഗ്യകരമായ ഒരു സാഹചര്യമുണ്ട് എന്നുപറയാതിരിക്കാൻ നിർവ്വാഹമില്ല. നമ്മുടെ നദികളെ നമ്മൾ ദുരുപയോഗപ്പെടുത്തുന്നതുകൊണ്ട്, നദിയുടെ മജ്ജയും മാംസവുമായിട്ടുള്ള മണൽ നിരന്തരമായി നമ്മൾ കോരിയെടുക്കുന്നതുകൊണ്ട് നദികൾ നമുക്ക് നഷ്ടമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ നദികൾ മരിച്ചുകൊണ്ടിരിക്കുകയാണ്.

നദികൾ മരിക്കുന്നുവെന്ന് വെറുതെ ആലങ്കാരികമായി പറയുന്നതല്ല. പമ്പയാറിന്റെ പോഷക നദിയായ വരട്ടാർ അക്ഷരാർത്ഥത്തിൽ മരിച്ചുപോയ ഒരു നദിയാണ്. ചെങ്ങന്നൂർ മുനിസിപ്പൽ പ്രദേശത്തുകൂടി കടന്നുപോകുന്ന വരട്ടാർ നദി ഇപ്പോൾ ഫലത്തിൽ ഇല്ല. അങ്ങനെ പൂർണ്ണമായും നശിച്ചുപോയ നദികളുണ്ട്. നദികളുടെ മജ്ജയും മാംസവുമായ മണൽ യാതൊരു തത്വദീക്ഷയുമില്ലാതെ കോരിക്കൊണ്ടിരിക്കുകയാണ്. നൂറ്റാണ്ടുകൾകൊണ്ട്, ആയിരക്കണക്കിന് വർഷങ്ങൾകൊണ്ടാണ് ഒരു പിടി മണൽ രൂപപ്പെടുന്നത്. 10–15 അടി വരെ ഉയരത്തിൽ മണൽ പല നദികളുടെയും അടിത്തട്ടിൽ കാണേണ്ടതാണ്. അത് വാരിയെടുത്ത് ദുരുപയോഗം ചെയ്യുന്നതിലൂടെ എല്ലാ

നദികളും കൊലചെയ്യപ്പെടുന്ന നിർഭാഗ്യകരമായ അവസ്ഥ ഇപ്പോഴുണ്ട്. നദിയുടെ അടിത്തട്ടിൽ കാണപ്പെടുന്ന മണൽ വാസ്തവത്തിൽ തടയണയുടെ പണിയാണ് ചെയ്യുന്നത്. അതൊരു പ്രകൃതിദത്തമായ തടയണ തന്നെയാണ്. നമ്മളിപ്പോൾ പുതിയ പുതിയ തടയണകൾ ഉണ്ടാക്കുമ്പോൾ......., പ്രകൃതിദത്തമായ തടയണയാണ്. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാനും ജല ജീവികൾക്ക് പ്രജനനം നടത്തുവാനും ജീവിക്കാനും ആവശ്യമായ നദിയുടെ ജലസമ്പത്ത് നിയന്ത്രിക്കുന്നതിനും ഒഴുക്ക് നിയന്ത്രിക്കുന്നതിനും സഹായ കരമായ മണൽത്തിട്ടകൾ മുഴുവൻ നമ്മൾ വാരി നഷ്ടപ്പെടുത്തിക്കഴിഞ്ഞിരി ക്കുകയാണ്. നദീതട സംസ്ക്കാരത്തെക്കുറിച്ച് എല്ലാവർക്കും അറിയാവുന്ന താണ്. ഭാരതത്തിൽ നദീതട സംസ്ക്കാരങ്ങളാണ് ഏറ്റവും പുരാതനമായ സംസ്ക്കാരങ്ങൾ എന്ന് ഏവർക്കുമറിയാം. ഗംഗയും യമുനയും കാവേരി യുമുൾപ്പടെയുള്ള നദികളെ പുണ്യനദികളായി കാണുന്ന ഒരു ജനതയാണ് ഇവിടെയുള്ളത്. നദികളിൽ മുങ്ങിക്കുളിക്കുന്നതിനുവേണ്ടി കോടിക്കണ ക്കിനാളുകൾ വന്നുചേരുന്ന ലോകത്തിനുതന്നെ അത്ഭുതമായിട്ടുള്ള കുംഭ മേളയും, പന്ത്രണ്ട് വർഷത്തിലൊരിക്കൽ നടക്കുന്ന മഹാകുംഭമേളയുമെല്ലാം ഇവിടെയാണ്. പുണ്യത്തിനുവേണ്ടി കുംഭമേള സമയത്ത് നദികളിൽ മുങ്ങി പുണ്യം നേടുന്ന ഒരു വിഭാഗമുണ്ടെങ്കിൽ കേരളത്തിലെ നദികളിൽ മുങ്ങി മണൽ എടുക്കുന്നവർ പാപം നേടുകയാണ് ചെയ്യുന്നത്. പുണ്യനദികളാ ണെന്ന സങ്കൽപ്പത്തോടുകൂടി പുണ്യംനേടാൻ നദികളിൽ മുങ്ങുന്ന ഇന്ത്യയിലിപ്പോൾ മണൽ വാരാനും അതുവഴി പാപം നേടാനുംവേണ്ടി നദി കളിൽ മുങ്ങിക്കയറുന്ന ഒരു അവസ്ഥയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. സ്വാഭാവികമായിട്ടുള്ള തടയണകളെല്ലാം നശിച്ചുപോയതു കൊണ്ട് നദികളുടെ കാര്യം വളരെ അപകടത്തിലാണ്. എല്ലാ നദികളുടെയും

ജലസമ്പത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്, മരിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിയോടുള്ള നമ്മുടെ സമീപനം ക്രൂരമാണ്. ജലസമ്പത്ത് കാലാകാലം ഇവിടെയുണ്ടാകുമെന്നും അത് ഒരിക്കലും നഷ്ടമാകില്ലെന്നും കരുതുന്നതിൽ അർത്ഥമില്ല. ഒരിക്കൽ വായിച്ചപ്പോൾ എനിക്ക് കിട്ടിയ വിവരം എന്താണെന്നു വച്ചാൽ ജലം ഭൂമിയിൽ ഉണ്ടായിരുന്ന ഒരു സാധനമല്ല, അത് മറ്റെവിടെ നിന്നോ വന്നതാണ് എന്ന നിഗമനത്തിലെത്തിലേക്ക് ഗവേഷണത്തിന്റെ ഫല മായി പലരും എത്തിച്ചേർന്നിട്ടുണ്ട്. അത്രയും പ്രധാനപ്പെട്ട, മനുഷ്യജീവിത ത്തിന് പ്രാണവായുപോലും നൽകുന്ന ജലസമ്പത്ത് ഇങ്ങനെ ദുരുപയോഗം ചെയ്താലും ഏത് കാലത്തും നിലനിൽക്കുമെന്ന് കരുതുന്നതിൽ യാതൊരു അർത്ഥവുമില്ല. ഭൂമിയെക്കുറിച്ച് ഒ.എൻ.വി. പാടിയിട്ടുണ്ട്,

നീയെന്റെ രസനയിൽ വയമ്പും
നറുംതേനുമായ് വന്നൊരാദ്യാനുഭൂതി
നീയെന്റെ തിരികെടും നേരത്തു
തീർത്ഥ കണമായ് അലിയും അന്ത്യാനുഭൂതിയിൽ
നിന്നിൽ കുരുക്കുന്ന കറുകയുടെ നെറുകയിലെ
മഞ്ഞുനീർത്തുള്ളിയിൽപ്പോലുമൊരു കുഞ്ഞുസൂര്യനുണ്ട്
അതുകണ്ടുദിച്ചിതെൻ കരളിലൊരു വിസ്മയ വിഭാതം

ഭൂമിയും ജലവുമാണ്, നമ്മൾ ഇവിടെ ജനിച്ചുവീണപ്പോൾ മുതൽ നീയെന്റെ രസനയിൽ (നാവിൽ) വയമ്പും നറുംതേനുമായ് വന്നൊരാദ്യാനുഭൂതി, അതു കഴിഞ്ഞ് നമ്മൾ മരിച്ചുപോകുമ്പോൾ, നീയെന്റെ തിരികെടും നേരത്ത് തീർത്ഥ കണമായ് അലിയും അന്ത്യാനുഭൂതിയിൽ. അത്രകണ്ട് മനുഷ്യൻ വെള്ളവുമായി ബന്ധപ്പെട്ടിരിക്കുകയാണ്. വാസ്തവത്തിൽ ശുക്ലമാകുന്ന ജല ത്തിലാണ് ബീജങ്ങളായി മനുഷ്യർ വരുന്നത്. ശുക്ലമാകുന്ന ജലത്തിൽ ബീജ

മായി ജനിക്കുന്ന മനുഷ്യൻ മുലപ്പാലാകുന്ന ജലം കുടിച്ചാണ് വളരുന്നത്, ചൈതന്യം നേടുന്നത്. അതുകഴിഞ്ഞ് മരിക്കുമ്പോൾ ഒരു കവിൾ വെള്ളം കുടിച്ചാണ് മരിക്കുന്നത്. വെള്ളമെന്നുപറയുന്നതാണ് ജീവൻ. അത് അത്ര യേറെ ഇംപോർട്ടന്റായ ഒന്നാണ്. പക്ഷെ, പ്രകൃതിയോടുള്ള നമ്മുടെ സമീപനം വളരെ മോശമായതുകൊണ്ട് ജലസമ്പത്ത് നശിച്ചുകൊണ്ടിരിക്കുക യാണ്. ഞാൻ അടുത്ത കാലത്ത് ഖത്തറിൽ പോയപ്പോൾ ദോഹയിലെ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്ന തൊഴിലാളികളെ കണ്ടു. അവർ പ്രകൃതിയെ സംരക്ഷിക്കുന്നതിന് എന്തുമാത്രം നല്ല സമീപന മാണ് സ്വീകരിക്കുന്നതെന്ന് അറിഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. ഇന്നേ വരെ അറിയാൻ കഴിയാത്ത ഒരു പുതിയ വിവരം എനിക്ക് അവിടെനിന്നും കിട്ടി. അവർ തുറമുഖം വികസിപ്പിക്കുന്നതിനുവേണ്ടി സമുദ്രം ആഴം കൂട്ടുന്ന പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ അമേരിക്കയിൽ നിന്ന് ഒരു വലിയ കമ്പനിയെ കൊണ്ടുവന്ന് മില്യൺ കണക്കിന് ഡോളർ നൽകി ഒരു കരാർ കൊടുത്തിട്ടുണ്ട്. ആ അമേരിക്കൻ കമ്പനിയുടെ പണി കടലിന്റെ ആഴങ്ങളിൽ വളരുന്ന പവിഴപ്പുറ്റുകളും ജലസസ്യങ്ങളെയും ജലജീവിക ളെയുമെല്ലാം മാറ്റി സ്ഥാപിക്കുക എന്നതാണ്. മില്യൺ കണക്കിന് ഡോളർ വാങ്ങിയശേഷം കടലിനടിയിലുള്ള പവിഴപ്പുറ്റുകളും ജലസസ്യങ്ങളുമെല്ലാം പറിച്ചുനടുകയാണ്. കടലിൽ ആഴം കൂട്ടേണ്ട സ്ഥലത്തുള്ള പവിഴപ്പുറ്റുകളും ജലസസ്യങ്ങളുമെല്ലാം നഷ്ടപ്പെട്ടുപോകാതിരിക്കാൻവേണ്ടി പറിച്ചെടുത്ത് വേറെ സ്ഥലത്തുപോയി കൊണ്ടുവയ്ക്കണം. മാറ്റിവയ്ക്കുന്ന പവിഴ പ്പുറ്റുകൾക്ക് പുതിയ സ്ഥലത്ത് വേരുപിടിച്ചു എന്ന് ഉറപ്പായശേഷം മാത്രമേ കമ്പനിയുടെ ബിൽ സെറ്റിൽ ചെയ്യുകയുള്ളൂ. കടലിനടിയിൽ ഇടപെടുന്ന സന്ദർഭത്തിൽപ്പോലും അവിടത്തെ പ്രകൃതിദത്തമായ സസ്യങ്ങളും

ജീവികളും നശിച്ചുപോകാതിരിക്കാൻ ശ്രദ്ധിക്കുന്ന തരത്തിലുള്ള പുതിയ ടെക്നോളജി ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നത് വിസ്മയാവഹമായ കാര്യമാണ്. അതെല്ലാം പ്രയോജനപ്പെടുത്തുന്ന തരത്തിലേക്ക് ഇന്ത്യ വളർന്നിട്ടുണ്ടോ എന്നെനിക്ക് അറിഞ്ഞുകൂടാ. വിഴിഞ്ഞം പോലെയുള്ള പുതിയ തുറമുഖങ്ങൾ ഇവിടെയും നിർമ്മിക്കുകയാണ്, അതിനുവേണ്ടി കടലിന്റെ ആഴം കൂട്ടാൻ പോകുകയാണ്. പക്ഷെ നമ്മൾ അവിടെയുള്ള പവിഴപ്പുറ്റുകളും ജലസസ്യങ്ങളും പറിച്ചുനടുമോ അത് വാരിക്കളയുമോ എന്നെനിക്ക് അറിഞ്ഞുകൂടാ. ഇത് നിർഭാഗ്യകരമായ സാഹചര്യമാണ്. അതുപോലെ വെള്ളവും മനുഷ്യ ജീവിതവുമായി എത്ര അടുത്താണ് ബന്ധപ്പെട്ടിരിക്കുന്നത്? ഞാനിപ്പോൾ സംസാരിക്കുന്നത് വായിൽ ജലമുള്ളതുകൊണ്ടാണ്. വായിൽ വെള്ളം വറ്റിയാൽ ഒരു ഗ്ലാസ് വെള്ളം എനിക്ക് ആരെങ്കിലും കൊണ്ടുതരേണ്ടതായി വരും. വായിൽ ജലമുണ്ടെങ്കിൽ മാത്രമേ സംസാരിക്കാൻ കഴിയൂ. ഉമിനീരുണ്ടെങ്കിൽ മാത്രമേ വായ ഇന്നത്തെ അവസ്ഥയിൽ നിലനിൽക്കുകയുള്ളൂ. കണ്ണിന് നനവുണ്ടെങ്കിൽ മാത്രമേ തുറക്കാൻ സാധിക്കുകയുള്ളൂ. കാതിൽ ചെറിയ നനവുണ്ടെങ്കിൽ മാത്രമേ കേൾക്കാൻ സാധിക്കുകയുള്ളൂ. അവയവങ്ങളുടെ സന്ധിയിൽ നനവുണ്ടെങ്കിൽ മാത്രമേ അത് മടക്കാൻ സാധിക്കുകയുള്ളൂ. കുടലിൽ നനവുണ്ടെങ്കിൽ മാത്രമേ ഭക്ഷണം ദഹിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളുണ്ടാവുകയുള്ളൂ. ഭക്ഷണം പാകംചെയ്യാൻ വെള്ളം ആവശ്യമാണ്. പക്ഷി–മൃഗാധികൾക്കും, വൃക്ഷലതാതികൾക്കും ജലം വേണം. കാലുകൾ കഴുകിക്കയറുക, കൈകൾ കഴുകി ഭക്ഷിക്കുക എന്നിവ എത്രയോ കാലമായുള്ള നമ്മുടെ ശീലമാണ്. ശരീരത്തിൽ വെള്ളം നൽകുന്ന സുരക്ഷിതത്വവും അത് വരളുമ്പോൾ വരുന്ന അരക്ഷിതത്വവും നമുക്ക് അറിയാ

വുന്നതാണ്. രക്തചംക്രമണം പോലെ ഭൂമിയിലാകെ നദികളും അരുവികളും സഞ്ചരിക്കുകയാണ്. ഒരു മനുഷ്യശരീരത്തിൽ ജീവൻ നിലനിൽക്കാൻ രക്തചംക്രമണം എത്രത്തോളം ആവശ്യമാണോ അതുപോലെ ഭൂമിയെ ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കുന്ന നദികളും ജലാശയങ്ങളും കടലും ഭൂമിയെ ജീവിപ്പിക്കുകയാണ്. അത് അഴുക്കാവുമ്പോൾ ഭൂമിക്ക് രോഗം ബാധിക്കുകയാണ്. നമ്മുടെ രക്തത്തിൽ അണുക്കൾ കടക്കുകയും രക്തം മലിനമാകുകയും ചെയ്യുമ്പോഴാണ് നാം രോഗികളായിത്തീരുന്നത്. നമ്മുടെ സ്വഭാവത്തെ നിർണ്ണയിക്കുന്നതിൽപോലും ജലത്തിന് പങ്കുണ്ട്. സ്വഭാവവും വെള്ളവുമായി ബന്ധമുണ്ട്. മിനറലുകളെല്ലാം വെള്ളത്തിൽ കലരുന്നതുകൊണ്ട് അത് സ്വഭാവത്തെ നിയന്ത്രിക്കുന്നുണ്ട്. ശുദ്ധജലം കുടിക്കുന്ന ഒരാളുടെ സ്വഭാവമായിരിക്കില്ല അശുദ്ധജലം കുടിക്കുന്ന ആളിന് ഉണ്ടാകുന്നത്. ഇന്നിപ്പോൾ പ്രതിപക്ഷത്തുനിന്ന് പലരും വഴക്കുണ്ടാക്കുന്നതിന് കാരണം അശുദ്ധജലം കഴിച്ചതുകൊണ്ടാണെന്നാണ്, അവരുടെ ശരീരത്തിലൂടെ സഞ്ചരിക്കുന്നത് ശുദ്ധരക്തമല്ലാത്തതുകൊണ്ടാണ് അങ്ങനെയുള്ള മുൻകോപവും മറ്റുമുണ്ടാകുന്നതെന്നാണ് എനിക്ക് തോന്നുന്നത്. ശാസ്ത്രജ്ഞൻമാർ പറയുന്നത് മനുഷ്യന് അസ്വസ്ഥതയുണ്ടാക്കുന്ന ലോഹമാണ് മെർക്കുറി, കോപം ഉണ്ടാക്കുന്ന ലോഹമാണ് ഈയം, വിഷാദത്തിന് കാരണം അലൂമിനീയമാണ്, നിരാശയുണ്ടാക്കുന്ന മെറ്റലാണ് ഉരുക്ക്, സമ്മർദ്ദമുണ്ടാക്കുന്ന മെറ്റലാണ് സിങ്ക്, കാഡ്മിയം സ്നിഗ്ദതയുണ്ടാക്കുന്ന മെറ്റലാണ്. 108 മൂലകങ്ങളാലാണ് ഈ പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അതുപോലെ മനുഷ്യനും ജീവികൾക്കും 108 തൃഷ്ണകളുണ്ട്. ഓരോ മൂലകവുമായി ബന്ധപ്പെട്ടതാണ് ഓരോ തൃഷ്ണയും. ശുദ്ധജലം ചെയ്യുന്നത് എന്താണ്? ശുദ്ധജലം ഇതെല്ലാം കലർത്തി അതിന്റെ ശരിയായ അളവിൽ നമ്മുടെ ശരീരത്തിലേക്ക്

നൽകിക്കൊണ്ടിരിക്കുകയാണ്. നല്ല സ്വഭാവമുള്ളവനായി തീരുവാനും, സന്തോഷത്തോടുകൂടി ഇരിക്കുവാനും, സ്വസ്ഥനായി ഇരിക്കുവാനും നാം കുടിക്കുന്ന ശുദ്ധജലവും മലിനരഹിതമായ രക്തവും നമ്മെ സഹായിക്കുമെന്നതാണ് ശാസ്ത്രീയമായ കണ്ടുപിടിത്തം. അതുപോലെതന്നെ അറിവ് പകർത്താനുള്ള കഴിവ് വെള്ളത്തിനുണ്ട്. വെള്ളം എങ്ങനെയാണ് അറിവ്പകർത്തുന്നതെന്ന് ചോദിക്കും. പുണ്യജലം എന്നുപറയുന്നത് തമാശയല്ല, ജലത്തിൽ നിന്നാണ് ജീവികൾ ഉണ്ടായതെന്നാണ് വേദഗ്രന്ഥങ്ങളിലും ഉപനിഷത്തുക്കളിലും ബൈബിളിലും ഖുറാനിലുമെല്ലാം പറഞ്ഞിട്ടുള്ളത്. ബൈബിളിൽ, പ്രവാചകനായ മോശയോട് ജനം കയർത്തത്......, വെള്ളമില്ലാത്ത ഈ വരണ്ടുണങ്ങിയ പ്രദേശത്തേക്ക് ഞങ്ങളെ എന്തിന് വിളിച്ചു കൊണ്ടുവന്നു; വെള്ളമില്ലാതെ ഞങ്ങളും ഞങ്ങളുടെ കന്നുകാലികളും മരിച്ചു പോകുന്നതിനുവേണ്ടിയോ എന്നുപറഞ്ഞ് പ്രവാചകനായ മോശയോട് ജനം കയർത്തപ്പോഴാണ് മോശ സാഷ്ടാംഗം വീണുകിടന്ന് ദൈവത്തോട് പ്രാർത്ഥിച്ചതും പാറപൊട്ടി അവിടെ ജലപ്രവാഹമുണ്ടായതെന്നും ബൈബിളിൽ പറഞ്ഞിട്ടുണ്ട്. അതുപോലെയുള്ള പല സംഗതികളും വേദഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. നമുക്കറിയാം, –4 ഡിഗ്രി സെൽഷ്യസിലുള്ള വെള്ളമാണ് ഏറ്റവും ഭാരം കൂടിയ ജലമെന്നുപറയുന്നത്. –4 ഡിഗ്രി സെൽഷ്യസ് താപനിലയുള്ള ഒരു സി.സി. വെള്ളത്തിന്റെ ഭാരമാണ് ഒരു ഗ്രാം എന്നുപറയുന്നത്. ഗ്രാമിനെ ഡിഫൈൻ ചെയ്യുന്നത് ജലം ഉപയോഗിച്ചാണ്. –4 ഡിഗ്രി സെൽഷ്യസിലുള്ള ജലത്തിന് മറ്റൊരു ഡിഗ്രിയിലുമില്ലാത്ത വ്യത്യാസമുണ്ട്. ആർട്ടിക് പ്രദേശത്തും അന്റാർട്ടിക് പ്രദേശത്തുമെല്ലാം കടലിനുമുകളിൽ എത്ര താപനിലയുണ്ടായാലും താഴേത്തട്ടിൽ വെള്ളം ഐസാകാതെ കാത്തുസൂക്ഷിക്കുന്നതും ജീവികളെ നിലനിറുത്തുന്നതും വെള്ളത്തിന്റെ അത്ഭുത

കരമായ പ്രതിഭാസമാണ്. മുകളിൽ എത്ര മഞ്ഞുകട്ടി വന്നാലും മുഴുവൻ വെള്ളവും ഐസായി മാറിയാലും താഴെ ജീവികൾക്ക് ജീവിക്കാനാവശ്യമായ തരത്തിലുള്ള താപനിലയിൽ വെള്ളത്തെ നിലനിറുത്തുന്ന അത്ഭുതകരമായ പ്രതിഭാസം വെള്ളത്തിനുണ്ട്. ജപ്പാനിലെ ഒരു ശാസ്ത്രജ്ഞൻ എഴുതിയ ഒരു പുസ്തകം അടുത്ത കാലത്ത് ഞാൻ വായിക്കാനിടയായി. വെള്ളത്തിന്റെ അറിവ് പകർത്താനുള്ള കഴിവുകളെക്കുറിച്ച് നടത്തിയ ഒരു പരീക്ഷ ണത്തെക്കുറിച്ചാണ് ആ പുസ്തകത്തിൽ അദ്ദേഹം വിവരിക്കുന്നത്. ആ പരീ ക്ഷണത്തിൽ അദ്ദേഹം തെളിയിച്ചതും ചില അത്ഭുതകരമായ കാര്യങ്ങളാണ്. അദ്ദേഹത്തിന്റെ പരീക്ഷണം ചുരുക്കിപ്പറഞ്ഞാൽ, അദ്ദേഹം ഒരു സ്ഫടിക പാത്രത്തിൽ വെള്ളമെടുത്ത് ആ സ്ഫടിക പാത്രത്തിനുചുറ്റും സ്നേഹം, കൃതജ്ഞത എന്നെല്ലാമുള്ള നല്ല വാക്കുകൾ എഴുതി ഒട്ടിച്ചുവയ്ക്കുകയും പിന്നീട് ആ സ്ഫടിക പാത്രത്തിലെ ജലം ഘനീഭവിക്കുന്നതിനുവേണ്ടി തണു പ്പിക്കുകയും ചെയ്തു. കൃതജ്ഞത, സ്നേഹം എന്നെല്ലാം എഴുതിയ ഭാഗം വെള്ളത്തിനുനേരെ തിരിച്ചാണ് ഒട്ടിക്കുന്നത്. നല്ലവാക്കുകൾ എഴുതിയ വെള്ള ത്തിൽ രൂപപ്പെടുന്ന ക്രിസ്റ്റലുകൾ അതിമനോഹരമായിരുന്നു, ഹിമപരലുകൾ എന്നെല്ലാം മലയാളത്തിൽ വേണമെങ്കിൽ പറയാം. ആ പരലുകൾ വളരെ മനോഹരമായിരുന്നു. നേരെമറിച്ച് വെറുപ്പ്, വിദ്വേഷം എന്നെല്ലാം എഴുതി ഒരു സ്ഫടിക പാത്രത്തിലെ ജലം തണുപ്പിച്ചപ്പോൾ അതിൽ നിന്നും രൂപപ്പെട്ട ക്രിസ്റ്റലുകൾ വളരെ ബീഭത്സമായിരുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. അതിന്റെ ചിത്രങ്ങളെല്ലാം ആ പുസ്തകത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ശാസ്ത്രജ്ഞൻ നടത്തിയ വമ്പിച്ച പരീക്ഷണമാണ്. ജലത്തിന് ഇതെല്ലാം ആവാഹിക്കുവാനുള്ള..........,

(ശ്രീ. കെ. എൻ. എ. ഖാദർ – തുടരും – ശ്രീ. ഡൊമനിക് പ്രസന്റേഷൻ)

<u>ശ്രീ. ഡൊമനിക് പ്രസന്റേഷൻ</u>: സർ, വെള്ളത്തിൽ സൂര്യപ്രകാശം പതിച്ചുകഴിയുമ്പോഴാണ് വിബ്ജിയോറായി മാറുന്നത്. ദൈവം പ്രളയം കൊണ്ട് ഭൂമിയെ നശിപ്പിച്ചപ്പോഴും പിന്നീട് ഒരിക്കൽ പ്രളയം ഉണ്ടാകില്ലെന്ന് കാണിച്ചത് മഴവില്ലുകൊണ്ടാണ്. ആ മഴവില്ല് ഉണ്ടായത് വെള്ളത്തിൽ സൂര്യ രശ്മി പതിച്ചാണെന്ന് അങ്ങേക്കറിയില്ലേ?

<u>ശ്രീ. കെ. എൻ.എ ഖാദർ</u>: മഴവില്ലുണ്ടാകുന്നതിനെക്കുറിച്ച് എനിക്കറിയാം. എല്ലാം അറിഞ്ഞുകൂട. മഴവില്ല് ഞാനും കണ്ടിട്ടുണ്ട്, മനോഹ രമാണ്. ജലമാകുന്ന സ്ഫടികത്തിനകത്തുകൂടെ പ്രകാശം കടന്നുപോകു മ്പോഴാണ് മഴവില്ല് ഉണ്ടാകുന്നതെന്ന് നമ്മൾ ചെറിയ ക്ലാസുകളിൽ പഠിച്ചിട്ടുണ്ട്. അതിലേറെ എനിക്കറിഞ്ഞുകൂട. ഭാരതീയ ഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്.

ആ പോവ ഇദം സർവ്വം-വെള്ളം സർവ്വവുമാണെന്ന് വേദവാക്യമുണ്ട്..

ആ പോനാരാ ഇതി പ്രോക്താ,

ആ പോവൈ നരസ്പുനവ

മനുസ്മൃതിയിൽ പറഞ്ഞിട്ടുള്ളതാണ്. നാരം എന്നാൽ വെള്ളം. നരൻ നാര യിൽ നിന്ന് ഉത്ഭവിച്ചതാണ്. നരൻ വെള്ളം തന്നെ. നാരം എന്നാൽ അമൃത് എന്നും അർത്ഥമുണ്ട്. അതുപോലെ തന്നെ സഫാ മർവാ കുന്നുകൾക്കിടയി ലുള്ള ഓട്ടം ഹജ്ജിന്റെ ഒരനിവാര്യതയാണ്. ഹജ്ജിന് പോകുന്നവർക്കും ഉംറയ്ക്ക് പോകുന്നവർക്കും മക്കയിൽ മുസ്ലീങ്ങൾക്ക് ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് സഫാ മർവ കുന്നുകൾക്കിടയിലുള്ള ഓട്ടം. അത് അനുസ്മരി പ്പിക്കുന്നത്, ഇബ്രാഹിം നബി അലൈഹിസ്സലാമിന്റെ പുത്രൻ, ഖാജിറ ബീവി യിലുണ്ടായ പുത്രൻ ഇസ്മായീൽ, ആ പിഞ്ചുകുഞ്ഞ് ഒരു തുള്ളി ജലം കിട്ടാതെ മരിച്ചുപോകുമെന്ന സ്ഥിതി വന്നപ്പോൾ ആ കുട്ടിയുടെ ഉമ്മ ഖാജിറ

ഈ രണ്ട് കുന്നുകൾക്കിടയിൽ വെള്ളം അന്വേഷിച്ച് നടത്തിയ ഓട്ടത്തിന്റെ അനുസ്മരണമാണ് ഹജ്ജിന്റെ ഭാഗമായി സഫാ മർവാ എന്ന രണ്ടു കുന്നു കൾക്കിടയിൽ ഓടുന്നത്. അന്നവിടെ സംസം എന്ന ഉറവ പൊട്ടി വന്നില്ലായി രുന്നെങ്കിൽ ആ കുഞ്ഞ് ജീവിച്ചിരിക്കുമായിരുന്നില്ല. ആ കുഞ്ഞിൽ നിന്നാണ് ഒരു വലിയ സമൂഹം ലോക ജനതയിൽ പിന്നീട് ആവിർഭവിച്ച തെന്ന് നമുക്കറിയാം. ജലത്തിനുവേണ്ടിയുള്ള ഓട്ടത്തിന്റെ സ്മരണയാണ് ഹജ്ജിന് പോലും നമ്മൾ സ്മരിക്കുന്നത്. ജലമില്ലാത്ത സ്ഥലത്ത് മനുഷ്യർക്ക് ജീവിക്കുവാൻ സാധിക്കുകയില്ല. ജീവജാലങ്ങൾ ഉണ്ടാവുകയില്ല. അതു കൊണ്ടാണ് നമ്മൾ ബഹിരാകാശത്ത് പോയി വിവിധ ഗ്രഹങ്ങളിൽ പരീക്ഷണം നടത്തുമ്പോൾ അവിടെ മനുഷ്യനുണ്ടായിരുന്നോ ജീവജാലങ്ങളു ണ്ടായിരുന്നോ എന്നതിന് തെളിവായി അവിടെ വെള്ളമുണ്ടായിരുന്നോ എന്ന അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്. അത്രയും സുപ്രധാനമായ ഒന്നാണ് വെള്ളം എന്ന കാര്യത്തിൽ ആർക്കും ഒരു തർക്കവുമില്ല. പക്ഷെ ഇതെല്ലാം നശിപ്പിച്ചത് നമ്മൾ തന്നെയാണ്. പുറമേ നിന്ന് ആരും വന്ന് നശിപ്പിച്ചതല്ല. ഇവിടെയുള്ള മൂന്ന് നീർത്തടങ്ങൾ രാംസർ കൺവെൻഷൻ അംഗീകരിച്ച നീർത്തടങ്ങളാണ്. 1. ശാസ്താംകോട്ട തടാകം – ഇതിന്റെ വിസ്തൃതി 373 ഹെക്ടറാണ്. 2. വേമ്പനാട്ട് കോൾ നിലങ്ങൾ – 1,51,250 ഹെക്ടർ വിസ്തൃതി യുള്ള തണ്ണീർത്തടമാണ്. 3. അഷ്ടമുടിക്കായൽ– 61,400 ഹെക്ടർ വിസ്തൃതി യുള്ളതാണ്. സ്വിറ്റ്സർലാന്റ് ആസ്ഥാനമായുള്ള രാംസർ ആണ് തണ്ണീർത്തട ങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഐക്യരാഷ്ട്രസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനം. വേമ്പനാട്ട് കോൾനിലങ്ങളിൽ 10 നദികൾ വന്നുചേരുന്ന ജലസമ്പത്താണ്. ആ മൂന്ന് കായലുകളുടെ കാര്യം

കഷ്ടമാണ്. അവ വറ്റിക്കൊണ്ടിരിക്കുന്നു, നശിച്ചുകൊണ്ടിരിക്കുന്നു. അശുദ്ധ മായിക്കൊണ്ടിരിക്കുന്നു. ഇവയെല്ലാം ഈ ബില്ലുമായി ബന്ധപ്പെട്ടുപറയുന്നു വെങ്കിലും ജലസംരക്ഷണമെന്നത് ഈ ബില്ലിന്റെ പരിധിയിൽ വരുന്ന ഒരു കാര്യമല്ല എന്നെനിക്ക് പൂർണ്ണമായ ബോദ്ധ്യമുണ്ട്. ഈ രീതിയിൽ ജലസമ്പത്ത് നഷ്ടപ്പെട്ടുപോയാൽ സംസ്ഥാനത്തിന്റെ ഭാവി ഇരുളടഞ്ഞതാ കുമെന്നതിന് സംശയമില്ല. ആ സമയത്ത് അണ്ണാറക്കണ്ണനും തന്നാലായത് എന്ന നിലയിൽ ഒരു അതോറിറ്റി ഉണ്ടായാൽ ചില നിയന്ത്രണങ്ങൾ വാട്ടർ മാനേജ്മെന്റിൽ ഉണ്ടായാൽ നല്ലത് എന്നുമാത്രമേ ഈ സന്ദർഭത്തിൽ പറയാൻ കഴിയുകയുള്ളൂ. ഇലക്ട്രിസിറ്റി ഉത്പാദിപ്പിക്കുന്നതിനുവേണ്ടി ഡാമുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. വളരെ ആപത്ക്കരമായ ദീർഘ വീക്ഷണമില്ലാത്ത നടപടികളാണ് നമ്മൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. മുല്ലപ്പെരിയാർ ഡാമിനെ സംബന്ധിച്ച് നിയമസഭ ഏകകണ്ഠമായ അഭിപ്രായം പാസ്സാക്കുകയും പുതിയൊരു ഡാം നിർമ്മിക്കണമെന്ന് ആവശ്യ പ്പെടുകയും ചെയ്ത സന്ദർഭമുണ്ടായിരുന്നു. അന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി വളരെ വികാരാധീനനായത് നമ്മൾ കണ്ടതാണ്. ഇന്ന് ആ വികാരങ്ങളൊക്കെ എവിടെപോയെന്ന് എനിക്കറിഞ്ഞുകൂട. മുല്ലപ്പെരിയാർ ഇപ്പോൾ അത്ര ആപത്കരമല്ലാത്ത തരത്തിൽ നമ്മൾ നിന്നുപോവുകയാണ്. ഞാൻ അതിന്റെ മെറിറ്റിലേക്കല്ല കടക്കുന്നത്. ഡാം നിർമ്മിക്കാൻ പാടില്ലാത്ത സ്ഥലത്താണ് ഡാം നിർമ്മിച്ചിരിക്കുന്നതെന്നാണ് പറയുന്നത്. ഡാം നിർമ്മി ക്കുന്ന എഞ്ചിനിയർമാർ എഞ്ചിനിയറിംഗ് കോളേജിൽ പഠിക്കുന്ന സബ്ജക്ടു കളിൽ ജിയോ ഫിസിക്സ് എന്നുപറയുന്ന ശാസ്ത്രശാഖ പഠിക്കാനില്ലായിരു ന്നു. അത് സിലബസിന്റെ ഭാഗമല്ലായിരുന്നു. കൺസ്ട്രക്ഷൻ നടത്തുന്ന സിവിൽ എഞ്ചിനിയർക്ക് അറിയാവുന്ന ഒരുപാട് കാര്യങ്ങളുണ്ടെങ്കിലും ഏത്

സ്ഥലത്ത് ഡാം പണിയണമെന്നതിനെക്കുറിച്ചുള്ള ഒരു ജിയോ ഫിസിക്സ് നോളജ് ഇല്ലാത്ത ഒരു എഞ്ചിനിയറാണ് ഡാം പണിയുന്നതെങ്കിൽ ഏത് സ്ഥലത്തും ഡാം കെട്ടും. അയാളുടെ മാനദണ്ഡങ്ങൾ പലതായിരിക്കും. അതാണ് മുല്ലപ്പെരിയാറിൽ ഡാം കെട്ടാൻ കാരണം. മുല്ലപ്പെരിയാർ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശത്തിന് ഒരു പ്രത്യേക പേരുണ്ട് ഞാൻ അത് ഇപ്പോൾ മറന്നുപോയി.

മി. സ്പീക്കർ: ശ്രീ. ഖാദർ, അങ്ങയുടെ പ്രസംഗത്തിൽ ഇടപെട്ടതല്ല. ഒരു പുതിയ ഏരിയയിലേക്ക് കടക്കണോ.

ശ്രീ. കെ. എൻ.എ. ഖാദർ: ഇത് അവസാനിച്ചു. ഈ ഏരിയ തീർത്തു.

മി. സ്പീക്കർ: അങ്ങ് സംസാരിച്ചോളു. മുല്ലപ്പെരിയാറിലേക്ക് കടക്കണോ എന്നാണ് ചോദിച്ചത്.

ശ്രീ. കെ.എൻ.എ. ഖാദർ: ഞാൻ മുല്ലപ്പെരിയാറല്ല ഉദ്ദേശിച്ചതെന്ന് പറഞ്ഞുതീരുമ്പോൾ മനസ്സിലാകും. എന്റെ പ്രശ്നം മുല്ലപ്പെരിയാറല്ല. ആ പ്രദേശമാണ്. ആ ഭൂപ്രദേശത്തിന്റെ പ്രത്യേകത മുഖം നോക്കുന്ന കണ്ണാടി പൊട്ടി ചിതറികിടക്കുന്ന രീതിയുലുള്ള ഭൂപ്രദേശമാണ്. അവിടെ ഡാം കെട്ടി യാൽ ആ ഡാമിലൂടെ വെള്ളം താഴോട്ട് ഇറങ്ങുകയും അത് ഭൂകമ്പമുണ്ടാ ക്കാനുള്ള കാരണമായി പിന്നീട് മാറുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകും. അങ്ങനെയുള്ള സ്ഥലത്താണ് ഡാം കെട്ടിയിരിക്കുന്നതെന്നാണ് പറയപ്പെടുന്നത്. വെള്ളത്തിനെ തടഞ്ഞുനിർത്തി അതിന്റെ സ്വാഭാവികമായ ഒഴുക്ക് വ്യത്യാസപ്പെടുത്തി നമ്മുടെ ബാത്റൂമിലേക്ക് വെള്ളത്തെ കടത്തിക്കൊണ്ടുവരുന്ന ഒരു കാലഘട്ടമാണ് ഇപ്പോൾ. മുൻപ് പുഴ പോകുന്ന വഴിയേ പോകുകയാണ്.

'Men may come and men may go

But I go on forever'

മനുഷ്യൻ വരും പോകും പക്ഷെ ഞാൻ ഒഴുകിക്കൊണ്ടേയിരിക്കും. എന്ന് കവി പാടിയതുപോലെ നദി അനുസ്യൂതമായി ഒഴുകിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഒഴുകിക്കൊണ്ടിരിക്കുന്ന നദിയിലേക്ക് മനുഷ്യൻ ചെന്ന് കുളിച്ചു കയറുകയായിരുന്നു. കുടിക്കാനുള്ള വെള്ളം എടുക്കുകയായിരുന്നു. എന്നാൽ ഇന്ന് അതിനുപകരം നാം വീട്ടിലിരുന്ന് നമ്മുടെ ബാത്ത്റൂമിലേക്ക് നദിയെ കൊണ്ടുപോകുകയാണ്. ആ നദി ടാപ്പുവഴി നമ്മുടെമേൽ ജലം വർഷിക്കുകയാണ്. ഇങ്ങനെ ഓരോ മനുഷ്യനും, ഓരോ കുടുംബവും, ഓരോ വ്യവസായശാലയും തന്റെ ഇഷ്ടപ്രകാരം ജലത്തെ താങ്കളുടെ താമസ സ്ഥലത്തേക്ക് ആവശ്യമുള്ള പ്രദേശങ്ങളിലേക്ക് ആട്ടിയോടിക്കുകയും കൊണ്ടുപോവുകയും ചെയ്യുന്നതോടുകൂടി നദിയുടെ സ്വാഭാവികത പൂർണ്ണ മായും നഷ്ടപ്പെട്ടുപോയിരിക്കുകയാണ്. ജലസമ്പത്ത് നഷ്ടപ്പെടുത്തി കൊണ്ടിരിക്കുന്ന കാലഘട്ടത്തിലാണ് ഇത്തരം ബില്ലുകളെക്കുറിച്ച് ആലോചി ക്കുന്നത്. ഈ ഭൂഗോളത്തിനുചുറ്റും പ്രദക്ഷിണം വയ്ക്കുന്ന ജലം നമ്മുടെ ശരീരങ്ങളിലൂടെ ഒഴുകി ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് പരക്കുകയാണ്. ഈ ഭൂഗോളത്തെ പ്രദക്ഷിണം ചെയ്യുന്ന നദികളെല്ലാം നമ്മുടെ ശരീരത്തി ലൂടെ ഒഴുകി പല ഭാഗങ്ങളിലേക്ക് പരന്നൊഴുകുകയാണ്. ജലവും വായുവും ഉൾപ്പെടുന്ന പഞ്ചഭൂതങ്ങളെക്കൊണ്ടാണ് മനുഷ്യരെ സൃഷ്ടിച്ചിട്ടുള്ളത്. അതിലുണ്ടാകുന്ന ഓരോ മാറ്റവും നമുക്ക് വരും. നമ്മുടെ കുറച്ച് സ്ഥലത്ത് മാത്രം ശുദ്ധജലം ഉണ്ടായതുകൊണ്ട് മാത്രം നമ്മൾ രക്ഷപ്പെട്ടുകൊള്ളണമെ ന്നില്ല. അത് ഒരു സമഗ്രമായ പ്രതിഭാസമാണ്. പ്രപഞ്ചത്തെ ആകെ

ബാധിക്കുന്ന പ്രതിഭാസമായാണ് നാം അതിനെ കാണേണ്ടത്. ജലം അത്ര സുപ്രധാനമായ സംഗതിയാണ്.

അമേരിക്കൻ പ്രസിഡന്റ് ശ്രീ. ബരാക് ഒബാമ കുളിച്ച് ഉപേക്ഷിച്ച വെള്ളത്തിലായിരിക്കും ചിലപ്പോൾ ഞാൻ കുളിക്കുന്നത്. അദ്ദേഹം ശ്വസിക്കുകയും പിന്നീട് ഉച്ഛ്വസിക്കുകയും ചെയ്ത കാർബൺ ഡൈ ഓക്സൈഡായിരിക്കും ഞാൻ ചിലപ്പോൾ ശ്വസിക്കുന്നത്. ഹിന്ദുവും മുസ്ലീമും ക്രിസ്ത്യനും തുടങ്ങിയ എല്ലാ ജാതിമതസ്ഥരും; എല്ലാ പ്രദേശത്ത് ജീവിക്കുന്നതും; എല്ലാ വർഗ്ഗങ്ങളും നരവംശങ്ങളും സംസ്കാരങ്ങളുമെല്ലാം ഉപയോഗിക്കുന്നത് ഒരേ വെള്ളമാണ്. നമ്മളിലൂടെ പരന്നൊഴുകുന്നത് ഒരേ ജലമാണ്. ഒരേ വായുവാണ്. അതുകൊണ്ടു തന്നെ മനുഷ്യൻ ഒന്നാണ് എന്ന സങ്കല്പം നൽകാൻ വായുവിനും വെള്ളത്തിനും സാധിക്കും. മനുഷ്യരെ ഒന്നിപ്പിക്കുന്ന ഒരു ഘടകം, അപ്പോൾ ദൈവികമായ ചില അത്ഭുതങ്ങൾ ഇതിലുണ്ടാകും. നേരത്തെ ഒരു ബിൽ അവതരിപ്പിച്ചു എന്നുള്ള കാരണത്താൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ വിശ്വാസത്തെക്കുറിച്ച് വരെ ചോദ്യം ചെയ്യുകയുണ്ടായി. അദ്ദേഹം ശരിയായ വിശ്വാസിയാണോ, പള്ളിയിൽ പോകുന്നവരൊക്കെ വിശ്വാസികളാണോ, വിശ്വാസമുള്ള ഒരാൾക്ക് ഇത് അവതരിപ്പിക്കാൻ സാധിക്കുമോ എന്നൊക്കെയാണ് ചോദിക്കുന്നത്. ഇതൊക്കെ പണ്ട് വേറെ ചില സംഘടനക്കാർ ചോദിച്ച ചോദ്യങ്ങളാണ്. വിശ്വാസികൾക്ക് രാജ്യം ഭരിക്കാൻ സാധിക്കുമോ എന്ന തരത്തിലുള്ള ചോദ്യമാണ് രാവിലെ ശ്രീ. പി. ജെ. ജോസഫിനോട് ചോദിച്ചത്. എന്തൊരു അത്ഭുതമാണ്? ഇദ്ദേഹം ഈ ഗവൺമെന്റിന്റെ ഭാഗമാണ്. ഇത് യു.ഡി.എഫ്-ന്റെ ബില്ലാണ്. അത് പൈലറ്റ് ചെയ്യാനുള്ള ഭാഗ്യമോ നിർഭാഗ്യമോ ശ്രീ. പി. ജെ. ജോസഫിനുണ്ടായി എന്നല്ലാതെ അദ്ദേഹം എന്ത് തെറ്റു ചെയ്തു? ഇതൊക്കെ

ഒരു പോളിസിയുടെ ഭാഗമാണ്. ഇന്ത്യയിൽ എല്ലായിടത്തും നടന്നുവരുന്ന സംഭവങ്ങളാണ്. അതു വച്ചുനോക്കുമ്പോൾ ഒരു മന്ത്രിയെ ആക്ഷേപിക്കുന്നതിൽ ഒരു കാര്യവുമില്ല. അദ്ദേഹം പൈലറ്റ് ചെയ്യുന്ന ഈ ബിൽ ഈ കാലഘട്ടത്തിന് ഏറ്റവും അനുയോജ്യമായ; അനിവാര്യമായ ഒരു ബില്ലാണ്. വെസ്റ്റ് ബംഗാൾ ഉൾപ്പെടെയുള്ള ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും നേരത്തെ നടപ്പാക്കപ്പെട്ടിട്ടുള്ള ബില്ലാണ് എന്ന് നമുക്കറിയാം. അതുകൊണ്ട് ഈ ബിൽ സന്ദർഭോചിതമായ ഒരു ബില്ലാണെന്ന് നമുക്ക് പറയാതിരിക്കാൻ നിർവ്വാഹമില്ല.

അതേ സമയത്ത് ഇത്രയൊക്കെ പറഞ്ഞതിൽനിന്ന് എനിക്ക് തോന്നിയിട്ടുള്ള കാര്യം ജലസമ്പത്ത് സംരക്ഷിക്കുന്നതിനും വാട്ടർ റിസോഴ്സസ് സംരക്ഷിക്കുന്നതിനും എന്തെങ്കിലും ചെയ്യണ്ടേ? അതിന് ഇവിടെ തണ്ണീർത്തട സംരക്ഷണ നിയമവും നദീതീര സംരക്ഷണ നിയമവുമില്ലേ എന്നൊക്കെ എന്നോട് ചോദിച്ചാൽ ഉണ്ടെന്ന് ഞാൻ ഉത്തരം പറയും. പക്ഷേ അതൊന്നും ഫലപ്രദമല്ല. ഇവിടെ ശ്രീ. വി. ഡി. സതീശൻ നേരത്തെ സംസാരിച്ചപ്പോൾ പറഞ്ഞു, കല്ലട ഇറിഗേഷൻ പ്രോജക്ട് നടപ്പിലാക്കുന്നതിന് ഇപ്പോൾ 500 കോടി രൂപയായി, 50 കോടിയിൽ ആരംഭിച്ച പ്രോജക്ടാണ് എന്ന്. കല്ലട ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി മണ്ണ് ചുമന്ന ഒരാളാണ് ഞാൻ. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ പ്രവർത്തകൻ എന്ന നിലയ്ക്ക് അന്ന് ഞങ്ങളെല്ലാം അതിനുവേണ്ടി സ്വമേധയാ അധ്വാനിക്കാൻ പോയിരുന്നു. ഏഴു ദിവസം കൈലിമുണ്ടും ബനിയനും ധരിച്ച് കല്ലട ഇറിഗേഷൻ പ്രോജക്ടിനു വേണ്ടി മണ്ണ് ചുമന്നിട്ടുണ്ട്. ഈ പ്രോജക്ടിന്റെ പണി ഇപ്പോഴും തീർന്നിട്ടില്ല എന്ന് പറയുമ്പോൾ എനിക്ക് സങ്കടം തോന്നുന്നുണ്ട്. എന്റെ കുട്ടിക്കാലത്ത് തിരുവനന്ത

പുരം ലോ കോളേജിലെ കുട്ടികൾ കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ പണിക്ക്, ബസ്സ് പിടിച്ചുപോയി ശ്രമദാനമായി മണ്ണ് ചുമന്നിട്ടുണ്ട്. ആ ഇറിഗേഷൻ പ്രോജക്ടിന്റെ പണി ഇപ്പോഴും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്നത് നിർഭാഗ്യകരമാണ്. ഇതൊക്കെ എന്തുകൊണ്ടാണ് സംഭവിക്കുന്നത്; ഈ നദീതീരങ്ങളെ സംരക്ഷിക്കുവാൻ നമുക്ക് എന്തുകൊണ്ടാണ് സാധിക്കാത്തത്? ഇത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. മനുഷ്യന്റെ ഇടപെടലുകൾ കൊണ്ട് പ്രകൃതിക്ക് ദോഷം സംഭവിക്കുന്നുണ്ട്. അങ്ങനെ ദോഷം വരാതെ ഇടപെടുക, ജലസമ്പത്ത് സംരക്ഷിക്കുവാനുള്ള ബില്ലോ നിയമങ്ങളോ ഉണ്ടാക്കുക എന്നുള്ളത് അത്യന്താപേക്ഷിതമായ കാര്യമാണ്. നമുക്കറിയാം, മനുഷ്യർ നട്ടുപിടിപ്പിക്കുന്ന ചില പൂന്തോട്ടങ്ങളുണ്ട്. ആ പൂന്തോട്ടങ്ങൾ മനോഹരമായിരിക്കും, പക്ഷേ അതിന് ആത്മാവ് ഉണ്ടാവില്ല. കാടിനാണ് ആത്മാവുള്ളത്. കാട് യഥേഷ്ടം വളരുന്നതാണ്. വർഷങ്ങളായി പടർന്നു പന്തലിച്ചു നിൽക്കുന്ന ഘോരവനങ്ങളുണ്ട്. ആ ഘോരവനങ്ങൾ....., അതിൽ ആത്മാവിന്റെ സാന്നിദ്ധ്യവും ധന്യതയും നമുക്കനുഭവപ്പെടും. നേരെമറിച്ച് മുഗൾ ചക്രവർത്തിമാർ ഉണ്ടാക്കിയ മനോഹരമായ പൂന്തോട്ടങ്ങൾ വെട്ടിനിർത്തി പുഷ്പിച്ച് നിൽക്കുന്നതു കണ്ടാൽ സൗന്ദര്യമുണ്ടാകും, പക്ഷേ ആത്മാവ് ഉണ്ടാവില്ല. കാടിന്റെ സൗന്ദര്യവും ധന്യതയും നഷ്ടമാകുന്നത് മനുഷ്യന്റെ ഇടപെടൽ കൊണ്ടാണ്. 1905-ൽ 44% വനങ്ങളായിരിന്നു കേരളത്തിലുണ്ടായിരുന്നത്. എന്നാൽ 1983-ലെ കണക്ക് അനുസരിച്ച് അത് 14% ആയി. ഇപ്പോൾ അത്ര പോലുമില്ല. 44% വനങ്ങളുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ വനങ്ങളൊക്കെ നഷ്ടപ്പെട്ടു പോയി. അതുപോലെ പശ്ചിമഘട്ട സംരക്ഷണ നിയമത്തെ സംബന്ധിച്ച് ഇവിടെ കൊണ്ടുവന്ന നിർദ്ദേശങ്ങളെ

ഭേദഗതി ചെയ്യാൻ ശ്രമിച്ചു. പശ്ചിമഘട്ട സംരക്ഷണത്തിനുവേണ്ടി നാം സ്വീകരിക്കുന്ന ഏത് നടപടിയും കേരളത്തിന്റെ ജലസമ്പത്ത് സംരക്ഷിക്കുവാൻ കൂടി സഹായകരമായ നടപടിയായിരിക്കും എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അതൊക്കെ അത്യന്താപേക്ഷിതമായ കാര്യങ്ങളാണ്. മനുഷ്യൻ സ്വയം മറക്കുകയാണ്. നമ്മളൊന്നും പ്രകൃതിയുടെ ഭാഗമല്ല. നമ്മളൊക്കെ ഒരു ജീവിയാണെന്ന സത്യം നാം ആദ്യം ഉൾക്കൊള്ളണം. നമ്മളൊക്കെ ഒരു ജന്തുവാണെന്ന് മനസ്സിലാക്കാനുള്ള കഴിവ് നമുക്ക് ആദ്യം വേണം. ഒരു ജീവി എന്ന നിലയിൽ നമുക്ക് ചില പ്രത്യേകതകളുണ്ട്. ആ പ്രത്യേകതകൾ പ്രകൃതിയുമായി ബന്ധപ്പെട്ടതാണ്. പ്രകൃതിയുമായി ബന്ധപ്പെട്ട അത്തരം പ്രത്യേകതകളെ നിർദ്ദാക്ഷിണ്യം തള്ളിക്കളഞ്ഞുകൊണ്ട് നമുക്ക് ഒരു സംഗതിയും നടപ്പിലാക്കാൻ സാധിക്കില്ല. ഈ നിയമങ്ങളും ജലവിഭവ അതോറിറ്റിയുമൊക്കെ വന്നാലും നമുക്ക് ജലസമ്പത്ത് സംരക്ഷിക്കാനാവുകയില്ല. റിസോഴ്സസ് ഇല്ലാതെ ഒന്നും നടത്താൻ സാധിക്കില്ല. പല പദ്ധതികളും മുടങ്ങിപ്പോകുന്നതിനെക്കുറിച്ച് പറഞ്ഞു. നേരത്തെ പറഞ്ഞ പലരോടും ഞാൻ യോജിക്കുകയാണ്. അതിന് എന്തെങ്കിലും ഒരു ഭേദഗതി നിർദ്ദേശിക്കുകയല്ല. അതുപോലെ ധാരാളം പ്രശ്നങ്ങളുണ്ട്.

എന്റെ നിയോജകമണ്ഡലത്തിലെ നാലു പഞ്ചായത്തുകൾക്കുവേണ്ടി ആരംഭിച്ച സാർക് കുടിവെള്ള പദ്ധതിയുണ്ട്. അതിനുവേണ്ടി കെട്ടിയ ടാങ്ക് എത്രയോ വർഷങ്ങളായി അതേ രീതിയിൽ നിൽക്കുന്നു. നാഷണൽ ഹൈവേ അതോറിറ്റി, റോഡിന്റെ സൈഡ് കുഴിക്കാൻ സമ്മതിക്കുന്നില്ല എന്ന ഒറ്റക്കാരണം കൊണ്ട് കുടിവെള്ള പദ്ധതിക്ക് മുടക്കിയ കോടിക്കണക്കിന് രൂപ വെറുതേ കിടക്കുകയാണ്. ഇങ്ങനെയുള്ള ധാരാളം പ്രശ്നങ്ങളുണ്ട്. മനുഷ്യർക്ക് മുഴുവൻ വെള്ളം കൊടുക്കാൻ; അവർക്ക് ആവശ്യാനുസരണം

വെള്ളം കൊടുക്കാൻ ഏതെങ്കിലും ഒരു ഗവൺമെന്റിന് സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അത് അസാധ്യമായിട്ടുള്ള ഒരു കാര്യമാണ്. ജലസ മ്പത്ത് സംരക്ഷിക്കുന്നതിനും ഏറെക്കുറെ ആ വിഷയങ്ങൾക്ക് പരിഹാരം കാണാനും സാധിക്കും. ഞാൻ അടുത്ത കാലത്ത് ടെലിവിഷനിൽ ഒരു ചിത്രം കണ്ടിരുന്നു. തിരുവനന്തപുരം ജില്ലയിലെ ഏതോ ഒരു തോടിന്റെ ചുറ്റുമായി കുറേ നാട്ടുകാർ വട്ടംകൂടി നിൽക്കുകയാണ്. അതിൽ സ്ത്രീകളും കുട്ടികളുമടക്കമുള്ളവരുണ്ടായിരുന്നു. എല്ലാവരും ഉപയോഗശൂന്യമായ കുപ്പികളും സാധനങ്ങളും ഒക്കെ വലിച്ചെറിഞ്ഞ് ആ തോട് അശുദ്ധമായി കിട ക്കുകയാണ്. ഒരു ടി. വി. ചാനലിന്റെ റിപ്പോർട്ടർ അവിടെ വന്ന് ഈ ദൃശ്യങ്ങ ളൊക്കെ പകർത്തിയിട്ട് അവിടെ കൂടിയിരിക്കുന്ന ആളുകളോട് ചോദിച്ചപ്പോൾ, ഗവൺമെന്റും കോർപ്പറേഷനും ഒന്നും ചെയ്യുന്നില്ല, അതു കൊണ്ട് ഇത് മലിനമായിരിക്കുകയാണ് എന്നാണ് നാട്ടുകാർ അഭിപ്രായപ്പെ ട്ടത്. സാധനങ്ങൾ മുഴുവൻ തോട്ടിൽ കൊണ്ടിട്ടത് അതിന്റെയടുത്ത് താമ സിക്കുന്ന ആൾക്കാരാണ്. ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. പി. ജെ. ജോസഫും ഒരു ഓട്ടോറിക്ഷ പിടിച്ചുകൊണ്ടുപോയി അതൊക്കെ വാരിക്കളയണം എന്ന മട്ടിലാണ് അവിടെ കൂടിയിരിക്കുന്നവർ വർത്തമാനം പറയുന്നത്. മാലിന്യ ങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിലും ജലസമ്പത്ത് സംരക്ഷിക്കുന്നതിലും ശുദ്ധജലം എല്ലാവർക്കും ലഭ്യമാക്കുന്നതിലും ജനങ്ങളുടെ കൂടി കൂട്ടായ സഹകരണമുണ്ടാകണം. എങ്കിൽ മാത്രമേ നമുക്കെന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. അതിന് ജനങ്ങളുടെ പാർട്ടിസിപ്പേഷൻ അത്യാവശ്യ മാണ്. ഏത് കാലത്തും എല്ലാ കാര്യങ്ങളും ഗവൺമെന്റ് നിറവേറ്റുമെന്ന് വിശ ്വസിക്കുന്ന ഒരാളല്ല ഞാൻ. ഞാൻ ഒരു പിന്തിരിപ്പനായിരിക്കാം, എനിക്ക് അതിൽ വിരോധമില്ല. എന്റെ സ്നേഹിതന്മാർ പലരും പറയുന്നത് കേട്ടാൽ

തോന്നും സകല കാര്യങ്ങളും ഏത് കാലത്തും ഒരു ഗവൺമെന്റിന് നടത്താൻ കഴിയുമെന്ന്? ഗവൺമെന്റിന് ചില പരിമിതികളുണ്ട്. The best Government is the Government, which governs the least. കുറച്ച് ഭരിക്കുന്ന ഗവൺമെന്റാണ് നല്ല ഗവൺമെന്റ് എന്ന സങ്കല്പമാണ് ഇപ്പോഴുള്ളത്. ആളുകളുടെ കാര്യങ്ങളിൽ ഇടപെട്ട് ബുദ്ധിമുട്ടുണ്ടാക്കാതെ ആളുകൾക്ക് യഥേഷ്ടം ജീവിക്കാൻ ആവശ്യമായിട്ടുള്ള സൗകര്യങ്ങളൊക്കെ ഉണ്ടാക്കിക്കൊടുക്കുന്ന ഒരു ഏജൻസി മാത്രമാണ് ഗവൺമെന്റ്. അവരുടെ സെക്യൂരിറ്റിയും അവരുടെ ഇടയിലുള്ള നല്ല ബന്ധങ്ങളും കാത്തുസൂക്ഷിക്കുന്നതും കുഴപ്പങ്ങളൊന്നുമില്ലാതെ ജീവിതം സ്വൈരമായി മുന്നോട്ട് നയിക്കുന്നതിന് സഹായകരമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതുമാണ് ഒരു ഗവൺമെന്റിന്റെ ജോലി. അതിനർത്ഥം ഇത് മുഴുവൻ പ്രൈവറ്റ് സെക്ടറിൽ കൊടുക്കണമെന്നല്ല. എല്ലാം ഗവൺമെന്റ് നടത്തണമെന്നുമല്ല. ഗവൺമെന്റ് നടത്തിയതും പൊളിഞ്ഞിട്ടുണ്ട്. പ്രൈവറ്റ് സെക്ടറിൽ കൊടുത്തതും പൊളിഞ്ഞിട്ടുണ്ട്. ഇൻ ബിറ്റ്വീൻ ദാറ്റ് ആയാണ് കാര്യങ്ങൾ ചെയ്യേണ്ടത്. എല്ലാം പൂർണ്ണമായും പൊതുമേഖലയിലാക്കാനോ സ്വകാര്യമേഖലയിലാക്കാനോ സാദ്ധ്യമല്ല. സ്വകാര്യമേഖല മാത്രമായിരിക്കുന്നിടത്തും പൊതുമേഖല മാത്രമായിരിക്കുന്നിടത്തും അതിന്റേതായ ദോഷങ്ങളുണ്ട്. ഇത് രണ്ടുമല്ലാത്ത, ഈ രണ്ടിനെയും സഹകരിപ്പിച്ചുകൊണ്ട്, ആരോഗ്യകരമായി സമന്വയിപ്പിച്ചുകൊണ്ട് മാത്രമേ വെള്ളത്തിന്റെ കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. ജലവിഭവ അതോറിറ്റി അല്ലെങ്കിൽ ജലവിഭവ റെഗുലേറ്ററി അതോറിറ്റി, ഒരു നിയന്ത്രണ അതോറിറ്റി എന്ന നിലയിൽ കേരളത്തിലുണ്ടാകുന്നത് ഇന്നത്തെ സാഹചര്യത്തിൽ വളരെ ആവശ്യമായിട്ടുള്ള കാര്യമാ

ണ്. അതിന് പറ്റിയ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതിൽ മന്ത്രിയുടെ വിശ്വാസ്യതയെക്കുറിച്ചും ദൈവവിശ്വാസത്തെക്കുറിച്ചും യേശു പറഞ്ഞതെന്താണ് എന്നൊക്കെ ചോദിച്ച്..... .ജനാധിപത്യം എന്നു പറയുമ്പോൾ Democracy is comparatively a better method of administration, അത്രയേയുള്ളൂ. താരതമ്യേന മെച്ചപ്പെട്ട ഒരു ഭരണരീതിയാണ് ജനാധിപത്യം. ലോകത്ത് പല രാജ്യങ്ങളിലും പട്ടാളഭരണം, സമഗ്രാധിപത്യഭരണം, ഏകാധിപത്യ ഭരണം ഇതൊക്കെ നടക്കുന്നുണ്ട്. പക്ഷേ താരതമ്യേന ഭേദപ്പെട്ട ഒരു ഭരണരീതിയാണ് ജനാധിപത്യം. ജനങ്ങൾ പറയുന്നതിൽ കാര്യങ്ങളുണ്ടാകും. നമ്മൾ അത് ഉൾക്കൊള്ളുകയും അതനുസരിച്ച് കാര്യങ്ങൾ ചെയ്യുകയും വേണം. പക്ഷേ എപ്പോഴും; എല്ലാ പ്രദേശത്തും; ഏത് കാലത്തും; എല്ലാ ജനങ്ങളും പറയുന്നത് നേരായിരിക്കും എന്ന് വിശ്വസിക്കാൻ സാധിക്കില്ല. അവർക്ക് വേണ്ടത് എന്താണെന്ന് തീരുമാനിക്കാൻ അവർ തെരഞ്ഞെടുത്തയച്ച ആളുകൾക്ക് സ്വാതന്ത്ര്യമുണ്ട്. ജനങ്ങൾ വേറെ എന്തുപറഞ്ഞാലും അവർക്ക് ഏതാണ് ഭാവിയിൽ നന്നാവുക എന്ന് ചിന്തിക്കാനുള്ള കഴിവ് ഈ നിയമസഭയ്ക്കും നേതൃത്വത്തിനും മന്ത്രിസഭയ്ക്കുമൊക്കെയുണ്ട്. ഉണ്ടാവണം.

യേശുക്രിസ്തുവിനെ ജൂതന്മാർ പിടിച്ചുകൊണ്ടുപോയി പിലാത്തോസിന്റെ മുമ്പിൽ ഹാജരാക്കി. എന്ത് കുറ്റമാണ് ചെയ്തതെന്ന് പിലാത്തോസ് യേശുക്രിസ്തുവിനോട് ചോദിച്ചപ്പോൾ അദ്ദേഹം മൗനം പാലിക്കുകയാണ് ചെയ്തത്. എന്ത് കുറ്റമാണ് യേശു ചെയ്തത്? ഒരു കുറ്റവും യേശു ചെയ്തിട്ടില്ലായെന്ന് ന്യായാധിപന് അറിയാം. ഇത്രയും വലിയ ജനാധിപത്യവാദിയായ ന്യായാധിപൻ ഇന്നുവരെ ഉണ്ടായിട്ടില്ല. അദ്ദേഹത്തെ പിടിച്ചുകൊണ്ടുവന്ന

ആളുകൾ കോടതിയുടെ മുമ്പിൽ തടിച്ചുകൂടി നിൽക്കുന്നുണ്ട്. ന്യായാധിപന്റെ മുമ്പിൽ യേശു കുറ്റവാളിയായി ചിത്രീകരിക്കപ്പെട്ട് നിൽക്കുകയാണ്. യേശുവിനെ മുന്നിൽ നിർത്തിക്കൊണ്ട് ന്യായാധിപൻ ജനങ്ങളോട് ചോദിച്ചു അല്ലയോ ജനങ്ങളെ, ഇന്നത്തെ ദിവസം ഒരു തടവുകാരനെ വിട്ടയയ്ക്കുവാനുള്ള അധികാരം എനിക്കുണ്ട്. കവർച്ചക്കാരനും, കൊള്ളക്കാരനും, കൊലയാളിയും, വ്യഭിചാരിയുമായ ബാറബാസ് എന്ന കുറ്റവാളി എന്റെ മുന്നിലുണ്ട്. മറുവശത്ത് യേശുവുമുണ്ട്. ഞാൻ യേശുവിനെ വിട്ടയയ്ക്കണമോ അതോ ബാറബാസിനെ വിട്ടയയ്ക്കണമോ എന്ന് ചോദിച്ചപ്പോൾ ജനങ്ങൾ അക്രോശിച്ചുകൊണ്ട് എന്താണ് പറഞ്ഞതെന്ന്  അറിയാമോ? ബാറബാസിനെ വിട്ടയയ്ക്കുക, യേശുവിനെ ക്രൂശിക്കുക എന്നാണ് ജനങ്ങൾ വിളിച്ച് പറഞ്ഞത്. അങ്ങനെ ജനാധിപത്യം വിജയിച്ചു. ബാറബാസിനെ വിട്ടയയ്ക്കപ്പെട്ടു. യേശുവിനെ കുരിശ്ശിലേയ്ക്ക് പറഞ്ഞയച്ചു. അവിടെ ജനാധിപത്യത്തിന് സത്യവുമായി പലപ്പോഴും ബന്ധമുണ്ടാകണമെന്നില്ല. അതുകൊണ്ട് സത്യവും അസത്യവും നമ്മൾ തിരിച്ചറിയണം. മഹാത്മാഗാന്ധി പണ്ട് ഒരു പരീക്ഷണം നടത്തുന്നതിനുവേണ്ടി സാധാരണ താപനിലയുള്ള വെള്ളം ഒരു പാത്രത്തിലും ഫ്രിഡ്ജിൽ നിന്നെടുത്ത നല്ല തണുത്ത വെള്ളം വേറൊരു പാത്രത്തിലും നല്ല തിളച്ചവെള്ളം മറ്റൊരു പാത്രത്തിലും എടുത്തുവച്ചു. ഒരാളോട് ചൂടുവെള്ളത്തിലും മറ്റെയാളോട് തണുത്ത വെള്ളത്തിലും വിരൽ മുക്കാൻ പറഞ്ഞു. അതിനുശേഷം രണ്ട് പേരോടും നോർമൽ വെള്ളത്തിൽ വിരൽ മുക്കാൻ പറഞ്ഞു.  തിളച്ച വെള്ളത്തിൽ വിരൽ മുക്കിയവനോട് നിനക്ക് എന്ത് തോന്നുന്നുവെന്ന് ഗാന്ധിജി ചോദിച്ചപ്പോൾ ഈ വെള്ളം തണുപ്പാണെന്നും തണുത്ത വെള്ളത്തിൽ വിരൽ മുക്കിയവൻ ഈ വെള്ളം ചൂടാണെന്നും പറഞ്ഞു. നോർമൽ വാട്ടറാണ് മുന്നിൽ ഇരിക്കുന്നത്. അയാളെ സംബന്ധിച്ച് ആ

ചൂടാണ് സത്യം. മറ്റെയാളെ സംബന്ധിച്ച് ആ തണുപ്പാണ് സത്യം. അങ്ങനെ സത്യം മൂന്നെണ്ണം ഉണ്ടോ. മൂന്നെണ്ണം ഉണ്ടാകാൻ സാധ്യതയില്ല. Normal water, that is the original truth. ആപേക്ഷിമായ ചില സംഗതികൾ അതിലുണ്ട്. അതാണ് പ്രശ്നം. ഒരു ലീഡർ എന്ന് പറഞ്ഞാൽ – one who lead, നയിക്കുന്നവനാണ് not to be led നയിക്കപ്പെടുന്നവൻ മാത്രമല്ല. ചില സന്ദർഭത്തിൽ നമ്മൾ നയിക്കപ്പെടേണ്ടതായി വരും, ചില സന്ദർഭങ്ങളിൽ നയിക്കേണ്ടതായി വരും. ഇത് രണ്ടും ആവശ്യമായ സംഗതിയാണ്. Government has got a will power. ഒരു കാര്യം ആവശ്യമാണെന്ന് കൺവിസ്ഡ് ആയാൽ ഗവൺമെന്റ് അത് പാസ്സാക്കിയെടുക്കും. അഭിപ്രായ വ്യത്യാസങ്ങളൊക്കെ ഉണ്ടാകും. നേരത്തേ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ. ഭരണകക്ഷിയിൽപ്പെട്ടവർക്കും അവരുടെ അഭിപ്രായങ്ങൾ പറയാനുള്ള. സ്വാതന്ത്ര്യമുണ്ട്, ആ സ്വാതന്ത്ര്യം പണയപ്പെടുത്തിയിട്ടില്ല. അഭിപ്രായങ്ങൾ പറയാം, ഭേദഗതികൾ നിർദ്ദേശിക്കാം, ചർച്ചകളിൽ പങ്കെടുക്കാം അവസാനം വോട്ടിംഗ് സമയത്ത് as per the democracy we are bound to obey the whip. അഭിപ്രായം പറയുന്നതിന് ഒരു കുഴപ്പവുമില്ല. അഭിപ്രായം പറയാം. അതൊന്നും അഭിപ്രായ വ്യത്യാസങ്ങളോ തർക്കങ്ങളോ അല്ല.

പ്രതിപക്ഷം വിചാരിക്കുന്നത് ഭരണകക്ഷിക്കകത്ത് എന്തോ വലിയ കുഴപ്പമുണ്ടെന്നാണ്. ഇവിടെ യാതൊരു കുഴപ്പവുമില്ല അതിനുവേണ്ടി കാത്തിരുന്നിട്ട് യാതൊരു കാര്യവുമില്ല. അവരുടെ ഇടയിലുള്ള കുഴപ്പം പുറത്തുവരാതിരിക്കുന്നതിനുള്ള സൂത്രപ്പണി ഒപ്പിച്ചിട്ടാണ് അവർ ഇവിടെ നിന്ന് സ്ഥലം വിട്ടതെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ട് ജലവിഭവ അതോറിറ്റി രൂപീകര

ണവുമായി ബന്ധപ്പെട്ട ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഇവിടെ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ധാരാളം നല്ലകാര്യങ്ങൾ പറയുകയുണ്ടായി. സബ്ജക്ട് കമ്മിറ്റി കൂടുമ്പോൾ ഇവിടെ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ആലോചിക്കാം. നിരാകരിക്കണമെന്ന് മാത്രം നിർബന്ധം പിടിക്കരുതെന്ന അഭിപ്രായമുണ്ട്. ധനകാര്യകമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. വി. ഡി. സതീശൻ സംസാരിച്ചപ്പോൾ നിയമപരമായി ചില കാര്യങ്ങൾ പറഞ്ഞു. അത് സബ്ജക്ട് കമ്മിറ്റി തലത്തിലും നിയമവകുപ്പുമായിട്ടുമെല്ലാം ആലോചിക്കാവുന്നതാണ്.

ഈ ബില്ലിൽ അതോറിറ്റിയുടെ അധികാരങ്ങളിൽ ആദ്യം പറഞ്ഞിരിക്കുന്നത്, "വിവിധ വിഭാഗങ്ങളിലുള്ള ഉപഭോക്താക്കളുടെ ജല ആവശ്യകത വാർഷികാടിസ്ഥാനത്തിലോ അല്ലെങ്കിൽ കാലികാടിസ്ഥാനത്തിലോ തീരുമാനിക്കുക എന്നതാണ്." മൂന്നാമത്തേതിൽ പറയുന്നത് പദ്ധതി മാനേജ്മെന്റിന്റെ ചെലവ്, ഭരണ നിർവ്വഹണം, പ്രവർത്തനവും കേടുപാടുകൾ തീർക്കൽ എന്നിവയെ അടിസ്ഥാനമാക്കി പൊതുഗുണഭോക്താക്കളുടെ അഭിപ്രായം അറിഞ്ഞതിനുശേഷം അങ്ങനെയുള്ള ജല ഉപഭോക്താക്കൾക്ക് ഒരു വാട്ടർ താരിഫ് സംവിധാനം ചെയ്യുക എന്നാണ്. ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പദ്ധതിച്ചെലവിന്റെ അടിസ്ഥാനത്തിൽ താരിഫ് നിശ്ചയിക്കാൻ പോയാൽ അതൊരിക്കലും ജനങ്ങൾക്ക് താങ്ങാൻ കഴിയില്ല. കാർഷികാവശ്യങ്ങൾക്കുവേണ്ടി താരിഫ് നിശ്ചയിക്കു

മ്പോൾ ഒരു ജലസേചന പദ്ധതിയുടെ അല്ലെങ്കിൽ ഡാം നിർമ്മാണത്തിന്റെ ചെലവെല്ലാം കണക്കാക്കി അതെല്ലാം കർഷകരിൽനിന്ന് ഈടാക്കാൻ പോയാൽ ഒരു കാരണവശാലും കർഷകർക്ക് താങ്ങാൻ കഴിയില്ല. അതുപോലെ വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമതയില്ലായ്മകൊണ്ട് പ്രോജക്ടുകൾക്ക് കോസ്റ്റ് വർദ്ധിച്ചാൽ, അതെല്ലാം ജനങ്ങളിൽ നിന്ന് ഈടാക്കുകയെന്ന സമീപനം സ്വീകരിക്കാൻ കഴിയില്ല. അതുകൊണ്ട് അദ്ദേഹം പറഞ്ഞ അഭിപ്രായം ഗൗരവമായി പരിഗണിക്കേണ്ടതാണ്. ഗവൺമെന്റിന് ഇക്കാര്യത്തിൽ say .ഉണ്ടായിരിക്കണം. റെഗുലേറ്ററി അതോറിറ്റി അവസാന വാക്ക് ആകാൻ പാടില്ല. ഗവൺമെന്റിന് ഇക്കാര്യത്തിൽ അഭിപ്രായം പറയാനുള്ള അധികാരം ഉണ്ടായിരിക്കണം അതിനനുസരിച്ചുള്ള പ്രൊവിഷൻസ് ഇതിനകത്ത് ഉൾപ്പെടുത്തുന്ന കാര്യം ഗൗരവമായി ആലോചിക്കാവുന്നതാണ്.

ശ്രീ. കെ.എൻ.എ. ഖാദർ വളരെ സരസമായി ജലത്തെ സംബന്ധിച്ചും അതിന്റെ പ്രസക്തിയെ സംബന്ധിച്ചുമെല്ലാം പറഞ്ഞു അതെല്ലാം ബില്ലിൽ എങ്ങനെ ഉൾപ്പെടുത്താൻ കഴിയുമെന്ന് എനിക്ക് നിശ്ചയമില്ല. വളരെ ഭംഗിയായി അദ്ദേഹം സംസാരിച്ചു. സബ്ജക്ട് കമ്മിറ്റി തലത്തിലും അതിനുശേഷം നടക്കുന്ന ചർച്ചകളിലും ഉയർന്നുവരുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റി കൂടണമെന്ന് പറഞ്ഞിട്ടുണ്ട്. എപ്പോഴാണ് കൂടാൻ കഴിയുന്നതെന്ന് എനിക്ക് അറിഞ്ഞുകൂട. ഇനി രണ്ട്  ബില്ലുകൂടി പാസ്സാക്കേണ്ടതുണ്ട്. ഏതായാലും അഞ്ചുമണിക്കൊന്നും തീരില്ല. സബ്ജക്ട് കമ്മിറ്റി അംഗങ്ങൾ എല്ലാവരും പങ്കെടുത്ത് വിലപ്പെട്ട നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കണം. ആ സന്ദർഭത്തിൽ കൂടുതൽ കാര്യങ്ങൾ സംസാരിക്കാം. മുഖ്യമന്ത്രി പ്രൈവറ്റ് കമ്പനിയെ സംബന്ധിച്ച്

ഒരു കാര്യം പറഞ്ഞു. അത് ഇതുമായി കൂട്ടിക്കുഴച്ചുകൊണ്ട് ധാരാളം സംസാരങ്ങളുണ്ടായി. കുപ്പിവെള്ളമോ ജാറിലുള്ള വെള്ളമോ കൊടുക്കുന്ന കാര്യമായിരിക്കും പ്രൈവറ്റ് കമ്പനിയെ സംബന്ധിച്ച് മുഖ്യമന്ത്രി പറഞ്ഞത്. വാട്ടർ അതോറിറ്റിയുടെ അധികാരങ്ങളൊന്നും കവർന്നെടുക്കില്ല. ആ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇറക്കിയിട്ടുള്ള ഉത്തരവിൽ ആവശ്യമായ ഭേദഗതികൾ വരുത്തും. അതാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇവിടെ ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾക്ക് ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തിക്കൊണ്ട് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഭേദഗതികൾ സഭ നിരാകരിച്ചു.)

<u>മി. സ്പീക്കർ</u>: 2013-ലെ കേരള സംസ്ഥാന ജലവിഭവ റെഗുലേറ്ററി അതോറിറ്റി ബിൽ ജലവിഭവം സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി)

<u>റൂളിംഗ്</u>

മി. സ്പീക്കർ: ഒരുകാര്യം കൂടി ചെയറിന് പറയാനുണ്ട്. കേരള വാട്ടർ സപ്ലൈ ആന്റ് സിവറേജ് ആക്ട് 1986-ന്റെ 15-ാം വകുപ്പ് പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിരിക്കുന്ന അധികാരം ഇപ്പോൾ സബ്ജക്ട് കമ്മിറ്റിക്ക് അയച്ച 2013-ലെ കേരള സംസ്ഥാന ജലവിഭവം റെഗുലേറ്ററി അതോറിറ്റി ബില്ലിന്റെ 13-ാം വകുപ്പ് പ്രകാരം അതോറിറ്റിക്ക് നൽകുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ഇന്ന് രാവിലെ സഭയിൽ നിയമ പ്രശ്നം ചൂണ്ടിക്കാണിച്ചിരുന്നു. "തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലും അല്ലെങ്കിൽ ഈ ആക്റ്റിലല്ലാതെയുള്ള മറ്റേതെങ്കിലും നിയമത്താൽ പ്രാബല്യമുള്ള ഏതെങ്കിലും പ്രമാണത്തിലും അസംഗതമായി എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്" എന്ന വ്യവസ്ഥകൂടി 2013-ലെ കേരള സംസ്ഥാന ജലവിഭവ അതോറിറ്റി നിയമത്തിൽ ഉൾകൊള്ളിക്കണമെന്ന നിർദ്ദേശം സഭമുമ്പാകെ വന്നിരുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് പരിഗണിക്കുന്ന വേളയിൽ ഈ നിർദ്ദേശംകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പരിശോധിക്കാവുന്നതാണെന്ന് ഇന്ന് രാവിലെ നൽകിയ റൂളിംഗിനോട് അനുബന്ധിച്ച് ചെയർ നിർദ്ദേശിക്കുന്നു.

(2) 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ്

പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## ക്രമപ്രശ്നം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിയമസഭയുടെ നടപടിക്രമം 75-ാം ചട്ടമനുസരിച്ച് ഓർഡിനൻസിനുപകരം ഭേദഗതിയോടുകൂടിയതോ അല്ലാത്തതോ ആയ ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുമ്പോഴെല്ലാം ഓർഡിനൻസ് മുഖേന അടിയന്തര നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമായിത്തീർന്ന സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള ഒരു പ്രസ്താവന ബില്ലിനോടൊപ്പം വയ്ക്കണമെന്നുണ്ട്. സിനിമാ ടാക്കീസുകളിലുള്ള വിനോദ നികുതിയെ സംബന്ധിച്ചാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. മൂന്ന് പ്രാവശ്യം ഈ ഓർഡിനൻസ് പുതുക്കുകയും ചെയ്തു. 25 രൂപയിൽ കവിഞ്ഞ ടിക്കറ്റ് എടുക്കുന്ന ഓരോ ആൾക്കും 3 രൂപ സെസ്സുണ്ട്. യഥാർത്ഥത്തിൽ ടാക്കീസിൽ ആളുകൾ പോകാത്ത സ്ഥിതിയാണുള്ളത്. 1600 ടാക്കീസുണ്ടായിരുന്ന നമ്മുടെ സ്റ്റേറ്റിൽ ഇപ്പോൾ 500 ടാക്കീസേയുള്ളൂ. ഇതുംകൂടി വന്നുകഴിഞ്ഞാൽ സിനിമാ ടാക്കീസിലേയ്ക്ക് ആളുകൾ പോകുന്നത് കുറയും. ഒരു ടാക്കീസിൽ ഒന്നേകാൽ ലക്ഷം രൂപ കറണ്ട് ചാർജ്ജ് ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 5 ലക്ഷം രൂപ കറണ്ട് ചാർജ്ജ് കൊടുക്കണം. ഇതിന്റെയെല്ലാം ഫലമായി ടാക്കീസുപോലും നടത്താൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഹൈക്കോടതി ഇതിനെ ചോദ്യം ചെയ്തിരിക്കുകയാണ്. അങ്ങനെ ചോദ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി രണ്ടുപ്രാവശ്യം സ്റ്റേ ഉത്തരവ് കൊടുത്തു.

ജസ്റ്റീസ് അബ്ദുൾ റഹീം ആദ്യം ഒരു സ്റ്റേ ഉത്തരവ് കൊടുത്തു. പിന്നീട് ജസ്റ്റിസ് സുരേന്ദ്ര മോഹൻ അത് ഒരു മാസം കൂടി നീട്ടിക്കൊടുത്തു. ഈ സ്റ്റേ ഏപ്രിൽ 4 വരെ പ്രാബല്യത്തിലുണ്ട്. ഇതുസംബന്ധിച്ച് വിശദമായ വാദം കേൾക്കാൻ ഹൈക്കോടതി മാറ്റിവച്ചിരിക്കുകയാണ്. ബന്ധപ്പെട്ടവരിൽനിന്നും വാദം കേട്ടതിനുശേഷം മാത്രമേ ഈ ഓർഡിനൻസ് സംബന്ധിച്ച മറ്റ് കാര്യങ്ങളിലേയ്ക്ക് കോടതി കടക്കുകയുള്ളൂ. അങ്ങനെ ഓർഡിനൻസ് നിലനിൽക്കുമോ എന്ന സംശയമുള്ള സാഹചര്യത്തിൽ ആ ഓർഡിനൻസിന് പകരമുള്ള ഒരു ബിൽ ഈ നിയമസഭയിൽ കൊണ്ടുവരാൻ പാടുണ്ടോ? ഹൈക്കോടതിയുമായി ബന്ധപ്പെട്ട ഒരു പ്രശ്നമായി ഇത് മാറില്ലേ? കോടതി ഈ വിഷയം ചർച്ച ചെയ്യുമ്പോൾ ഹൈക്കോടതി വിധിയെ ലംഘിച്ചു എന്നുപറഞ്ഞ് ഒരു പ്രശ്നം നമുക്കെതിരായി ഉയർന്നുവരാൻ ഇടയുള്ളതുകൊണ്ട് ഈ ഓർഡിനൻസിനുപകരമുള്ള ബിൽ അവതരിപ്പിക്കാൻ കഴിയുമോ എന്ന് എനിക്ക് സംശയമുണ്ട്. ഒരു പുതിയ ബിൽ സഭയിൽ അവതരിപ്പിക്കാം. അങ്ങനെ അവതരിപ്പിക്കാൻ നിയമനിർമ്മാണസഭയ്ക്ക് അവകാശമുണ്ട്. മാത്രമല്ല ഈ ഓർഡിനൻസ് പ്രകാരം ഒന്നും ഇവിടെ നടപ്പായിട്ടില്ല. ആരിൽ നിന്നും നികുതി പിരിച്ചിട്ടില്ല. ഈ ഓർഡിനൻസ് പ്രകാരം ചെയ്തിട്ടുള്ളതിന് പ്രാബല്യം കിട്ടാൻ വേണ്ടിയാണെന്ന പ്രശ്നം ഉദിക്കുന്നില്ല. ഗവൺമെന്റിന് വേണമെങ്കിൽ ഇതൊരു ഫ്രെഷ് ബില്ലായിട്ടുതന്നെ ഇവിടെ അവതരിപ്പിച്ചാൽ മതി. അല്ലാതെ ഓർഡിനൻസിനുപകരമുള്ള ബിൽ എന്നുപറയുമ്പോൾ അതിന് നിയമപരമായി സാംഗത്യമുണ്ടോ; അത് നിലനിൽക്കുമോ തുടങ്ങിയ പ്രശ്നങ്ങൾ ഉയർന്നുവരും. കോടതിയുടെ പരിഗണനയിൽ ഈ

ഓർഡിനൻസ് നിലനിൽക്കുന്ന സാഹചര്യത്തിൽ. . . . . . . ഈ ഓർഡിനൻസ് അതേപടി റദ്ദാക്കിയിട്ടില്ല, ഒരു വകുപ്പുമാത്രമേ റദ്ദാക്കിയിട്ടുള്ളൂ എന്നുപറഞ്ഞുകൊണ്ട് വേണമെങ്കിൽ ഇതിന് അവതരണാനുമതി കൊടുക്കാൻ ബഹുമാനപ്പെട്ട ചെയർ നിർബന്ധിതമാകും. നമുക്ക് ഇതിനകത്ത് ഒരു സാങ്കേതികത്വത്തിന്റെ പ്രശ്നമുണ്ട്. നമുക്ക് നിയമ നിർമ്മാണം നടത്താം. അതിന് ഓർഡിനൻസിൽ പറയേണ്ട കാര്യമില്ല. മന്ത്രിക്ക് ബില്ലായിട്ടുതന്നെ ഇവിടെ അവതരിപ്പിക്കാവുന്നതാണ്. ഇതിന് ഒരു അഭംഗിയുണ്ട്. ഓർഡിനൻസ് സ്റ്റേ ചെയ്ത സാഹചര്യത്തിൽ ഇത് വേണ്ടെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ബില്ലായിട്ടുതന്നെ അവതരിപ്പിക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. അതുകൊണ്ട് ഓർഡിനൻസ് മാറ്റിക്കൊണ്ടുവരുന്നതായിരിക്കും ശരിയായ നടപടിക്രമമെന്ന് ചൂണ്ടിക്കാണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ഗവൺമെന്റിന് വേണമെങ്കിൽ ഓർഡിനൻസിനുപകരമുള്ള ബിൽ എന്നുള്ളത് മാറ്റി ഒരു പുതിയ ബിൽ കൊണ്ടുവരണമെന്നാണ് എന്റെ ആവശ്യം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, 4-ാം വകുപ്പുപ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർത്ത 6-ാം വകുപ്പിന്റെ 4-ാം ഉപവകുപ്പ് പ്രകാരം ഒരു തിയേറ്ററിന്റെ ഉടമസ്ഥൻ തൊട്ടുമുമ്പത്തെ മാസം വരെയുള്ള വിനോദ നികുതി അടയ്ക്കാത്ത പക്ഷം സിനിമാ തിയേറ്ററിന്റെ ലൈസൻസോ പെർമിറ്റോ തദ്ദേശാധികാരസ്ഥാനം പുതുക്കി നൽകാൻ പാടില്ല എന്നുള്ളതാണ്. ഈ കേസ്സിന്റെ ഇടക്കാല ഉത്തരവുപ്രകാരം തിയേറ്റർ നടത്തുന്ന ലൈസൻസ് മേൽപ്പറഞ്ഞ വ്യവസ്ഥ പ്രകാരം പുതുക്കി നൽകാതിരിക്കരുത് എന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതി

ഉത്തരവായിട്ടുള്ളത്. പ്രസ്തുത ഉത്തരവ് ഏപ്രിൽ 4-ാം തീയതി വരെ നിലവിലുണ്ടായിരിക്കുന്നതാണ്. ഓർഡിനൻസിലെ വ്യവസ്ഥകൾ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ല. പ്രസ്തുത വകുപ്പിന്റെ ഓപ്പറേഷൻ മാത്രമാണ് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളത്. ഓർഡിനൻസിലെ വ്യവസ്ഥകൾ സ്റ്റേ ചെയ്തിട്ടില്ലാത്തതിനാൽ ബിൽ അവതരിപ്പിക്കുന്നതിനോ പരിഗണനയ്ക്ക് എടുക്കുന്നതിനോ നിയമ തടസ്സമില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഉന്നയിച്ച തടസ്സവാദം – ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന ബില്ലിന് ആധാരമായ 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി ഓർഡിനൻസിലെ വ്യവസ്ഥകൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡബ്ല്യൂ.പി.(സി) നമ്പർ. 4195/2013 റിട്ട് പെറ്റീഷൻ ഫയൽ സ്വീകരിച്ചുകൊണ്ട് സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ കോടതി ഇക്കാര്യത്തിൽ തീർപ്പുകൽപ്പിക്കുന്നതുവരെ ബിൽ സഭയിൽ അവതരിപ്പിക്കാൻ അനുമതി നൽകരുതെന്നാണ്. മേൽപ്പറഞ്ഞ കേസ്സിലെ കേരള ഹൈക്കോടതിയുടെ ഉത്തരവ് ചെയർ പരിശോധിച്ചു. It is made clear that renewal of license for running the theatres by members of the 1st petitioner federation shall not be denied on the basis of Ext. P1 ordinance for a period of one month എന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ്. പ്രസ്തുത ഓർഡിനൻസിലെ 6 (4) വകുപ്പിന്റെ ഓപ്പറേഷൻ മാത്രമാണ് ഹൈക്കോടതി താൽക്കാലികമായി സ്റ്റേ

ചെയ്തിട്ടുള്ളത്. അതാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഓർഡിനൻസിലെ വ്യവസ്ഥകൾ പൂർണ്ണമായും ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ല. 1992 മാർച്ച് 30-ാം തീയതി 1992-ലെ കേരള സംസ്ഥാന സഹകരണ സംഘം (ഭേദഗതി) ബിൽ അവതരിപ്പിച്ച വേളയിൽ പ്രസ്തുത ബില്ലിന് ആധാരമായ ഓർഡിനൻസിന്റെ ലെജിസ്ലേറ്റീവ് കോംപീറ്റൻസിനെ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് നിലവിലുള്ള സാഹചര്യത്തിൽ ബിൽ അവതരിപ്പിക്കുന്നതിന് തടസ്സവാദം ഉന്നയിച്ചുവെങ്കിലും നിയമപരമായും ഭരണഘടനാപരമായും തടസ്സമില്ലാത്തതിനാൽ പ്രസ്തുത ബിൽ അവതരിപ്പിക്കുവാൻ അന്ന് ചെയർ അനുവാദം നൽകിയതായി കാണുന്നു. മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ഈ സഭയിലെ റൂളിംഗുകളുടെ അടിസ്ഥാനത്തിലും ബിൽ അവതരിപ്പിക്കുന്നതിന് നിയമ തടസ്സമുള്ളതായി കാണുന്നില്ല. ആയതിനാൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച തടസ്സവാദം തള്ളുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് ബിൽ അവതരിപ്പിക്കുവാൻ ചെയർ അനുമതി നൽകുന്നു.

## <u>2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, 2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരി ഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: 2010–ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിൻ കീഴിൽ രൂപീകരിച്ച ക്ഷേമനിധിയിലേയ്ക്ക് 25 രൂപ യിൽ കവിയുന്ന ഓരോ സിനിമാ ടിക്കറ്റിനും സെസ് ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവ ന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ക്ഷേമനിധിയിലേയ്ക്ക് സംഖ്യ കളക്ട് ചെയ്യാൻ ഒരു ലോട്ടറി നടത്തിയെങ്കിലും വേണ്ടവിധത്തിൽ അത് വിജയിച്ചില്ല. അതുകൊണ്ടുതന്നെ ആ ക്ഷേമനിധി ഉദ്ദേശിച്ച രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇതുകൂടാതെ വിനോദ നികുതി വെട്ടിപ്പിനെക്കുറിച്ച് ധാരാളം പരാതികൾ കിട്ടിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇത് പരിശോധിക്കു കയും ഒരു കമ്പ്യൂട്ടറൈസ്ഡ് അല്ലെങ്കിൽ ഇലക്ട്രോണിക് ടിക്കറ്റിംഗ് ഏർപ്പെ ടുത്തുകയാണെങ്കിൽ സർക്കാരിനും തീയേറ്റർ ഉടമയ്ക്കും ഡിസ്ട്രി ബ്യൂട്ടേഴ്സിനും പരാതിയില്ലാത്ത രീതിയിൽ ടാക്സ് കളക്ട് ചെയ്യാൻ കഴിയു മെന്നും മനസ്സിലാക്കി. കൂടാതെ ചില തിയേറ്ററുകൾ എന്റർടെയ്ൻമെന്റ് ടാക്സ് നിശ്ചിത സമയത്ത് അടയ്ക്കുന്നില്ല. ഈ നിയമം വരുന്നതോടുകൂടി ഇതിനും ഒരു പരിഹാരം കാണാമെന്നാണ് വിശ്വസിക്കുന്നത്. ഇനിയെന്തെങ്കി ലുമുണ്ടെങ്കിൽ ചർച്ചയ്ക്കുശേഷം മറുപടി പറയാം.

Shri. Mullakara Ratnakaran: Sir, I move that “This House resolves to disapprove The Kerala Local Authorities Entertainments (Amendment) Ordinance , 2013 (Ordinance No.22 of 2013)”

സർ, ഈ ബില്ലുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒരു കാര്യം സാംസ്കാരിക മേഖലയിൽ പ്രവർത്തിച്ച് ജീവിതാവസാന കാലത്ത് ബുദ്ധിമുട്ടുന്നവരെ സമൂഹം സഹായിക്കേണ്ടതാണ്. പൊതുസമൂഹത്തിന്റെ ആ ഉത്തരവാദിത്തം നിറവേറ്റുന്ന ഭരണ കൂടമെന്ന നിലയിൽ തീർച്ചയായിട്ടും അതിനുള്ള വഴികൾ കണ്ടെത്തേണ്ടതാണ്. പക്ഷേ ആ വഴികൾ കണ്ടെത്തുന്നതിന് ഇത് പര്യാപ്തമാണോ, ഇതാണോ അതിന്റെ മാർഗ്ഗമെന്ന് ഗവൺമെന്റ് പ്രത്യേകിച്ച് സിനിമയുമായി ഒരുപാട് ബന്ധമുള്ള ആളെന്ന നിലയിൽ മന്ത്രി ഗൗരവമായി ആലോചിക്കണം. നമ്മുടെ സിനിമാ മേഖലയിൽ വളരെ വലിയ ഒരു പ്രതിസന്ധിയുണ്ട്. ആ പ്രതിസന്ധിക്ക് ഈ സെസ് കൂടിയാകുമ്പോൾ വല്ലാതെ ആക്കം വർദ്ധിക്കുമെന്നതാണ് എനിക്കുള്ള ആശങ്ക. തീർച്ചയായും ആ ആശങ്ക അങ്ങേയ്ക്കുമുള്ളതായിരിക്കും. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സൂചിപ്പിച്ചതുപോലെ ഒരു കാലത്ത് സിനിമ, അന്തിനേരം വരെ അദ്ധ്വാനിക്കുന്ന മനുഷ്യൻ സ്വാഭാവികമായി സന്തോഷത്തോടെ ചെന്നുചേരുന്ന മതേതരത്വ കൂട്ടായ്മയായിരുന്നു. ഒരു മനുഷ്യന്റെ മനസ്സിലെ ദു:ഖങ്ങളും സംഘർഷങ്ങളും രണ്ടോ രണ്ടരയോ മണിക്കൂർ കൊണ്ട് ഒരു സിനിമ കാണുമ്പോൾ മാറ്റാൻ കഴിയുന്ന ഒരു അന്തരീക്ഷം സിനിമ തിയേറ്ററിന്റെ ഉള്ളിലുണ്ടായിരുന്നു. കേരളത്തിലെ മിക്കവാറും എല്ലാ ഗ്രാമതലസ്ഥാനങ്ങളിലും സിനിമ തിയേറ്ററുകൾ ഉണ്ടായിരുന്നു. സെക്കന്റ് ഷോയ്ക്ക്പോലും ആയിരക്കണക്കിന് മനുഷ്യർ അത് കണ്ട് പിറ്റേന്നുള്ള ജോലിക്ക് സന്തോഷപൂർവ്വം മൂന്നോ നാലോ മണിക്കൂർ ഉറങ്ങാൻ പോകുന്ന ഒരു അന്തരീക്ഷമുണ്ടായിരുന്നു. അത് കേരളത്തിലെ വലിയ തരത്തിലുള്ള ഒരു കൂട്ടായ്മകൂടിയായിരുന്നു. അത് ഒരു പക്ഷേ നമ്മുടെ ഉത്സവപ്പറമ്പുകളിലോ മറ്റോ കാണാത്ത ഒരു മതേ

തരത്വ കൂട്ടായ്മയായിരുന്നു. ക്ഷേത്രങ്ങളിലും പള്ളികളിലുമുണ്ടാകുന്ന കൂട്ടായ്മ അത്രയും വലിയ മതേതരത്വ കൂട്ടായ്മയല്ല. പക്ഷേ സിനിമാ തിയേറ്ററുകളിലുണ്ടായ അദ്ധ്വാനിക്കുന്ന മനുഷ്യൻ ഹിന്ദുവും മുസ്ലിമും ക്രിസ്ത്യാനിയുമൊക്കെ ചേർന്ന് ചിരിക്കാനും സ്വല്പം കരയാനും ഒക്കെ ചെന്നുചേരുന്ന അന്തരീക്ഷം ഇല്ലാതെയാകുന്നു. ഇപ്പോൾത്തന്നെ സിനിമാ തിയേറ്റർ ഗ്രാമങ്ങളിലില്ലാതാവുകയാണ്. നഗരങ്ങളിൽ മാത്രമായി വരികയാണ്. ഈ പ്രതിസന്ധി സെസ് കൊണ്ടുവർദ്ധിക്കുമെങ്കിൽ ആ സെസ് കൊണ്ട് കലാകാരൻമാരെ സംരക്ഷിക്കാനും കഴിയുകയില്ല, സിനിമയിലേയ്ക്ക് ബാക്കിനിൽക്കുന്ന ആകർഷണത്തിന്റെ കടുകോളമെങ്കിലും കുറയുമെങ്കിൽ ഈ സെസ് അല്ല കലാകാരൻമാരെ സംരക്ഷിക്കാനുള്ള മാർഗ്ഗമെന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ തനതുകലകളിൽ നിൽക്കുന്ന സമൂഹത്തിനുവേണ്ടി പലതും ചെയ്ത സ്വന്തമായി സമ്പാദ്യമില്ലാത്ത കുടുംബഭദ്രത നഷ്ടപ്പെട്ട – ശ്രീ. കെ.പി. ഉദയഭാനുവിനെപ്പോലെയുള്ള ആളുകൾ ജീവിക്കുന്നത് ഹോസ്പിറ്റലിൽനിന്ന് ഒരു ചാനൽ റിപ്പോർട്ട് ചെയ്തപ്പോഴാണ് നമുക്ക് മനസ്സിലാകുന്നത്. അത്തരത്തിൽ കേരളത്തിലെ കഥകളി കലാകാരൻമാരും തനത് കലാകാരൻമാരും ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുന്ന ക്ലാസിക് കലകൾക്കുവേണ്ടി ജീവിതം സമർപ്പിച്ചതിനുശേഷം അവസാന കാലത്ത് ഏറ്റവും ബുദ്ധിമുട്ടി ജീവിക്കുന്നവരെ നമ്മൾ സഹായിക്കണം. ഞാൻ മനസ്സിലാക്കുന്നത് സിനിമയ്ക്ക് 25 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് ഉള്ളതിന് മൂന്നു രൂപയിൽ കവിയാത്ത സെസ് ഏർപ്പെടുത്തിയതുകൊണ്ട് കേരളത്തിന് അങ്ങനെ സഹായിക്കാൻ കഴിയില്ല. അവരോടുള്ള ബാധ്യത ഈ സമൂഹത്തിന് ഏറ്റെടുക്കാൻ കഴിയില്ല എന്നുമാത്രമല്ല ചിലപ്പോൾ ഉള്ള തിയേറ്ററുകൾ കൂടി അടയ്ക്കാൻ അത് കാരണമാകും. സിനിമാ തിയേറ്ററുകളിൽ നഗരങ്ങളിൽ കാറിൽ

വരികയും അല്പസ്വല്പം കാശുള്ളവർ റിലീസ് സിനിമ കാണുകയുമൊക്കെ ചെയ്താൽ നാട്ടിൻപുറങ്ങളിൽ പണ്ട് വന്നിരുന്നതും അദ്ധ്വാനിക്കുന്ന ഏറ്റവും പാവപ്പെട്ട മനുഷ്യരായിരുന്നു. ഇപ്പോൾ അന്യസംസ്ഥാനങ്ങളിൽനിന്ന് വന്ന് ജോലിയെടുക്കുന്നവർ ആ പ്രദേശത്തുണ്ടെങ്കിൽ സിനിമാ തിയേറ്ററിൽ പോകുന്നതിന് ഈ സെസ് കൂടി അധികം ഏർപ്പെടുത്തുമ്പോൾ അവർക്ക് സിനിമാ തിയേറ്ററിനോടുള്ള ആകർഷകത്വം വല്ലാതെ നഷ്ടപ്പെടും. സത്യത്തിൽ ഗൗരവത്തിൽ അങ്ങ് കൂടി ആലോചിക്കേണ്ടത് നമ്മുടെ നഗരത്തിലും ഗ്രാമത്തിലുമെല്ലാം സിനിമാ തിയേറ്ററുകളിലേയ്ക്ക് ആളുകളെ എത്തിക്കാനുള്ള, ആകർഷകത്വം കൂട്ടാൻ വല്ല പരിപാടിയുണ്ടോയെന്ന് ആലോചിക്കണം. പണ്ട് പാവപ്പെട്ട അദ്ധ്വാനിക്കുന്ന മനുഷ്യന് അവന്റെ ഗ്രാമത്തിലെ ഒരു സിനിമാ തിയേറ്ററിൽ പോകുമ്പോൾ അവന്റെ ജീവിതത്തിൽ അവനെയോ അവന്റെ അയൽവാസിയേയോ കഥാപാത്രങ്ങളായി കാണാമായിരുന്നു. ഇന്ന് ഏറ്റവും പാവപ്പെട്ട മനുഷ്യന് കർഷകത്തൊഴിലാളിക്ക്, ഒരു കയർത്തൊഴിലാളിക്ക്, നാട്ടിൻപുറത്തെ ഒരു കർഷകന് സിനിമയിൽ, അവനെ അല്ലെങ്കിൽ അവന്റെ ബന്ധുവിനെ അല്ലെങ്കിൽ അവന് പരിചയമുള്ളവനെ കാണാൻ വളരെ പ്രയാസമാണ്.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ : അങ്ങ് പറഞ്ഞുവരുന്നത് മലയാള സിനിമയുടെ പ്രതിസന്ധിയുടെ കാലമാണിതെന്നാണ്. വലിയ തോതിൽ ആളുകൾ തിയേറ്ററുകളിലേയ്ക്ക് പോകുന്നില്ല. ഗ്രാമപ്രദേശങ്ങളിൽ ഒട്ടേറെ തിയേറ്ററുകൾ അടച്ചുകഴിഞ്ഞു. നഗര പ്രദേശങ്ങളിലും ആ പ്രവണത വരികയാണ്. വലിയ മാളുകളിലുള്ള മൾട്ടിപ്ലക്സ് എന്ന രീതിയിലേയ്ക്ക് സിനിമാ തിയേറ്ററുകൾ മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം ഒരു കാലത്ത് സിനിമയ്ക്ക് പുതിയ സെസ് കൂടി കൊണ്ടുവരുന്നതോടുകൂടി മലയാള സിനിമ

യുടെ പ്രതിസന്ധി കൂടുതൽ വർദ്ധിക്കുകയല്ലേ യഥാർത്ഥത്തിൽ ചെയ്യുന്നത്. കലാകാര ക്ഷേമനിധിയിലേയ്ക്ക് തുക കണ്ടെത്തേണ്ടത് അനിവാര്യമായിട്ടുള്ള കാര്യമാണ്. ഇതല്ലാതെ മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കണമെന്നാണോ അങ്ങ് പറയുന്നത്?

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> തീർച്ചയായും. അതായത് സിനിമാ തിയേറ്ററിൽ പാതിരാത്രി നേരത്ത് നടന്ന് വന്ന് രണ്ടര മണിക്കൂർ നേരം ഒന്ന് ആസ്വദിച്ച് പോകാമെന്ന് കരുതുന്നവന്റെ മണ്ടയിലല്ല ഈ ഭാരം അടിച്ചേൽപ്പിക്കേണ്ടത്. സത്യത്തിൽ ഈ കലാപ്രവർത്തനത്തിൽ നിൽക്കുന്ന, അതിന്റെ വാണിജ്യവത്കരണ മേഖലയിൽ നിൽക്കുന്ന, അതുകൊണ്ട് ലാഭമുണ്ടാക്കുന്ന, അതുകൊണ്ട് ലാവിഷായി ജീവിക്കുന്ന ഒരു വിഭാഗം കേരളത്തിലും ഇൻഡ്യയിലുമുണ്ട്. അവരിൽനിന്ന് വേണം ഈ അവശ കലാകാരൻമാരേയും കലാകാരികളെയും സംരക്ഷിക്കാൻ പൈസ ഈടാക്കേണ്ടത്. അത് സിനിമാ തിയേറ്ററിൽ പോയി ഇനിയും ഉറക്കമൊഴിഞ്ഞ് സെക്കന്റ് ഷോ കാണാൻ തീരുമാനിക്കുന്ന സാധാരണക്കാരായ മനുഷ്യന്റെ മണ്ടയിൽ ഈ ഭാരം ഏൽപ്പിക്കുന്നത് സത്യത്തിൽ സിനിമയോടുള്ള ആകർഷണം ഒന്നുകൂടി കുറയാൻ കാരണമാകും. അതുകൊണ്ട് സിനിമ കാണുന്നവരുടെ മണ്ടയിൽ, സിനിമ നിലനിർത്താൻ വേണ്ടി കണ്ടുപോകുന്ന കുറ്റത്തിന് സെസ് കൂടി ഏർപ്പെടുത്തണമെന്ന് പറഞ്ഞാൽ അത് അവനൊരു ഭാരമായിരിക്കും.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.സി. ജോസഫ്):</u> ഇപ്പോൾ സിനിമ തിയേറ്ററുകളിൽ നികുതി വെട്ടിപ്പ് വ്യാപകമാണ്. ടാക്സ് ഇവേഷനുണ്ട്. അത് തടയാൻ വേണ്ടിയുള്ള മാർഗ്ഗം ബില്ലിൽ പറയുന്നുണ്ട്. രണ്ടാമത് നമ്മുടെ ആളുകളുടെ

യൊക്കെ ടേസ്റ്റ് മാറി. 25 രൂപ കൊടുക്കുന്ന ആളുകൾക്ക് ഒന്നോ രണ്ടോ രൂപ അത്ര കൂടിയ സംഖ്യയൊന്നുമല്ല. നമ്മെ സംബന്ധിച്ച് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി മുന്നോട്ടുപോകണമെങ്കിൽ വേറെ യാതൊരു സോഴ്സ് ഓഫ് ഇൻകവുമില്ല. നിരവധി നാടക കലാകാരൻമാരെ, പരമ്പരാ ഗത കലാകാരൻമാരെ, കഥകളി കലാകാരൻമാരെ സംരക്ഷിക്കേണ്ടതുണ്ട്. നിരവധി ആളുകൾ ഒരു ജീവിതമാർഗ്ഗവുമില്ലാതെ കഷ്ടപ്പെടുന്നവരുണ്ട്. അവരെ സഹായിക്കണമെങ്കിൽ ഫണ്ട് മൊബിലൈസ് ചെയ്യാതെ നിവൃത്തിയില്ല. അതിന് മറ്റൊരു മാർഗ്ഗം കാണാത്തതുകൊണ്ടാണ് ഇത് ആലോചിച്ചത്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, അങ്ങ് പറഞ്ഞതിനെ ഞാൻ അംഗീക രിക്കുകയാണ്. അതായത് നമ്മൾ അംഗീകരിക്കേണ്ട, സഹായിക്കേണ്ട ഒരു പിടി കലാകാരന്മാർ കേരളത്തിലുണ്ട്. മലയാളത്തിലെ ഒരു നല്ല പടം കാണു ന്നതിനായി ഞാൻ ഒരു വർഷം മുമ്പ് ഒരു തിയേറ്ററിൽ പോയി. ഇപ്പോൾ ആ തിയേറ്റർ അടച്ചുപൂട്ടി. അന്ന് വൈകിട്ട് ആ സിനിമ കാണാൻ ആകെയുണ്ടാ യിരുന്നത് പതിനാല് പേർ മാത്രമായിരുന്നു. ഇത് കുറച്ച് ദിവസങ്ങളായി തുട രുന്നതാണെന്നാണ് അവർ പറഞ്ഞത്. 700 സീറ്റുകളുള്ള ഒരു തിയേറ്ററിൽ പതിനാല് പേർ മാത്രം കാഴ്ചക്കാരായി വന്നാൽ അവിടെ ലാഭകരമായി സിനിമ നടത്താൻ സാധിക്കുകയില്ല. ഈ പതിനാലുപേരുടെ വരുമാനം ലഭി ച്ചാൽ കാവൽ നിൽക്കുന്നവർക്ക് ശമ്പളം നൽകുന്നതിനോ കറണ്ട് ചാർജ്ജ് അടയ്ക്കുന്നതിനോ സാധിക്കുകയില്ല. ഈ പ്രതിസന്ധി വന്നുചേർന്നപ്പോൾ കേരളത്തിലെ സിനിമയെ എങ്ങനെ ആകർഷിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കണം. ചെറിയ തിയേറ്ററാണോ,

ദൈർഘ്യം കുറഞ്ഞ സിനിമയാണോ, ഭക്ഷണം കഴിച്ചുകൊണ്ട് സിനിമ കാണാൻ സാധിക്കുന്ന സിസ്റ്റമാണോ എന്നിങ്ങനെയുള്ള ധാരാളം പരീക്ഷണങ്ങളിലൂടെ കേരളത്തിൽ തിയേറ്ററുകളിലേയ്ക്ക് അല്ലെങ്കിൽ ചെറിയ ഇടങ്ങളിലേയ്ക്ക് സിനിമ കാണാനുള്ള ചെറുപ്പക്കാരുടെ അല്ലെങ്കിൽ മനുഷ്യരുടെ ആഭിമുഖ്യത്തെ കൂട്ടാൻ സഹായിക്കുന്ന പദ്ധതികൾ ആലോചിക്കണം. ഇപ്രകാരം ആലോചിക്കാതിരുന്നാൽ സിനിമ തിയേറ്ററുകൾ ഇനിയും കുറയും. പല സിനിമാ തിയേറ്ററുകളും ഇപ്പോൾ പ്രവർത്തിക്കുന്നത് കല്യാണമണ്ഡപങ്ങളായാണ്. ഇപ്പോൾ പല തിയേറ്ററുകളും ഇടിച്ചശേഷം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുകയാണ്. അങ്ങ് പറഞ്ഞതിനെ ഞാൻ അംഗീകരിക്കുകയാണ്. പക്ഷേ സെസ് കൂട്ടിയാൽ അതിന്റെ വരുമാനംകൊണ്ട് അവരെ സഹായിക്കാൻ സാധിക്കുകയില്ല.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, വ്യാജ സി.ഡി.യുടെ നിർമ്മാണമാണ് നമ്മുടെ സിനിമ വ്യവസായം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം. തിരുവനന്തപുരത്തിനടുത്ത് വ്യാജ സി.ഡി.ക്കുവേണ്ടി ഒരു തെരുവ് തന്നെയുണ്ട്. അവിടെ കാര്യമായ റെയ്ഡുകൾ നടക്കാറില്ല. ഒരു നൂറ്റാണ്ടിനുശേഷമാണ് അടുത്ത കാലത്ത് ചെറിയൊരു റെയ്ഡ് അവിടെ നടന്നത്. വ്യാജ സി.ഡി. നിയന്ത്രിക്കാൻ കർശനമായ നിയമമില്ലായെന്നുള്ളതാണ് ഇന്നത്തെ സിനിമാ വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അത്തരമൊരു ബിൽ കൊണ്ടുവന്നാൽ പൂർണ്ണമായും അതിനെ സ്വാഗതം ചെയ്യേണ്ടതാണ്. അതിനുപകരം ഇവിടെ ശ്രീ. കെ.വി അബ്ദുൾ ഖാദർ പറഞ്ഞതുപോലെ സിനിമ കാണാൻ തിയേറ്ററുകളിൽ പോകുന്ന ആളുകൾ തുടർന്ന് തിയേറ്ററുകളിൽ പോകാതെ വ്യാജ സി.ഡിയുടെ പുറകെ പോകാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള ഒരു ബില്ലായി ഇത് മാറുന്നു എന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇത് ശരിയായ കാര്യമാണ്. നമ്മുടെ സിനിമ വ്യവസായം വലിയ പ്രതിസന്ധി നേരിട്ടതിൽ ധാരാളം ഘടകങ്ങളുണ്ട്. താരസംഘടനകൾപോലും ആ പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. സിനിമാ രംഗത്ത്, കലാപരമായി ഔന്നിത്യ മനസ്സുകളില്ലാത്ത മനസ്സുകളിൽപ്പോലും ഒരു സംഘർഷാവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്, സിനിമയോടുള്ള ആഭിമുഖ്യം കുറച്ചിട്ടുണ്ട്. കൂടാതെ വലിയ തിയേറ്ററുകളിൽ വൈകുന്നേരം പോയി ഇരിക്കാനുള്ള മാനസികാവസ്ഥ കുടുംബങ്ങൾക്കില്ലാതെ പോയിട്ടുണ്ട്. വീടുകളിൽ ടി.വി.യുടെ സ്വാധീനം വല്ലാതെ വർദ്ധിച്ചതും ഇതിനൊരു കാരണമായിട്ടുണ്ട്.

ശ്രീ. സാജു പോൾ: സർ, ബഹുമാനപ്പെട്ട മന്ത്രി മറ്റ് സ്രോതസ്സുകളില്ലാത്തതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ഗോവയിലും ആന്ധ്രയിലും ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് നൽകുന്നതിനുവേണ്ടി ഒരു ലിറ്റർ മദ്യത്തിന് അൻപത് പൈസ വീതം സെസ് ഏർപ്പെടുത്തിയിട്ടുണ്ട്. അവിടെ ഗ്രന്ഥശാല സംഘങ്ങൾക്കുവേണ്ടി പ്രത്യേകം ഡയറക്ടറേറ്റും വകുപ്പുമുണ്ട്. ഞാൻതന്നെ ഇതിനുമുമ്പ് ഇക്കാര്യം സഭയിൽ പറഞ്ഞിട്ടുള്ളതാണ്. ചില ആശുപത്രികളിലെ ഡോക്ടർമാർക്ക് ചീട്ടും സ്പെഷ്യൽ ചീട്ടുമുണ്ട്. ഇപ്പോൾ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകളിൽ ആളുകൾ ക്യൂ നിന്ന് കഷ്ടപ്പെടുകയാണ്. അഞ്ച് രൂപയോ പത്ത് രൂപയോ അടയ്ക്കുന്നവർക്ക് ആദ്യം മദ്യം നൽകുമെങ്കിൽ, അതിനുവരെ തയ്യാറായാണ് ആളുകൾ നിൽക്കുന്നത്. അങ്ങനെ എന്തെങ്കിലുമൊരു മാർഗ്ഗം ആലോചിച്ചാൽ വളരെ എളുപ്പത്തിൽ ഇതിനെക്കാൾ പതിന്മടങ്ങ് ഫണ്ട് കണ്ടെത്താൻ സാധിക്കും. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, കലാകാരന്മാരെ സംരക്ഷിക്കുന്നതിനുള്ള ഫണ്ട് ഏതുവിധത്തിലും പൊതു സമൂഹത്തിൽ നിന്നും കണ്ടെത്തുമ്പോൾ അതിന്റെ ഭാരം അദ്ധ്വാനിക്കുന്ന മനുഷ്യരുടെയോ, സാധാരണ വരുമാനക്കാരായ അളുകളുടെയോ, സിനിമ തിയേറ്ററിൽ വന്ന് സിനിമ കണ്ട് പോകുന്ന മനുഷ്യരുടെയോ മണ്ടയിൽ ഒരു ഭാരമായി വരാൻ പാടില്ലെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

<u>ശ്രീ. ടി.എൻ. പ്രതാപൻ</u>: സർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന കലാകാരന്മാർക്കുവേണ്ടിയുള്ള ക്ഷേമനിധി ബില്ലിൽ 25 രൂപയ്ക്ക് മുകളിലുള്ള ടിക്കറ്റിന് സെസ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശം ഉണ്ടായിട്ടുണ്ട്. നിങ്ങളുടെ കാലത്ത് കൊണ്ടുവന്ന ഈ നിർദ്ദേശത്തെ നമ്മൾ എതിർക്കേണ്ട കാര്യമുണ്ടോ?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ പറഞ്ഞത് ശ്രീ. ടി.എൻ. പ്രതാപന് മനസ്സിലാകാത്തതുകൊണ്ടാണ് ഇപ്രകാരം പറയുന്നത്. ഇത് ഏത് കാലത്ത് കൊണ്ടുവന്നു എന്നുള്ളതല്ല ഇവിടത്തെ വിഷയം. ഓരോ ദിവസം കഴിയുന്തോറും സിനിമ ആളുകളിൽ നിന്ന് അകലുകയാണ്. അങ്ങേയ്ക്കും ഇക്കാര്യം അറിയാവുന്നതാണല്ലോ. എന്നാൽ ലോകത്ത് സിനിമാ പ്രതിസന്ധി വന്നപ്പോഴും നാടക പ്രതിസന്ധി വന്നപ്പോഴും അതിനെ അതിജീവിക്കാൻ വേണ്ടിയുള്ള ധാരാളം പരീക്ഷണങ്ങൾ നടന്നു. ചില സ്ഥലങ്ങളിൽ അത് വിജയിക്കുകയും ചെയ്തു. ചരിത്രത്തിലെ ഏറ്റവും വലിയ റിക്കാർഡ് വിജയം ചില ഇംഗ്ലീഷ് സിനിമകൾക്കുണ്ടായി. പലവിധ പരീക്ഷണങ്ങൾക്കുശേഷമാണ് ഇത്തരത്തിലൊരു വിജയം നേടാൻ ആ ഇംഗ്ലീഷ് സിനിമകൾക്ക് സാധിച്ചത്. എന്തുകൊണ്ടാണ് ആളുകൾ സിനിമ തിയേറ്ററിൽ നിന്ന് മാറിയത്; സിനിമ തിയേറ്ററിന്റെ വലുപ്പം എങ്ങനെയായിരിക്കണം; സിനിമ തിയേറ്ററിന്റെ

സമയം എങ്ങനെയായിരിക്കണം എന്നതിനെ സംബന്ധിച്ച് അമേരിക്കയിലും യൂറോപ്പിലും പഠനങ്ങൾ നടത്തുകയുണ്ടായി. നമ്മളും ഇക്കാര്യങ്ങൾ പരി ശോധിക്കേണ്ടതാണ്. അതായത് ഒരാളിന്റെ ശബ്ദം പരമാവധി വേഗതയാർന്ന ഒരേ താളത്തിൽ ശ്രവിക്കാൻ സാധിക്കുന്നതിന്റെ മാക്സിമം സമയം പതിനെട്ട് മിനിട്ടാണെന്ന് അവർ കണ്ടെത്തി. ഒരു പ്രസംഗം പതിനെട്ട് മിനിട്ടിൽ കൂടുതൽ സഹിക്കാൻ സാധിക്കുകയില്ല. ഞാൻ സിനിമയുമായി ബന്ധപ്പെട്ടാണ് പറഞ്ഞത്. രണ്ടര മണിക്കൂർ ദീർഘമായി നമുക്ക് സിനിമ കാണുന്നതിനും നാടകം കാണുന്നതിതിനും സാധിക്കുമോ? അഞ്ച് ദിവ സത്തെ ക്രിക്കറ്റ് കാണുവാൻ സാധിക്കുമോ? ഒരു ദിവസത്തെ വൺ ഡേ ക്രിക്കറ്റ് ഇപ്പോൾ 20 – 20 ആക്കി. എനിക്ക് തോന്നുന്നു 20 –20 യും ഇനി കുറഞ്ഞുവരും.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഇവിടെ ശ്രീ. എ.എം. ആരിഫ് പത്ത് മിനിട്ടും ശ്രീ. വി.എസ്. സുനിൽകുമാർ പന്ത്രണ്ട് മിനിട്ടുമാണ് പ്രസംഗിച്ചത്. ശ്രീ. കെ.എൻ.എ. ഖാദർ പ്രതിപക്ഷമില്ലാതിരുന്നിട്ടും, ഒരു ഇടപെടൽ ഇല്ലാതി രുന്നിട്ടും 47 മിനിറ്റ് പ്രസംഗിച്ചു. ഇവിടെ പ്രസംഗം ചുരുക്കണമെന്ന് അങ്ങ് പറഞ്ഞത് ആരെ ഉദ്ദേശിച്ചാണ്?

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ഞാൻ പറഞ്ഞത്, ഇന്ന് ലോകം എല്ലാ പ്രതിസന്ധിയും നേരിടുന്ന ഒരു കാലഘട്ടമാണ്. ഇത്തരം പ്രതിസ ന്ധികൾ നേരിടുമ്പോൾ കേരളത്തിലെ ജനങ്ങളിൽ നിന്ന് അകന്ന സിനിമയെ എങ്ങനെ ശാസ്ത്രീയമായി ജനങ്ങളിലേയ്ക്ക് അടുപ്പിക്കാമെന്നും അവന്റെ മനസ്സിന് ഇഷ്ടപ്പെടുന്ന രീതിയിലേയ്ക്ക് തിയേറ്ററുകളെ എങ്ങനെ മാറ്റാമെന്നും അവനെ എങ്ങനെ വീണ്ടും തിയേറ്ററുകളിലേയ്ക്ക് കൊണ്ടുവ രാമെന്നും ഇപ്രകാരം അകത്തേയ്ക്ക് കൊണ്ടുവന്നാൽ തൃപ്തിപ്പെട്ട് ഒരു സമ

യത്തിനുള്ളിൽ അവന് എങ്ങനെ ഇറങ്ങിപ്പോകാം എന്നതിനെ സംബന്ധിച്ചെല്ലാം തീർച്ചയായും സിനിമ മേഖലയിലെ എക്സ്പെർട്ടുകളും അക്കാഡമിക് സമൂഹവും നിയമസഭ എന്നുള്ള നിലയിൽ എല്ലാവരെയും പ്രതിനിധീകരിക്കുന്ന നമ്മളും പരിശോധിക്കണം. അതിനുപകരം സിനിമ കാണാൻ വരുന്നവന്റെ മണ്ടയിൽ സെസ്കൂടി ഏർപ്പെടുത്തിയാൽ ബാക്കിയുള്ളവരിൽനിന്ന് ഒരു പങ്ക് കൂടി പിന്നോട്ട് പോകും എന്നതാണ് എന്റെ ആശങ്ക.

ശ്രീ. പി.സി. വിഷ്ണുനാഥ്: സർ, അങ്ങ് പറഞ്ഞ കാര്യം തന്നെയാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. മഹാരാഷ്ട്രയിൽ സിനിമാ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി മൾട്ടിപ്ലക്സുകൾക്ക് പൂർണ്ണമായും നികുതി ഒഴിവാക്കി. നല്ല തിയേറ്ററുകളില്ലെന്നുള്ളത് കുടുംബ പ്രേക്ഷകർ തിയേറ്ററുകളിൽ എത്താത്തതിനുള്ള ഒരു പ്രധാനപ്പെട്ട കാരണമാണ്. ഇടക്കാലത്ത് നമ്മുടെ ഗ്രാമീണ മേഖലയിലെ തിയേറ്ററുകളിൽ ആളുകൾ വന്നത് എങ്ങനെയാണെന്നുള്ളത് പുറത്ത് പറയേണ്ട കാര്യമില്ല. അക്കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. മൾട്ടിപ്ലക്സുകൾക്ക് പൂർണ്ണമായും നികുതി ഒഴിവാക്കി കൊടുക്കുന്ന ഒരു സമീപനത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, നികുതി ഒഴിവാക്കണമെന്നത് മാത്രമല്ല ഇവിടത്തെ പ്രശ്നം. ഏറ്റവും പ്രധാനമായി നമ്മുടെ ഗ്രാമീണ ജീവിത മേഖലയുമായി ബന്ധമുള്ള സിനിമ മാത്രമല്ല എല്ലാ ഉത്സവവും എല്ലാ കലയും ഒരർത്ഥത്തിൽ മനുഷ്യൻ കാണുക മാത്രമല്ല ശുദ്ധീകരണ പ്രക്രിയ കൂടി നടത്തുന്നതാണ്. നമ്മുടെ മനസ്സിനെ ചെറുതായിട്ടെങ്കിലും സ്വാധീനിക്കാനും സത്യത്തിലേയ്ക്കും നന്മയിലേയ്ക്കും നയിക്കാൻ സിനിമ എന്ന കല ഒരു കാലത്ത് ബാധകമായിരുന്നു. സത്യനും നസീറും ഓസ്കാർ അവാർഡ് നേടിയവരൊന്നുമല്ല. പക്ഷേ അവരുടെ കഥാപാത്രങ്ങളിൽ

നമ്മളുണ്ടായിരുന്നു, നമ്മുടെ അയൽപക്കകാരനുണ്ടായിരുന്നു. എന്നാൽ പുതിയ ജീവിത സാഹചര്യത്തിൽ ഇതെല്ലാം മാറിയിരിക്കുകയാണ്. ഞാൻ പറയുന്നത് എന്താണെന്നുവച്ചാൽ സിനിമയ്ക്ക് സെസ് ഏർപ്പെടുത്തുക എന്നുള്ളത് അപ്രായോഗികവും അശാസ്ത്രീയവുമാണ്. ഇന്നത്തെ സിനിമാ വ്യവസായത്തിനെതിരായി ധാരാളം ഘടകങ്ങൾ നിലനിൽക്കുമ്പോൾ സെസ് കൂടി ഏർപ്പെടുത്തരുത്. വിനോബാഭാവെ പറഞ്ഞ ഒരു കാര്യമുണ്ട് – ഇന്ത്യ യിൽ ജനാധിപത്യം ശക്തിപ്പെട്ടുവന്നപ്പോൾ വ്യക്തി ദുർബ്ബലനും ശക്തിയില്ലാ ത്തവനുമായി മാറിക്കൊണ്ടിരിക്കുകയാണ്. സത്യത്തിൽ ജനാധിപത്യം വ്യക്തിയെ ശക്തിപ്പെടുത്തണം. ഇത്തരത്തിൽ വ്യക്തിയെ ശക്തിപ്പെടുത്തുന്ന തിനുള്ള ഒരു ഉപാധികൂടിയാണ് കല. കല ഒരർത്ഥത്തിൽ സമ്പൂർണ്ണതയാണ്. ഒരാൾ കലാപരമായി നടക്കുന്നു എന്നുപറഞ്ഞാൽ അതിനർത്ഥം നടത്ത ത്തിലെ സമ്പൂർണ്ണതയാണ്. കലാപരമായി ഒരാൾ എഴുതുന്നു എന്ന് പറ ഞ്ഞാൽ അത് എഴുത്തിലെ സമ്പൂർണ്ണതയാണ്. കലാപരമായി ഒരാൾ എന്തെ ങ്കിലും ചെയ്യുന്നു എന്നുപറഞ്ഞാൽ അതിന്റെ സമ്പൂർണ്ണതയാണ്. അപ്പോൾ മനുഷ്യന്റെ സമ്പൂർണ്ണതയ്ക്കുവേണ്ടിയും കലയെ ഉപയോഗിക്കണം. കല കാണാൻ വരുന്ന ഒരാൾ, അല്ലെങ്കിൽ അത് ആസ്വദിക്കുന്ന ഒരാൾ, കുറച്ചു കൂടി ശുദ്ധീകരിക്കപ്പെട്ട, കുറച്ചുകൂടി ധാർമ്മികമായി ഉയർച്ചയുള്ള ഒരു സംവിധാനത്തിലേയ്ക്ക് പോകുന്നതിനായി കഴിയുമെങ്കിൽ ടാക്സും മറ്റ് സൗകര്യങ്ങളും സൗജന്യമായി ചെയ്തുകൊടുത്ത് അതിലേയ്ക്ക് കൊണ്ടുവ രാൻ ശ്രമിക്കുമ്പോൾ കലാകാരന്മാരെ നമ്മൾ സംരക്ഷിക്കണം. പക്ഷേ അത് കലയിലേയ്ക്കുള്ള ഒരു മനുഷ്യന്റെ ആകർഷകതയെ കുറച്ചുകൊണ്ടാകരുത്, അതിന്റെ ഭാരം കൂട്ടിക്കൊണ്ടാകരുത്.

tIc-f-¯nse GXp IbÀs¯mgn-em-fnt¡m IÀjIs¯mgn-em-fn-t¡m km[m-cW¡mÀt¡m Im-Wm-³ ]äp¶ Xc-¯nÂ,..... ]--s¯-t¸mse Bbncwt]À¡v Ccn-¡m-hp¶ henb Xotb-ädp-IfnÂ C\n-ap-XÂ \ndªv Bfp-IÄ Ccn-¡p-Ibn-Ã. AXp-sIm-v C¯cw Xntb-ädp-Isf F§s\ sNdp-Xm¡mw; kn\n-a-bpsS ssZÀL-yw-F§s\ Ip-dbv¡mw; kn\n-a-bnÂ¯s¶ {Kmao-W-cmb a\p-j-ysâ hmk-\-ItfmSpw Po-hn-X-t¯mSpw _Ô-ap-Å-Xm-¡n-¯oÀ¡msa¶ \ne-bn-epÅ ]co-£-W-§Ä \S¯n kaq-ls¯ ip²o-I-cn-¡p¶ Xc-¯nepÅ kn\n-a-I-Ä D-m-¡m³ {ian-¡-Ww. Ct¸mgs¯ Nne kn\n-a-IÄ I-mÂ XpS¡w apXÂ HSp-¡w-h-scbpw ASnbpw IpSn-bp-am-Wv. ]-v \mb-I-·mÀ aZ-y-]n-¡p-am-bn-cp-¶n-Ã. aZ-y-]n-¡p¶ BÄ hnÃ\pw aZ-y-]n-¡m-¯-h³ \mb-I-\p-am-bn-cp-¶p. am{X-a-Ã, kn\n-a-sb-¶p-]-d-ªmÂ Hcp ktµ-i-ap--m-bn-cn-¡-Ww. B k-tµiw a\pjy kaq-l-¯n\v \ÂIp¶ Ie k¼qÀ®-X-bm-hWw; Bfp-IÄ¡v AXn-tebv¡v ASp-¡m³ tXm¶-Ww; AXv BIÀj-I-X-z-ap-Å-Xm-h-Ww, Nncn-¡p-Ibpw AtXm-sSm¸wXs¶ a\Êv ip²o-I-cn-¡p-Ibpw sN¿p¶ H¶m-hWw kn\n-a. Cu _nÃn-eqsS A§v sIm-p-h-¶n-cn-¡p¶ \nÀt±iw XoÀ¨-bmbpw AXn-s\-Xn-cm-Wv. Iem-Im-c-·msc kwc-£n-¡p-¶-Xn\v Sn¡-änt·epÅ NmÀÖv hÀ²-\-b-ÃmsX, \nÀ½mW{]{In-b-bnÂ 25 tImSn-cq] apS-¡nbXm-Wv, 100 tImSn cq] apS-¡n-b-XmWv Fs¶ms¡ ]{X-¯nÂ¯s¶ Fgp-Xp-¶p--v. A§s\ apS-¡p-¶-h-cnÂ \n¶v Ipd-¨p-th-W-sa-¦nÂ CuSm-¡mw. ImcWw kn\nam

\nÀ½m-Xm-¡ÄX-s¶ {]J-ym-]n-¡pI-bmWv R§Ä tImSn-¡-W-¡n\v cq] apXÂap-S-¡nbncn-¡p¶p F¶v. Cu kml-N-c-y-¯nÂt¸mepw km¼-¯nIhnPbw ssIh-cn-¡p¶ tem _UvPäv IpSpw_ Nn{X-§Ä Xntb-ä-dp-I-fnÂ F¯p-¶p--v. A¯cw kn\n-a-IÄ Xntb-ä-dnÂt]mbn ImWm³ ]än-bn-sÃ-¦nÂ Sn.-hn.-bneqsS hcp-¶Xv Im¯n-cp¶v Hcp-X-h-W-b-Ã, ]e-X-hW IpSpw-_-ktaXw ImWp-¶hÀ C¡q-«-¯n-ep--v.

{io. sI. hn. A_vZpÄ JmZÀ: kn\n-a- \nÀ½m-W taJ-e-bnÂ \n¶pw -GsX-¦nepw Xc-¯nÂ ]Ww Cu-Sm-¡p-¶-Xn-s\-¡p-dn¨v ]d-ªtÃm; ae-bmf kn\nam Nn{Xo-I-cWw a{Zm-knÂ tI{µoIcn-¨n-cp¶ ImeL«-¯nÂ kn\n-am- Nn-{Xo-IcWw tIc-f-¯n-tebv¡v sIm-p-h-cp-¶-Xn\v Hcp \nÝnX kwJy k_vknUn \ÂIn-bn-cp-¶p. F¶mÂ Ct¸mÄ B k_vknUn \ÂIp-¶pt-m; AXn\v AÀl-cmb th-{X At]-£-I-cp-t-msb¶p-t]mepw Adn-bn-Ã. C§s\ kn\nam \nÀ½mW {]{In-b-bnÂ kwØm\ Kh¬saâv \ÂIp¶ k_vknUn XpI C¯cw t£a-\n[n¡p-th-n amän-h-bv¡p-¶-Xn-s\-¡p-dn¨v Btem-Nn-¨p-IqtS?

{io. ]n. kn. hnjvWp-\mYv: kÀ, sI. Icp-Wm-I-c-\mWv Nn{Xm-Ú-en-ÌpUn-tbmbpw AtXm-sSm¸w Xs¶ ae-bm-f-kn-\nam Nn{Xo-I-cWw Xan-gv\m-«nÂ \n¶pw tIc-f-¯n-tebv¡v ]dn-¨p-\-«-Xn-eqsS ZuÀ`m-K-y-I-c-sa¶v ]d-bt«; {io. sI. Icp-Wm-I-csâ t]cnÂ hnhm-Zap-m-bn-«p--v. s{]mU-£³ tImÌv A©p-e£w cq]-bm-bn-cp¶ B ka-b¯v c-v e£w cq] k_vknUn \ÂIn-bn-cp-¶p-sh-¦nÂ {io. sI. hn. A_vZpÄ JmZÀ ]d-ª-Xp-t]m-

se 25þ100 tImSn cq] s{]mU-£³ tImÌpÅ kn\n-a-Ifnd-§p¶ Cu ka-b-¯p-
t]mepw A©v e£w cq] am{Xta k_vknUnbmbn sImSp-¡p-¶p-Åq. XoÀ¨-
bmbpw B k_vknUn XpI Imem-\p-kr-X-ambn ]cn-jv¡cn-t¡- kabw AXn-
{I-an-¨n-cn-¡p-¶p-sh-¶p-ff A`n-{]m-b-t¯mSv A§v tbmPn-¡p-¶pt-m?

{io. apÃ-¡c cXv\m-I-c³: XoÀ¨-bmbpw, tIc-f-¯nÂ h¨v Nn{Xo-I-cn-
¡p¶, tIc-f-¯n-se Bfp-IÄ ]¦p-tN-cp¶ \Ã kn\n-abv¡v XoÀ¨-bmbpw k_vknUn
Iq«n-s¡m-Sp-t¡---Xm-Wv. ]t£, Hmtcm taJ-e-bntebpw amä-§Ä¡-\p-kr-X-
ambn ]pXnb sSIvt\m-f-Pn -h-fÀ¶ph-cp-¶-Xnsâ `mK-ambn {]tX-y-In¨v
kn\nam cwK¯v Np-cp§n-b-sN-e-hnÂ kn\nam \nÀ½mWw \S-¯m³ km[n-
¡Ww. F¶mÂ kn\nam \nÀ½m-Ws¨e-hnsâ apJ-y-]¦v {][m-\-\-S\pw \Sn¡pw
th-n-bmWv sNe-h-gn-¡p-¶-sX-¶p-Å-XmWv ae-bmf kn\n-a-bpsS {]tX-y-
I-X. kn\n-a-sb¶v ]d-bpt¼mÄ AXnÂ km[m-c-W-a-\p-j-y\pw km[m-cW
{]Xn-`bv¡pw ]¦p-tN-cm³ Ign-b-Ww. A¯c¯nÂ \Ã kn\n-a-sb-Sp-¡m³ Ign-
hpÅ {]Xn-`-Isf Kh¬saâv klm-bn-¡p-Ibpw thWw. ChnsS ]d-bp-¶-Xp-
t]mse Kh¬saâv k_vknUnbmb A©v e£w cq] F¶-Xn-\p-]-cn-bmbn C¯c-
¡msc klm-bn-¡-Ww. asäm-cp-Im-c-yw, FIvsskkv \nIp-Xn-bnse Hcp-
`mKw CXn-\mbn D]-tbm-Kn-¡-W-sa-¶mWv {io. kmPp-t]mÄ ChnsS ]d-
ª-Xv. Ct¸mÄ¯s¶ AXnÂ \n¶v Hcp-]mSv FSp-¡p-¶p--v. F¶mÂ CXn-\mbn
\ap¡v aäv ]e tkmgvkpI-fnÂ\n-¶p-sa-Sp¡mw. tIc-f-¯nÂ BÀ`m-S-I-c-ambn

PohnXw \bn-¡p¶ coXn-bn-epÅ Hcp-]mSv kwhn-[m-\-§fp-v. B kwhn-[m-\-§Ä¡v skÊv GÀs¸-Sp-¯mw. kn\na Xntb-ä-dnÂt]mbn kn\na ImWp-¶Xv skkv GÀs¸-Sp-¯m-hp¶ Xc-¯n-semcp Ipä-ambn ImW-cp-Xv. kX-y-¯nÂ kn\nasb \ne-\nÀ¯m³ Ct¸mgpw bXv\n-¡p¶, kn\na ImWm³ B{K-ln-¡p¶ km[m-cW a\p-j-y-t\mSv sN¿p¶ Hcp ISp¯ t{Zml-am-Wv. AXp-sIm-v A[nIw ]d-ªp-t]mIm³ B{K-ln-¡p-¶n-Ã, Fsâ {]kwKw Npcp¡pIbm-Wv.

{io. Pn. kp[m-I-c³: kn\na Sn¡äv hÀ²n-¸n-¡p-¶-Xn-s\-¸-än-bpw AXn-t·Â SmIvkv CuSm-¡p-¶-Xn-s\-¸-än-bp-amWv ChnsS ]d-bp-¶-Xv. dnt¸mÀ«p-IÄ {]Imcw Ignª Hcp-hÀjw 120 kn\n-aIÄ tIc-f-¯nÂ \nÀ½n-¨psh¶pw 1800 tImSn-bnÂ¸cw cq]- CXn-\mbn C³shÌv sNbvXn-cn-¡p-¶psh-¶p-amWv IW-¡v. C{Xbpw XpI Kh¬saâv sImSp-¯-X-Ã, C{Xb[nIw ]Ww sNe-h-gn¨v kn\n-am-\nÀ½mWw \S-¯n-sb¦nepw AXnÂ ]¯v kn\n-a-IÄ¡pt]mepw tkmj-yÂ hmeyq D-m-bn-cp-¶nsÃ¶psÅmcp hnaÀi-\-amWv ChnsS h¶n-cn-¡p-¶-Xv. C{Xbpw ]W-ap-]-tbm-Kn¨v kaq-l-¯n\v bmsXmcp {]tbm-P-\-hp-an-Ãm¯ ktµ-i-§Ä \ÂIp¶ Xc-¯n-epÅ kn\n-a-IÄ tIc-f-¯nÂ hÀ²n-¨p-h-cn-I-bm-Wv. AXn-eqsS Chn-Ss¯ \nb-a-h-y-h-Ø-bmsI ]cm-P-b-s¸-«p-sh¶pÅ ktµ-i-amWv \ÂIp-¶-Xv. am{X-a-Ã, \½psS \m«nÂ \S-¡p¶ Imc-y-a-sÃ-¦nÂt¸mepw t]meokv Hm^o-k-sd shSn-sh-¨p-sIm-Ãp¶ \mb-I-·mÀ, aZ-y-]n¨v kv{Xoþ-]p-cp-j-t`-Z-anÃmsX BSnbpw ]mSnbpw \S-¡p-s¶mcp coXn-bmWv C¶v ]e kn\n-a-I-fnepw I-p-sIm--n-

cn-¡p-¶-Xv. hmkvX-h-¯nÂ kn\na sde-hâmbn amdn-bn-cn-¡p-I-bm-Wv. tIc-fob kwkvIm-c-¯nt\m kmaq-ly Pohn-X-¯nt\m bmsXmcp kw`m-h-\bpw sN¿m-s¯mcp s]m§-¨-ambn tIc-f-¯nse ^nenw C³Ukv{Sn amdn-bn-cn-¡p-I-bm-Wv. _lp-am-\-s¸« AwKw ]d-ª-Xp-t]mse CXv BZ-ys¯ Ime-L-«-a-Ã. AXnsâ ^e-am-bn-«mWv ae-bm-f-¯nsâ Hcp \S-\m-sW-¦nepw temI¯v CXp-hsc D-m-bn-«pÅ alm-\-S-·m-cpsS Iq«-¯nÂ Hcp {]Xn-`-Xs¶bmb Xne-I\v A`n-\-bn-¡m³t]mepw Ah-Im-i-anÃ F¶p-]dª ^mknÌv sS³U³kn-b-S¡w Cu Iem-Im-c-·m-cnÂ D-m-bn. a¡-fpsS Ie-ym-W-¯n\v 10-þDw 30þDw tImSn cq] apS¡pIbpw ]mh-s¸« Hcm-sf-t¸mepw AXn-\p-Ån-tebv¡v IS-¯m-Xn-cn-¡pIbpw sN¿p¶ kwkvImcw hfÀ¶p-h-cp-¶-Xnsâ ^e-ambn kn\nasbmcp s]m§-¨-ambn amdn-bn-cn-¡p-¶p. B kn\n-asb Xncn¨v P\-§-fpsS {]Øm-\-am¡n, Ccp-]-Xmw-\q-äm--nse Gähpw henb Ie kn\n-a-bm-sW-¶mWv dj-y³ hn¹hw \bn¨ alm-\mb se\n³ ]d-ª-Xv. ImcWw B hn¹-h-¯n-s\mcp Imc-WambXv Hcp kn\n-a-bm-Wv. Battleship Potemkin F¶p-]-d-bp-¶ temI{]i-kvX-am-b kn\n-abnÂ, Hcp I¸-enÂ h¶v kmÀ N{I-hÀ¯n-bpsS sIm«mcw t`Zn¨v shSn-sh¨v Ib-dp¶Xmb cwKap-v. B kn\na I--Xp-Xs¶ dj-y³ hn¹-h-¯n\v hf-sc-tbsd klm-b-I-c-am-bn. A§-s\sbmcp Imew-I-gn-ªp. tIc-f-¯nse 99 iX-am-\t¯mfw \So-\-S-·mcpw ]c-k-y-am-bn- cmjv{So-bs¯ A]-am-\n-¡p-Ibpw FXnÀ¡p-Ibpw sN¿p-¶p. ]t£,

Xan-gv\mSv, shÌv _wKmÄ, BÊmw, IÀ®m-S-I, B{Ô Chn-sS-sbm-s¡-bpÅ kn\n-am-\-S-·mcpw Iem-Im-c-·mcpw kmaq-ly {]iv\-§Äs¡-Xnsc {]Xn-I-cn-¡p-t¼mÄ ]W-ap--m¡m³-th-n AhÀ ]d-bp-¶-Xp-t]m-epÅ kn\n-a-bp--m-¡pIbpw AhÀ ]d-bp¶ Ub-d-IvtSgvkns\ hbv¡p-Ibpw AhÀ ]d-bp¶ kv{In]väv thWsa¶papÅ h¬am³tjmbmbn amdn-bn-cn-¡p¶ Cu ae-bmf kn\n-asb c£n-¡m³, Sn¡äv NmÀÖv hÀ²\ -am{Xa-Ã {]iv\-am-bn-«p-ÅXv; kn\n-a-sb´v ktµ-i-amWv tIc-f-¯n\v \ÂIp-¶-sX¶ {]iv\-s¯-¸-än-¡qSn Bg-¯nÂ NÀ¨-sN-t¿--Xv Bh-i-y-atÃ?

{io. apÃ-¡c cXv\m-I-c³: icn-bm-Wv. AXm-bXv H¶nÂ \n¶v ]n·m-dp-¶p-sh¶v ]dªmÂ AXnsâ AÀ°w H¶p-InÂ \½psS Pohn-Xhpw AXp-ambpÅ AI-e-am-Wv. AXnÂ \n¶v Bk-zm-Z-y-]qÀÆw H¶pw DÄs¡m-Åm³ ]äm-¯-tXm AsÃ-¦nÂ AXn-t\-¡mÄ BIÀj-I-X-z-apÅ, sa¨-s¸« \ne-bnepÅ asät´m kwhn-[m\w ho«ntem hn«p-Np-äp-]m-Sntem D-m-Ip-¶p-sh-¶-Xm-Wv. kn\n-a-bnÂ {]hÀ¯n-¡p¶ Iem-Im-c-·m-scÃmw tamiamsW¶pw {]Xn-`-bn-Ãm-¯-h-cmsW¶p-apÅ A`n-{]m-b-anÃ. ]t£, -\-½psS kaq-l-¯nÂ ]t¯m ap¸tXm hÀjw ap¼v I--Xp-t]m-epÅ PohnX kml-N-cyw, Hcp ]m«p tI«mÂ ho-pw ho-pw ]mSn-s¡m--p-\-S-¡m³ ]änb-X-c-¯n-Â {Kmao-W-ku-µ-c-y-apÅ ]m«p-IÄ, A`n-\-bw F¶n-bp--m-bn-cp-¶p. DZml-c-W-ambn -]-¯m-as¯ hb-ÊnÂ A`n-\-bPohnXw- Xp-S§pIbpw 74-þm-as¯ hb-ÊnÂ 2500-þÂ¸cw Nn{X-§fnÂ A`n-\-bn¨v hy-X-y-kvX IYm-

]m-{X-§-fpsS ]IÀ¶m«w \S-¯nb A`n-\-b-¯nsâ k¼qÀ®-X-sb¶v ]d-bm-hp¶ kpIp-amcn \jvS-s¸-«-p. F¶mÂt¸mepw kpIp-am-cn-bpsS Hcp-]mSv IYm-]m-{X-§Ä \½psS a\-ÊnÂ \nd-ªp-h-cn-Ibpw B apJw a\-ÊnÂ \nd-ªp-\nÂ¡pIbpw sN¿pw. A¯cw IYm-]m-{X-§sf kw`m-h\ sN¿m³ A¡m-e¯v ]eÀ¡pw Ign-ªn-cp-¶p. Cu Ime¯pw A]qÀÆ-{]-Xn-`-bpÅ Iem-Im-c-·m-cp--v. ]t£, IY-]-dbp¶ coXn-, ae-bm-f-¯nsâ, km[m-c-W-a-\p-j-ysâ am\-kn-Im-h-Ø-bp-ambn Hcp-]mSv AI-e-ap--v. AXmWv ChnsS ]d-ª-Xv. _lp-am-\-s¸« a{´n¡v kn\n-abp-ambn _Ô-ap-Å-Xp-sIm--mWv ]d-bp-¶-Xv. kn\n-am-Xn-tb-ä-dp-IÄ sNdp-Xm-¡ntbm kabw Npcp-¡ntbm IY IqSp-XÂ am\-ho-I-Xbpw {KmaoW kz-`m-h-ap-Å-Xm¡ntbm sIm-p-hcmw F¶v Nn´n-¡-Ww. AXn-s\-¡p-dn¨v Btem-Nn¨v Bfp-Isf DÕ-h-¸-d-¼p-I-fnÂ F¯n-¡p-¶-Xp-t]mse Xntb-ä-dp-I-fnÂ Bfp-Isf BIÀjn-¡m³ Ign-b-Ww.  Hcp Ie \jvS-s¸-Sp-t¼mÄ kX-y-¯nÂ \-jvS-s¸-Sp-¶Xv hen-sbmcp kwkvIm-c-amWv, kmwkvImcnI \·-bpsS ]cn-k-c-amWv kn\n-am- Xn-tb-ä-dp-I-fnÂ Bfp-IÄ Ib-dm-Xm-b-t¸mÄ \jvS-s¸-«-Xv. DÕ-h-¸-d-¼p-I-fnÂ ]e Iebpw ImWm³ Bfp-IÄ F¯m-Xn-cn-¡p-t¼mÄ \jvS-s¸-Sp-¶Xpw Cu kmwkvIm-cnI ]cn-k-c-am-Wv. AXp-sIm-v kn\n-asb c£n-¡m-\pÅ ]²-Xn-Isf¸än Btem-Nn-¡Wsa-¶mWv A§-tbmSv F\n¡v ]dbm\p-Å-Xv. AXn\-¸p-d-samcp skkv hbv¡m-Xn-cn-¡p-I. ChnsS Hcp-]mSv Iem-Im-c-·msc kwc-£n-t¡---Xp-v tIc-f-¯nÂ IY-I-fnbpw aäv ¢mknIv Ie-Ifpw \S-¸m-¡nb, Pohn-

Xm-´-y-¯nÂ IpSpw-_s¯ klm-bn-¡m³ tijn-bn-Ãm¯ Hcp-]mSv Iem-Im-c-·m-sc-¸än F\n¡v Adn-bmw. sIm«m-¡c IY-I-fn-bpsS \mSv F¶ \ne-bnepw, HmbqÀ, aS-hqÀ, ]d-¡-¶qÀ F¶o {]tZ-i-§-fnsems¡ Hcp-]mSv IY-Ifn Iem-Im-c-·mÀ DÅ \msS¶ \ne-bnepw Ah-cpsS PohnXw t\cn-«-dn-bm-hp¶ Hcm-sf¶ \ne-bnÂ A¯cw \mS-I-I-em-Im-c-·mÀ, Ihn-IÄ, Ie-bp-ambn \S-¶-hÀ X\-Xp-I-e-bp-ambn _Ô-ap-Å-hÀ, \mS³]m-«p-ambn _Ô-ap-Å-hÀ XpS§n Pohn-Xm-h-km\¯nÂ hoWp-t]m-Ip¶ Iem-Im-c-·msc klm-bn¡m³ Ign-b-Ww. Ahsc klm-bn-¡m³ Ign-bp¶ Xc-¯n-Â skkv ]ncn-¡m-hp¶ Hc-´-co£w tIc-f-¯n-ep--v. ChnsS kqNn-¸n-¨-Xp-t]mse BÀ`m-S-I-c-ambn Pohn-¡p¶, Hcp Ieym-W-¯nt\m sKävSpK-Zdnt\m tImSn-IÄ sNe-h-gn-¡p¶, AsXms¡ Hcp-]t£ I-p-\nÂ¡m³ Ak-l-y-amb Xc-¯nepÅh-bm-Wv. A§s\ BÀ`mSw \S-¯p-¶-h-cnÂ \n¶p-thWw CXn-\pÅ ]Ww Is--t¯---Xv. kn\n-a-bnepw A¯cw hcp-am-\-apÅ GsX-¦nepw Xc-¯nÂ sdt¡mÀUv If-£-\pÅ, AsÃ-¦nÂ AXp-t]mse tImSn-IÄ apXÂap-S-¡n kn\nam \nÀ½mWw \S-¯p-¶-h-cnÂ\n¶pthW-sa-¦nepw CXv CuSm-¡mw. AÃmsX Ct¸mgpw kn\nam Xntb-ä-dn-tebv¡v, kn\na ImWm-\pÅ Zmlw-sIm-v t]mIp-¶-h-cnÂ \n¶pw skkv CuSm-¡m³ ]mSnÃ.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, അങ്ങ് ഇപ്പോൾ പറഞ്ഞ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. റെക്കോർഡ് കളക്ഷനുള്ള സിനിമകളുടെ ഒരു ചെറിയ

ശതമാനം ഈ ആവശ്യത്തിനുവേണ്ടി വിനിയോഗിക്കാവുന്നതാണ്. ഈ വർഷത്തെ കണക്കനുസരിച്ച് മലയാളത്തിൽ റിലീസ് ചെയ്ത 80 ശതമാനം സിനിമയും വിജയിച്ചില്ല. 25 വർഷം മുമ്പ് വലിയ തോതിൽ വിജയിച്ച സിനിമയായ 'ദ കിംഗ്' നിർമ്മിച്ചത് നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിയാണ്. ആ സിനിമ ടി.വി. യിലൊക്കെ വന്നു. ഓരോ തവണ ടി.വി.യിൽ വരുമ്പോഴും വരുമാനത്തിന്റെ ഒരു ഭാഗം സ്വാഭാവികമായും അദ്ദേഹത്തിന് കിട്ടിക്കൊണ്ടിരിക്കും. അദ്ദേഹത്തിൽ നിന്ന് സെസ് ഈടാക്കണമെന്നുള്ള അർത്ഥത്തിലല്ല ഞാൻ പറയുന്നത്. ഇങ്ങനെ വലിയ റെക്കോർഡ് കളക്ഷൻ കിട്ടിയിട്ടുള്ള സിനിമകൾക്ക് ഒരു ചെറിയ സെസ് ഏർപ്പെടുത്തിയാൽ പാവപ്പെട്ട, സാധാരണക്കാരായ സിനിമാ പ്രേക്ഷകരെ സെസിൽ നിന്ന് ഒഴിവാക്കാൻ സാധിക്കും. അത്തരം ഒരു നിർദ്ദേശത്തോട് ഞാൻ യോജിക്കുന്നു. അങ്ങ് ഇപ്പോൾ പറഞ്ഞത് വളരെ സ്വാഗതാർഹമാണ്, അത് ശക്തിപ്പെടുത്താനുള്ള നിർദ്ദേശം കൂടി അങ്ങ് പറയണം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളത്തിലെ വരുമാനമുള്ളവർ, പണം ആർഭാടപൂർവ്വം ചെലവഴിക്കുന്നവരിൽ നിന്ന് അല്ലെങ്കിൽ സിനിമ എടുത്തുതന്നെ റെക്കോർഡ് കളക്ഷനുണ്ടാക്കി ലാഭം കൊയ്യുന്നവരിൽ നിന്ന് പണം കണ്ടെത്തിയാൽ അത് പാവപ്പെട്ട കലാകാരന്മാരെ സഹായിക്കാൻ, സഹായിക്കേണ്ടവരെ സഹായിക്കാനും എടുക്കേണ്ടവരിൽ നിന്ന് എടുക്കാനും ഗവൺമെന്റ് ചെയ്യുന്ന ജനാധിപത്യപരമായ ഒരു സത്പ്രവൃത്തിയായിരിക്കും. സിനിമാ തിയേറ്ററിൽ കയറി രണ്ടര മണിക്കൂർ ഉറക്കമൊഴിഞ്ഞ് സിനിമ കാണുന്നവരുടെ തലയിൽ ഒരു സെസ് അടിച്ചേൽപ്പിക്കുന്നത് സത്യത്തിൽ സിനിമയോട് നമ്മൾ ചെയ്യുന്ന ഒരു തെറ്റായിരിക്കും, അത് ചെയ്യാൻ

പാടില്ല. അതുകൊണ്ട് അങ്ങയുടെ ഈ നിർദ്ദേശം പിൻവലിക്കുകയും മറ്റ് തരത്തിൽ ആ പണം കണ്ടെത്താനുള്ള വഴികൾ അന്വേഷിച്ച് കൃത്യമായ വരുമാനം കണ്ടെത്തി കേരളത്തിലെ അവശതയനുഭവിക്കുന്ന, കിട്ടാൻ അർഹ തയുള്ള, കേരളത്തിന്റെ ക്ലാസിക് കലകളിലും തനത് കലകളിലും നിന്ന് ജീവി തത്തിന്റെ അവസാനകാലം ദുരിതപൂർണ്ണമായ അവസ്ഥയിൽ ജീവിക്കുന്ന വരെ, കുടുംബത്തെപ്പോലും സംരക്ഷിക്കാൻ പറ്റാത്തവരെ സംരക്ഷിക്കാ നുള്ള ബാദ്ധ്യത ഏറ്റെടുക്കണം. അതിനുള്ള പണം ആ തരത്തിൽ വേണം കണ്ടെത്താൻ. സിനിമ കാണുന്നതിനുള്ള ടിക്കറ്റിനുള്ള സെസ് എന്നുപറയു ന്നത് ശരിയായ രീതിയല്ല. സിനിമയെക്കുറിച്ച് അറിയാവുന്ന, സിനിമയുടെ പ്രതിസന്ധി അറിയാവുന്ന ഒരു ആൾ എന്ന നിലയിൽ തീർച്ചയായും അങ്ങ് അത് പിൻവലിച്ച് മാതൃക കാണിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ പ്രമേയം ഞാൻ മൂവ് ചെയ്യുകയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, സിനിമാ സംവിധാനം എന്നത് നമ്മുടെ നാട്ടിൽ തകർന്നുകൊണ്ടിരിക്കുന്ന ഒരു കലാസംവിധാനമാണ്. നാട്ടിൻപുറത്തുണ്ടായിരുന്ന നാടകങ്ങളും മറ്റ് കലാപരിപാടികളുമൊക്കെ നിന്നുപോയത് സിനിമ വന്നതോടുകൂടിയായിരുന്നു. നാട്ടിൻപുറത്തുള്ള സാധാരണക്കാരായ മുഴുവൻ ആളുകൾക്കും കണ്ട് ആസ്വദിക്കാൻ പറ്റുന്ന ഒരു പ്രധാനപ്പെട്ട കലാരൂപമായിരുന്നു സിനിമ എന്നത്. വൈകുന്നേരങ്ങളിൽ സുഖത്തിനുവേണ്ടിയോ അല്ലെങ്കിൽ കല ആസ്വദിക്കുന്നതിനുവേണ്ടിയോ ഓരോ ആളുകളും ആശ്രയിച്ചത് സിനിമയെയായിരുന്നു. ആ സിനിമ ഇന്ന് പാടെ തകർന്നുവെന്ന കാര്യം എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. സിനിമ തകർന്നു പോകുന്ന അവസരത്തിൽ അതിനെ സംരക്ഷിക്കുന്നതിനുപ

കരം ആ തകർച്ചയുടെ ആക്കം കൂട്ടുന്ന രീതിയിലുള്ളതാണ് അങ്ങ് അവതരിപ്പിച്ച ബിൽ എന്ന് പറയാതിരിക്കാൻ കഴിയില്ല. കലാകാരന്മാരെ സംരക്ഷിക്കേണ്ടത് അത്യാവശ്യം തന്നെയാണ്. കലാകാരന്മാർ എന്നുപറഞ്ഞാൽ സിനിമാക്കാർ മാത്രമല്ല, നാട്ടിലെ നാടക കലാകാരന്മാർ അടക്കമുള്ള ധാരാളം കലാകാരന്മാരെ സംരക്ഷിക്കേണ്ടത് നമ്മുടെ ബാധ്യത തന്നെയാണ്. കേരളീയ സമൂഹത്തിന്റെ വളർച്ചയ്ക്ക് രാഷ്ട്രീയക്കാരായ നമ്മൾ മാത്രമാണ് ഉത്തരവാദിയെന്ന് നമ്മളെല്ലാവരും പറയും. പക്ഷേ നമ്മുടെ സമൂഹത്തിന്റെ വളർച്ചയിൽ കലാകാരന്മാർ വഹിച്ച പങ്ക് ആർക്കും മറക്കാൻ പറ്റുന്നതല്ല. കേരളത്തിലെ സാമൂഹ്യരംഗത്തെ മാറ്റങ്ങൾക്കുവേണ്ടി നാടക നടന്മാരും നടികളും നാടക സംവിധായകന്മാരും വഹിച്ച പങ്ക് കേരളീയ സമൂഹത്തിന് മറക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. അതിൽ കെ.പി.എ.സി. വഹിച്ച പങ്ക് എത്രത്തോളം വലുതാണെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കെ.പി.എ.സി. യിലെ നാടക നടന്മാരും നടികളും പാട്ടുകാരും സംവിധായകന്മാരും കേരളീയ സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി, മാറ്റങ്ങൾക്കുവേണ്ടി രാഷ്ട്രീയക്കാരെപ്പോലെ അല്ലെങ്കിൽ സാമൂഹ്യ പരിഷ്ക്കർത്താക്കളെപ്പോലെ തന്നെ വലിയ പങ്കാണ് വഹിച്ചത്. ആ കലാകാരന്മാരെയെല്ലാം സംരക്ഷിക്കണമെന്ന കാര്യത്തിൽ തർക്കമില്ലാത്തതാണ്. പക്ഷേ അവരെ സംരക്ഷിക്കുന്നതിന് താങ്കൾ ഇവിടെ കൊണ്ടുവന്ന ബില്ല് ഉപകരിക്കുമോ എന്ന കാര്യം ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കണം. നേരത്തെ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതുപോലെ, നമ്മുടെ നാട്ടിലെ ഓരോ ഗ്രാമങ്ങളിലും എത്രയെത്ര സിനിമാശാലകളാണ് ഉണ്ടായിരുന്നതെന്ന കാര്യം നമുക്കെല്ലാം അറിയാവുന്നതാണ്. അതെല്ലാം കാലഹരണപ്പെട്ടുപോയിരിക്കുന്നു. ഇന്ന് പ്രധാനപ്പെട്ട ടൗണുകളിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായി മാറിയിരിക്കുകയാണ് സിനിമ.

ആ സിനിമാ തിയേറ്ററുകളിലേയ്ക്ക് ആളുകളെ കയറ്റുന്നതിനെക്കുറിച്ച് നേരത്തെ ഇവിടെ സംസാരിച്ചു. ഞാൻ കഴിഞ്ഞയാഴ്ച കൈരളി തിയറ്ററിൽ ഒരു സിനിമ കാണാൻ പോയി. അതിനുമുമ്പ് പോയപ്പോൾ നാൽപ്പതോ അൻപതോ രൂപയായിരുന്നു ഒരു ടിക്കറ്റിന്റെ ചാർജ്ജ്. ഇപ്പോൾ ടിക്കറ്റിന്റെ ചാർജ്ജ് 80 രൂപയാണ്. തിയേറ്റർ പരിഷ്ക്കരിച്ച് മോഡിഫിക്കേഷനൊക്കെ വരുത്തി ഗംഭീരമാക്കിയിട്ടുണ്ടെന്നുള്ളത് സത്യമാണ്. നാടകത്തോടും കല യോടും പ്രിയമുള്ള നമ്മുടെ ബഹുമാനപ്പെട്ട സിനിമാ മന്ത്രി ലക്ഷക്കണക്കിന് രൂപ മുടക്കി തിയേറ്റർ ആധുനിക സംവിധാനത്തോടുകൂടി പരിഷ്ക്കരിച്ചു. പക്ഷേ 80 രൂപയാണ് ടിക്കറ്റ് ചാർജ്ജ്. അതിന്മേൽ ഇനിയും നാലോ അഞ്ചോ രൂപകൂടി സെസ് കൂട്ടി വാങ്ങി ഈ നടന്മാരെയും നടികളെയും കലാകാരന്മാ രെയും സംരക്ഷിക്കാനുള്ള നടപടി വേണമെന്നാണ് ബില്ലിൽ നിർദ്ദേശിക്കപ്പെ ട്ടിട്ടുള്ളത്. അത് എങ്ങനെ ചെയ്യും? ശ്രീ. മുല്ലക്കര രത്നാകരൻ സിനിമ കാണാൻ പോയപ്പോൾ തിയേറ്ററിൽ ആകെ 14 പേരാണുണ്ടായിരുന്നതെന്നു പറഞ്ഞു. ഞാൻ പോയപ്പോൾ 27 പേരാണുണ്ടായിരുന്നത്. ആൾ ഇല്ലെ ങ്കിലും കറണ്ടും സംവിധാനവുമൊക്കെ ചെലവഴിക്കണമല്ലോ? സിനിമ കാണാനായി വന്ന 27 പേരിൽ നിന്നും 3 രൂപയോ 5 രൂപയോ വച്ച് സെസ് വാങ്ങി ഈ നടന്മാരെയും നടികളേയും മറ്റ് കലാകാരന്മാരേയും സംരക്ഷി ക്കാമെന്ന മിഥ്യാബോധം ശരിയല്ല. അവരെ സംരക്ഷിക്കേണ്ടത് അത്യാവശ്യ മാണ്. കലാകാരന്മാർ, പ്രത്യേകിച്ച് സിനിമാ നടന്മാർ സമൂഹത്തിന്റെ സമ്പ ത്താണ്. ആർഭാടവും കാര്യങ്ങളുമൊക്കെ അവർക്കുണ്ട് എന്നുള്ളത് വസ്തു തയാണ്. ധാരാളം സമ്പത്തുള്ളതുകൊണ്ട് അത് ഉപയോഗിച്ച് അവർ ആർഭാടം നടത്തുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. ശ്രീ. ജി. സുധാകരൻ പറഞ്ഞതുപോലെ അവർക്കിടയിൽ സമൂഹത്തോട് ബാധ്യതയില്ലാത്ത

ധാരാളം ആളുകളുമുണ്ട്. സമൂഹത്തോട് ബാധ്യതയുള്ള ഒരു സിനിമാ നടനെ ത്തന്നെ മന്ത്രിയായി നമുക്ക് കിട്ടിയത് നല്ല കാര്യം തന്നെയാണ്. ഒരു കലാ കാരനെ നമുക്ക് കിട്ടിയത് ഈ സഭയ്ക്കുതന്നെ ഒരു അസറ്റാണ്. പക്ഷേ സമൂഹത്തോട് ബാദ്ധ്യതയില്ലാത്ത ധാരാളം കലാകാരന്മാർ നമ്മുടെ നാട്ടി ലുണ്ട് എന്നതൊരു വസ്തുതയാണ്. അവരെ വേർതിരിച്ച് കാണുന്നതോടൊ പ്പംതന്നെ നമ്മുടെ നാട്ടിൽ കലയ്ക്കുവേണ്ടി ജീവിക്കുന്ന ധാരാളം ആളു കളുണ്ട്. കലയ്ക്കുവേണ്ടി ജീവിക്കുന്ന പാവപ്പെട്ടവരായ സാധാരണക്കാരെ സംരക്ഷിക്കാൻ സെസ് ഒഴിവാക്കി മറ്റേതെങ്കിലും രൂപത്തിൽ ഒരു ഫണ്ട് സ്വരൂപിച്ച് അവരെ സഹായിക്കുന്നതിന് ഒരു നല്ല നടപടി സ്വീകരിക്കണമെ ന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിലെ അവശകലാകാര ന്മാർക്ക് എന്നുപറഞ്ഞ് കൊടുക്കുന്ന പെൻഷൻ വളരെ മോശമായ നിലയിലു ള്ളതാണ്. പെൻഷൻ കാര്യത്തിൽ പൂരക്കളിക്കാർക്ക് മാത്രമാണ് അല്പമെ ങ്കിലും നേട്ടമുള്ളത്. അവർക്ക് കൊടുക്കുന്നത് 1000 രൂപയാണ്. മറ്റെല്ലാ കലാകാരന്മാർക്കും കൊടുക്കുന്നത് 500 രൂപയ്ക്ക് താഴെയാണ്. ഇത് നാണ ക്കേടാണ്. ആ കലാകാരന്മാരുടെ പെൻഷൻ കൂട്ടിക്കൊടുക്കുന്നതിനായി ബഡ്ജറ്റിൽ തുക വകയിരുത്തണമെന്ന് ഞാൻ കെ. എം. മാണി സാറിന് എഴുതിക്കൊടുത്തതാണ്. മാണി സാർ അത് വകവച്ചതേയില്ല. എന്തെങ്കിലും ചിലത് ചെയ്യേണ്ടതായിരുന്നു. കലാകാരനായ മന്ത്രിയെങ്കിലും ഇക്കാര്യ ത്തിൽ ഇടപെട്ട് എന്തെങ്കിലും ചെയ്യേണ്ടതായിരുന്നു. സാംസ്ക്കാരികകാര്യ വകുപ്പുമന്ത്രിക്കും ഞാൻ അപേക്ഷ കൊടുത്തതായിരുന്നു. പക്ഷേ ആരും ഒന്നും പരിഗണിച്ചില്ല. ഇപ്പോൾ നിങ്ങൾ സിനിമാ തിയേറ്ററിൽ പോകുന്ന ആളുകളുടെ മേൽ സെസ് ചുമത്തി ഈ പ്രശ്നം പരിഹരിക്കാമെന്ന് പറയു ന്നത് എന്ത് ധാരണയിലാണ്? സിനിമ കാണാനായി തിയേറ്ററിൽ ആരാണ്

പോകുന്നത്; ആൾക്കാർ പോയി ടിക്കറ്റ് വാങ്ങിയാലല്ലേ നിങ്ങൾക്ക് സെസ് വാങ്ങാൻ കഴിയൂ. ആളുകൾ തിയേറ്ററിലേയ്ക്ക് പോകുന്നതേയില്ല. പോകാത്ത ആളുകളുടെ പേരിൽ സെസ് ചുമത്തി കലാകാരന്മാരെ സംരക്ഷിക്കുമെന്ന് പറയുന്നത് അവരോട് കാണിക്കുന്ന ഒരു അവഹേളനമായിരിക്കും. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, കലാകാരന്മാർക്ക് 1,000 രൂപ പെൻഷൻ കൊടുക്കുന്നുണ്ട്. സിനിമാക്കാർക്ക് 3,000 രൂപയും കൊടുക്കുന്നുണ്ട്. ഇവിടെ ബിൽ അവതരിപ്പിച്ചുകൊണ്ട് മന്ത്രി പറഞ്ഞതുപോലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്താണ് ഇങ്ങനെയൊരു ആശയം തന്നെ വന്നത്. കലാകാരന്മാരെ സഹായിക്കാനായിരുന്നു ലോട്ടറി നടത്തിയത്. ആ ലോട്ടറി വിജയിപ്പിക്കാൻവേണ്ടി സിനിമാക്കാർ തെരുവിലിറങ്ങി പണം പിരിച്ചു, ഡെപ്പോസിറ്റായി വച്ചു. പക്ഷേ ആ ക്ഷേമനിധി പ്രാവർത്തികമാക്കാൻ കഴിയുന്നതിനുമുമ്പ് മന്ത്രിസഭ പോയി. അതിനുശേഷം ഇപ്പോഴത്തെ വകുപ്പുമന്ത്രി ജനങ്ങളെ തിയേറ്ററിലേയ്ക്ക് ആകർഷിക്കാനുള്ള നടപടികൾ സ്വീകരിച്ചു. എന്നാൽ ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റിൽ കലാകാരന്മാർക്കുള്ള പെൻഷൻ വർദ്ധിപ്പിച്ചിട്ടില്ല. അതിൽ കലാകാരന്മാർക്ക് വലിയ അമർഷമുണ്ട്. എന്നുമാത്രമല്ല 3,000 രൂപ കെട്ടി വച്ചാൽ മാത്രമേ 60 വയസ്സായ കലാകാരന് പെൻഷൻ കിട്ടുകയുള്ളൂ. അതുപോലെ സിനിമാക്കാർ 12,000 രൂപ കൊടുത്താലേ പെൻഷൻ കിട്ടുകയുള്ളൂ. ആർക്കുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്? സാധാരണക്കാരന് സിനിമ കാണാനുള്ള സൗകര്യമുണ്ടാകണം. സൗകര്യം തിയേറ്ററിൽ മാത്രം പോരാ, ടിക്കറ്റിന്റെ വില കുറയ്ക്കണം. കൂടുതൽ വരുമാനം വാങ്ങുന്ന ആളുകളിൽനിന്ന് സെസ്സാ

യിട്ടോ വേറെ ഏതെങ്കിലും രൂപത്തിലോ പണം ഈടാക്കുകയാണ് നല്ലത്. കൂടുതൽ കളക്ഷൻ നേടുന്ന ചിത്രങ്ങളുടെ നിർമ്മാതാക്കളിൽനിന്നും മെഗാ സ്റ്റാറുകളിൽനിന്നും പണം സ്വരൂപിക്കണമെന്നും ടിക്കറ്റ് നിരക്ക് വർദ്ധന വിൽനിന്ന് സാധാരണക്കാരെ ഒഴിവാക്കണമെന്നുമാണ് എനിക്ക് പറയുവാനുള്ളത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, കലാകാരന്മാരെ സഹായിക്കുന്ന തിനെക്കുറിച്ചാണ് ഇവിടെ പറഞ്ഞുവന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി കൊണ്ടുവന്ന ലോട്ടറി ടിക്കറ്റ് വിൽപ്പനയും മറ്റു നടപടികളുമെല്ലാം അതിനു വേണ്ടിത്തന്നെയായിരുന്നു. കേരളത്തിലെ എല്ലാ നല്ലമാറ്റങ്ങൾക്കും ഇടതു പക്ഷ ജനാധിപത്യ മുന്നണി തന്നെയാണ് ഇപ്പോൾ കൊണ്ടുവന്ന ബിൽ അതിനുപകരിക്കുകയില്ലെന്ന് മാത്രമല്ല...........

<u>ശ്രീ. ജി. സുധാകരൻ</u>: സർ, നടീനടൻമാരിൽ ഒരു വിഭാഗത്തിന് പണ ത്തിനോട് വലിയ ആർത്തിയാണ്. അതിനുവേണ്ടി വഴിവിട്ട തരത്തിലൊക്കെ പ്രവർത്തിക്കുന്നതായി കാണുന്നു. സ്വർണ്ണക്കട ഉദ്ഘാടനം ചെയ്യാൻ പോകു ന്നതിന് ഒരു കോടി രൂപയൊക്കെ വാങ്ങിക്കുകയാണ്. അപ്പോൾ അവിടെ എന്തുമാത്രം കള്ളസ്വർണ്ണമുണ്ടാകും. ഉദ്ഘാടനം ചെയ്യുന്ന നടനോ നടിക്കോ ഒരു കോടി രൂപ പ്രതിഫലമായി കൊടുക്കുകയാണ്. ഒരു വലിയ തുണിക്കട ഉദ്ഘാടനത്തിന് പത്തും നൂറും സാരി വാങ്ങുകയാണ്. എനിക്കൊരു ചെറിയ അനുഭവമുണ്ടായി. ഞാൻ സമയം കളയുകയല്ല. ആലപ്പുഴയിൽ ഒരു അഞ്ചു നില കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന് കഴിഞ്ഞ മാസം എന്നെവന്ന് വിളിച്ചു. ഞാൻ അവിടുത്തെ എം.എൽ.എ. ആണ്. എന്താണ് ചെയ്യേണ്ടതെന്ന് ഞാൻ അവരോട് ചോദിച്ചു. നാടയൊന്ന് മുറിച്ച് കതക് തുറന്നുതരണമെന്ന് അവർ പറഞ്ഞു. എന്നിട്ട് എന്താണെന്ന് ഞാൻ ചോദിച്ചു. അപ്പോൾ ഒരു സിനിമാനടി

വന്ന് അകത്തൊരു വിളക്ക് കത്തിക്കുമെന്ന് അവർ പറഞ്ഞു. സിനിമാനടിക്ക് കതക് തുറന്നുതരാനൊന്നും എന്നെ കിട്ടില്ലെന്ന് പറഞ്ഞ് ഞാൻ അതിൽനിന്ന് ഒഴിവായി. എറണാകുളത്തുനിന്നുവന്ന് വിളക്ക് കത്തിക്കാൻ സിനിമാനടിക്ക് അഞ്ചുലക്ഷം രൂപ കൊടുക്കാൻ നിങ്ങൾക്ക് എവിടെനിന്നാണ് പണമെന്ന് ഞാൻ ചോദിച്ചു. അപ്പോൾ അയാൾ കുറച്ച് കാര്യം പറഞ്ഞു. കലാകാരൻ മാരുടെ ഇത്തരം സംസ്ക്കാരം ശരിയാണോ? അതിനെപ്പറ്റി അങ്ങ് എന്ത് പറ യുന്നു. അവരുടെ കയ്യിലുള്ള അധികപണം കുറച്ച് പിടിച്ചെടുത്ത് പാവപ്പെട്ട വർക്കുകൂടി കൊടുത്തുകൂടേ? പലരും ഇൻകം ടാക്സൊന്നും കൊടുക്കുന്നി ല്ലായെന്നാണ് പറയുന്നത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സാറിന്റെ അഭിപ്രായം ശരിയാണ്. സിനിമാക്കാരുടെ ഇത്തരം നടപടി ശരിയല്ലായെന്നാണ് പറഞ്ഞുകൊണ്ടിരി ക്കുന്നത്. എല്ലാ സിനിമാക്കാരും മോശക്കാരാണെന്ന് ആരും പറയുന്നില്ല. എങ്കിലും സിനിമയിലും ചാനലുകളിലും അഭിനയിക്കുന്ന ഒരുപാട് ആളുകളെ ക്കുറിച്ച് മോശപ്പെട്ട അഭിപ്രായം നമ്മുടെ നാട്ടിലുണ്ട്.

<u>ശ്രീ. സാജു പോൾ</u>: സർ, സത്യത്തിൽ സിനിമയുടെ സാറ്റലൈറ്റ് റൈറ്റും ഓവർസീസ് റൈറ്റുമൊക്കെ  കൊടുത്ത് മിക്കവാറും നല്ല തുക കിട്ടുന്നുണ്ട്. തിയേറ്ററിൽ ആളില്ലായെന്നതുകൊണ്ടുമാത്രം ഒരു സിനിമ നഷ്ടമാകണമെ ന്നില്ല. ബഹുമാന്യനായ ജി. സുധാകരൻ നടീനടന്മാർ പണം വാങ്ങി ഉദ്ഘാ ടനത്തിന് പോകുന്നതിനെപ്പറ്റി പറഞ്ഞു. അതിൽനിന്ന് വ്യത്യസ്തമായി,  തിരു വനന്തപുരത്തെ ഒരു അനാഥാലയത്തിന് ഒരു തുക സംഭാവന കൊടുത്ത് അതിന്റെ രസീത് കൊടുത്താൽ മാത്രമേ ശ്രീ. ജഗതി ശ്രീകുമാർ ഉദ്ഘാടന ത്തിന് പോകുമായിരുന്നുള്ളൂ. അദ്ദേഹം വ്യക്തിപരമായി പണം വാങ്ങിയിരു ന്നില്ലെന്ന് പറയുന്നു. അതുപോലെതന്നെ ബഹുമാന്യനായ കെ. ബി. ഗണേഷ്

കുമാർ ഇതിനുമുമ്പ് മന്ത്രിയായിരുന്നപ്പോൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു തുക കൊടുത്താൽ മാത്രമേ മണ്ഡലത്തിന് പുറത്തുള്ള കടകളുടെ ഉദ്ഘാടനത്തിന് പോകുമായിരുന്നുള്ളൂ. അങ്ങനെ മാതൃകാപരമായി പ്രവർത്തിക്കുന്ന ആളുകളും ഈ സമൂഹത്തിലുണ്ട്. ഇതുകൂടാതെ, ഒരു പ്രതിഫലവും വാങ്ങാതെ ഞങ്ങൾ ഏഴ് എം.എൽ.എ.-മാർ ഒരു സിനിമയുമായി സഹകരിച്ചിട്ടുണ്ട്. ഞങ്ങളെ സിനിമയിലെടുത്തുവെന്നാണ് പറയുന്നത്. ശ്രീ. ജോസ് തെറ്റയിൽ ഇതിനകം ആറ് സിനിമയിൽ അഭിനയിച്ചു. മൂന്ന് സിനിമയിൽ അഭിനയിച്ചാൽ 'അമ്മ'-യിൽ അംഗത്വം ലഭിക്കും. ആ സിനിമ പുറത്തുവരുമ്പോൾ ഇവിടെ പല ആളുകളും ഞെട്ടും. അതുപോലെയാണ് ശ്രീമതി ഇ. എസ്. ബിജിമോളും ശ്രീ. പി. സി. വിഷ്ണുനാഥും ശ്രീ. പുരുഷൻ കടലുണ്ടിയും ഞാനുമൊക്കെ അതിൽ പെർഫോം ചെയ്തിട്ടുള്ളത്. ശിലകിട്ടാതലയുന്ന ശിൽപ്പിയും ഗതികിട്ടാതലയുന്ന പ്രേതവും ഒരുപോലെയാണ്. കൂടുതൽ ആളുകളെ സഹകരിപ്പിച്ച് സിനിമയെ സമ്പുഷ്ടമാക്കുന്ന കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): നല്ല കാര്യമാണ്. ഞാൻ അത് പറയാൻ തുടങ്ങുകയായിരുന്നു. നമ്മുടെ സഭയിലുള്ള ആറേഴ് എം.എൽ.എ.-മാരെ സ്പോൺസർ ചെയ്തുവെന്ന് പത്രത്തിൽ കണ്ടു. അവരിൽനിന്ന് സെസ് വാങ്ങിക്കണമെന്ന് ഞാൻ പറയാൻവരികയായിരുന്നു. ഫ്രീയായി അഭിനയിച്ചുവെന്നാണ് ശ്രീ. സാജു പോൾ പറഞ്ഞത്. അവരിൽനിന്ന് ഇരട്ടി സെസ് വാങ്ങി ഈ ഫണ്ടിലേയ്ക്ക് പണം ഈടാക്കണമെന്നാണ് എന്റെ അഭിപ്രായം. കാരണം, അവർക്ക് സിനിമയിൽനിന്നും സഭയിൽനിന്നും കിട്ടുന്ന വരുമാനമുണ്ടല്ലോ. അങ്ങനെയുള്ള ആളുകളിൽനിന്ന് പണം സ്വരൂപിച്ച് ഈ കലാകാ

രൻമാരെ സഹായിക്കുന്നതിനുപകരം എപ്പോഴെങ്കിലും തിയേറ്ററിൽ പോകുന്ന ആളുകളിൽനിന്ന് ഇത് വാങ്ങരുതെന്ന അഭിപ്രായമാണ് എനിക്കുള്ളത്. സിനിമയല്ലാതെ, നാട്ടിൻപുറങ്ങളിൽ ഒരുപാട് കലാരൂപങ്ങളുണ്ട്. ആ കലകളിലെ നടൻമാരുടേയും നടിമാരുടേയും സ്ഥിതി ഇന്ന് പരിതാപകരമാണ്. ഞാനും ശ്രീ. കെ. കുഞ്ഞിരാമനും(തൃക്കരിപ്പൂർ) പണ്ട് നാടകനടൻമാരായിരുന്നു. ഇപ്പോഴും ഞങ്ങൾ വേണമെങ്കിൽ ഒരു പ്രധാനപ്പെട്ട നാടകം അഭിനയിച്ച് കാണിക്കാൻ തയ്യാറാണ്. ഞങ്ങൾ ആ രംഗംവിട്ട് രാഷ്ട്രീയ രംഗത്തേയ്ക്ക് വന്നതുകൊണ്ട് മാറിപ്പോയതാണ്. ഞാൻ കലയെ, പ്രത്യേകിച്ച് സംഗീതത്തെ ഏറ്റവും ബഹുമാനിക്കുന്ന ആളാണ്. ആരുടെ സംഗീതം കേട്ടാലും ഞാൻ ആസ്വദിക്കാറുണ്ട്. ഞാൻ പാടാൻ കഴിയുന്ന ഒരാളല്ല. സംഗീതത്തെ ഞാൻ ആസ്വദിക്കുമായിരുന്നു. ശ്രീ. പി. ജെ. ജോസഫ് ഒരു സംഗീതജ്ഞനായിരുന്നു. അദ്ദേഹം ശാസ്ത്രീയസംഗീതം പാടുമായിരുന്നു. പുഴയെക്കുറിച്ചും നദിയെക്കുറിച്ചുമൊക്കെ നല്ല പാട്ട് പാടുമായിരുന്നു. അങ്ങനെയുള്ള കലാകാരന്മാരെയും സഹായിക്കേണ്ടതാണ്. നടൻമാരേയും നടികളേയും സഹായിക്കേണ്ടത് കേരളീയ സമൂഹത്തിന്റെ ഒരു ആവശ്യമാണ്. നമുക്ക് രാഷ്ട്രീയം മാത്രം പോരാ, നടൻമാരേയും കലാകാരൻമാരേയും കലാകാരികളേയും സംരക്ഷിക്കാൻ കഴിയണം. അതിനൊരു ഫണ്ടുണ്ടാക്കാൻ കഴിയണം. അതിനൊരു മാതൃകയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി. ധനകാര്യ വകുപ്പുമന്ത്രിയുടെ കാരുണ്യ ലോട്ടറിയിൽനിന്ന് നമ്മുടെ നാട്ടിലെ ലക്ഷക്കണക്കിനുള്ള ആളുകൾക്ക് സഹായം കിട്ടുന്നുണ്ട്. അതുപോലൊരു പദ്ധതി തയ്യാറാക്കി നമ്മുടെ നാട്ടിലെ ആളുകളെ സഹായിക്കണം. കാരുണ്യ ലോട്ടറി ഞാൻ എല്ലാ ആഴ്ചയും എടുക്കാറുണ്ട്. ഞാൻ മാത്രമല്ല, നാട്ടിലെ ഒരുപാട് ആളുകൾ എടുക്കാറുണ്ട്. സമൂഹത്തിനും രോഗികൾക്കും ആശ്വാസം കിട്ടുമ

ല്ലോയെന്നുള്ളതുകൊണ്ടാണ് എടുക്കുന്നത്. അങ്ങനെ ഏതെങ്കിലും സംവിധാനം നമുക്കെല്ലാവർക്കും ഒന്നിച്ചിരുന്ന് ആലോചിച്ച് ആ കലാകാരൻമാരേയും നടികളേയും അതുപോലെ മറ്റ് ആളുകളേയും സഹായിക്കാനുള്ള നടപടി സ്വീകരിക്കണം. അങ്ങനെ, അവർ കേരളീയ സമൂഹത്തിന് ചെയ്ത സംഭാവന ഒരു കാലത്തും മറക്കുകയില്ലായെന്ന് കാണിക്കാൻ കഴിയുന്ന ഒരു നടപടി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് നിറുത്തുന്നു.

Shri Joseph Vazhackan: Sir, I move that The Kerala Local Authorities Entertainments Tax (Amendment) Bill, 2013 be circulated for eliciting public opinion.

ഈ ഭേദഗതിയെ ഞാൻ ഒരു പരിധിവരെ അനുകൂലിക്കുകയാണ്. ഇവിടെ ഇതുമായി ബന്ധപ്പെട്ട് രണ്ട് നിരാകരണ പ്രമേയങ്ങൾ വന്നു. അതിനകത്ത് പല കാര്യങ്ങളും സൂചിപ്പിക്കുകയുണ്ടായി. ഒരേ റിഥത്തിൽ ഒരേ സ്വരത്തിൽ പതിനെട്ടു മിനിട്ടിൽ കൂടുതൽ ഒരാൾക്ക് ഒരു കാര്യം കേട്ടുകൊണ്ടിരിക്കാൻ സാധിക്കില്ല എന്നാണ് ആധുനിക പഠനങ്ങൾ തെളിയിക്കുന്നതെന്ന് നേരത്തെ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞ സാഹചര്യത്തിൽ ഒരുപാട് നേരം സംസാരിച്ച് സമയം കളയുന്നതിന് ഞാൻ ആഗ്രഹിക്കുന്നില്ല. ചില കാര്യങ്ങൾ മാത്രം ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. രണ്ടു കാര്യങ്ങളാണ് പ്രധാനമായും ഈ ഭേദഗതിയിലൂടെ ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആവശ്യങ്ങൾക്കുവേണ്ടി സിനിമാ ടിക്കറ്റിൽ നിന്നും സെസ്സ് ഏർപ്പെടുത്തുക, ടാക്സ് ഇവേഷൻ ഒഴിവാക്കുന്നതിനായി ഇലക്ട്രോണിക് ടിക്കറ്റ് ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും അതിന് വരുന്ന ചെലവ് ടിക്കറ്റിനൊപ്പം സർചാർജ്ജായി ഈടാക്കുക എന്നീ

രണ്ട് വിഷയങ്ങളാണ് പ്രധാനമായി വരുന്നത്. സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയുടെ കാര്യത്തിൽ കഴിഞ്ഞ രണ്ടുമൂന്നു പ്രാവശ്യമായി ഓർഡിനൻസുകൾ വന്നുവെങ്കിലും ഇന്നുവരെ കാര്യമായി കളക്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അത് ഇന്നും നമ്മുടെ വലിയൊരു സ്വപ്നമായി അവശേഷിക്കുകയാണ്. ഒരുപാട് അവശകലാകാരൻമാരുണ്ടെന്ന് ഇവിടെ സംസാരിച്ച ആളുകൾ സൂചിപ്പിച്ചു. സിനിമയിലുള്ള കലാകാരൻമാരുടെ അവശത മാത്രമാണ് ഇന്ന് പൊതുശ്രദ്ധയിൽ വരുന്നത്. വിവിധ കലകളിൽ വലിയ പാണ്ഡിത്യവും നൈപുണ്യവും കാണിച്ചിട്ടുള്ള ബാക്കിയുള്ള പാവപ്പെട്ട കലാകാരൻമാരെക്കുറിച്ചൊന്നും കാര്യമായി മാധ്യമ ശ്രദ്ധയിൽ വരാറില്ല. അതുകൊണ്ടുതന്നെ അവരുടെ പ്രശ്നങ്ങൾ ജനശ്രദ്ധയിലും വരുന്നില്ല. അതേ സമയം സിനിമയുമായി ബന്ധപ്പെട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ഒരുപാട് കഥകളും തുടർക്കഥകളും ഫീച്ചറുകളുമൊക്കെയായി പലപ്പോഴും മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കാറുള്ളതുകൊണ്ട് അവരുടെ കഷ്ടപ്പാടുകളാണ് പലപ്പോഴും പുറത്തുവരാറുള്ളത്. എന്നാൽ സിനിമയിൽ നിന്നും വലിയ വരുമാനമൊക്കെ കിട്ടുന്ന അല്ലെങ്കിൽ ധാരാളം സിനിമയിലൊക്കെ പ്രവർത്തിച്ച ആളുകൾക്ക് എങ്ങനെയാണ് ഇത്രയും പെട്ടെന്ന് വലിയൊരു ദാരിദ്ര്യമുണ്ടാകുന്നതെന്നും അവശതയിലേയ്ക്ക് വരുന്നതെന്നും ഞാൻ തന്നെ പലപ്പോഴും അത്ഭുതപ്പെട്ടുപോകാറുണ്ട്. കാരണം ഇരുന്നൂറും മൂന്നുറും സിനിമകളിലൊക്കെ അഭിനയിച്ചിട്ടുള്ള ആളുകൾപോലും അഭിനയിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലേയ്ക്ക് എത്തുമ്പോഴേയ്ക്കും ട്രീറ്റ്മെന്റിനുപോലും കഴിയാത്ത അവസ്ഥയിലേയ്ക്ക് എത്തുന്നതായിട്ടുള്ള കഥകളാണ് പിന്നീട് വരുന്നത്. അത് എന്തുകൊണ്ടാണെന്ന് എനിക്ക് അറിയില്ല. ഏതായാലും അതിനേക്കാളും എത്രയോ പാവപ്പെട്ട കലാകാരൻമാരുണ്ട്, അവർക്ക് കിട്ടുന്ന റെമ്യൂണറേഷൻ വളരെ

കുറവായിരിക്കും. ഒരു പാട്ടുകാരനോ സംഗീതവുമായി ബന്ധപ്പെട്ട് ഓർക്കസ്ട്രയിൽ പ്രവർത്തിക്കുന്ന ആളുകൾക്കോ അതല്ലെങ്കിൽ മറ്റ് കലാരംഗങ്ങളിൽ പ്രവർത്തിക്കുന്നവരായാലും ഇരുന്നൂറും അഞ്ഞൂറും തുടങ്ങി ആയിരം രൂപയിൽ താഴെ വളരെ ചുരുങ്ങിയ നിലയിൽ റെമ്യൂണറേഷൻ കിട്ടുന്നവരാണ് ബഹുഭൂരിപക്ഷവും. അന്നന്ന് കിട്ടുന്ന തുക ഉപയോഗിച്ചാണ് അവർ ജീവിക്കുന്നത്. അവർ വീണുപോയാൽ അല്ലെങ്കിൽ അവശത വന്നാൽ അവരുടെ ജീവിതംതന്നെ ദുസ്സഹമായി തീരും. അത്തരമാളുകളെ സംരക്ഷിക്കാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന രണ്ടുമൂന്നു കാര്യങ്ങളിൽ ഒന്ന് 25 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് മൂന്നു രൂപ സെസ്സ് ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശമാണ്. അത് രണ്ടോ മൂന്നോ സ്ലാബുകളാക്കി മാറ്റുകയാണെങ്കിൽ നന്നായിരിക്കുമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. 25 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് ഒരു രൂപ, 40 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് 2 രൂപ, 60 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് 3 രൂപ എന്നുള്ള നിലയിൽ പടിപടിയായി അത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചാൽ നന്നായിരിക്കും. അത് സിനിമാവ്യവസായത്തെയും ബാധിക്കില്ല, കൊടുക്കുന്ന ആളുകൾക്കും വലിയ ബുദ്ധിമുട്ടുണ്ടാവുകയുമില്ല. 70 രൂപയും 80 രൂപയുമൊക്കെയാണ് ടിക്കറ്റ് നിരക്കെന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ചു. പണമുള്ളയാളുകളാണ് അത്തരത്തിൽ ടിക്കറ്റെടുത്ത് സിനിമ കാണുന്നത്. അങ്ങനെ 70 രൂപയുടെയും 80 രൂപയുടെയും ടിക്കറ്റെടുക്കുന്നവർക്ക് അതിന്റെകൂട്ടത്തിൽ മൂന്നു രൂപ കൂടുതൽ കൊടുക്കുന്നതിൽ കുഴപ്പമില്ല. അതേ സമയം 25 രൂപയെന്നു പറഞ്ഞാൽ താഴ്ന്ന ടിക്കറ്റുകളാണ്. അതുകൊണ്ട് 25 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് ഒരു രൂപ, 40 രൂപയിൽ കൂടുത

ലുള്ള ടിക്കറ്റിന് 2 രൂപ, 60 രൂപയിൽ കൂടുതലുള്ള ടിക്കറ്റിന് 3 രൂപ എന്നിങ്ങനെ മൂന്ന് സ്ലാബുകളാക്കിയാൽ വലിയ ബുദ്ധിമുട്ടില്ലാതെ ചെയ്യാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. അതുപോലെ ഇലക്ട്രോണിക് ടിക്കറ്റിംഗ് ഏർപ്പെടുത്തുമ്പോൾ അതിന്റെ ചെലവിനും മറ്റുമായി ഒരു സർവ്വീസ് ചാർജ് ഈടാക്കുന്നത് ആവശ്യമുള്ള കാര്യമാണ്. ഏറ്റവും കൂടുതൽ ടാക്സ് ഇവേഷൻ നടക്കുന്നത് ഈ രംഗത്താണ്. നമുക്കറിയാം, ഡിസ്ട്രിബ്യൂട്ടർക്ക് കൊടുക്കുന്ന കണക്കും സർക്കാരിന് അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന കണക്കും രണ്ടും രണ്ടാണ്. ഇതു തമ്മിൽ യാതൊരു ബന്ധവുമില്ല. പ്രൊഡ്യൂസറെ പറ്റിക്കാൻ ഒരുപൈസയും കിട്ടിയില്ലെന്ന കണക്കായിരിക്കും ചിലപ്പോൾ കൊടുക്കുന്നത്. ഡിസ്ട്രിബ്യൂട്ടറുടെ പ്രതിനിധിയായി വന്നിരിക്കുന്ന ആൾക്ക് പണം കൊടുത്താൽ അതിനേക്കാൾ താഴെ ആ കണക്കു പോകും. ആ രീതിയിൽ വലിയൊരു ടാക്സ് ഇവേഷൻ ആ മേഖലയിൽ നടക്കുന്നുണ്ട്. അതിന് നമ്മൾ കൂട്ടുനിൽക്കേണ്ട ഒരു കാര്യവുമില്ല. യഥാർത്ഥത്തിൽ ടിക്കറ്റെടുത്ത് സിനിമ കാണുന്ന ആളുകളിൽ നിന്നും ഗവൺമെന്റിന് കിട്ടാനുള്ള വിഹിതം കിട്ടണം. അതിനുവേണ്ടിയാണ് ഇലക്ട്രോണിക് ടിക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നത്. അങ്ങനെ ഏർപ്പെടുത്തുമ്പോൾ സ്വഭാവികമായും ആ സിസ്റ്റം നന്നായി പോകുന്നതിനുവേണ്ടി ഒരു ചെറിയ സർവ്വീസ് ചാർജ് ഈടാക്കേണ്ടതായിട്ടുണ്ട്. അതിനെ ഒരു കാരണവശാലും നിരാകരിക്കേണ്ട കാര്യമില്ല. അത് തുടരണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പഴയ കാലത്തെ ഒരു പ്രധാനപ്പെട്ട വരുമാനമാർഗ്ഗമായിരുന്നു ഇത്. എന്നാൽ ഇന്ന് അത് അത്രയൊന്നും വലിയ വരുമാനമാർഗ്ഗമല്ല. അതുപോലെ സെസ്സിന് മറ്റു പല മാർഗ്ഗങ്ങൾകൂടി നോക്കേണ്ടതുണ്ട്.

നേരത്തെ പറഞ്ഞതുപോലെ സിനിമ വ്യവസായം ഏതാണ്ട് തകർന്നുകൊണ്ടിരിക്കുന്ന കാലമാണ്. ആരുടെയും കുഴപ്പം കൊണ്ടൊന്നുമില്ല, അതിന് പല കാരണങ്ങളുമുണ്ട്. കാലം മാറുന്നതിനനുസരിച്ച്, ടെക്നോളജി മാറുന്നതിനനുസരിച്ച്, ആളുകളുടെ അഭിരുചി മാറുന്നതിനനുസരിച്ച്, ഒരുപാട് വിനോദോപാധികൾ വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ വീട്ടിലിരുന്നുകൊണ്ട് ഇതെല്ലാം ഇതിനേക്കാൾ മനോഹരമായി കാണാൻ കഴിയുന്ന സാഹചര്യമുള്ളപ്പോൾ സ്വഭാവികമായും തീയേറ്ററിലേയ്ക്കുള്ള ആളുകളുടെ വരവ് കുറയും. അതുകൊണ്ട് ഈ പെൻഷന് ആവശ്യമായ തുക സിനിമാ തീയേറ്ററിൽ നിന്നും മാത്രമായി കളക്ട് ചെയ്യാൻ കഴിയില്ല. അതിന് നമുക്ക് മറ്റു പല മാർഗ്ഗങ്ങളും നോക്കേണ്ടതായിട്ടുണ്ട്. സ്വാഗതാർഹങ്ങളായ പല നിർദ്ദേശങ്ങളും ഇവിടെ വന്നു. വാട്ടർ തീം പാർക്കുകൾ, അമ്യൂസ്മെന്റ് പാർക്കുകൾ എന്നിവിടങ്ങളിൽ 300 മുതൽ 600 രൂപ വരെയാണ് ടിക്കറ്റിന് ഈടാക്കുന്നത്. അവിടെയും ഈ പറയുന്ന ഇലക്ട്രോണിക് ടിക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തിക്കൊണ്ട് അതിന്റെ ഒരു പെർസെന്റേജ് അവശ കലാകാലൻമാരുടെ ക്ഷേമനിധി ബോർഡിലേയ്ക്ക് അടയ്ക്കാനുള്ള സംവിധാനം കണ്ടെത്താം. അതുപോലെ ടിക്കറ്റ് വച്ച് ലാഭമുണ്ടാക്കാൻ നടത്തുന്ന ഏത് പരിപാടികൾക്കും അതിന്റെ ഒരു ചെറിയ പെർസെന്റേജ് ഈ അവകാശ കലാകാരൻമാർക്ക് മാറ്റിവച്ചുകൊണ്ട് നമുക്ക് അതിനുള്ള പണം കണ്ടെത്താൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. സിനിമ മാത്രം ഇതിനുള്ള ഏക മാർഗ്ഗമായി കാണാതെ മറ്റു മാർഗ്ഗങ്ങൾകൂടി തേടിക്കൊണ്ട് അവശകലാകാരൻമാരെ സഹായിക്കുവാൻ വേണ്ടിയിട്ടുള്ള ഈ നിയമം ശക്തമാക്കണം. ഇതിനായി ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടുവന്നത് നല്ല കാര്യമാണ്. അവശകലാകാരൻമാ

രുടെ പെൻഷനെക്കുറിച്ചും ക്ഷേമനിധിയെക്കുറിച്ചുമൊക്കെ കുറെക്കാലമായി പറയുന്നുണ്ടെങ്കിലും ഇതുവരെയും അത് എഫക്ടീവായി നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടില്ല എന്നത് സത്യമാണ്. സിനിമാ ടിക്കറ്റിന് ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന് പറയുമ്പോൾ സ്വഭാവികമായും തീയേറ്റർ ഉടമകൾ കോടതിയിൽ പോകും, കോടതി ഇടപെടലുണ്ടാകും, സ്റ്റേ കിട്ടും അതിന് യാതൊരു സംശയവുമില്ല. അതുമായി ബന്ധപ്പെട്ട് കാലതാമസങ്ങളൊക്കെ വരും. 4-ാം തീയതി വരെ സ്റ്റേയുണ്ട് എന്ന് സൂചിപ്പിച്ചതുകൊണ്ടാണ് പറഞ്ഞത്. ഏതായാലും ഇക്കാര്യത്തിൽ ഒരു നിയമനിർമ്മാണം ആവശ്യമാണ്. അതിനായി മുന്നോട്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് അദ്ദേഹം അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നു.

Shri. A. Pradeepkumar: Sir, I move that The Kerala Local Authorities Entertainments Tax (Amendment) Bill, 2013 be referred to a Select Committee.

2010-ലെ കേരള സാംസ്കാരിക പ്രവർത്തന ക്ഷേമനിധി ആക്ടിന്റെ കീഴിൽ രൂപീകരിച്ചിട്ടുള്ള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലേയ്ക്ക് വരവ് വയ്ക്കുന്നതിനായിട്ടാണ് തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ കൊണ്ടുവരുന്നത്. ഇത് നേരത്തെതന്നെ കൊണ്ടുവരേണ്ടതായിരുന്നു. പണമുണ്ടാക്കുന്നതിന് എന്തെങ്കിലും ഒരു സ്രോതസ് കണ്ടെത്തുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. ഈ ക്ഷേമനിധിയെ ശക്തിപ്പെടുത്താൻ, അതിലേയ്ക്ക് വിഭവം സമാഹരിക്കാൻ ഏത് സ്രോതസ്സിൽ നിന്ന് പണം കണ്ടെത്തണമെന്ന കാര്യത്തിൽ മാത്രമാണ് ഇവിടെ വ്യത്യസ്ത അഭിപ്രായം വന്നിട്ടുള്ളത്. സിനിമ കാണാനെത്തുന്ന സാധാരണ പ്രേക്ഷകന്റെ തലയിൽ

സെസ് ചുമത്തേണ്ടതുണ്ടോ അതോ അതിനേക്കാൾ സാമ്പത്തിക ശക്തിയുള്ള സ്രോതസ്സുകളെ ആശ്രയിക്കണമോ എന്നുള്ള പ്രശ്നമാണ് ഇവിടെ വ്യത്യസ്തമായിട്ടുള്ള ആശയവിനിമയത്തിന് ഇടയാക്കിയത്. എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്, പലപ്പോഴും ചർച്ച ചെയ്യുന്ന സമയത്ത് കലാകാരൻമാരെ സംബന്ധിച്ചുള്ള കാഴ്ചപ്പാട്, എങ്ങനെയെങ്കിലും കുറച്ചു ചില്ലറ പൈസ അവിടെ നിന്നും ഇവിടെ നിന്നും ചികഞ്ഞെടുത്ത് കാരുണ്യം കാണിക്കേണ്ടുന്ന, ഔദാര്യം കൊടുക്കേണ്ടുന്ന ഒരു വിഭാഗം എന്നുള്ള നിലയിലാണ്. അങ്ങനെ പരിഗണന കൊടുക്കേണ്ട വളരെ അവശതയുള്ള വിഭാഗമെന്ന നിലയിലാണ് കാണുന്നത്. പലപ്പോഴും ചർച്ചകളിൽ മുഴച്ചു നിൽക്കുന്ന ഒരു ഭാവം അതാണ്. യഥാർത്ഥത്തിൽ ഇതിനേക്കാളൊക്കെ വലിയ പരിഗണന എല്ലാ കലാകാരൻമാർക്കും കൊടുക്കേണ്ടതായിട്ടുണ്ട്. പലപ്പോഴും ചർച്ച ചെയ്യുമ്പോൾ സിനിമാ കലാകാരൻമാരുടെ വിഷയമാണ് മുഴച്ചു നിൽക്കുന്നത്. ഈ ക്ഷേമനിധി കൊണ്ടുദ്ദേശിക്കുന്നത് സിനിമാരംഗത്തുള്ളവരെ മാത്രമല്ല, കലയുടെ എല്ലാ ശാഖകളിലും, സാംസ്കാരിക പ്രവർത്തനത്തിന്റെ എല്ലാ തലങ്ങളിലും വ്യാപരിക്കുന്ന ആളുകളെയെല്ലാം ഉൾക്കൊള്ളിക്കുന്ന ഒരു കാഴ്ചപ്പാടാണ് ഇവിടെയുള്ളത്.

കലാകാരന്മാരെന്നുപറയുമ്പോൾ നമ്മളിൽനിന്ന് വ്യത്യസ്തമായി അനുകമ്പ കൊടുക്കേണ്ടവരാണെന്നോ പാർശ്വവൽക്കരിക്കപ്പെട്ടവരാണെന്നോ എന്നുള്ള നിലയിലല്ല കാണുന്നത്. ഇന്നത്തെ സാമൂഹിക ജീവിതം മാത്രമല്ല മനുഷ്യസമൂഹത്തിന്റെ ഇന്നേവരെയുള്ള എല്ലാ പുരോഗതിയിലും കുതിച്ചുചാട്ടത്തിലും ശക്തിസ്രോതസ്സായി നിന്നത് ഈ കലാകാരന്മാരാണ്. മനുഷ്യർ ഇന്ന് കൈവരിച്ച നേട്ടങ്ങൾ യാഥാർത്ഥ്യമാകുന്നതിന് എത്രയോമുമ്പ് ഭാവനയിൽ കണ്ടിട്ടുള്ള ആളുകളാണ് കലാകാരന്മാർ.

ആദ്യകാലംമുതൽ കലാകാരന്മാർ ഭാവനയിൽ കണ്ടകാര്യമാണ് പിന്നീട് ശാസ്ത്രലോകംപോലും യാഥാർത്ഥ്യമാക്കിയത്. ബില്ലിന്റെ ഡിസ്കഷ നൊക്കെ നേരം വൈകിപ്പോയ സമയമായതുകൊണ്ട് ഇത്തരം കാര്യ ങ്ങളെല്ലാം ഒരുപാട് വിസ്തരിച്ച് പോകാനോ അതിലുള്ള അഭിപ്രായങ്ങളെല്ലാം ഇങ്ങനെ വിശദീകരിച്ചു പോകുന്നതിനല്ല ഞാൻ മുതിരുന്നത്. നമ്മൾ കാണേ ണ്ടത് അതാണ്. ചിത്രകാരനാണെങ്കിലും സംഗീതജ്ഞനാണെങ്കിലും കഥയെ ഴുതുന്ന ആളാണെങ്കിലും അഭിനേതാവാണെങ്കിലും എല്ലാവരും...... ആദ്യമായി മനുഷ്യർ ഈ സമൂഹത്തിൽ സ്വായത്തമാക്കിയതും നാം കണ്ടുപിടിച്ചു എന്നഭിമാനിക്കുന്നതുമായ കാര്യങ്ങൾ എത്രയോമുമ്പ് ഭാവനയിൽ കണ്ടിട്ടുള്ള ആൾക്കാരാണ് കലാകാരന്മാർ.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : കാലകാരന്മാരുടെ ദാരിദ്ര്യത്തെ ക്കുറിച്ചാണ് അങ്ങ് പറയുന്നത്. മലയാള സിനിമയിൽ ഒരു നടൻ ജീവിത ദുരിതംകൊണ്ട് ആത്മഹത്യ ചെയ്ത വിവരം അങ്ങ് ഓർക്കുന്നുണ്ടോ? മലയാള നാടക സിനിമാവേദിയിലെ എക്കാലത്തെയും മികച്ച നടനായിരുന്ന സുരാസു, അദ്ദേഹം കോട്ടയം റെയിൽവേ സ്റ്റേഷനിൽ ആത്മഹത്യ ചെയ്യുക യായിരുന്നു. അവസാനകാലത്ത് അദ്ദേഹത്തിന്റെ ഭാര്യയ്ക്കൊരു കൂര ഉണ്ടാക്കാൻ കഴിയാതെ ജീവിതപ്രയാസംകൊണ്ടും ജീവിത ദാരിദ്ര്യം കൊണ്ടും ആത്മഹത്യ ചെയ്ത സുരാസുമാർ ഉണ്ടാകാതിരിക്കാൻ കലാകാരന്മാരുടെ ക്ഷേമനിധി മെച്ചപ്പെടുത്തേണ്ടതുണ്ട്. അതേസമയം സിനിമയ്ക്ക് പ്രത്യേക സെസ് ഏർപ്പെടുത്തരുതെന്ന അഭിപ്രായത്തെയാണോ അങ്ങ് സാധൂകരിക്കുന്നത്?

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : കലാകാരന്മാർക്ക് ക്ഷേമനിധി വരുന്ന തിനെക്കുറിച്ചല്ല പറഞ്ഞത്. കലാകാരന്മാരെക്കുറിച്ച് പറയുമ്പോൾ, ഒരു

നിർവ്വാഹവുമില്ലാതെ തെരുവിൽ കഴിയുന്നവർ, പാർപ്പിടം കൊടുക്കുകയും വസ്ത്രം കൊടുക്കുകയും ചെയ്യണം, അഗതികൾ എന്നുള്ള നിലയിലല്ല കലാകാരന്മാരെ കാണേണ്ടത്. ഈ സമൂഹത്തിൽ മറ്റാരേക്കാളും പരിഗണന നൽകേണ്ട വ്യക്തിത്വങ്ങളും മഹത്വ്യക്തികളുമാണ് കലാകാരന്മാർ എന്നു പറയുന്നത്. താരപ്പൊലിമയും താരപ്രഭയുമൊക്കെ സിനിമാലോകത്ത് വ്യാപരിക്കുന്ന ആളുകൾക്കാണ് ലഭിക്കുന്നതെങ്കിൽ സിനിമാരംഗത്തുള്ളവരെ പ്പോലെയോ അല്ലെങ്കിൽ അതിനേക്കാൾ കൂടുതൽ സമൂഹത്തിൽ വലിയ സർഗ്ഗാത്മക സംഭാവന ധൈഷണിക സംഭാവന നൽകിയിട്ടുള്ള കലാകാരന്മാർ പലപ്പോഴും ആ നിലയിലൊന്നും പരിഗണിക്കപ്പെടാതെ പോകുന്നത് നമുക്ക് കാണാൻ സാധിക്കും. ഇവിടെ പറഞ്ഞ സുരാസു ഒരു സൂപ്പർ സ്റ്റാർ പദവിയോ പരിഗണനയോ കിട്ടി ആഘോഷിക്കപ്പെട്ട ആളൊന്നുമായിരുന്നില്ല. ഈ കലാകാരന്മാരെല്ലാവരും നമ്മുടെ സമൂഹ ത്തിനും മനുഷ്യസമൂഹത്തിന്റെ പുരോഗതിക്കുംവേണ്ടി സമർപ്പിതമായ മനസ്സോടെ പ്രവർത്തിച്ചവരാണ്. അവർ പരിചിതമായ കലാസാംസ്കാരിക മേഖലകളിൽ വ്യാപരിച്ച് സംഭാവന നൽകിയിട്ടുള്ള ആൾക്കാരാണ്. അവർക്ക് ആ രീതിയിലുള്ള ആദരവും പ്രാധാന്യവും നൽകണം. സൂപ്പർ സ്റ്റാർ പദവിയിലുള്ളവരോ മാധ്യമങ്ങൾ ചാർത്തിക്കൊടുത്ത വർണ്ണശബളമാ യിട്ടുള്ള വ്യക്തിത്വമുള്ള ആളുകളോ മാത്രമല്ല, അതിനപ്പുറത്ത്, പരിഗണിക്ക പ്പെടാതെ പോയ എന്നാൽ അതിനേക്കാൾ ഏറെ വലിയ സംഭാവനകൾ ധൈഷണിക തലത്തിലും സർഗ്ഗാത്മകമായിട്ടുള്ള തലത്തിലുമെല്ലാം നൽകി യിട്ടുള്ള ആളുകളുണ്ട്. അവരെ ആ നിലയിൽ കണ്ടുകൊണ്ടുവേണം അവരുടെ പ്രൊട്ടക്ഷനും ശാരീരികമായ അവശതയുമെല്ലാം നേരിടുന്ന കാലത്തുകൊടുക്കേണ്ട സംരക്ഷണത്തെക്കുറിച്ചുമൊക്കെ ചർച്ച ചെയ്യേണ്ടത്.

അങ്ങനെ ചർച്ച ചെയ്യുമ്പോൾ ഇതിന് വലിയ പ്രാധാന്യം നൽകണം. ഇവിടെ കൈകൊള്ളുന്ന നിയമനിർമ്മാണങ്ങളിൽ, ക്ഷേമനിധിയിൽ വരുമാനം ഉണ്ടാക്കാൻ ഇപ്പോൾ കൊടുക്കുന്നതിനെക്കാൾ പ്രാധാന്യം കൊടുക്കേണ്ടതായിട്ടുണ്ട്. ഇവിടെ ചർച്ച ചെയ്തപ്പോൾ പ്രകടിപ്പിച്ച ചില അഭിപ്രായങ്ങളോട് വ്യത്യസ്ത അഭിപ്രായമാണുള്ളത്. അതായത് സിനിമ പ്രേക്ഷകരിൽനിന്ന് സെസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വ്യത്യസ്തമായ അഭിപ്രായമാണുള്ളത്. സിനിമ പ്രതിസന്ധിയിലാണെന്ന കാര്യത്തിൽ സംശയമുണ്ട്. മലയാള സിനിമ പ്രതിസന്ധിയിലല്ല എന്നാണ് എന്റെ അഭിപ്രായം. എന്തടിസ്ഥാനത്തിലാണ് സിനിമ പ്രതിസന്ധിയിലാണ് എന്നു പറയുന്നത്? കാരണം സിനിമയിലേക്ക്വരുന്ന ആളുകളെ നോക്കിയാൽ, പണ്ടുകാലത്ത് പ്രേംനസീർ, ഷീല, സത്യൻ, ശാരദ എന്നിങ്ങനെയുള്ള ശ്രദ്ധേയമായിട്ടുള്ള താരങ്ങളായിരുന്നു. ഇന്ന് സൂപ്പർസ്റ്റാർ പദവിയിലുള്ള വരും അല്ലാത്തവരുമായിട്ടുള്ള എത്രയോ ആളുകൾ സിനിമാരംഗത്ത് അഭിനേതാക്കളായും, സംവിധായകരായും, നിർമ്മാതാക്കളായും വരുന്നു. അതുപോലെ ഒരുപാട് സാങ്കേതിക വിദഗ്ദ്ധരായിട്ടുള്ള ടെക്നീഷ്യന്മാർ. ടെക്നിക്കലായിതന്നെ സിനിമയ്ക്ക് ഒരുപാട് മാറ്റങ്ങളുണ്ടായി. സിനിമയുടെ നിർമ്മാണത്തിൽ അവലംബിക്കുന്ന സങ്കേതങ്ങളിൽ മാറ്റമുണ്ടായി. ഇതിന്റെ ഭാഗമായി വൻതോതിലുള്ള മുതൽമുടക്കാണ് വരുന്നത്. വലിയ പ്രതിസന്ധിയൊന്നുമില്ലാത്ത പ്രൗഢമായ പഴയ കാലത്തുണ്ടായതിനെക്കാൾ ആളുകൾ എന്തുധൈര്യത്തിലാണ് ഇവിടെ മുതൽ മുടക്കുന്നത്? ചില സിനിമകൾ പൊളിഞ്ഞുപോകുന്നുണ്ട്. അതൊക്കെ എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് സിനിമ പ്രതിസന്ധിയിലാണെന്നുപറയുന്നതിൽ അർത്ഥമില്ല എന്നാണ് എനിക്കുതോന്നുന്നത്. സിനിമാരംഗത്ത് ചിലർ പ്രതിസന്ധി

സൃഷ്ടിക്കുന്നുണ്ട്. അതിനെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ സൂപ്പർ താരങ്ങളുടെ ചില നിബന്ധനകളും കണ്ടീഷൻസും ദയാരഹിതമായ നിലയിൽ അവർ സ്വീകരിക്കുന്ന ചില നിലപാടുകളെക്കുറിച്ചുമെല്ലാം ചർച്ച ചെയ്യുന്നത് കേട്ടിട്ടുണ്ട്. എനിക്ക് അതിനെക്കുറിച്ച് കൂടുതലൊന്നും അറിയില്ല. ചിലപ്പോൾ യാതൊരു നിലവാരവുമില്ലാതെ പണത്തിന്റെ കൂടുതൽ കൊണ്ടുമാത്രം സിനിമരംഗത്തേക്കുവരികയും സിനിമ എടുക്കു കയും സംവിധാനം ചെയ്യുകയും ചെയ്യുന്ന ആളുകൾ സൃഷ്ടിക്കുന്ന .......അത്തരത്തിലുള്ള പ്രവണതകളുടെ ഭാഗമായി ഉണ്ടാകുന്ന പ്രശ്നങ്ങൾ. അത് കാണേണ്ടിവരുകയും സഹിക്കേണ്ടിവരുകയും ചെയ്യുന്നുണ്ട്. അത്തരം പ്രതിസന്ധികളല്ലാതെ ഒരു ഇൻഡസ്ട്രി എന്നുള്ള നിലയിൽ സിനിമ പ്രതിസന്ധിയിലാണെന്ന് തോന്നുന്നില്ല. എന്നാൽ സിനിമാ പ്രേക്ഷകരുടെ എണ്ണം കുറയുന്നു.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : അങ്ങ് മറ്റുള്ളവർ പറഞ്ഞതിൽനിന്നും വ്യത്യസ്തമായാണ് പറഞ്ഞുകൊണ്ടിരിക്കുന്നത് – സിനിമ പ്രതിസന്ധിയെ നേരിടുന്നില്ലായെന്നുള്ളത്. അങ്ങ് ജീവിക്കുന്നത് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നഗരത്തിലാണ്. അങ്ങ് ഇങ്ങനെ പറയുമ്പോൾ ഞാൻ ആലോചിച്ചത് എന്റെ മണ്ഡലത്തിൽ പന്ത്രണ്ട് തിയേറ്ററുണ്ടായിരുന്നു. അതിൽ ഒമ്പത് തിയേറ്ററും പൂട്ടി. ബാക്കി മൂന്ന് തിയേറ്റർ എപ്പോഴാണ് പൂട്ടുക എന്നുള്ള നിലയിലാണ്. കോഴിക്കോട് നഗത്തിൽ തിയേറ്ററുകൾ പ്രവർത്തി ക്കുന്നുണ്ടാവും. അതുവച്ചുകൊണ്ട് കേരളത്തിലാകെ അളക്കാൻപാടില്ല എന്നുള്ള ധാരണ അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : അക്കാര്യത്തിൽ അങ്ങ് പറഞ്ഞതിൽനിന്നും വ്യത്യസ്തമായ അഭിപ്രായമാണ് എനിക്കുള്ളത്. അതായത് അവിടെ

തിയേറ്ററുകൾ പൂട്ടി എന്നുപറയുന്നത് ശരിയാണ്. ഞാൻ കുട്ടിക്കാലത്ത് സിനിമ കണ്ടത് എനിക്ക് ഓർമ്മയുണ്ട്. കല്ലാച്ചി സുന്ദറിന്റെ സുന്ദരമായ വെള്ളിത്തിരയിൽ സത്യൻ, ഷീല, ശാരദ, നസീർ, നടിച്ച...... അതും പൂട്ടിപ്പോയി. തിയേറ്ററുകൾ പൂട്ടിയതെല്ലാം എന്തിന്റെ ഭാഗമായിരുന്നു എന്ന് ആലോചിക്കണം. ഭൂമിക്ക് വിലകൂടിയപ്പോൾ സിനിമാ തിയേറ്ററുകൾ നടത്തുന്നതിനേക്കാൾ നല്ലത് ഭൂമി വിറ്റ് വേറെ ബിസിനസ് ചെയ്യുന്നതാണെന്നുള്ള സാഹചര്യം വന്നു. അതോടൊപ്പംതന്നെ കല്യാണ മണ്ഡപങ്ങൾ കെട്ടിയാലാണ് സിനിമ നടത്തുന്നതിനേക്കാൾ ആദായകരമെന്നുവന്നു. അത് സിനിമയാകെ പ്രതിസന്ധിയിലായതുകൊണ്ടല്ല. ഞാൻ പറഞ്ഞുവന്നത് സിനിമ പ്രതിസന്ധിയിലാണെങ്കിൽ എടുക്കുന്ന സിനിമകളുടെ എണ്ണം കുറയില്ലേ? സിനിമാരംഗത്തേക്ക് കടന്നുവരുന്ന അഭിനേതാക്കളുടെയും സാങ്കേതിക വിദഗ്ദ്ധരുടെയും സംവിധായകരുടെയും നിർമ്മാതാക്കളുടെയും എണ്ണം കുറയില്ലേ? അവിടെ മുടക്കുന്ന പണം കുറയില്ലേ? പഴയതിനേക്കാൾ കൂടുതൽ പണം മുടക്കുന്നു, പുതിയ സിനിമകൾ വരുന്നു, ഒരുപാട് ആളുകൾ ഈ മേഖലയിലേക്ക് ആകർഷിക്കപ്പെടുന്നു, സിനിമകൾ ആളുകൾ കാണുന്നുണ്ട്. ഇവിടെ നേരത്തെ ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതു പോലെ സിനിമ കാണുന്നതിന് നല്ല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന കാര്യത്തിൽ ഇന്നത്തെ പുതിയ കാലത്തിന്റെ സാങ്കേതികവിദ്യയുമെല്ലാം ഉപയോഗിച്ചുകൊണ്ട് സിനിമ ആസ്വദിക്കുവാനുള്ള അന്തരീക്ഷം ഒരുക്കിക്കൊടുക്കുന്നതിലുള്ള പോരായ്മകളുണ്ട്. നഗരത്തിലെ മൾട്ടിപ്ലെക്സുകളിലും അതുപോലെ ചില ആധുനികവൽക്കരിച്ച തിയേറ്ററുകളിൽ ഇതിനൊക്കെയുള്ള സൗകര്യങ്ങളുണ്ടെങ്കിലും നാട്ടിൻപുറത്തെ പഴയ സിനിമാ കൊട്ടകയിൽ, അതിനൊരു നൊസ്റ്റാൾജിയ നമുക്കുണ്ട്. പണ്ടുകാലത്തെ

അന്തരീക്ഷം, അത് ഉണ്ടാക്കിയിട്ടുള്ള ഒരനുഭൂതിയൊക്കെ നമ്മൾ ആസ്വദിച്ച ആളുകളാണെങ്കിൽപോലും പുതിയ കാലത്ത് അതുപോര. അതിനെക്കാൾ മെച്ചപ്പെട്ട തിയേറ്റർ സൗകര്യങ്ങൾ ഉണ്ടാകണം. ബഹുമാനപ്പെട്ട നമ്മുടെ മന്ത്രി കെ. ബി. ഗണേഷ് കുമാർ മുന്നോട്ടുവച്ച ചില ആശയങ്ങൾ ഞങ്ങൾ സന്തോഷത്തോടുകൂടിയാണ് കേട്ടത്. അതെല്ലാം യാഥാർത്ഥ്യമാകുന്നത് കാത്തരിക്കുന്നത്......

<u>ശ്രീ. ബാബു. എം. പാലിശ്ശേരി</u> : ഇപ്പോൾ സിനിമ കാണുവാൻ ആളുകൾ വരുന്നില്ല എന്നുപറഞ്ഞു. ഇപ്പോഴുള്ള 90 ശതമാനം സിനിമാ തിയേറ്ററുകളിലും രണ്ടു മണിക്കൂർ പോയി ഇരിക്കുക എന്നുപറഞ്ഞാൽ ഒരു മഹാ ത്യാഗമാണ്. എലി കടിക്കാതെയും മൂട്ട കടിക്കാതെയും ഒരു തിയേറ്ററിൽ ഇരിക്കാൻ സാധിക്കുകയില്ല. ഒരു നല്ല സിനിമ കാണണമെന്ന് ആഗ്രഹിച്ചാൽപോലും അത് മോശപ്പെട്ട തിയേറ്ററിലായതുകൊണ്ട് പോയി കാണാതെ ദൂരെയുള്ള തിയേറ്ററുകളിൽ പോയിട്ടാണ് നമ്മൾ കാണുന്നത്. തിയേറ്ററുകളാണ് ഏറ്റവും വലിയ പ്രശ്നം. സിനിമയെക്കാൾ ഏറ്റവും വലിയ പ്രശ്നം എറ്റവും മോശപ്പെട്ട തിയേറ്ററുകളാണ്. അതാണ് സിനിമാരംഗത്തെ ഏറ്റവും വലിയ പ്രതിസന്ധി. അതാണ് ആളുകൾ വരാത്തത്.

<u>ശ്രീ.എ.പ്രദീപ്കുമാർ</u>: സർ, അക്കാര്യംതന്നെയാണ് ഞാൻ പറഞ്ഞു വന്നത്. ടി.വി.-യിൽ സിനിമ കാണുന്നതും തിയേറ്ററിലിരുന്ന് സിനിമ കാണുന്നതും തമ്മിൽ വ്യത്യാസമുണ്ട്. സിനിമ അതിന്റെ സമഗ്രതയിൽ ആസ്വദിക്കാൻ കഴിയണമെങ്കിൽ തീയേറ്ററിൽതന്നെ കാണണം. അതിന് കഴിയാവുന്ന നിലയിൽ സിനിമ നന്നാകണം. നല്ല സിനിമ സമൂഹം ആസ്വദിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ഗ്രാമീണമേഖലയിൽ ഉൾപ്പെടെ

നല്ല തിയേറ്ററുകൾ ഉണ്ടാക്കുകയാണ് വേണ്ടത്. നല്ല തിയേറ്ററുകൾ ഉണ്ടാക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെങ്കിലും സർക്കാരാണെങ്കിലും സാംസ്കാരിക പ്രവർത്തകരാണെങ്കിലും അത് നമ്മുടെകൂടി ഉത്തരവാദിത്തമാണ്. അത് ഉറപ്പാക്കുന്നതിനുള്ള ശ്രമമാണ് നമ്മൾ നടത്തേണ്ടത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, തിയേറ്ററുകളുടെ മോഡേണൈസേഷന്റെയും മറ്റ് ഫെസിലിറ്റീസിന്റേയും പ്രശ്നങ്ങൾ സിനിമ അഭിമുഖീകരിക്കുന്നുണ്ട്. സിനിമകൾക്ക് ദീർഘമായ സമയമെടുക്കുന്നതും മറ്റൊരു പ്രശ്നമാണ്. സീരിയലുകളാണെങ്കിൽ ഒരു ചെറിയ സമയംകൊണ്ട് അവസാനിക്കുന്നു. ആളുകൾക്ക് മറ്റ് കാര്യങ്ങളിലേക്ക് കടക്കാൻ കഴിയുന്നു. വികസിത രാജ്യങ്ങളിൽ സിനിമയുടെ സമയം കുറച്ചിട്ടുണ്ട്. എല്ലാ സിനിമകളും ഒന്നര മണിക്കൂർകൊണ്ട് തീരുന്നതുപോലെയാണ്. കേരളത്തിലും സിനിമകളുടെ സമയദൈർഘ്യം കുറച്ചുകൊണ്ടുവരേണ്ടതുണ്ട്. അതു സംബന്ധിച്ചുള്ള അഭിപ്രായം എന്താണ്?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇതിനെക്കുറിച്ച് ഒറ്റ വാചകത്തിൽ എനിക്ക് അഭിപ്രായം പറയാൻ കഴിയില്ല. എങ്കിൽപ്പോലും ഈ കാര്യങ്ങളെല്ലാം പരിഗണിക്കേണ്ടതുണ്ട്. കൂടുതൽ ആളുകൾക്ക് നല്ല സിനിമ കാണാനുള്ള അന്തരീക്ഷം ഉണ്ടാക്കുന്നതിന് എന്താണോ ചെയ്യേണ്ടത് അക്കാര്യങ്ങൾ ചെയ്യണം. എന്ത് എന്നുള്ളത് എനിക്ക് പറയാൻ കഴിയില്ല. സിനിമ പ്രതിസന്ധിയിലല്ല എന്നുള്ളതുകൊണ്ടുതന്നെ, 3 രൂപയുടെ സെസ്സ് പാവം പ്രേക്ഷകന്റെ തലയിൽ ചുമത്തുന്നതിനുപകരം സിനിമാ രംഗത്തുനിന്നുള്ള ഇൻകം സമാഹരിക്കുന്ന സമയത്ത് വലിയ നിലയിൽ മുതൽ

മുടക്കുന്ന നിർമ്മാതാക്കളുടെ ഭാഗത്തുനിന്നായിക്കൂടേ? ബഹുമാനപ്പെട്ട മന്ത്രി നിർമ്മാതാവിന്റെ റോൾ വഹിക്കുന്ന ആളായതുകൊണ്ട് ആ താത്പര്യം സംരക്ഷിച്ചുകൊണ്ടാണോ അവരെ പരാമർശിക്കാത്തത് എന്നുള്ളത് എനിക്കറിയില്ല. സിനിമാ നിർമ്മാതാക്കൾ, സിനിമ ഇൻഡസ്ട്രിയെ ആശ്രയിച്ച് വൻതോതിൽ സാമ്പത്തികശേഷി ഉണ്ടാക്കുന്ന സൂപ്പർ താരങ്ങൾ എന്നിവരിൽ നിന്നൊക്കെ പണം സമാഹരിക്കുന്നതിനെക്കുറിച്ച് എന്തു കൊണ്ട് നമ്മൾ ആലോചിക്കുന്നില്ല; ആ സാധ്യത ആലോചിച്ചുകൂടേ? അതു പോലെതന്നെ സിനിമ ഒരു ഷോ ആണ്. മ്യൂസിക് പ്രോഗ്രാമുകൾ, നാടകങ്ങൾ തുടങ്ങി ടിക്കറ്റുവച്ച് നടത്തുന്ന ഏത് ഷോയിൽനിന്നും പണം സമാഹരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചുകൂടേ? വൻതോതിൽ പണം ചെലവഴിച്ച് ചെയ്യുന്ന കലാപരിപാടികളുണ്ട്. ചാനലുകൾ സംഘടിപ്പിക്കുന്ന മെഗാ ഷോകൾ വലിയ സ്പോൺസേർഡ് പ്രോഗ്രാമായിട്ടാണ് ചെയ്യുന്നത്. അവിടെ പണം വരുന്നുണ്ട്, പണം ചെലവഴിക്കുന്നുണ്ട്. അതുപോലെ ലാഭവുമുണ്ടാകുന്നുണ്ട്. അത്തരം ഷോകൾക്ക് അനുമതി കൊടുക്കേണ്ടത് തദ്ദേശ ഭരണസ്ഥാപനങ്ങളോ ഗവൺമെന്റോ ആണ്. ഇങ്ങനെ സ്പോൺസേർഡ് പ്രോഗ്രാമുകൾ ചെയ്യുന്ന ആളുകളിൽനിന്ന് നമ്മുടെ കലാകാരന്മാർക്കുവേണ്ടി, സാംസ്കാരിക സമൂഹത്തിനുവേണ്ടി പണം സമാഹരിക്കുന്നതിനുവേണ്ടിയുള്ള ഒരു നിയമമായി ഇത് കൊണ്ടു വന്നാലെന്താണ്? ഒരാളെ സംബന്ധിച്ച് ഒരു ദിവസം 3 രൂപ എന്നുള്ളത് വലിയ പ്രശ്നമാണ് എന്നുള്ള നിലയിലല്ല പറയുന്നത്. അതിൽനിന്നും വ്യത്യസ്തമായി പണം പ്രവഹിക്കുന്ന കേന്ദ്രങ്ങളെ ടച്ച് ചെയ്താലെന്താണ്? ആ നിലയിൽ നമ്മുടെ ഗവൺമെന്റ് ആലോചിക്കണം എന്നതാണ് എനിക്ക്

ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്. അതായത് സാധാരണ പ്രേക്ഷകനിൽനിന്നും 3 രൂപ ഇടാക്കുന്നതിനുപകരം നമ്മുടെ കലാ സാംസ്കാരിക മണ്ഡലവുമായി ബന്ധപ്പെട്ട് പണം പ്രവഹിക്കുന്ന മേഖല കളിൽനിന്നും ഇത് ഈടാക്കാൻ ശ്രമിക്കണം എന്നുള്ളതാണ്. പരിമിതികളോടുകൂടിയ ഒരു ക്ഷേമനിധി നിലവിൽ ഉണ്ടല്ലോ. അതിൽ ചില പ്രശ്നങ്ങളുണ്ട്. അതുംകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്; ഇതിനോടൊപ്പം പരിഹരിക്കേണ്ടതാണ്. വിഷമം അനുഭവിക്കുന്ന, ക്ഷേമനിധിയുടെ പെൻഷനും ആനുകൂല്യങ്ങൾക്കുംവേണ്ടി പോകുന്ന കലാകാരന്മാർ എവിടെ യാണ് അപേക്ഷ കൊടുക്കേണ്ടത്; ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതി ലുള്ള പ്രശ്നം മാത്രമല്ല, അപേക്ഷ കൊടുക്കുന്ന സമയത്ത് പലപ്പോഴും പല അക്കാദമികളും ഇവരെ ഒരുപാട് ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. ഒരു അപേക്ഷയുടെ കാര്യം നേരത്തെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ സംസാരിക്കുക യുണ്ടായി. ഒരു കളമെഴുത്താശാൻ ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ കിട്ടുന്നതുമായി ബന്ധപ്പെട്ട് ഫോക്‌ലോർ അക്കാദമിയിൽ അപേക്ഷ കൊടുത്തപ്പോൾ ഫോക്‌ലോർ അക്കാദമി, ഇവിടെയല്ല അപേക്ഷ കൊടുക്കേണ്ടത് സംഗീത നാടക അക്കാദമിയിലാണ് കൊടുക്കേണ്ടത് എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അവിടെ കൊടുത്തു. നമ്മുടെ കലാകാര ന്മാർക്ക് ഇതിനെക്കുറിച്ച് ശരിയായ വ്യക്തത കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. അക്കാദമികളാകട്ടെ അവർക്ക് ശരിയായ രീതിയിൽ കാര്യങ്ങൾ പറഞ്ഞുകൊടുക്കാതെ പാവപ്പെട്ട കലാകാരന്മാരെ പന്താടുന്ന സാഹചര്യമാണ് ഉള്ളത്. അപ്പോൾ ഇത്തരം ആനുകൂല്യങ്ങൾ കിട്ടണമെങ്കിൽ എങ്ങനെ അപ്രോച്ച് ചെയ്യണമെന്ന കാര്യത്തിൽ വ്യക്തത ഉണ്ടാക്കേണ്ടതാണ്.

അതുപോലെ ക്ഷേമനിധിയിൽ അംഗത്വമെടുക്കുന്നതിനുള്ള അപേക്ഷാ ഫോറം സൗജന്യമായിട്ടാണ് സർക്കാർ വിതരണം ചെയ്യുന്നത്. പക്ഷെ കലാകാരന്മാരുടെ ചില സാംസ്കാരിക സംഘടനകൾ ഫോറംകൊടുത്ത് പൈസ വാങ്ങുന്നുണ്ട്. അവരാണ് അംഗത്വം ശരിയാക്കിക്കൊടുക്കുന്നത് എന്ന മട്ടിൽ 250 രൂപ അംഗത്വഫീസ് എന്ന ഇനത്തിൽ വാങ്ങുന്ന സാഹചര്യ മുണ്ടെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. കാലകാരന്മാരുടെ അജ്ഞത മുതലെടുത്തു കൊണ്ട് ചെയ്യുന്നതാണ്. കലാകാരന്മാർ വലിയ ബുദ്ധിശാലികളാണ്, ഭാവനാ സമ്പന്നരാണ് എന്നൊക്കെ പറയുമ്പോൾത്തന്നെ അവനവന് എന്ത് കാര്യങ്ങൾ ലഭിക്കും എന്നുള്ള കാര്യത്തെകുറിച്ച് അവർ അജ്ഞരാണ്. അത്തരം കാര്യങ്ങളെകുറിച്ച് അവർ ഒരിക്കലും ചിന്തിച്ചിട്ടില്ല. അങ്ങനെ ചിന്തിക്കാത്തതിന്റെ ഭാഗമായാണ് പലപ്പോഴും അവരുടെ ജീവിതം ദുരിത പൂർണ്ണമായിത്തീരുന്നത്. അജ്ഞത മുതലെടുത്തുകൊണ്ട് ചില സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്. അതുപോലെതന്നെ നേരത്തെ വിഭാവന ചെയ്തിട്ടുള്ള ക്ഷേമനിധിയിൽ 60 വയസ്സ് കഴിഞ്ഞ ആളുകൾക്കാണ് പെൻഷനും ആനുകൂല്യങ്ങളും കൊടുക്കുന്നത്. അപ്പോൾ 18 വയസ്സുമുതൽതന്നെ കലാകാരന്മാർക്ക് ക്ഷേമനിധിയിൽ അംഗത്വ മെടുക്കാം. അവരുടെ ഗുണഭോക്തൃവിഹിതം 50 രൂപ മുതൽ എത്ര രൂപ യാണോ നല്കേണ്ടത് അത് അവർ കോൺട്രിബ്യൂട്ട് ചെയ്യുന്നു. ഇതെല്ലാം സമാഹരിച്ചതിനുശേഷമാണ് 60 വയസ്സുമുതൽ മെച്ചപ്പെട്ട ആനുകൂല്യം കൊടുക്കാൻ ആസൂത്രണം ചെയ്തിട്ടുള്ളത്. 56 വയസ്സാകുമ്പോൾ ക്ഷേമനിധി യിൽ അംഗത്വമെടുക്കുന്നവർക്കും 18 വയസ്സുമുതൽ അംഗത്വമെടുത്ത

ആളിനുകിട്ടുന്ന അതേ ആനുകൂല്യം 60 വയസ്സിനുശേഷം കിട്ടുമെന്ന് നിജപ്പെടുത്തുന്ന നിലയിലാണ് നിയമമുള്ളത്. 56 വയസ്സിനുശേഷം അംഗത്വമെടുക്കുമ്പോൾ വൺടൈം പേയ്മെന്റ് എന്നുള്ള നിലയിൽ സിനിമയ്ക്ക് 12000 രൂപയും മറ്റുള്ളതിന് 3000 രൂപയും ഒരുമിച്ച് അടയ്ക്കണം. ചില ആളുകൾ വൺടൈം പേയ്മെന്റ് നടത്തുന്നതുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് ആലോചിക്കണം. ഉദാഹരണത്തിന് സിനിമാ സംവിധായക നായ ശ്രീ. കെ.ജി. ജോർജ്ജിന്റെ പത്നിയും ഗായികയുമായ സെൽമാ ജോർജ്ജിന്റെ അഭിപ്രായം ഏതോ മാധ്യമത്തിൽ വന്നത് കണ്ടു. അവർക്ക് 15000 രൂപ വൺടൈം പേയ്മെന്റായി കൊടുക്കാൻ ബുദ്ധിമുട്ടുണ്ട്. അവർക്ക് ക്ഷേമനിധിയിൽ അംഗത്വമെടുക്കണമെന്നും ഇതിന്റെ പരിഗണന ലഭിക്കണ മെന്നും ആഗ്രഹമുണ്ട്. അങ്ങനെ വിഷമിക്കുന്ന ആളുകളുടെ കാര്യത്തിൽ, അവരുടെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് എന്ത് ചെയ്യാൻ കഴിയുമെന്നുള്ള കാര്യവും നമ്മൾ ആലോചിക്കേണ്ടതാണ്. മറ്റേതെങ്കിലും രീതിയിൽ അവരെ സഹായിച്ചുകൊണ്ട് പിന്നീടുള്ള ആനുകൂല്യം കിട്ടുന്നതിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നുള്ള കാര്യം പരിശോധിക്കണം. അതുപോലെ തന്നെ.........ക്ഷേമനിധിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ ഉണ്ടായിരിക്കുന്ന, നിയമം ഉണ്ടായെങ്കിലും പൂർണ്ണമായും പ്രവർത്തന സജ്ജമായെന്ന് പറയാൻ കഴിയില്ലെങ്കിലും ആളുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുകൂടിയുള്ള ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. ഈ കാര്യത്തിൽ ...........

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ക്ഷേമനിധിയുടെ സ്രോതസ്സ് എങ്ങനെ ഉണ്ടാക്കാം എന്നുള്ളതാണ്. 'അമ്മ' എന്ന സംഘടന സിനിമാ രംഗത്ത് വലിയ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. പക്ഷെ ഇപ്പോൾ 'അമ്മ' സൗഹാർദ്ദ പരമായി ഒരു ടീമായി ചേർന്ന് രണ്ട് ഷോകൾ നടത്താൻ പോകുന്നു. അതിലൊരു ഷോ നമ്മുടെ നിയമസഭയ്ക്കുവേണ്ടി നടത്തിയാൽ വലിയൊരു എമൗണ്ട് സമാഹരിക്കാൻ കഴിയും. അങ്ങനെ ഒന്ന് മന്ത്രി ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് തീയേറ്റർ നന്നാക്കിയ സ്ഥലത്തൊക്കെ ആളുകൾ വരുന്നുണ്ട്. എന്റെ മണ്ഡലത്തിലെ രണ്ട് തീയേറ്ററുകൾ വളരെ മോശമായിരുന്നു. സെക്കന്റ്ഷോയ്ക്ക് വളരെ കുറച്ച് ആളുകൾ മാത്രം പോകുന്ന സ്ഥിതിയായിരുന്നു. ഇന്ന് സ്ഥിതി മാറിയിട്ടുണ്ട്. രണ്ട് ഷോയ്ക്കും നിറയെ ആളുകളുണ്ട്. അതുപോലെ കോഴിക്കോട് ആർ.കെ. തിയേറ്ററിൽ 260 രൂപ കൊടുക്കണം. ഒരു സിനിമ കാണണമെന്ന് വിചാരിച്ചാൽ ടിക്കറ്റ് ലഭിക്കില്ല. അതുകൊണ്ട് ഗ്രാമീണ തീയേറ്ററുകൾ നന്നാക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തുകൊണ്ട് സ്രോതസ്സ് സമാഹരിച്ചാൽ മാത്രമേ ഗുണം ലഭിക്കൂ. മുമ്പ് 6 ലക്ഷംരൂപ മുടക്കി ശ്രീ. മഞ്ഞളാംകുഴി അലിയും ഞാനും ഉൾപ്പെടെയുള്ളവർ ചേർന്ന് അനഘ എന്ന സിനിമ പിടിച്ചു. അതുപോലും അന്ന് തീയേറ്ററിൽ എത്തിക്കാൻ വളരെ പ്രയാസപ്പെട്ടു. ഇപ്പോഴും റിലീസ് ചെയ്യാതെ കിടക്കുന്ന നല്ല സിനിമകൾ തിയേറ്ററുകളിൽ എത്തിക്കാൻ സഹായിച്ച്, ആ രംഗത്ത് പുതിയൊരു ഉണർവ്വ് ഉണ്ടാക്കിയാൽ മാത്രമേ തിയേറ്ററുകളിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കാൻ കഴിയൂ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. മലയാള സിനിമയിലെ പുതിയ സിനിമകൾ ഒരുപാടെണ്ണം പൊട്ടിയ കാര്യം ഇവിടെ പറഞ്ഞിരുന്നു. മലയാള സിനിമയ്ക്കും പ്രത്യേക പരിഗണന കൊടുക്കേണ്ട കാര്യമുണ്ട്. കർണ്ണാടകയിൽ ........

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഇപ്പോൾ അഞ്ച് മണി ആകാൻ പോകുകയാണ്. ഒരു പ്രശ്നമുള്ളത്, 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് രാവിലെയാണ് കിട്ടിയത്. ജനറൽ ഭേദഗതി മൂന്ന് മണിക്കും വകുപ്പുതിരിച്ചുള്ള പരിഗണന അഞ്ച് മണിക്കും കൊടുക്കണം. സഭ ഇപ്പോൾ പിരിഞ്ഞിട്ടില്ല. ഈ ബിൽ നോക്കി ക്ലോസ് ബൈ ക്ലോസ് ഭേദഗതി അഞ്ച് മണിക്കുമുമ്പ് കൊടുക്കണമെന്ന് നിർബന്ധിച്ചാൽ ഭേദഗതി കൊടുക്കാൻ പാറ്റാത്തൊരു സ്ഥിതിയാണ്. സാധാരണ ഭേദഗതി കൊടുക്കാൻ രണ്ടുദിവസമെങ്കിലും കിട്ടാറുണ്ട്.

മി. സ്പീക്കർ: ഇത് ആരുടെ കുറ്റമാണെന്ന് അങ്ങ് പറയൂ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇന്ന് രാവിലെയാണ് ഇത് അവതരിപ്പിച്ചത്. ഞങ്ങൾ സഭയിൽ നിന്നും പിരിഞ്ഞിട്ടുമില്ല.

മി. സ്പീക്കർ: അത് ബി.എ.സി. കൂടി തീരുമാനിച്ചതല്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബി.എ.സി. കൂടി തീരുമാനിച്ചതാണ്. ഇതങ്ങനെ കൊടുക്കാൻ പറ്റുമോ? ഞാൻ പറയുന്നത്, ഒന്നുകിൽ നാളെ രാവിലെ വരെ സമയം കൊടുക്കുക അല്ലെങ്കിൽ നമ്മളൊക്കെ ഇവിടെ ഇരുന്നിട്ട് എന്ത് ഭേദഗതി എഴുതാനാണ്? എം.എൽ.എ. മാർക്ക് ഈ ബില്ലിനെ സംബന്ധിച്ച് ഒരു ഭേദഗതിയും കൊടുക്കാൻ സാധിക്കാത്ത സ്ഥിതി വന്നിരി

ക്കുകയാണ്. ഇപ്പോൾ സമയം അഞ്ച് മണി കഴിഞ്ഞു. ആർക്കും ഭേദഗതി കൊടുക്കാൻ പറ്റിയിട്ടില്ല.

മി. സ്പീക്കർ: ആ കാര്യം ആലോചിക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എന്തെങ്കിലും ഒരു ക്രമീകരണം ബഹുമാനപ്പെട്ട സ്പീക്കർ ഉണ്ടാക്കുന്നില്ലെങ്കിൽ ഇതൊക്കെ വഴിപാട് പോലെയായി മാറും. ഒരു പ്രായോഗികമായ പ്രശ്നമായതുകൊണ്ട് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് പറഞ്ഞത് ശരിയാണ്. എന്നാലും ചർച്ചകളിൽ ഒന്നിനും ഒരു നിബന്ധന വേണ്ടായെന്നുള്ള നമ്മുടെ ആറ്റിറ്റ്യൂഡും പ്രധാന പ്പെട്ടതാണ്. സമയത്തിന്റെ കാര്യം പരിശോധിക്കാവുന്നതാണ്. ശ്രീ. എ. പ്രദീപ് കുമാറിന്റെ പ്രസംഗം അവനാസിപ്പിച്ചോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു. സിനിമയുടെ കാര്യവുമായി ബന്ധപ്പെട്ട് കർണ്ണാടകയിലൊക്കെ നടക്കുന്നത് കന്നട സിനിമകൾക്ക് അവർ പൂർണ്ണമായും ടാക്സ് വഹിക്കും. എന്നാൽ മറ്റു ഭാഷാസിനിമകൾക്ക് അവർ ഉയർന്ന ടാക്സ് വയ്ക്കുന്നു. അത് അവരുടെ ഭാഷാചിത്രങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി അങ്ങനെയൊരു നിലപാട് അവിടെ സ്വീകരിച്ചു വരുന്നുവെന്നാണ് സിനിമാരംഗത്ത് പ്രവർത്തിക്കുന്ന ആളുകൾ പറഞ്ഞുകേട്ടിട്ടുള്ളത്. ആ കാര്യം നമുക്ക് ആലോചിക്കാവുന്ന താണ്. ഇവിടെ പൂർണ്ണമായും ടാക്സ് കൊടുക്കുന്നില്ലെങ്കിലും മറ്റു ഭാഷാ ചിത്രങ്ങൾക്ക് കൂടുതൽ ടാക്സ് ചുമത്തിയാലും അതും നമുക്ക് ഇതു പോലുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കാം. സാധാരണ പ്രേക്ഷകരുടെ തലയിൽ മൂന്നുരൂപ സെസ്സ് ചുമത്തുന്നതിനുപകരം ധനസമാഹരണത്തിന് സിനിമ ഇൻഡസ്ട്രിയുമായി ബന്ധപ്പെട്ടുതന്നെ ഒരുപാട് മാർഗ്ഗങ്ങളുണ്ട്. മറ്റു

മേഖലകളിലും മാർഗ്ഗമുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മറ്റ് മെഗാ ഷോകളിലും സെസ്സ് ഏർപ്പെടുത്താവുന്നതാണ്. ആ രീതിയിൽ ഒരു സമീപനം ഗവൺമെന്റ് ഇക്കാര്യത്തിൽ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): സർ, ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ടാക്സ് കളക്ട് ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞപ്പോൾ സാംസ്കാരിക ക്ഷേമ നിധിയെക്കുറിച്ചാണ് പ്രധാന വിഷയമായി അവതരിപ്പിച്ചത്. എല്ലാവരുടെയും പൊതുവികാരം ഒന്നാണ്. കാരണം, ശ്രീ. എം.എ. ബേബി സാംസ്കാരിക മന്ത്രിയായിരുന്നപ്പോൾ കൊണ്ടുവന്ന 2010-ലെ സാംസ്കാരിക ക്ഷേമനിധി ബോർഡിന്റെ ബിൽ ഈ സഭ ഐകകണ്ഠ്യേന പാസ്സാക്കിയിരുന്നു. അന്ന് ഇതുപോലെതന്നെ വളരെ നല്ല ഉത്സാഹത്തോടെ കലാകാരന്മാരെക്കുറിച്ചും കലാകാരികളെക്കുറിച്ചും നല്ലൊരു ചർച്ച ഈ സഭയിൽ നടന്നിരുന്നു. അതു പോലൊരു ചർച്ചയാണ് ഇന്നും കണ്ടതെന്നുള്ളതിൽ വളരെ സന്തോഷമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ശ്രീ. എ. പ്രദീപ്കുമാറും ശ്രീ. ജോസഫ് വാഴക്കനും പറഞ്ഞതുപോലെ കലാകാരന്മാരെ അവശകലാകാരൻ എന്നുപറഞ്ഞ് അപമാനിക്കാൻ പാടില്ല. അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള ഒരു പദ്ധതി യെന്നനിലയിലാണ് ഈ ബോർഡ് കൊണ്ടുവന്നത്. നമ്മൾ ഇപ്പോൾ പറഞ്ഞു, പണം ഒഴിവാക്കണം; തീയറ്ററിലെ കളക്ഷൻ ഒഴിവാക്കണമെന്നായിരുന്നു എല്ലാവരും അമെന്റ്ചെയ്തുകൊണ്ടുപറഞ്ഞത്. പണം സമാഹരിക്കുന്നതിനു വേണ്ടി 2010-ൽ കൊണ്ടുവന്ന ബില്ലിൽതന്നെ പറയുന്നു, 2 രൂപ സിനിമാ ടിക്കറ്റിൽ നിന്നും 1 രൂപ കേബിൾ ടി.വി. യിൽ നിന്നും കളക്ട് ചെയ്യണമന്നാ

യിരുന്നു അന്നത്തെ ആശയം. അന്ന് ഈ സഭയിൽ വന്ന ആശയം അതായിരുന്നു. ഞാനും അന്ന് ഈ സഭയിൽ ഉണ്ടായിരുന്നു. നമുക്ക് കേബിൾ ടി.വി. യിൽ നിന്ന് 2 രൂപ കളക്ട് ചെയ്യാനുള്ള മെക്കാനിസമില്ല. കേബിൾ ടി.വി.കൾ ഒന്നും രജിസ്റ്റർ ചെയ്യുന്നില്ല. ലോക്കൽ ചാനലുകൾ രജിസ്റ്റർ ചെയ്യുന്ന പി.&എ.ആർ.ഡി. വകുപ്പിൽ ചില ചാനലുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവരെല്ലാം വാർത്ത സംപ്രേഷണം ചെയ്യും. ഇന്ത്യയിലെ നിയമത്തിനൊക്കെ എതിരാണ്. കേബിൾ ടി.വി.യെ നിയന്ത്രിക്കുന്ന ഒരു നിയമം നമ്മുടെ സംസ്ഥാനത്തില്ല; നമ്മുടെ രാജ്യത്തുതന്നെ അക്കാര്യത്തിൽ ഒരു വ്യക്തതയില്ലാത്ത സാഹചര്യമാണ്. അതുകൊണ്ട് കേബിൾ ടി.വി.യിൽ നിന്ന് പണം പിരിക്കാൻ കഴിയാതെ വരും. അതുകൊണ്ട് സിനിമാടിക്കറ്റിൽനിന്നും പണം പിരിക്കാമെന്നുള്ള അന്നത്തെ സാംസ്കാരിക ക്ഷേമനിധി ബില്ലിൽ പറഞ്ഞിരിക്കുന്ന 2 രൂപ എന്നുള്ളത് 3 രൂപയാക്കി മാറ്റിക്കൊണ്ട് പിരിക്കാനുള്ള മെക്കാനിസം മാത്രമാണ് 2013–ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദ നികുതി (ഭേദഗതി) ബില്ലിലൂടെ കൊണ്ടുവരുന്നത്. കാരണം അതിനുവേണ്ടി അന്നൊരു ലോട്ടറി നടത്തിയിരുന്നു. ബഹുമാനപ്പെട്ട ശ്രീ. പുരുഷൻ കടലുണ്ടി പറയട്ടെ, ആ ലോട്ടറിക്കുവേണ്ടി സിനിമാപ്രവർത്തകരൊക്കെ സഹകരിച്ചിരുന്നു. ഒന്നരക്കോടി രൂപ പ്രതീക്ഷിച്ചുകൊണ്ടാണ് ലോട്ടറി പിരിവുനടത്തിയത്. അന്നൊക്കെ കലാകാരന്മാരൊക്കെ രംഗത്ത് വന്നു. എന്നാൽപ്പോലും ഏതാണ്ട് 52-53 ലക്ഷം രൂപയേ പിരിഞ്ഞുള്ളൂ. ഈ അടുത്ത കാലത്താണ് ആ പണം ധനകാര്യ വകുപ്പിൽ നിന്നും ടാക്സ് വകുപ്പിൽ നിന്നും ക്ഷേമനിധിയിലേക്ക് വന്നത്. ക്ഷേമനിധിയിൽ പണമില്ലാത്ത പ്രശ്നമുണ്ട്. ഏതാണ്ട് 5000–ത്തോളം ആളുകൾക്ക് ഇതുവരെ

കാർഡ് കൊടുത്തിട്ടില്ല. ഇവിടെ പറഞ്ഞതുപോലെ, അതിൽ ആയിരം പേർക്ക് വൺ ടൈം പേയ്മെന്റ്, 60 വയസ്സ് കഴിഞ്ഞവർക്ക് 3000 രൂപ ഒരുമിച്ച് അടയ്ക്കാൻ അവസരം കൊടുത്തു. 60 വയസ്സിനുമുമ്പ് അടച്ചാൽ മതി. എല്ലാ കലാകാരന്മാർക്കും 1000 രൂപ വീതം പെൻഷൻ കൊടുക്കുന്നു. ഏതാണ്ട് ആയിരത്തോളം കലാകാരന്മാർക്ക് ഇപ്പോൾ മൂന്ന് മാസമായി പെൻഷൻ കൊടുക്കുന്നുവെന്നുമാത്രമല്ല ആ പെൻഷൻ ബാങ്ക് വഴി ട്രാൻസ്ഫർ ചെയ്യുകയാണ്. ആയിത്തോളം കലാകാരന്മാർക്കും കലാകാരികൾക്കും ചെക്ക് കൊടുക്കുകയും ഡ്രാഫ്റ്റ് അയച്ചുകൊടുക്കുകയുമല്ല, അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ തുടങ്ങിയിരിക്കുന്നു. അയ്യായി രത്തോളം ആളുകൾക്ക് കാർഡ് കൊടുത്തു. ഇവിടെ അപേക്ഷ സമർപ്പിക്കു ന്നതിനെക്കുറിച്ച് പറഞ്ഞു. അതിനൊരു സംവിധാനം കൊണ്ടുവരാൻ പോകുന്നുണ്ട്. അക്ഷയ സെന്ററുകൾ വഴി അപേക്ഷകൾ എടുക്കണം. ഏത് കുഗ്രാമത്തിൽ ഇരുന്നുകൊണ്ടും അവിടെത്തെ അടുത്തുള്ള അക്ഷയ സെന്ററിൽനിന്ന് ആപ്ലിക്കേഷൻസ് സമർപ്പിക്കാം. ഇത് ഒരു അക്കാഡമി യിലേക്കും കൊണ്ടുപോകേണ്ടതില്ല. ഇപ്പോഴത്തെ മെക്കാനിസവും അതു തന്നെയാണ്. നേരെ ക്ഷേമനിധി ബോർഡിൽ അയച്ചുകൊടുത്താൽ അവർ ഇവിടെനിന്ന് ഓരോ കലാരൂപങ്ങളെ പ്രതിനിധീകരിക്കുന്ന അക്കാഡമിക്ക്, അതായത് സിനിമയാണെങ്കിൽ ചലച്ചിത്ര അക്കാഡമിക്കും സാഹിത്യകാരനാ ണെങ്കിൽ സാഹിത്യ അക്കാഡമിക്കും അയയ്ക്കും. ഈ വ്യക്തി സാഹിത്യ ക്കാരനാണോ എഴുത്തുകാരനാണോ അല്ലെങ്കിൽ ഇന്ന കലാകാരനാ ണോ.......... ഉദാഹരണത്തിന്, യക്ഷഗാനം വന്നാൽ ഫോക് ലോർ അക്കാഡ മിക് അയയ്ക്കും. അങ്ങനെ ഓരോ അക്കാഡമി തിരിച്ച് ഇവിടന്ന് അയച്ചു

കൊടുക്കുകയും അവർ വെരിഫൈ ചെയ്തതിനുശേഷം തിരിച്ചുവന്നാലുടൻ തന്നെ കാർഡ് കൊടുക്കുകയും ചെയ്യുന്ന വളരെ ഫാസ്റ്റായിട്ടുള്ള ഒരു മെക്കാനിസം ആരംഭിച്ചിട്ടുണ്ട്. ഇനി എല്ലാ അക്ഷയാ സെന്ററുകൾ വഴിയും അപേക്ഷ കൊടുക്കാനുള്ള നടപടികളുണ്ടാകും. ഇത് ഫ്രീ ആണെന്നുള്ള കാര്യം ബോധവത്ക്കരിക്കാൻ ഈ അടുത്ത കാലത്ത് കണ്ണൂരിലും മറ്റും കലാ കാരന്മാരെയും കലാകാരികളെയുമെല്ലാം വിളിച്ചുകൂട്ടി ഇതിനെസംബന്ധിച്ച് ബോധവത്ക്കരിച്ചു. ഇങ്ങനെ ബോധവത്ക്കരിച്ചപ്പോൾ സൗജന്യമായിട്ടാണ് കൊടുക്കുന്നതെന്ന് അവർക്ക് മനസ്സിലായി. ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ പറഞ്ഞതുപോലെ ചില സംഘടനകൾ അതിന് പണം പറ്റുന്നുണ്ടെങ്കിൽ അത് അന്വേഷിച്ച് ആ കാര്യത്തിൽ നടപടിയെടുക്കുകയും സുതാര്യമാക്കുകയും ചെയ്യും. സിനിമയെക്കുറിച്ച് പറഞ്ഞു, സിനിമാ ടിക്കറ്റ് ഏർപ്പെടുത്താൻ പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും പറഞ്ഞു. അമ്യൂസ്മെന്റ് പാർക്കുകൾ, തീം പാർക്കുകൾ എന്നിവിടങ്ങളിൽനിന്ന് കളക്ട് ചെയ്യുന്ന വിനോദനികുതിയുടെ കൂട്ടത്തിലും ഇതുപോലെ സെസ്സ് ഏർപ്പെടുത്തുന്നതിൽ തെറ്റില്ല. ഇപ്പോൾ സിനിമയ്ക്ക് ഏർപ്പെടുത്തിയപ്പോൾ തന്നെ ഇത്രയും പ്രതിഷേധിക്കേണ്ട കാര്യമില്ല. നല്ല തീയേറ്ററുകൾ ഉണ്ടായാൽ സിനിമാ തീയേറ്ററുകളിൽ ആളുകൾ വരും. ഈ ഗവൺമെന്റ് വന്നതിനുശേഷം പൈറസി തടയാൻ കഴിഞ്ഞതുകൊണ്ട് തീയേറ്ററിൽ വന്നാൽ മാത്രമേ സിനിമ കാണാൻ പറ്റുകയുള്ളു. ശ്രീ. എ. പ്രദീപ് കുമാറും എല്ലാവരും പറഞ്ഞതുപോലെ സിനിമ അതിന്റെ ഫുൾ സാങ്കേതിത വിദ്യയോടുകൂടി ശബ്ദവും ചിത്രവുമായി കാണണം. അതാണ് വ്യത്യാസം. തിരുവനന്തപുര ത്തുള്ള കലാഭവൻ തീയേറ്റർ പണിതിട്ട് 20 വർഷത്തിലധികമായി. ആ 20

വർഷത്തിനിടയിൽ ആ തീയേറ്ററിന്റെ ഒരു ദിവസത്തെ പരമാവധി കളക്ഷൻ 16,000 രൂപയായിരുന്നു. ഈ ഗവൺമെന്റ് ആ തിയേറ്റർ പുതുക്കിപ്പണിതു. ഇപ്പോൾ ആ തീയേറ്ററിന്റെ ഒരു ദിവസത്തെ ഹൗസ് ഫുൾ കളക്ഷനെന്നു പറയുന്നത് 1 ലക്ഷം രൂപയാണ്. അതായത് 16,000 രൂപ കിട്ടിയിടത്തുനിന്ന് 1 ലക്ഷം രൂപയാണ് വരുന്നത്. മുകളിലത്തെ നിലയിൽ 100 രൂപയായി വന്നിരിക്കുകയാണ്. ഗ്രാമങ്ങളിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനുകളിലും 100 രൂപയും 80 രൂപയുമാണ് കൊടുക്കുന്നത്. നമ്മുടെ നിയമസഭയിലെ കസേരയുടെ അത്രയും വീതിയുള്ള സീറ്റിലാണ് ഇരുന്ന് സിനിമ കാണുന്നത്. നിയമസഭയുടെ കസേരയേക്കാൾ വീതിയുണ്ട്. ഏതാണ്ട് രണ്ടടിയോളം വീതിയുള്ള സീറ്റാണ് അറേഞ്ച് ചെയ്തിരിക്കുന്നത്. സുഖമായിരുന്ന് സിനിമ കാണാം. നല്ല ചലച്ചിത്ര അനുഭവം. പ്രത്യേക അനുഭൂതിയാണ്. ശബ്ദത്തിനും വെളിച്ചത്തിനും ക്രമീകരണങ്ങൾക്കും സീറ്റിനും ഒക്കെയുള്ള സൗകര്യങ്ങളാണ് ജനങ്ങൾ നോക്കുന്നത്. ശ്രീ. പുരുഷൻ കടലുണ്ടി പറഞ്ഞു, കോഴിക്കോട്, എറണാകുളം പോലെയുള്ള മൾട്ടിപ്ലെക്സ് തീയേറ്ററുകളിൽ 250 രൂപ ഒരു ടിക്കറ്റിന് കളക്ട് ചെയ്യുമ്പോൾ ടിക്കറ്റ് കിട്ടാനില്ല എന്നതാണ് യാഥാർത്ഥ്യം. അപ്പോൾ നല്ല സിനിമയുണ്ടാകണം. ഈ ഗവൺമെന്റ് കഴിഞ്ഞ വർഷം പൈറസി തടഞ്ഞതിനുശേഷം ഇവിടെ 137 സിനിമയാണ് റിലീസ് ചെയ്തത്. അതിൽ ഏതാണ്ട് 95 – 100 വരെ സിനിമകളും വിജയകരമായിരുന്നു എന്നതാണ് സത്യം. ചരിത്രത്തിലാദ്യമായി ചലച്ചിത്ര അക്കാഡമിയുടെ അവർഡിന് സമർപ്പിക്കപ്പെട്ടത് 87 സിനിമകളായിരുന്നു. ഇതിനുമുമ്പ് 36, 37 സിനിമകളിൽ കൂടുതൽ സമർപ്പിച്ചിട്ടില്ല. ഏതാണ്ട് 68–ലധികം മലയാള

സിനിമകളാണ് കേന്ദ്ര ചലച്ചിത്ര അവർഡിനുവേണ്ടി സമർപ്പിക്കപ്പെട്ടത്. മലയാള സിനിമയിൽ പ്രതിസന്ധിയില്ല. ഇവിടെ അംഗങ്ങൾ പറഞ്ഞതുപോലെ ചില സംഘടനകളെക്കൊണ്ടുള്ള പ്രതിസന്ധിയാണ്. സൂപ്പർതാരങ്ങളെക്കൊണ്ട് പ്രതിസന്ധിയില്ല. കാരണം മമ്മൂട്ടിയും മോഹൻലാലും 30 കൊല്ലം കഴിഞ്ഞും സൂപ്പർസ്റ്റാറായി നിൽക്കുന്നുണ്ടെ ങ്കിൽ അതവരുടെ പെരുമാറ്റത്തിന്റെ ഗുണം കൊണ്ടാണെന്ന് ഞാൻ പറയും. കാരണം അവർ ഒരു പ്രതിസന്ധിയുമുണ്ടാക്കാറില്ല. അവർ താരങ്ങളെന്ന നിലയിൽ കൂടുതൽ ശമ്പളം പറ്റുമെന്ന കാര്യം ശരിയാണ്. പക്ഷേ അവരുടെ കുഴപ്പം കൊണ്ടല്ല, ഇവിടെ ചില സംഘടനകളാണ് പ്രതിസന്ധിയു ണ്ടാക്കുന്നത്. ഈ സഭ അറിയാത്ത ഒരു കാര്യം ഞാൻ പറയാം. നമ്മൾ മനസ്സിലാക്കണം. കേരളത്തിലെ തീയേറ്ററുകളുടെ നവീകരണത്തെക്കുറിച്ച് പല അംഗങ്ങളും പറഞ്ഞു. നവീകരിച്ച തീയേറ്ററിൽ ആളുണ്ട് എന്നാണ് നമുക്കെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞത്. കേരളത്തിലെ തീയേറ്ററുകളിൽ എയർ കണ്ടീഷൻ, ടോയ്‌ലെറ്റുകൾ, സീറ്റുകൾ ഇവ നവീകരിക്കാൻ 97 മുതൽ ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലം മുതൽ കേരളത്തിലെ തീയേറ്റർ ഉടമകൾ ആദ്യം 1 രൂപയും പിന്നീട് 2 രൂപ വച്ചും തീയേറ്ററുകളിൽ നിന്നും സർവ്വീസ് ചാർജ്ജായി, സഭയിൽ യാതൊരു നിയമവും കൊണ്ടു വരാതെ പിരിച്ചെടുക്കുന്നുണ്ട്. ബഹുമാന്യനായ ഇന്ത്യൻ പ്രസിഡന്റ് സഭയിൽ വന്ന് പ്രസംഗിച്ചത്, ഭരണഘടന അംഗീകരിക്കാത്ത ഒരു സെസ്സും അതായത് പാർലമെന്റോ നിയമസഭയോ പാസ്സാക്കാത്ത ഒരു സെസ്സിനും വാല്യുവില്ല എന്നാണ്. ഈ തീയേറ്ററുകളിൽനിന്നും യാതൊരു കണക്കുമില്ലാതെ 2 രൂപ വച്ച് തീയേറ്റർ മെയിന്റയിൻ ചെയ്യാൻ എന്ന പേരിൽ ആ ഉടമകൾ വാങ്ങിയെ

ടുത്തിരുന്നതിനെക്കുറിച്ച് ആരും മിണ്ടുന്നില്ല. അതിന് ആരും കേസ്സിന് പോകുന്നില്ല. കലാകാരന്മാരേയും കലാകാരികളെയും സംരക്ഷിക്കാൻ വേണ്ടി നമ്മൾ ഒരു നിയമം കൊണ്ടുവന്നിട്ടുണ്ട്. ആദ്യം ഒരു ഓർഡിനൻസ് വന്നു; ഇന്നത് നിയമമായി സഭയുടെ മുന്നിൽ വരുമ്പോൾ ഇത് തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കോടതിയെ സമീപിക്കുകയാണ്. ഇതിന് ഒരിക്കലും വഴങ്ങാൻ പാടില്ല. കാരണം സിനിമയാണ് ഇന്ന് ഏറ്റവും കൂടുതൽ ആളുകൾ കാണുന്ന ഒരു മീഡിയ. കെ.പി.എ.സി.യുടെ നാടക കലാകാരന്മാരെക്കുറിച്ചൊക്കെ നമ്മൾ അഭിമാനം കൊള്ളും. നമ്മുടെ സമൂഹ ത്തിൽ രാഷ്ട്രീയമായും സാമൂഹികമായും വലിയ മാറ്റങ്ങൾ ഉണ്ടാക്കിയ കവികളും നാടകനടന്മാരും നാടകകൃത്തുക്കളുമുണ്ട്. പക്ഷേ അവരുടെ യെല്ലാം ജീവിതം ദുസ്സഹമായിരുന്നു. അവരെ സഹായിക്കാൻ........ ഇപ്പോൾ നാടകം എവിടെയുണ്ട്? ഒരു പ്രൊഫഷണൽ നാടകം കാണണമെങ്കിൽ എന്ത് പ്രയാസമാണ്. ആ പ്രൊഫഷണൽ നാടകത്തിന് ടിക്കറ്റിൽ 3 രൂപ സെസ്സ് വച്ചാൽ ആരും വരില്ല. പക്ഷേ മമ്മൂട്ടിയുടെയോ മോഹൻലാലിന്റെയോ അല്ലെങ്കിൽ പുതുമുഖ നടൻമാരുടെയോ നല്ല സിനിമ തീയേറ്ററിൽ റിലീസ് ചെയ്യുമ്പോൾ അതിൽ നിന്ന് 3 രൂപ ശേഖരിച്ചാൽ അത് മുഴുവൻ കലാകാര ന്മാർക്കും ഉപയോഗിക്കാം.

ഇവിടെ പറഞ്ഞതുപോലെ സിനിമയിലുള്ളവർക്ക് വൺടൈം തുക അടയ്ക്കണമെങ്കിൽ ലെവി കൂടുതലാണ്. ഈ ക്ഷേമനിധിയിൽ സിനിമാ ക്കാർക്ക് 12,000 രൂപ അടയ്ക്കണം. എന്നാൽ മറ്റ് കലാകാരന്മാർക്ക് വൺടൈം ആണെങ്കിൽ 3000 രൂപ അടച്ചാൽ മതി. മറ്റുള്ളവർക്ക് ക്വാർട്ടേർലി സബ്സ്ക്രിപ്ഷൻ 50 രൂപയാണെങ്കിൽ സിനിമാക്കാരിൽ നിന്നും 200 രൂപ

യാണ് വാങ്ങുന്നത്. അതുകൊണ്ട് ഇത് കുഴപ്പമുള്ള കാര്യമല്ലെന്ന് മാത്രമല്ല, വളരെ നല്ല കാര്യമാണ്. പിന്നെയുള്ളത് ടിക്കറ്റ് മെഷീന്റെ കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം ചെയ്തു. അദ്ദേഹം കൊണ്ടുവന്ന കെട്ടിട നിർമ്മാണച്ചട്ട ഭേദഗതിയിൽ ശ്രദ്ധേയമായ ഒരു ഭേദഗതിയുണ്ട്. അതിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആലോചിച്ചതാണ്. കേരളത്തിലെ ഒരു തീയേറ്റർ പൊളിച്ച് അവിടെ ഏത് സ്ഥാപനം നിർമ്മിച്ചാലും അവിടെ 200 സീറ്റുള്ള അല്ലെങ്കിൽ ഇപ്പോഴുള്ളതിന്റെ മൂന്നിൽ ഒന്ന് സീറ്റുള്ള ഒരു തീയേറ്റർ നിർബന്ധമായും നിർമ്മിച്ചിരിക്കണമെന്നാണ് കെട്ടിട നിർമ്മാണച്ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവിറക്കിയിട്ടുള്ളത്. തീയേറ്റർ പൊളിച്ചാൽ അവിടെയൊരു തീയേറ്റർ ഉണ്ടാകും. ഇപ്പോൾ ഈ നിയമം മഹാരാഷ്ട്രയിലും ആന്ധ്രാപ്രദേശിലുമുണ്ട്. ഇവിടെയും കെട്ടിട നിർമ്മാണച്ചട്ടത്തിൽ അത്തരമൊരു ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. ഫ്ളാറ്റോ കല്ല്യാണമണ്ഡപമോ പണിതാൽ നിർബന്ധമായും 200 സീറ്റുള്ള ഒരു തീയേറ്റർ അതിൽ പ്രൊവൈഡ് ചെയ്യണം. അങ്ങനെ വരുമ്പോൾ തീയറ്ററുകളുടെ എണ്ണം കുറയുന്നില്ല. എലിയും പാറ്റയും പൂച്ചയുമൊക്കെ ഓടുന്ന തീയറ്ററുകളിലേയ്ക്ക് ജനങ്ങൾ പോകാൻ തയ്യാറല്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: കേരളത്തിൽ ഒരിക്കൽ 1600 തീയേറ്ററുകളുണ്ടായിരുന്നു. ഇപ്പോഴത് 500 ആയി കുറഞ്ഞുവെന്നാണ് പറയുന്നത്. നിലവിലുള്ള തീയേറ്റർ പൊളിച്ച് അവിടെ പുതിയതൊന്ന് നിർമ്മിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ബാധകമാകും. അപ്പോൾ അത്രയും തീയേറ്ററുകളല്ലേ വരികയുള്ളു. പണ്ടൊക്കെ പൂട്ടിപ്പോയ തീയേറ്ററുകൾ പൂട്ടിപ്പോയതു

തന്നെ. അതുകൊണ്ട് കൂടുതൽ തീയേറ്ററുകൾ നിർമ്മിക്കാൻ എന്തെങ്കിലും പരിപാടി ഉണ്ടോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: നമുക്ക് അത്ഭുതം തോന്നുന്ന ഒരു കാര്യം പറയാം. അമേരിക്കയിൽ ഇതുപോലെയായിരുന്നു. എല്ലാ തീയേറ്ററുകളും അടച്ച് വീഡിയോയിലേയ്ക്ക് പോയി. അവസാനം അവിടെ നിന്നും തീയേറ്ററുകളിലേയ്ക്ക് മടങ്ങി. എറണാകുളത്ത് എം.ജി. റോഡിലും ലുലു ഷോപ്പിംഗ് കോപ്ലക്സിലും മാത്രം 50 പുതിയ തീയേറ്ററുകളാണ് വരാൻ പോകുന്നത്. തിരുവനന്തപുരത്ത് നിളാ തീയേറ്ററും കൈരളി തീയേറ്ററും ചെയ്തതുപോലെ കേരളത്തിലെ വലിയ തീയേറ്ററുകളെല്ലാം രണ്ടാക്കി മാറ്റുകയാണ്. പഞ്ചായത്തുകളിൽ ഗ്രാമ പ്രദേശങ്ങളിലെ തീയറ്ററുകൾ മുഴുവൻ എയർ കണ്ടീഷൻ ചെയ്ത് പുതുക്കിപ്പണിയാൻ തുടങ്ങിയിരിക്കുന്നു. ടിക്കറ്റ് മെഷീൻ വരുന്നതോടെ ടാക്സിലുള്ള വൻ വെട്ടിപ്പ് അവസാനിക്കുന്നു. സിനിമ ഒരു ലാഭകരമായ ബിസിനസ്സാണ്. ഡിസ്ട്രിബ്യൂട്ടർ ഇടയ്ക്ക് നിന്ന് പൈസ വെട്ടിക്കുകയാണെന്ന് ഇവിടെ പലരും പറഞ്ഞു. പല നല്ല സിനിമകളും ഡിസ്ട്രിബ്യൂട്ട് ചെയ്യാൻ പറ്റുന്നില്ല. ടിക്കറ്റ് മെഷീൻ കേരളത്തിലെ എല്ലാ തീയേറ്ററുകളിലും ഏർപ്പെടുത്തിക്കഴിഞ്ഞാൽ ഒരു സംവിധായകനോ നിർമ്മാതാവിനോ അയാളുടെ സിനിമ ഒരു മദ്ധ്യസ്ഥന്റെയും സഹായമില്ലാതെ എഡിറ്റിംഗ് ടേബിളിൽ നിന്നും സാറ്റലൈറ്റ് വഴി തീയേറ്ററുകളിൽ റിലീസ് ചെയ്യാൻ കഴിയും. ഇൻഡ്യയിൽ ആദ്യമായി അത്തരമൊരു സംവിധാനം വരാൻ പോകുന്നു. ടിക്കറ്റ് മെഷീൻ വന്നുകഴിഞ്ഞാൽ വിദേശത്തിരിക്കുന്ന ആളിനുപോലും തന്റെ സിനിമ കൃത്യമായി തീയേറ്ററുകളിലേയ്ക്ക് നേരിട്ട് റിലീസ് ചെയ്യുന്ന സംവിധാനം നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരാൻ

കഴിയും. ഇൻഡ്യയിൽ ആദ്യമായാണ് ഇത്തരത്തിലൊരു ആശയം വിഭാവനം ചെയ്യുന്നത്. കമ്പ്യൂട്ടറൈസ്ഡ് ടോട്ടൽ ടിക്കറ്റിംഗ് മെഷീൻ വരുന്നതോടുകൂടി ഇന്നുണ്ടാകുന്ന പഞ്ചായത്ത് മുനിസിപ്പാലിറ്റി ടാക്സ് കളക്ഷൻ മിനിമം നാലിരട്ടിയായി വർദ്ധിക്കുമെന്നാണ് സിനിമാപ്രവർത്തകനായ എന്റെ കാൽക്കുലേഷൻ. ഒരു പൈസയുടെയും വെട്ടിപ്പ് ഉണ്ടാകില്ല. ബഹുമാനപ്പെട്ട മന്ത്രി മഞ്ഞളാംകുഴി അലിയുടെ സിനിമയിൽ ഞാൻ അഭിനയിച്ചിട്ടുണ്ട്. മുൻപ് ശ്രീ. ജോസഫ് വാഴക്കൻ പറഞ്ഞതുപോലെ ഡെയ്‌ലി റിപ്പോർട്ടിൽ 3 തരം കണക്കാണ് കൊടുക്കുന്നത്. അത് മാറുകയാണ്. സൗദി അറേബ്യയിൽ ഉള്ള ഒരു നിർമ്മാതാവിന് തന്റെ സിനിമയ്ക്ക് 6.30 മണി കഴിയുമ്പോൾ തിരുവനന്തപുരത്തുള്ള തീയേറ്ററിൽ എത്ര രൂപ കളക്ഷൻ കിട്ടിയെന്ന് കമ്പ്യൂട്ടറിലൂടെ കാണാൻ പറ്റുന്ന സംവിധാനമാണ് കേരളത്തിൽ കൊണ്ടുവരാൻ പോകുന്നത്. ഇത് മൊത്തം സിനിമ ഇൻഡസ്ട്രിയെ രക്ഷിക്കും. കളക്ഷനും ടാക്സും കൂടുമ്പോൾ അതിന്റെ ഒരു ഓഹരി ഈ രാജ്യത്തെ പാവപ്പെട്ട കലാകാരന്മാർക്കും കലാകാരികൾക്കും സാഹിത്യകാരന്മാർക്കും സാഹിത്യകാരികൾക്കും കിട്ടണം. അത് 2010-ൽ ഈ സഭ ഐകകണ്ഠ്യേന വിഭാവനം ചെയ്തതാണ്. അതിന്റെ നടത്തിപ്പിന് വേണ്ടി മാത്രമാണ് ഈ ഭേദഗതി. എല്ലാവരും നന്നായി സംസാരിച്ചു. ആ സ്പിരിറ്റ് ഞാൻ ഉൾക്കൊള്ളുകയാണ്. തീർച്ചയായും ഈ അമെന്റ്മെന്റ് നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും നല്ല അമെന്റ്മെന്റ് ആയിരിക്കും. കാരണം ഇതൊരു പരിഷ്കാരമാണ്. സർക്കാരിന് നഷ്ടപ്പെടുന്ന കോടികൾ ഇതുമൂലം സർക്കാരിന് നേട്ടമാവുകയാണ്. പഞ്ചായത്തുകൾക്ക് വൻ വരുമാനം ഉണ്ടാകാൻ പോവുകയാണ്. ഓരോ പഞ്ചായത്തും തീയേറ്റർ തുടങ്ങാൻ ഇനി മുൻകൈ എടുക്കും. കാരണം കളക്ഷൻ

കറക്റ്റാണ്. ഇപ്പോൾ അഡ്വാൻസ് ടാക്സ് അടയ്ക്കുന്നതും കള്ള സീൽ അടിക്കുന്നതുമെല്ലാം നമുക്കറിയാം. പല തീയേറ്ററുകളും 10 സീറ്റ് ടിക്കറ്റ് കൊടുക്കുമ്പോൾ ഒരു സീറ്റിന്റെ ടാക്സാണ് കൊടുക്കുന്നത്. ഇതെല്ലാം മാറാൻ പോകുകയാണ്. അതുകൊണ്ടുതന്നെ ഇതൊരു നല്ല പരിഷ്കാരമാണ്. ഇന്നത്തെ കളക്ഷൻ വച്ച് 3 രൂപ വീതം ശേഖരിച്ചാൽ ഒരുവർഷംകൊണ്ട് അത് 18–20 കോടിയോളം രൂപയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങനെ വന്നാൽ കലാകാരന്മാർക്ക് ഇന്ന് കൊടുക്കുന്ന 1000 രൂപയ്ക്ക് പകരം 4000 അല്ലെങ്കിൽ 5000 രൂപ പെൻഷനായി കൊടുക്കാൻ കഴിയും. കലാകാരന്മാർക്ക് കാൻസർ പോലുള്ള രോഗങ്ങൾ വന്നാലും അവരെ സൗജന്യമായി ചികിത്സിക്കാൻ കഴിയും. കേരളത്തിൽ ഒരു കലാകാരനും സാഹിത്യകാരനും സാംസ്കാരിക പ്രവർത്തകനും വേദനിച്ചും പട്ടിണി കിടന്നും മരിക്കാനിടവരാത്ത സാഹചര്യം ഈ ഒരു നീക്കത്തിലൂടെ ഉണ്ടാകും. അതുകൊണ്ട് എല്ലാവരും സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. നല്ല ചർച്ചകൾ നടത്തിയതിന് വളരെയധികം നന്ദിയുണ്ട്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ബഹുമാനപ്പെട്ട മെമ്പർമാർ മുന്നോട്ടുവച്ച സ്വാഗതാർഹമായ നിർദ്ദേശങ്ങൾ സബ്ജക്റ്റ് ക്മ്മിറ്റിയിൽ ചർച്ച ചെയ്ത് കഴിവിന്റെ പരമാവധി ഉൾപ്പെടുത്താൻ ശ്രമിക്കുമെന്ന് മാത്രമാണ് എനിക്ക് പറയാനുള്ളത്. ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2013-ലെ കേരള തദ്ദേശാധികാരസ്ഥാന വിനോദനികുതി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജകട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ..........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (3) 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 69-ാം വകുപ്പിലുള്ള ഭേദഗതി കൊണ്ടുദ്ദേശിക്കുന്നത് തെരഞ്ഞെടുപ്പിന് മുമ്പ് നഗരസഭകളെ വാർഡുകളായി വിഭജിക്കുന്നതിനും അതിർത്തി നിർണ്ണയിക്കുന്നതിനും ഒരു ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിക്കുന്നുണ്ട്. ഈ കമ്മീഷൻ തീരുമാനങ്ങളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട മുനിസിപ്പാലിറ്റി ആഫീസുകളിലും ചില പ്രധാന സ്ഥലങ്ങളിലും എല്ലാവർക്കും കാണാവുന്ന വിധത്തിൽ പതിച്ചുകൊണ്ട് പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ ഗസറ്റിലും പ്രസിദ്ധീകരിക്കേണ്ടതിന്റെ നിയമ പ്രാബല്യം നൽകാനാണ് ഈ ബിൽ. 86-ാം വകുപ്പിന്റെ ഭേദഗതി ഈ വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും മത്സരിക്കുന്നതിനുള്ള അയോഗ്യത സംബന്ധിച്ച കാര്യങ്ങളാണ്. അംഗൻവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും ഒഴികെയുള്ള പാർട്ട്ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതാണ്. അവർക്ക് മത്സരിക്കാൻ അയോഗ്യത കൽപ്പിക്കുന്നതിന് ഈ വകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തെ അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള സർക്കാരിന്റെ അധികാരം സംബന്ധിച്ച് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 407-ാം വകുപ്പിൽ

വിശദമായി പ്രതിപാദിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ 1999 ഒക്ടോബർ 15-നോ അതിന് മുമ്പോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും ഭൂ വികസനമോ കെട്ടിട നിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ സർക്കാരിന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ അഭിപ്രായം ആരാഞ്ഞതിനു ശേഷം നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് അപ്രകാരമുള്ള ഭൂ വികസനമോ കെട്ടിട നിർമ്മാണമോ ക്രമവത്ക്കരിക്കാവുന്നതാണ്. നഗരവത്ക്കരണത്തിന്റെ ഭാഗമായി ജനസാന്ദ്രതയും സ്ഥലപരിമിതിയുംമൂലം കേരളത്തിലെ നഗരങ്ങളിൽ അനധികൃത കെട്ടിട നിർമ്മാണങ്ങൾ വർദ്ധിക്കാനിടയായ സാഹചര്യം മൂലം ക്രമവത്ക്കരണത്തിനുള്ള തീയതി സർക്കാർ നീട്ടിക്കൊടുത്തെങ്കിലും പല കാരണങ്ങളാൽ അനധികൃത നിർമ്മാണം ക്രമവത്ക്കരിക്കാൻ പലർക്കും കഴിയാതെ പോയിട്ടുള്ളതാണ്. കേരളത്തിലെ നഗരസഭകളിൽ കോർപ്പറേഷൻ വിഭാഗത്തിൽ പ്രമുഖ സ്ഥാനത്ത് നിൽക്കുന്ന കൊച്ചി കോർപ്പറേഷനിൽ ഏകദേശം 12000-ത്തോളം അനധികൃത നിർമ്മാണങ്ങൾ നിലനിൽക്കുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഭൂരിഭാഗം അനധികൃത നിർമ്മാണങ്ങളും ക്രമവത്ക്കരിക്കത്തക്കവിധത്തിലുള്ളതാണെങ്കിലും ചട്ടങ്ങളുടെ അഭാവം മൂലം ഭാരിച്ച നികുതിയും വൈദ്യുതി-വാട്ടർ ചാർജ്ജുകളും നൽകാൻ ബന്ധപ്പെട്ടവർ ബാദ്ധ്യസ്ഥരായിരിക്കുകയാണ്. അതുകൊണ്ടാണ് ഇതുപോലുള്ള നിയമ നിർമ്മാണം നടത്താൻ സർക്കാർ മുന്നോട്ട് വന്നിട്ടുള്ളത്. ബാക്കിയുള്ള കാര്യങ്ങൾ ഭേദഗതിക്കുശേഷം ചർച്ച ചെയ്യാം.

<u>ശ്രീ. സാജു പോൾ</u>: സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി

30–4–2013– വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെയുള്ള ഉദ്ദേശ്യങ്ങളോടു കൂടി ഈ അനധികൃത കെട്ടിടനിർമ്മാണത്തിന്റെ ക്രമവൽക്കരണവും അതു പോലെതന്നെ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അർഹതയുള്ളവരുടെ പുനഃക്ര മീകരണവുമൊക്കെയാണ് ഈ ബില്ലിൽ ഉദ്ദേശിച്ചിട്ടുള്ളത്. പക്ഷെ ഇത് 2008 ഡിസംബർ 31 വരെ എന്ന് 407–ാം വകുപ്പ് ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം ഇപ്പോൾ അത് 31.10.2012 വരെയുള്ള കെട്ടിടങ്ങളി ലേയ്ക്ക് മാറ്റുന്നത് കുറെ യാഥാർത്ഥ്യബോധത്തോടുകൂടി നാം പരിശോ ധിക്കണം. ഈ സർക്കാർ വന്നതിനുശേഷം നഗരവൽക്കരണത്തിന്റെ ഭാഗമാ യി കുറെ പ്രശ്നങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികളും മുമ്പ് ഉണ്ടായിട്ടുള്ള ചില കാര്യങ്ങളും നാം വിശദമായി വിലയിരുത്തിയാൽ ഇത് എത്രമാത്രം പ്രായോഗികമാകും അല്ലെങ്കിൽ ഏതൊക്കെ രീതിയിൽ ഇത് കേരളത്തിൽ പ്രതിഫലിക്കും എന്നുള്ളത് ഗൗരവമായ ഒരു പ്രശ്നമാണ്. അപ്പുറത്തും ഇപ്പുറത്തുമിരുന്ന് ഇപ്പോൾ മന്ത്രി സ്ഥാനത്ത് അവരോധിതനായ ബഹുമാന്യ നായ മന്ത്രി, വളരെയേറെ പ്രതീക്ഷകളോടും സ്വപ്നങ്ങളോടുംകൂടി കേരള ത്തിലെ നഗരങ്ങളെയാകെ പുനഃക്രമീകരിച്ചും മാലിന്യവിമുക്തമാക്കിയും സൗന്ദര്യവൽക്കരിച്ചും എല്ലാ നിലയിലും വലിയ ഉന്നമനം ലക്ഷ്യംവച്ച് നീങ്ങുന്ന ഒരാളാണ്. പക്ഷേ അദ്ദേഹത്തിന് ഇതുവരെ യാതൊന്നും ഇവിടെ ചെയ്യാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന് കുറയേറെ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയട്ടെ. കാരണം അദ്ദേഹം ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ സഞ്ചരിച്ച് ലോകത്തിലെ ഒട്ടുമിക്ക നഗരങ്ങളും അവിടത്തെ സൗകര്യങ്ങളും സംവിധാന ങ്ങളും ആധുനിക കെട്ടിട സമുച്ചയങ്ങളും ആഡംബര കാര്യങ്ങളുമെല്ലാം

കണ്ടറിഞ്ഞിട്ടുള്ള ഒരാളാണെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. പക്ഷേ അതിനനുസരിച്ച് എന്തെങ്കിലുമൊന്ന് ഇവിടെ ചെയ്യാനോ ഇങ്ങനെയൊരു മന്ത്രി ഈ നഗരകാര്യങ്ങൾക്കായി ഈ ഗവൺമെന്റിലുണ്ട് എന്നൊരു തോന്നൽപ്പോലും നമ്മുടെ നാട്ടിൽ സൃഷ്ടിക്കാനോ യഥാർത്ഥത്തിൽ കഴിഞ്ഞിട്ടില്ല. ഞാനും അദ്ദേഹവും ഒരുമിച്ച് ഈ സഭയിൽ അംഗങ്ങളായ താണ്. അദ്ദേഹം അന്ന് ഇരുന്നതുപോലെതന്നെ സുന്ദരനും സുമുഖനുമായി ഇപ്പോഴും ഇരിക്കുന്നുവെന്നുള്ളതൊഴിച്ചാൽ, അന്നാകരീനയിലെ ബ്രോൺസ്കിയെ നമ്മുടെ സാംബശിവൻ വർണ്ണിച്ചതുപോലെ

‘ആരും കൊതിക്കും വിരുതുകാരനും
പാരം കൊഴുത്ത് ചെറുപ്പക്കാരനും
ധീരനും സുമുഖനും പ്രഭുകുമാരനും
ആരെയും കൂസാത്ത ഭാവക്കാരനും’

ഒക്കെയായി അദ്ദേഹം വർണ്ണ വസ്ത്ര വിസ്മയങ്ങൾ സൃഷ്ടിച്ച് ശബ്ദ വെളിച്ച മായാജാല പ്രകടനങ്ങളില്ലാതെ ഇങ്ങനെയിരിക്കുന്നവെന്നുള്ളതൊ ഴിച്ച് വേറെയൊന്നും സംഭവിച്ചിട്ടില്ല. ഇപ്പോൾ കേരളം ഒരു ഗ്രാമമാണോ നഗ രമാണോ എന്നുപറയാൻ കഴിയില്ല. ഗ്രാമനഗര വേർതിരിവുകളില്ലാത്ത ഗ്രാഗര വ്യവസ്ഥിതിയാണ് കേരളത്തിൽ എന്നാണ് അർത്ഥശാസ്ത്ര പണ്ഡി തന്മാരൊക്കെ വിലയിരുത്തിയിട്ടുളളത്. നഗരാസൂത്രണമോ നഗര ജീവിതമോ കാണാൻ നമുക്ക് വിദേശങ്ങളിലേയ്ക്കൊന്നും പോകേണ്ട കാര്യമില്ല. നമ്മുടെ നാട്ടിലിപ്പോൾ സിംലയോ ചണ്ഡീഗഡോ അഹമ്മദാബാദോ സൂററ്റോ പോലെയുള്ള നഗരങ്ങൾ സ്വപ്നം കാണാൻ കഴിയുമോ? ഇവിടെ നഗര ഭരണം നഗരദുർഭരണമായി നിൽക്കുന്ന ഒരു സാഹചര്യമാണ് യഥാർത്ഥത്തി

ലുള്ളത്. ഇതിനുമുമ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയെന്നുപറഞ്ഞാൽ നഗരഭരണത്തിന്റെ അതുപോലെ പഞ്ചായത്തീരാജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ തൃതല പഞ്ചായത്ത് സംവിധാനങ്ങൾ അതുപോലെ ബ്ലോക്കുകൾ, ഗ്രാമീണാസൂത്രണം ഇങ്ങനെയുള്ള എല്ലാ വകുപ്പുകളും ചേർന്നിട്ടുള്ള ഒരു മന്ത്രിയായിരുന്നു. ഇവിടെ സാമൂഹിക ക്ഷേമം, തുടങ്ങിയ നിരവധി വകുപ്പുകൾ ഒരു മന്ത്രിയുടെ ചുമതലയിൽ വരും. ഇപ്പോൾ ഈ പറഞ്ഞ നഗരഭരണവും ന്യൂനപക്ഷ ക്ഷേമവും ഒഴികെ വേറെ ഒരു വകുപ്പി ന്റേയും ചുമതല അദ്ദേഹത്തിനില്ല. പക്ഷെ എന്നിട്ടുപോലും അദ്ദേഹം വളരെ നിസ്സഹായനാണ്. വളരെയേറെ കാര്യങ്ങൾ ചെയ്യാമായിരുന്നു. ഇവിടെ സിനി മയുടെ കാര്യമാണല്ലോ ഇത്രയും നേരം ചർച്ചചെയ്തുകൊണ്ടിരുന്നത്. ഒരു സിനിമയിൽ ഇന്നസെന്റ് പറയുന്നത് 'പവനായി ശവമായി' എന്നുപറഞ്ഞതു പോലെ സർക്കാർ തന്നെ ഏതാണ്ടൊരു നിശ്ചലമായ അവസ്ഥയിൽ നിൽക്കുന്ന ഒരു സ്ഥിതിയിലാണ്. നഗരസഭകളുമായി ബന്ധപ്പെട്ട് യു.ഡി. എഫും എൽ.ഡി.എഫും ഭരിക്കുന്ന സ്ഥാപനങ്ങളുണ്ട്. പക്ഷേ എൽ.ഡി. എഫ്. ഭരിക്കുന്ന സ്ഥാപനങ്ങളിൽ വേണ്ടത്ര ജീവനക്കാരേയോ ഉദ്യോഗസ്ഥ ന്മാരെയോ നൽകാതിരിക്കുകയും യു.ഡി.എഫ്. ഭരിക്കുന്നിടത്ത് ആകെ മൊത്തം ഒരു കസേരകളിയുമാണ് നടക്കുന്നത്. എറണാകുളം ജില്ലയിലെ അങ്കമാലി നഗരസഭയെക്കുറിച്ച് ഒരു ഗവേഷണം നടത്തണം. എന്ന്, ആര്, അവിടെ ഭരിച്ചാലും അവിടെ കൗൺസിൽ യോഗങ്ങളിൽ....... ഈ നിയമസഭ യൊക്കെ എത്ര ശാന്തമായിട്ടാണ് നടക്കുന്നത്, അങ്കമാലി നഗരസഭയുടെ കാര്യം പരിശോധിക്കേണ്ട ഒരു സംഭവമാണ്. ഒരു പ്രതിഭാസമാണ്. ഇങ്ങനെ ഓരോ സ്ഥലങ്ങളുണ്ട്. കൊച്ചി കോർപ്പറേഷൻ ദീർഘകാലം എൽ.ഡി.എഫ്.

ഭരിച്ചു. അവരുടെ പക്കൽ നിന്ന് യു.ഡി.എഫ് പിടിച്ചെടുത്തതിനുശേഷമുള്ള സ്ഥിതി എന്തായിരുന്നു? കേന്ദ്ര ഭക്ഷ്യ പൊതുവിതരണവകുപ്പുമന്ത്രി ശ്രീ. കെ. വി. തോമസ് അവിടത്തെ എം.പി.യും അതുപോലെ ബഹുമാനപ്പെട്ട ശ്രീ. കെ. ബാബു, എക്സൈസും തുറമുഖവും ഫിഷറീസും വകുപ്പുകളുടെ മന്ത്രിയും പിന്നെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. ഹൈബി ഈഡൻ, ജി.സി.ഡി.എ.യുടെ ചെയർമാനും കോൺഗ്രസ്സിന്റെ മുതിർന്ന നേതാവുമായ ശ്രീ. എൻ. വേണുഗോപാൽ, ശ്രീ. ബെന്നി ബെഹനാൻ, ഇവരെല്ലാപേരുംകൂടി ഇപ്പോൾ മലമറിക്കുമെന്ന് പ്രതീക്ഷിച്ച സ്ഥാനത്ത് അവിടെ ഒരു മേയറോ ഒരു കോർപ്പറേഷനോ ഉള്ളതായി ആർക്കും അറിയില്ല. വേറെ പല ആളുകളും അവിടെ ബിനാലെ നടത്തി വലിയ കേമമായി. ഇപ്പോൾ ലുലു മാൾ വന്നു അതും ഗംഭീരമായി. ഈ കൊച്ചി കോർപ്പറേഷൻ കൊതുകിന്റേയും മലീമസ മായ അന്തരീക്ഷത്തിന്റെയും മാലിന്യപ്രശ്നങ്ങളുടെയുമൊക്കെ കേന്ദ്രമായി മാറിയിരിക്കുകയാണ്. അവിടെ നിന്ന് ബ്രഹ്മപുരത്തേയ്ക്ക് മാലിന്യങ്ങൾ നീക്കുന്നതിനെതിരെ ബഹുമാന്യനായ കുന്നത്തുനാട് എം.എൽ.എ. ശ്രീ. വി. പി. സജീന്ദ്രൻ അവിടെ സമരം ചെയ്യുകയും പ്രക്ഷോഭം നടത്തുകയും ചെയ്തു. ഈ പറഞ്ഞ സ്ഥാപനങ്ങളിൽ മലമറിക്കുമെന്നൊക്കെ പറഞ്ഞ് വന്നിട്ട് ഇപ്പോൾ അവിടെ എന്തൊക്കെയാണ് നടക്കുന്നത്; അവിടെത്തന്നെ രൂക്ഷമായ തമ്മിലടി, ഗ്രൂപ്പ് വഴക്ക്, വിഴുപ്പലക്കുകൾ, ഇങ്ങനെ ആകെ പ്രശ്ന ങ്ങളാണ്. 12000 കെട്ടിടങ്ങൾ അനധികൃതമായി കൊച്ചിയിലുണ്ടെന്ന് ബഹു മാന്യനായ മന്ത്രി പറഞ്ഞു. ആ കെട്ടിടങ്ങളിൽ ഏതെങ്കിലുമൊരെണ്ണം പൊളി ച്ചുമാറ്റാൻ പറയാൻ കഴിയാതെ ഇപ്പോൾ ക്രമവൽക്കരിക്കുമെന്നാണ് പറയു ന്നത്. കുറെ വാക്കുകൾ കണ്ടുപിടിച്ചിരിക്കുകയാണല്ലോ. യഥാർത്ഥത്തിൽ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥാപനങ്ങളിൽ ആവശ്യത്തിന് ജീവനക്കാരെ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? പേൻ എടുക്കുന്നതിന് മൂട്ട കൂലി എന്നുള്ള നിലയ്ക്ക് വലിയ അഴിമതിക്കാരാണ് ഈ സ്ഥാപനങ്ങളിൽ ഇരിക്കുന്ന ആളുകൾ. അതുപോലെതന്നെ റോഡ് കയ്യേറ്റം. ഈ മൂന്നു മന്ത്രിമാരും ചേർന്ന് പരിശ്രമിച്ചിട്ട് കേരളത്തിലെ ഒരു പഞ്ചായത്തിലോ ഒരു കോർപ്പറേഷനിലോ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? കൊച്ചിയിലൊക്കെ ചെന്നുനോക്കിയാൽ എന്താണ് സ്ഥിതി? അവിടെ കാഴ്ച മറയ്ക്കത്തക്ക വിധത്തിൽ ഗുരുതരമായി നിയമം ലംഘിച്ചുകൊണ്ട് പരസ്യബോർഡുകൾ സ്ഥാപിച്ചിരിക്കുകയാണ്. ഒരു രാഷ്ട്രീയ പാർട്ടിയുടെ സമ്മേളനം നടന്നാൽ ആ പരിപാടി കഴിയുമ്പോൾ ബോർഡ് എടുത്തുമാറ്റുമല്ലോ. ഇത് അങ്ങനെയല്ല, ഈ കേരളം സൃഷ്ടിച്ചത് പരശുരാമനൊന്നുമല്ല, ഞങ്ങളാണെന്നുള്ള മട്ടിൽ കൂറ്റൻ ഫ്ളക്സ് ബോർഡുകളും വച്ച് കുറെയാളുകൾ ഇങ്ങനെ ഭീകരരൂപികളായി കെ.പി.സി.സി. സെക്രട്ടറി, ജനറൽ സെക്രട്ടറി എന്നൊക്കെ പറഞ്ഞ് എല്ലാ വൃക്ഷങ്ങളിലും ഇലക്ട്രിക് പോസ്റ്റുകളിലും തൂങ്ങികിടക്കുകയാണ്. ശ്രീ. ജോസഫ് വാഴക്കനെപ്പോലെയുള്ളവർ ജനറൽ സെക്രട്ടറിമാരായി ദൃശ്യമാധ്യമങ്ങളിലൂടെ അസ്ത്ര പ്രത്യസ്ത്രങ്ങളെറിഞ്ഞ് എത്ര ഗംഭീരമായിട്ടാണ് ചാനലുകളിൽ നിറഞ്ഞുനിന്നത്. ഇവരാരെങ്കിലും ഈ ഫ്ളക്സ് ബോർഡുകളിൽ തൂങ്ങികിടന്നോ? ഇതിപ്പോൾ ഇങ്ങനെ വേതാളം....

<u>ശ്രീ. ജി. സുധാകരൻ:</u> സർ, അങ്ങ് ക്രൈസ്തവ സാഹിത്യത്തിലൊക്കെ വളരെ അറിവുള്ള ആളാണെന്നറിയാം. ഹൗവ്വയെ വഴി പിഴപ്പിക്കാൻവേണ്ടി സാത്താൻ ഇതുപോലെയാണ് തൂങ്ങിക്കിടന്നത് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. സാജു പോൾ</u>: സർ, വിക്രമാദിത്യത്തിന്റെ തോളിൽ വേതാളം തൂങ്ങിക്കിടന്നതുപോലെ ഈ സാത്താനും ഏതാണ്ട് പാമ്പിന്റെ രൂപത്തിൽ ഒരു വൃക്ഷത്തിൽ തൂങ്ങിക്കിടന്നുവെന്നും ആപ്പിളിന്റെ ആകൃതിയിലുള്ള ഒരു പാപക്കനി ആദാമിന് നൽകി എന്നൊക്കെയാണല്ലോ നമ്മുടെ ഒരു ധാരണ. . . . . . . (ബഹളം). . . . ആപ്പിളുതന്നെയെന്ന് എന്നെക്കാളുപരി ശ്രീ. ബി. സത്യനാണ് ധാരണയുള്ളത്. എന്തോ ഒരു പാപക്കനി ആദാമിന് കൊടുത്തു വെന്നുള്ളത് സത്യമാണ്. ഒന്നാലോചിച്ചു നോക്കൂ.. അധികാര വികേന്ദ്രീകര ണം രാജീവ് ഗാന്ധി കൊണ്ടുവന്നുവെന്നൊക്കെയല്ലേ പറയുന്നത്. കേരള ത്തിൽ സഖാവ് ഇ.എം.എസി.ന്റെ നേതൃത്വത്തിൽ സഖാവ് ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ശ്രീ. പാലൊളി മുഹമ്മദ്കുട്ടി, ഡോ. ടി. എം. തോമസ് ഐസക്, ശ്രീ. ഇ. എം. ശ്രീധരൻ തുടങ്ങി പ്ലാനിംഗ് ബോർഡിലും ധനകാര്യവകുപ്പിലും തദ്ദേശഭരണ വകുപ്പിലുമെല്ലാം പ്രവർത്തിച്ച അതിപ്രഗ ത്ഭരായിട്ടുള്ള ആളുകൾ ആ കാര്യത്തിൽ മാതൃക കാണിച്ചു. അധികാര വികേന്ദ്രീകരണമെന്നുപറഞ്ഞാൽ അധികാരം മാത്രമല്ല, കേരളത്തിന്റെ പദ്ധതി യുടെ 40% സമ്പത്ത്, ആസൂത്രണം ഇങ്ങനെ മൂന്ന് ഘടകങ്ങളേയും അർത്ഥ സമ്പുഷ്ടമായി ലോകം അംഗീകരിച്ച, ഡോ. കെ. ആർ. നാരായണനെപ്പോലു ള്ളവർ ലോകോത്തരമെന്ന് വിശേഷിപ്പിച്ച, അധികാരവികേന്ദ്രീകരണ സംവി ധാനമാണ് നമ്മുടെ നാട്ടിലുള്ളത്. ബഹുമാന്യനായ പി. സി. ജോർജ് എന്നോട് ഇരിക്കാൻ പറഞ്ഞാൽ ന്യായമായിട്ടുള്ള കാര്യത്തിനാണെങ്കിൽ ഞാൻ ഇരിക്കും. പക്ഷെ അപ്പുറത്തുള്ള ആരും ആ വിപ്പ് അംഗീകരിക്കുന്നില്ല, എന്തുചെയ്യാൻ പറ്റും? ഇത് വിപ്പാണോ ചപ്പാണോ... പിന്നെ ഞാൻ പറയുന്നില്ല. എന്താണെന്ന് ഇപ്പോൾ ആർക്കുമൊരു

പിടിയുമില്ല. അതുപോലെ ശ്രീ. മഞ്ഞളാംകുഴി അലിയും ഡോ. എം. കെ. മുനീറും പറയട്ടെ.

അനധികൃത അറവുശാലകളെക്കുറിച്ച് ഞാൻ തന്നെ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. ഞങ്ങൾ ഇക്കാര്യം എറണാകുളം ജില്ലാ സമിതിയോഗത്തിൽ പറഞ്ഞു. അപ്പോൾ ഒരു കൂട്ടരുടെ പെരുന്നാളാണ് അതു കഴിയട്ടെ എന്നുപറഞ്ഞു. അതുകഴിയുമ്പോൾ അടുത്ത കൂട്ടരുടെ ഒരു ആഘോഷം വരും. കേരളത്തിൽ മൂന്നുമാസത്തിലൊരിക്കൽ ബക്രീദും ക്രിസ്തുമസ്സും ഈസ്റ്ററും വിഷുവും ഓണവും മറ്റ് പെരുന്നാളുകളുമൊക്കെ ഇല്ലേ? അനധികൃത അറവുശാലകൾ ഇത്രയധികം മുളച്ചുപൊന്തിയ വേറൊരു കാലമില്ല. വഴിയോരങ്ങളിൽ മുഴുവൻ മത്സ്യക്കച്ചവടവും മാംസ വ്യാപാരവുമൊക്കെ നടക്കുകയാണ്. വഴിയോരക്കച്ചവടക്കാരെ മുഴുവൻ ആട്ടിയോടിക്കണമെന്നല്ല ഞാൻ പറയുന്നത്. എം.സി. റോഡുകളിലും എ.എം. റോഡുകളിലും സംസ്ഥാന പാതകളിലും ദേശീയ പാതകളിലും ഒക്കെ വഴിയോരക്കച്ചവടക്കാർ തമ്പടിച്ചിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. വകുപ്പിനോട് പറഞ്ഞാൽ തദ്ദേശ സ്വയംഭരണ വകുപ്പാണ് നടപടി എടുക്കേണ്ടതെന്നു പറയും. സബ് ഇൻസ്പെക്ടർ, ഡ്രഗ്ഗ് ഇൻസ്പെക്ടർ, എക്സൈസ് ഇൻസ്പെക്ടർ, ഫുഡ് ഇൻസ്പെക്ടർ തുടങ്ങിയ ധാരാളം ഇൻസ്പെക്ടർ നമുക്കിവിടെയുണ്ട്. ഈ ഇൻസ്പെക്ടർമാരൊന്നും യാതൊരു നടപടിയുമെടുക്കുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, പഠന കോൺഗ്രസ്സ്, ചരിത്ര കോൺഗ്രസ്സ്, പരിസ്ഥിതി കോൺഗ്രസ്സ്, പാർട്ടി കോൺഗ്രസ്സ്, ഐ.എൻ.ടി.യു.സി. തുടങ്ങി അനേകം കോൺഗ്രസ്സിനെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. പക്ഷേ ഇപ്പോൾ പെരുമ്പാവൂരിൽ വഴിയോരക്കച്ചവട തൊഴിലാളി കോൺഗ്രസ്സ് എന്ന ഒരു കോൺഗ്രസ്സ് ഉണ്ടാക്കിയിരിക്കുകയാണ്. അത് എന്ത് കോൺഗ്രസ്സാണ്? ഇങ്ങനെ കോൺഗ്രസ്സ്

അധഃപതിക്കാമോ? കോൺഗ്രസ്സ് ഉണ്ടായിട്ട് 150 വർഷമാകാറായി. സായിപ്പിൽ ആരംഭിച്ച് മദാമ്മയിലെത്തിയ ഈ കോൺഗ്രസ്സ് വഴിയോരകച്ചവട തൊഴിലാളി കോൺഗ്രസ്സ് ഉണ്ടാക്കിയിരിക്കുകയാണ്. അങ്ങനെപോലും ഈ നാട്ടിൽ ........(തടസ്സം)....... സി.ഐ.ടി.യു വേറെ കോൺഗ്രസ്സ് വേറെ. ഞാൻ കോൺഗ്രസ്സിന്റെ കാര്യമാണ് പറഞ്ഞത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): അങ്ങയുടെ ബഹുമാന്യനായ പിതാവും കോൺഗ്രസ്സിലായിരുന്നു.

ശ്രീ. സാജു പോൾ: സർ, എന്റെ പിതാവ് പൗലോസിനെപ്പോലെയുള്ള വരും കോൺഗ്രസ്സിലുണ്ടായിരുന്നു. ആ കോൺഗ്രസ്സൊക്കെ ഇപ്പോൾ പോയി. മഹാത്മാഗാന്ധിയുടെ കാലത്തെ കോൺഗ്രസ്സ് എന്നുപറഞ്ഞാൽ ഒരാൾക്കൂട്ടമായിരുന്നു. ആ വിരൽത്തുമ്പിൽ തിരിഞ്ഞ ചർക്ക എന്ന ചെറു യന്ത്രത്തിന്റെ മാന്ത്രികശക്തിയാൽ കോടാനുകോടി ഭാരതീയരുടെ സിരാപടലങ്ങളിലെ രക്തചംക്രമണത്തിന് ഗതിവേഗം വർദ്ധിപ്പിച്ച് സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തോട് ഏറ്റുമുട്ടിയിരുന്ന ഒരു കാലമുണ്ടായിരുന്നു. തങ്ങളുടെ ആഭരണങ്ങളെല്ലാം ഗാന്ധിജിയുടെ പാദാരവിന്ദങ്ങളിൽ സമർപ്പിച്ച കുലസ്ത്രീകളായ ഭാരതീയ മങ്കമാരായിരുന്നു അന്നുണ്ടായിരുന്നത്. ഇന്ന് ശ്രീ. രാഹുൽ ഗാന്ധി ആഹ്വാനം ചെയ്താൽ കോൺഗ്രസ്സിലെ ആരെങ്കിലും വിദേശവസ്ത്രം ഉപേക്ഷിക്കുമോ; ആരെങ്കിലും മോതിരമോ കമ്മലോ ഊരിക്കൊടുക്കുമോ? ഞാൻ പറഞ്ഞുവന്നത് ഇങ്ങനെയുള്ള കോൺഗ്രസ്സുകൾ ഇവിടെ വന്നിരിക്കുകയാണ്. നമ്മുടെ നാട്ടിലെ സ്കൂൾ, ആശുപത്രി, അംഗൻവാടി, കുടുംബശ്രീ, റോഡ്, വെള്ളം, വെളിച്ചം തുടങ്ങിയ എത്രയോ

വിഷയങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യണം. അതുപോലെ വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സംവിധാനം, ടോയ്ലറ്റ് ബ്ലോക്കുകൾ, പശ്ചാത്തല സൗകര്യങ്ങൾ തുടങ്ങിയ എത്രയോ കാര്യങ്ങൾ ചെയ്യണം. ബഹുമാന്യനായ കെ. സി. ജോസഫ് ഉൾപ്പെടെയുള്ളവർ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഫണ്ട് കൊണ്ടുവന്നോ; പി.എം.ജി.എസ്.വൈ. നടപ്പാക്കിയോ? ഈ ഗവൺമെന്റ് വന്ന് രണ്ടുവർഷം തികയാൻ പോകുകയല്ലേ. സൂറത്തിൽ 7 പാലങ്ങൾ സൂറത്ത് കോർപ്പറേഷൻ പണിയുകയുണ്ടായി. അത് ഞങ്ങൾ സൂറത്തിൽ പോയി കണ്ടതാണ്. അങ്ങനെ ആയിരം കോടി രൂപ ജൻറം പദ്ധതിയിൽ സൂറത്ത് കോർപ്പറേഷൻ നേടിയെടുത്തു. നമ്മുടെ സ്ഥാപനങ്ങളുടെ ആസ്തികൾ സംരക്ഷിക്കാൻ നമുക്ക് എന്തു ചെയ്യാൻ കഴിയുന്നു? ഇവിടെ ആകെ നടക്കുന്നത് പോലീസിനെ വിട്ട് ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ നോക്കാതെ പീഡിപ്പിക്കുകയാണ്. ബഹുമാന്യനായ ചീഫ് വിപ്പിനെ മാറ്റണമെന്നാവശ്യപ്പെട്ട് വന്ദ്യവയോധികയായ ശ്രീമതി കെ. ആർ. ഗൗരിയമ്മയുടെ പാർട്ടിയായ ജെ.എസ്.എസ്. നടത്തിയ നിയമസഭാ മാർച്ചിനെതിരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ പോലീസ് ജലപീരങ്കി പ്രയോഗിച്ചിരിക്കുകയാണ്. ഇതാണ് ഇവിടെ ആകെ നടക്കുന്ന പരിപാടികൾ. ഇത് നമുക്ക് എങ്ങനെയാണ് അംഗീകരിക്കാൻ കഴിയുന്നത്. ഇവിടെ സിനിമയെക്കുറിച്ച് കുറേ ചർച്ച ചെയ്തു. നമ്മുടെ നഗരങ്ങളിൽ ഹൈമാക്സ് തിയേറ്റർ, അങ്കമാലി കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷനിൽ കാർണിവൽ മൾട്ടിപ്ളക്സ് തിയേറ്റർ തുടങ്ങിയവയെക്കുറിച്ചൊക്കെ പറഞ്ഞു. അവിടെ ഞാൻ എന്റെ കുടുംബാംഗങ്ങളായ 25-ഓളം കുട്ടികളേയും കൊണ്ടുപോയി 'ലൈഫ് ഓഫ് പൈ' എന്നു പറയുന്ന വിശ്വവിഖ്യാതമായ ചലച്ചിത്രകാവ്യം,

അഭ്രപാളികളിലെ ഒരു അത്ഭുതസൃഷ്ടിപോലെ മലയാളിയായ ഒരു ചെറുപ്പക്കാരൻ അഭിനയത്തികവിന്റെ മകുടോദാഹരണമാണ് താനെന്ന് തെളിയിക്കും വിധം വിളംബരം ചെയ്യുന്ന വിധത്തിലുള്ള സിനിമ കണ്ടുകഴിഞ്ഞ് ഞങ്ങളിറങ്ങുമ്പോൾ ഞങ്ങളെ സ്വീകരിക്കാൻ ശ്രീ. ജോസ് തെറ്റയിൽ അവിടെയുണ്ടായിരുന്നു. അങ്ങനെ ഹൈമാക്സ് തിയേറ്റർ, മൾട്ടിപ്ളക്സ് തിയേറ്റർ, അക്വാറിയം, വാക്സ് മ്യൂസിയം തുടങ്ങിയവയൊക്കെ കൊണ്ടുവരാൻ കഴിയണം. പഞ്ചായത്തുകളുടേയും നഗരങ്ങളുടേയും ചുമതല വഹിക്കുന്ന രണ്ട് മന്ത്രിമാരും അല്പം കലയും സാഹിത്യവും രചനയുമൊക്കെയുള്ള ക്രിയേറ്റീവായി പലതും ചെയ്യാൻ താല്പര്യമുള്ളവരാണ്. മാലിന്യ സംസ്കരണത്തിന്റെ കാരൃത്തിൽ എന്താണ് നടന്നത്? ദ്രവമാലിന്യവും ഖരമാലിന്യവും ബയോമെഡിക്കൽ വേസ്റ്റും ഇലക്ട്രോണിക് വേസ്റ്റും എല്ലാം കൂടി ചേർന്ന് കേരളം വല്ലാത്ത ഒരവസ്ഥയിലെത്തിച്ചേരാൻ പോവുകയാണ്. കേരളത്തിലെ നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളുടെ കാര്യമെടുത്താൽ ബഹുമാനപ്പെട്ട മന്ത്രി അതിൽ ഇടപെടുകയും പെരുമ്പാവൂർ ഉൾപ്പെടെയുള്ള 60-ഓളം നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ നഗരഭരണ സമിതികൾ അതിൽ ഭേദഗതികൾ വരുത്തുകയും മാറ്റിമാറ്റി കാര്യങ്ങൾ പറയുകയും ചെയ്ത് അത് അട്ടിമറിക്കാതെ നടപ്പാക്കാൻ കഴിയണം. മുമ്പ് നമ്മുടെ സി.ടി.പി.യുടെ ഓഫീസിന് രവീന്ദ്രൻ പട്ടയം പോലെ രാജാറാം പെർമിറ്റുണ്ടായിരുന്നു. എന്നാൽ അത്തരം ഒരവസ്ഥ ഇപ്പോൾ സി.ടി.പി. ഓഫീസിൽ ഇല്ലായെന്ന് നമുക്കറിയാം. ഇപ്പോൾ നമ്മുടെ ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസറുടെ ഓഫീസിൽ പോയാൽ നമുക്ക് അവിടെ എത്രമാത്രം ഉൾക്കൊള്ളാൻ കഴിയും? അത്രമാത്രം അസൗകര്യങ്ങളുടെ ഒരു കേന്ദ്രമായി മാറിയിരിക്കുകയാണ്. വേണ്ടത്ര സ്റ്റാഫോ‍ാത മറ്റ് സംവിധാനങ്ങളോ ഒന്നുമില്ലാതെ ആ

ഓഫീസ് ഇപ്പോഴും നിൽക്കുകയാണ്. നമ്മുടെ നഗരവത്ക്കരണം ഇതേ രീതിയിൽ തുടരാൻ അനുവദിക്കണോ? പഞ്ചായത്തായിരുന്നപ്പോൾത്തന്നെ തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ 329 ഫ്ളാറ്റുകളുണ്ടെന്നാണ് മലയാള മനോരമ പത്രത്തിന്റെ സപ്ലിമെന്ററിയിൽ വാർത്ത വന്നത്. ഇപ്പോൾ 400 ഫ്ളാറ്റുകളാണ് ആ ഒരു നഗരസഭയുടെ അതിർത്തിയിൽമാത്രം ഉള്ളത് അത് നമുക്ക് പരിശോധിക്കണ്ടേ? അതുപോലെ ഇവരുടെ തനതു വരുമാനം വർദ്ധിപ്പിക്കാൻ വേണ്ടി, 2000 രൂപയിൽ കൂടുതൽ വരുമാനമുള്ളവർ പ്രൊഫഷണൽ ടാക്സ് കൊടുക്കണമെന്നാണ് പറയുന്നത്. തിരുവനന്തപുരത്ത് 5000 പേർ ടെക്നോപാർക്കിലും 5000 പേർ സെക്രട്ടേറിയറ്റിലും പണിയെടുക്കുന്നു. അവിടെപ്പോലും പതിനായിരത്തിനുമേൽ വരുമാനമുള്ളവരാണ് ടാക്സ് കൊടുക്കുന്നത്. തിരുവനന്തപുരത്തും കൊച്ചിയിലും അഭിഭാഷകരുൾപ്പെടെയുള്ളവർ പ്രൊഫഷണൽ ടാക്സ് കൊടുക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. അനധികൃത കെട്ടിടങ്ങൾ പൊളിച്ചുനീക്കുന്നതുൾപ്പെടെ, റെഗുലറൈസ് ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ സർക്കാരിലേയ്ക്ക് ഇതിൽനിന്നെല്ലാം ന്യായമായ വരുമാനം ഉണ്ടാക്കിയെടുക്കത്തക്ക തരത്തിലുള്ള ഒരു പരിശ്രമം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ഹരിതവാദം എന്നു പറഞ്ഞാൽ ആ ഹരിതവാദത്തിൽ നിശ്ചയമായും നമ്മൾ സസ്യഭുക്കുകളാകേണ്ടതിന്റേയും മാംസാഹാരം ബഹിഷ്കരിക്കേണ്ടതിന്റേയും മദ്യവും ലഹരി പദാർത്ഥങ്ങളും ഉപേക്ഷിക്കേണ്ടതിന്റേയുമൊക്കെ പ്രാധാന്യമുണ്ടാകുമല്ലോ. പക്ഷെ ഞങ്ങൾ ഹരിതവാദികളൊന്നുമല്ലായെന്ന് ബഹുമാന്യനായ വി. ഡി. സതീശൻ കുറച്ചുമുമ്പ് ഇവിടെ പറഞ്ഞു. അവർ പ്രഷർ ഗ്രൂപ്പാണെന്നാണ് പറഞ്ഞത്. ജിഞ്ചർ ഗ്രൂപ്പ് എന്നൊക്കെ ഇതിനുമുമ്പ്

കേട്ടിട്ടുണ്ട്. കോൺഗ്രസ്സിൽ പണ്ട് പരിവർത്തന വാദികളുണ്ടായിരുന്നു. പരി പാടിയിലുള്ള പിടിവാശിയാണ് പരിവർത്തനവാദികളുടെ പടവാൾ എന്നുപ റഞ്ഞ് നടന്നിരുന്ന ആളുകളും എം. എ. ജോൺ നമ്മെ നയിക്കും എന്ന മുദ്രാ വാക്യം മുഴക്കിയവരും ഇവിടെ ഉണ്ടായിരുന്നു. അതിനുശേഷം കേരളത്തിൽ തിരുത്തൽവാദികളുണ്ടായി. ആ തിരുത്തൽവാദികൾക്കുശേഷം ഇപ്പോൾ ഇതാ പ്രഷർ ഗ്രൂപ്പ് എന്നും ഹരിതവാദികൾ എന്നും പറഞ്ഞ് കുറേ ആളുകൾ വന്നിരിക്കുന്നു. യഥാർത്ഥത്തിൽ ഈ ഹരിതവാദികൾ രണ്ട് വർഷമായി മന്ത്രി സ്ഥാനം പ്രതീക്ഷിച്ചുകഴിയുന്ന വെറും പ്ലെഷർ ഗ്രൂപ്പാണ്. ഇപ്പുറത്തുള്ള ആളുകൾക്ക് മന്ത്രിസ്ഥാനം നഷ്ടപ്പെട്ടതിന്റെ വേവലാതിയാണെന്ന് പറഞ്ഞല്ലോ, പക്ഷേ യഥാർത്ഥത്തിൽ മന്ത്രിസ്ഥാനം ലഭിക്കാൻ വേണ്ട പ്രഷർ ആണ് നമ്മൾ ഈ കേൾക്കുന്ന പ്രഷർ ഗ്രൂപ്പിന്റെ ജല്പനങ്ങൾ. തിരുവനന്തപ രുത്തും കൊച്ചിയിലും മാലിന്യ സംസ്കരണത്തിന്റെ കാര്യത്തിൽ സുപ്രീം കോടതിയും മനുഷ്യാവകാശ കമ്മീഷനും ഇടപെട്ടിട്ടും നഗരസഭകളെ സഹാ യിക്കുന്ന ഒരുനിലപാട് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചോ? ഈ നഗരസഭ കൾക്ക് ആരാണ് സംരക്ഷണം കൊടുക്കുന്നത്? കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കേണ്ട അല്ലെങ്കിൽ ഒരു ചിറകിൻ കീഴിൽ കോഴി എങ്ങനെയാണോ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നത് ആ നിലയിൽ ഈ സ്ഥാപനങ്ങളെ, പ്രാദേശിക സർക്കാരുകളെ സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ബഹുമാനപ്പെട്ട മന്ത്രിക്കും ഗവൺമെന്റിനുമില്ലേ? പക്ഷെ ഇതൊന്നും, തിരുവനന്തപുരത്തെ മാലിന്യപ്രശ്നങ്ങളിലുൾപ്പെടെ നമുക്ക് കാണാൻ കഴിഞ്ഞില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി തന്നെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഒരു സബ്മിഷനു കൊടുത്ത മറുപടിയുടെ അന്തഃസത്തയടക്കം ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു നിലപാട്

ഈ ബിൽ സർക്കുലേറ്റ് ചെയ്തുകൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ വീണ്ടും പരിഗണിക്കത്തക്കവിധത്തിൽ ജനങ്ങളുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് സമ്പുഷ്ടമാക്കുകയും അങ്ങനെ കുറ്റമറ്റനിലയിലാക്കി കേരളത്തിന്റെ നഗരഭരണത്തിൽ കാതലായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും വേണം. ഇപ്പോൾ വാർഡ് സഭകളെല്ലാം വളരെ യാന്ത്രികമാണ്. വളരെ ശുഷ്കമായ രീതിയിലാണ് അവിടെയൊക്കെ യോഗം ചേരുന്നത്. വികസന സെമിനാറുകൾക്കൊന്നും ഒരു പ്രസക്തിയുമില്ലാത്ത, വളരെ അശാസ്ത്രീയമായ രീതിയിൽ അധികാരവികേന്ദ്രീകരണത്തിന്റെ അന്തഃസത്തകളെല്ലാം തട്ടിക്കളഞ്ഞുകൊണ്ടുള്ള ഒരു സംവിധാനമായി നിലനിൽക്കുന്നുവെന്നുള്ള യാഥാർത്ഥ്യം ബഹുമാനപ്പെട്ട മന്ത്രി ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ മാറ്റങ്ങൾ വരുത്തി കേരളത്തിന്റെ പ്രതിരൂപങ്ങളായി, വിദേശത്തുനിന്നുവരുന്നവരായാലും കേരളത്തിൽ തന്നെ ജീവിക്കുന്നവരായാലും കാണുന്ന ഓരോ നഗരത്തേയും പുതുക്കി പണിയുവാനുള്ള മനസ്സോടുകൂടി ഈ നിയമത്തെ സമ്പുഷ്ടമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എന്റെ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. കെ. മുരളീധരൻ :</u> സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളാ മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രധാനമായും മൂന്ന് കാര്യങ്ങളാണ്. (*1*) വാർഡ് വിഭജനം; (*2*) അനധികൃത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നത് സംബന്ധിച്ച നിയമം; (*3*) പാർട്ട്ടൈം ജീവനക്കാർക്കും ഓണറേറിയം വാങ്ങു

ന്നവർക്കും അയോഗ്യത കൽപ്പിക്കുന്ന നിയമം. അങ്ങനെ മൂന്ന് കാര്യങ്ങ ളാണ് ഈ ബില്ലിൽ പ്രധാനമായിട്ടും ഉൾപ്പെടുത്തിയിട്ടുള്ളത്. പക്ഷെ, ഫ്ളക്സ് ബോർഡുകളെക്കുറിച്ചും, ഹരിതവാദികളെക്കുറിച്ചും, തിരുത്തൽ വാദത്തെക്കുറിച്ചുമാണ് ഇവിടെ ചർച്ചകൾ വന്നത്. പ്രധാന പോയിന്റുകളെ ക്കുറിച്ചൊന്നും ഇവിടെ പ്രതിപാദിച്ചുകണ്ടില്ല. വാർഡ് വിഭജനത്തിന്റെ കാര്യം പറഞ്ഞാൽ, മുനിസിപ്പൽ ആക്ട് അനുസരിച്ച് സെക്രട്ടറി എല്ലാ രാഷ്ട്രീയ കക്ഷികളെയും വിളിച്ച് ചർച്ച നടത്തുന്നു, റിപ്പോർട്ട് കളക്ടർക്ക് കൊടു ക്കുന്നു, കളക്ടർ അതിന്റെ ന്യൂനതകളെല്ലാം പരിഹരിച്ച് ഡീലിമിറ്റേഷൻ കമ്മിറ്റിക്ക് നൽകുന്നു. അങ്ങനെയാണ് പ്രോസസ്സ് നടക്കുന്നതെങ്കിലും ഏത് കക്ഷിയുടെ ഗവൺമെന്റാണോ അധികാരത്തിലുള്ളത് അവരുടെ സ്വാധീനം പലപ്പോഴും വാർഡ് വിഭജന കാര്യങ്ങളിൽ കാണുന്നുണ്ട്; അത് ഏത് മുന്നണി യാണെങ്കിലും. 1995-ൽ നഗരപാലികാ പഞ്ചായത്തീരാജ് നിയമം കേരളത്തിൽ നടപ്പിലാക്കിയതുമുതൽ പലപ്പോഴും ഭരണകക്ഷികളുടെ സ്വാധീനം വാർഡ് വിഭജനത്തിൽ കാണാനുണ്ട്. വളരെ അശാസ്ത്രീയമായ രീതിയിലാണ് ഇത്ത വണത്തെ വാർഡ് വിഭജനങ്ങൾ നടത്തിയിട്ടുള്ളത്. എന്റെ നിയോജക മണ്ഡലം പൂർണ്ണമായും നഗരത്തിലാണ്. നഗരത്തിലെ 24 വാർഡുകളും രണ്ട് വാർഡുകളിലെ രണ്ടുവീതം ബൂത്തുകളും ചേർന്നതാണ് എന്റെ നിയോജക മണ്ഡലം. കോർപ്പറേഷൻ വാർഡുകൾ നോക്കുമ്പോൾ വാർഡുകളുടെ പേരുള്ള സ്ഥലങ്ങളിൽപ്പോലും വാർഡിന്റെ കൗൺസിലർമാർക്ക് അധികാര ങ്ങളില്ല. എന്റെ നിയോജക മണ്ഡലത്തിലാണ് പട്ടം ജംഗ്ഷൻ വരുന്നത്. പട്ടം ജംഗ്ഷനിലെ കാര്യമെടുത്താൽ, അവിടെ ഒരു കൗൺസിലറിന് മാത്രമല്ല അധികാരം, കേശവദാസപുരം കൗൺസിലർക്കും പട്ടം ജംഗ്ഷൻ കൗൺസി ലർക്കും കൂടിയാണ് ആ ഭാഗത്തെ അധികാരം. മറ്റൊരു വാർഡിൽ ചെന്നാൽ

അവിടെ മൂന്ന് കൗൺസിലർമാരുടെ അധികാര പരിധിയാണ്. അങ്ങേയ്ക്കറിയാം, 50,000 രൂപയിൽ കൂടുതലുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയെല്ലാം എം.എൽ.എ.–മാരാണ് സാധാരണ അതാത് ആളുകൾക്ക് കൊണ്ടുകൊടുക്കുന്നത്. ഞാനാണെങ്കിൽ എന്റെ നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ ഫണ്ട് കൊടുക്കുമ്പോൾ ആ പ്രദേശത്തെ കൗൺസിലർമാരെയുംകൂടി, ഏത് പാർട്ടിക്കാരാണെങ്കിലും, വിളിച്ചുകൊണ്ടാണ് പോകുന്നത്. ചിലരെ വിളിച്ചുകൊണ്ടുപോകുമ്പോൾ, പിറ്റേന്ന് പത്രത്തിൽ ഫോട്ടോ കാണുമ്പോൾ വേറൊരു കൗൺസിലർ പറയും, എന്തുകൊണ്ടാണ് ഈ കൗൺസിലറെ വിളിച്ചുപോയത്, അദ്ദേഹമല്ല, ഞാനാണ് ഈ വാർഡിന്റെ കൗൺസിലർ എന്ന്. ഒരു പ്രദേശംതന്നെ രണ്ടും മൂന്നും നാലും കൗൺസിലർമാരാൽ ചുറ്റപ്പെട്ടുകിടക്കുന്നു. ശാസ്ത്രീയമല്ലാത്ത രീതിയിലാണ് ഇപ്പോഴും പല സ്ഥലത്തും വാർഡുകൾ വിഭജിച്ചുകൊണ്ടിരിക്കുന്നത് ആ ന്യൂനത തീർച്ചയായും പരിഹരിക്കണം. അതാത് പ്രദേശങ്ങളിൽ നിയമമനുസരിച്ചുള്ള രീതിയിൽത്തന്നെ വാർഡ് വിഭജനം നടത്തണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ, നമ്മളെല്ലാം നിയോജക മണ്ഡലങ്ങളിൽ ഭൂരിപക്ഷസമയവും ചെലവഴിക്കുന്നവരാണ്. നമ്മുടെ നിയോജക മണ്ഡലത്തിൽ ഭൂരിപക്ഷസമയവും ചെലവഴിക്കുമ്പോൾ, നമ്മൾ എന്തെല്ലാം പറഞ്ഞാലും ശരി നമ്മുടെയെല്ലാം മനസ്സുകളിലുണ്ടാകും ഈ നിയോജക മണ്ഡലം സ്ഥായിയായി നിലനിറുത്തണം, അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോൾ പാർട്ടി ടിക്കറ്റ് തരികയാണെങ്കിൽ ഇവിടെത്തന്നെ മത്സരിക്കണം, വിജയിക്കണം എന്നെല്ലാം എല്ലാവർക്കും ആഗ്രഹമുണ്ടാകും. പക്ഷെ അതേസമയം കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഒരു പ്രധാന ന്യൂനത, മുനിസിപ്പൽ കൗൺസിലർമാർക്കാ

ണെങ്കിലും കോർപ്പറേഷൻ കൗൺസിലർമാർക്കാണെങ്കിലും പഞ്ചായത്ത് മെമ്പർമാർക്കാണെങ്കിലും, അവരുടെ മനസ്സിലുള്ള ആശങ്ക, ഈ വാർഡ് ഇങ്ങനെ നോക്കിയിട്ട് എന്താണ് കാര്യം; അഞ്ച് വർഷം കഴിഞ്ഞാൽ ഈ വാർഡ് ഒന്നുകിൽ സംവരണമാകും, അല്ലെങ്കിൽ സംവരണം മാറും. അതു കൊണ്ട് അഞ്ച് വർഷം ഈ വാർഡ് നന്നായി നോക്കിയാലും അടുത്ത തവണ ഇവിടെ മത്സരിക്കാൻ എനിക്ക് കഴിയണമെന്നില്ല. ഈ ചിന്താഗതി പല തദ്ദേ ശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളേയും അവരവരുടെ വാർഡുക ളിൽ ജനക്ഷേമകരമായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ നിന്നും പുറ കോട്ട് വലിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗമെന്നുപറ യുമ്പോൾ അസംബ്ലി മെമ്പറെപ്പോലെയോ പാർലമെന്റ് മെമ്പറെപ്പോലെയോ അല്ല. സന്ധ്യാസമയത്ത് വീട്ടിൽ ലൈറ്റ് കത്തിയില്ലെങ്കിൽ അവിടെ ആരാണ് കൗൺസിലറെന്നുവച്ചാൽ ആ കൗൺസിലറെയാണ് ജനം ആദ്യം കാണു ന്നത്. ആ കൗൺസിലറിനാണ് ജനങ്ങളിൽ നിന്നുള്ള വഴക്ക് മുഴുവനും കേൾക്കേണ്ടി വരുന്നത്. എം.എൽ.എ.-യെ അതുകഴിഞ്ഞിട്ടേ കാണുകയു ള്ളൂ; എം.പി.-യെ വല്ലപ്പോഴുമേ കാണുകയുള്ളൂ. അങ്ങനെ ജനങ്ങളുമായി അടുത്ത ബന്ധമുള്ള കൗൺസിലർമാർക്ക് ഈ കാര്യങ്ങളെല്ലാം ഓടിനടന്ന് ചെയ്യുമ്പോഴും അവരുടെ മനസ്സിലുള്ള ഒരു ആശങ്ക അടുത്ത ഒരു തെരഞ്ഞെ ടുപ്പ് വരുമ്പോൾ ഇതിന്റെ സ്ഥിതി എന്തായിരിക്കുമെന്നുള്ളതാണ്. എനിക്ക് ഗവൺമെന്റിനോട് ഒരു കാര്യം നിർദ്ദേശിക്കാനുള്ളത് ഒരു വാർഡിലെ സംവ രണം ഉൾപ്പടെ.........., ഉദാഹരണത്തിന് ഒരു വാർഡിന് സംവരണമുണ്ടെങ്കിൽ അത് പത്ത് വർഷമെങ്കിലും നിലനിറുത്തുന്നതിനുള്ള സാഹചര്യമുണ്ടാക്ക ണം. ഞാൻ ഉദാഹരണം പറയാം, 1977-ലാണ് നിയമസഭയിലേക്കും ലോക്സഭയിലേക്കും ഡീലിമിറ്റേഷൻ കഴിഞ്ഞിട്ടുള്ള തെരഞ്ഞെടുപ്പ് നടക്കു

ന്നത്. 1977-നുശേഷം ഡീലിമിറ്റേഷൻ നടക്കുന്നത് 2009-ലെ പാർലമെന്റ് ഇലക്ഷനും കഴിഞ്ഞ നിയമസഭാ ഇലക്ഷനിലുമാണ്. ഇത്രയും വർഷം ഈ നിയോജക മണ്ഡലങ്ങളെല്ലാം നിലനിന്നിട്ടും ആ നിയോജക മണ്ഡലത്തിനൊന്നും ഒരു കുഴപ്പവുമുണ്ടായിട്ടില്ല. പക്ഷെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഷയം വരുമ്പോൾ സംവരണം അടിക്കടി മാറുകയും അങ്ങനെ മാറുന്നതിന്റെ ഫലമായി ആ വാർഡുകളെ പ്രതിനിധാനം ചെയ്യുന്ന മെമ്പർമാർക്ക് ഒരു ആശങ്കയോടുകൂടി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് പലപ്പോഴും ഒരു തെരഞ്ഞെടുപ്പ് കഴിഞ്ഞ് അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോൾ സിറ്റിംഗ് മെമ്പർമാരിൽ 40% എങ്കിലും പരാജയപ്പെടുന്നത്. അങ്ങനെ പരാജയപ്പെടുന്നതിന് ഇതൊരു പ്രധാനപ്പെട്ട ഘടകമാണ്. പത്ത് വർഷമെങ്കിലും നിലവിലുള്ള വാർഡുകളും സംവരണവും, അദ്ധ്യക്ഷ സംവരണം ഉൾപ്പെടെ, തുടർച്ചയായി നിലനിൽക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് മുൻകൈ എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. രണ്ടാമതൊരു കാര്യമുള്ളത് അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ചാണ്. അനധികൃതമായി കെട്ടിടം നിർമ്മിച്ചതിനുശേഷം അതിന് സാങ്ഷൻ വാങ്ങുന്ന രീതി കേരളത്തിന്റെ പല പ്രദേശങ്ങളിലുമുണ്ട്. നമുക്കറിയാം, ഒരു വൈദ്യുത പദ്ധതി വന്നാൽ അതിനെ എതിർക്കുന്ന സാംസ്ക്കാരിക നായകന്മാരെല്ലാം..........., ഫ്ളാറ്റുകൾ ഇഷ്ടംപോലെ മുളച്ചുപൊന്തുകയാണ്. നിലവിലുള്ള ഫ്ളാറ്റുകളുടെ മൂന്നിലൊന്നിൽ പോലും താമസിക്കാൻ ആൾക്കാരെ കിട്ടുന്നില്ല.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ഗവൺമെന്റ് അടിയന്തരമായി പരിശോധിക്കേണ്ട ഒരു വിഷയമാണത്. കാരണം നിയമങ്ങളെല്ലാം ലംഘിച്ചുകൊണ്ട് കെട്ടിടം നിർമ്മിച്ചശേഷം പണം നൽകി സാങ്ഷൻ വാങ്ങുന്നുണ്ട്. ആലപ്പുഴ

നാഷണൽ ഹൈവേ വഴി വരുമ്പോൾ, എസ്.ഡി. കോളേജിന്റെ നേരെ ഓപ്പോസിറ്റുള്ള കണ്ണായ സ്ഥലമായ കളർക്കോട് റിലയൻസിന്റെ നാലുനില കെട്ടിടം പണിയുന്നുണ്ട്. അതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാട്ടുകാർ വലിയ പ്രശ്നമുണ്ടാക്കിയപ്പോൾ ഞാൻ അതിനെക്കുറിച്ച് അന്വേഷിക്കാൻവേണ്ടി പോയി. ആ കെട്ടിടത്തിന് ഫയർ സർവ്വീസിന്റെയും ചീഫ് ടൗൺ പ്ലാനറുടെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും പെർമിഷൻ ഇല്ലെന്നാണ് ഉദ്യോഗസ്ഥന്മാർ പറഞ്ഞത്. അതുപോലെ ബേസ്മെന്റ് വർദ്ധിപ്പിച്ചതിന് മുൻസിപ്പാലിറ്റിയുടെ പെർമിഷനും ലഭിച്ചിട്ടില്ല. അതീവഗുരുതരമായ അഴിമതിയാണ് നടക്കുന്നത്. റിലയൻസിന്റെ ഒരു കെട്ടിടമാണത്. ഇത്തരത്തിൽ 27 കെട്ടിടങ്ങൾ ആലപ്പുഴ ജില്ലയിൽ വയലേറ്റ് ചെയ്ത് നിർമ്മിച്ചിരിക്കുകയാണ്. ഞാൻ ഏകദേശം കണക്കുകൂട്ടിയപ്പോൾ കേരളമൊട്ടാകെ 1500-ഓളം കെട്ടിടങ്ങളിലായി നിരവധി കോടി രൂപയുടെ ഇൽ-ലീഗൽ കൺസ്ട്രക്ഷൻ നടക്കുകയാണ്. ഇത് എന്നെന്നേക്കുമായി അവസാനിപ്പിക്കുവാനും ഇതിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി സ്വീകരിക്കുവാനും വകുപ്പിനോട് അങ്ങ് ആവശ്യപ്പെടുമോ?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, തീർച്ചയായും. ഇതുപോലെ കുറ്റം ചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനമായ നടപടി ഗവൺമെന്റ് സ്വീകരിക്കേണ്ടതാണ്. അല്ലെങ്കിൽ ഇതുപോലെ യാതൊരു മാനദണ്ഡവും നോക്കാതെ......, നിലവിലുള്ള ഫ്ളാറ്റുകളിൽ പലതും ഒഴിഞ്ഞുകിടക്കുമ്പോൾ എന്ത് ലാഭം കിട്ടാൻ വീണ്ടുംവീണ്ടും ഫ്ളാറ്റ് പണിതുകൊണ്ടിരിക്കുന്നത്? അതുപോലെ തന്നെ, വയൽ നികത്തുന്നു, അവിടെ ഫ്ളാറ്റ് പണിയുന്നു. വളരെ അത്ഭുതകരമായിട്ടുള്ള കാര്യം അതിനെതിരായി ആരും പ്രതികരിക്കുന്നത് കാണാനില്ല എന്നുള്ളതാണ്. ഒരു സെക്യൂരിറ്റിയുണ്ട് എന്നതാണ് ആളുകൾ ഫ്ളാറ്റുകൾ

തെരഞ്ഞെടുക്കുന്നതിന്റെ കാരണം, ആരെയും പേടിക്കേണ്ട. ഹൈടെക് സംവിധാനമുള്ള തിരുവനന്തപുരം നഗരത്തിലെ വീട്ടിലാണ് ബണ്ടിചോർ കയറിയത്. എന്നാൽ ഫ്ളാറ്റ് കുറച്ചുകൂടെ സെയ്ഫ് ആണെന്ന ധാരണയിൽ ആളുകളിൽ ചിലരൊക്കെ ഫ്ളാറ്റുകൾ പ്രിഫർ ചെയ്യുന്നുണ്ടാവാം. എങ്കിലും ഇത്രമാത്രം ഫ്ളാറ്റ് ആർക്കുവേണ്ടി എന്തിനുവേണ്ടി പണിയുന്നു എന്നതിനെക്കുറിച്ച് ആരും ഒന്നും പറയാറില്ല. ശ്രീ. സാജു പോൾ ഫ്ളക്സിനെക്കുറിച്ച് ഒരു കാര്യം സൂചിപ്പിച്ചു. ശരിയാണ്, എല്ലാ പാർട്ടികളും അവരവരുടെ നിലയ്ക്കുള്ള ഫ്ളക്സ് വയ്ക്കുന്നുണ്ട്. അത് ഒരു പാർട്ടി മാത്രമല്ല. എല്ലാ പാർട്ടികളുമുണ്ട്. അതൊന്നും ട്രാഫികിനെ ബാധിക്കുന്ന കാര്യമല്ല. നമ്മുടെയൊക്കെ ഫോട്ടോ കണ്ട് ആരും അതിൽ സൂക്ഷിച്ച് നോക്കി അപകടം ഉണ്ടാക്കുന്നില്ല. എന്നാൽ അർദ്ധനഗ്നരായ സ്ത്രീകളുടെ ഫ്ളക്സ് ബോർഡുകൾ, ചില മൾട്ടി നാഷണൽ കമ്പനികളുടെ പരസ്യങ്ങളാണ്. വസ്ത്രം ധരിക്കാത്തരീതിയിലുള്ള പരസ്യം. രാത്രി ആൾക്കാർ ഈ പരസ്യം കാണാതിരിക്കരുതെന്ന് കരുതി അതിന്റെ മുകളിൽ ലൈറ്റും വച്ചിട്ടുണ്ട്. ഹൈടെക് മോഡലിൽ തന്നെയാണ് പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളത്. പല സ്ഥലത്തും അപകടങ്ങൾ ഉണ്ടാക്കുന്നതിൽ ഈ ബോർഡ് സജീവമായ പങ്ക് വഹിക്കുന്നു. ഫ്ളക്സ് ബോർഡിനെക്കാൾ ഉപരിയായി ഇതുപോലെയുള്ള ചിത്രങ്ങൾ, ഈ മൾട്ടി നാഷണൽ കമ്പനികൾ സ്ത്രീകളെ അപമാനിക്കുകയാണ് സത്യത്തിൽ ചെയ്യുന്നത്. പലപ്പോഴും സ്ത്രീ സംഘടനകൾ അതിനെതിരായി രംഗത്ത് വരുന്നത് കാണുന്നില്ല. ശക്തമായി തന്നെ ഇതിനെതിരായി നടപടികൾ സ്വീകരിക്കണം. ഇങ്ങനെ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ നീക്കം ചെയ്യണം. ഇതുപോലെയുള്ള കാര്യങ്ങൾ പ്രോത്സാഹിപ്പിക്കാനും പാടില്ല. നഗരങ്ങളിലെ ഒരു പ്രധാന പ്രശ്നം മാലിന്യ

പ്രശ്നമാണ്. തിരുവനന്തപുരം നഗരത്തിലാണ് കൂടുതൽ എങ്കിലും മറ്റ് നഗരങ്ങളും വ്യത്യസ്തമല്ല. എറണാകുളത്തെ, ബ്രഹ്മപുരത്തുള്ള മാലിന്യ പ്ലാന്റിനെക്കുറിച്ച് ആക്ഷേപം ഉണ്ട്. തൃശ്ശൂരിലെ, ലാലൂരിലെ മാലിന്യ പ്ലാന്റിനെക്കുറിച്ച് ആക്ഷേപം ഉണ്ട്. നഗരങ്ങളിലെ മാലിന്യം സംസ്ക്കരിക്കാനുള്ള അടിയന്തര നടപടി സർക്കാർ സ്വീകരിക്കണം. ഏത് പാർട്ടി ഭരിച്ചാലും. നഗരസഭകളുമായി ചേർന്നുകൊണ്ട് ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കേണ്ടത് വളരെ അത്യാവശ്യം തന്നെയാണ്. തിരുവനന്തപുരം നഗരത്തിൽ ഞാനുൾപ്പെടെയുളളവർ ജീവിക്കുന്നതാണ്. മാലിന്യത്തിൽ നിന്നുള്ള വായു ശ്വസിച്ച് മനുഷ്യന്റെ ആരോഗ്യം തകരുകയാണ്. തിരുവനന്തപുരം നഗരത്തിൽ തന്നെ മിക്കവാറും രോഗങ്ങളൊക്കെ തിരിച്ചുവന്നു കഴിഞ്ഞു. നമ്മളൊക്കെ ജനിക്കുന്നതിന് മുമ്പ് നിർമ്മാർജ്ജനം ചെയ്ത പ്ലേഗ് പോലും തിരിച്ചുവരികയാണ്. കാരണം അത്രയേറെ വേസ്റ്റുകളാണ് നഗരത്തിന്റെ പല ഭാഗങ്ങളിലും കൊണ്ടിട്ടിട്ടുള്ളത്. പലയിടത്തും കാണുന്ന പ്രവണത എവിടെയെങ്കിലും പ്ലാന്റ് സ്ഥാപിക്കാൻ ചെന്നാൽ ഉടനെ ആക്ഷൻ കൗൺസിൽ രൂപീകരിക്കുകയാണ്. ഇക്കാര്യത്തിൽ എം.എൽ.എമാർ കുറച്ചുകൂടി വിശാലമായ കാഴ്ച്ചപ്പാട് സ്വീകരിക്കണം. എവിടെ എതിർപ്പ് വന്നാലും അവരുടെ മുന്നിൽ എം.എൽ.എമാർ ചെന്നു നിന്നാൽ പിന്നെ അവിടെ എങ്ങനെയാണ് മാലിന്യം നിർമ്മാർജ്ജനം ചെയ്യാൻ കഴിയുക. മുരിക്കുംപുഴയിൽ റെയിൽവേസ്റ്റേഷന്റെ പ്ലാറ്റ്ഫോറം നിർമ്മിക്കാൻ വേസ്റ്റ് വളരെ ഫലപ്രദമാണെന്ന് കണ്ടു. അത് അവിടെ വളരെ വിജയകരമായിരുന്നു. പക്ഷെ, മുരിക്കുംപുഴ കഴിഞ്ഞ് മറ്റ് സ്ഥലങ്ങളിലേക്ക് ചെല്ലുമ്പോൾ അവിടെ നാട്ടുകാർ സംഘടിക്കുന്നു, നാട്ടുകാരുടെ മുന്നിൽ ജനപ്രതിനിധികൾ നിൽക്കുന്നു അവസാനം പദ്ധതി ഉപേക്ഷിക്കേണ്ടി വരുന്നു. പരിണിതഫലം, അവിടെ സംഘടിപ്പിക്കുന്ന ആക്ഷൻ കമ്മി

റ്റിയിലെ അംഗങ്ങൾ തന്നെ അവരവരുടെ വീട്ടിലെ വേസ്റ്റുകൾ പരസ്യമായി വലിച്ചെറിയുന്നുണ്ട്. അതിനെക്കുറിച്ച് ആർക്കും ഒരു പരാതിയുമില്ല. നേരെ മറിച്ച് ഗവൺമെന്റോ കോർപ്പറേഷനോ ഒരു സൈറ്റ് കണ്ടെത്തി അവിടെ ചെന്ന് കഴിഞ്ഞാൽ അതിന്റെ പേരിൽ ആക്ഷൻ കമ്മിറ്റി അതിനെ നയിക്കുന്നത് ജനപ്രതിനിധികൾ ഇതൊക്കെയാണ് ഇവിടുത്തെ സ്ഥിതി. ഇതിനെതിരായി കർശനമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. കാരണം ജനങ്ങളുടെ ആരോഗ്യമാണ് പരമപ്രധാനം. ആ ആരോഗ്യം സംരക്ഷിക്കാൻ വേണ്ടി ആരെങ്കിലും ആക്ഷൻ കമ്മിറ്റിയെന്ന് പറഞ്ഞു തീരുന്നതിന് മുൻപ് പ്രഖ്യാപിച്ച തീരുമാനങ്ങൾ പിൻവലിക്കുന്നത് നമ്മുടെ കേരളത്തിലെ നഗരങ്ങളെ സംബന്ധിച്ചിടത്തോളം ശാപമായി തീരുന്നു. പ്രത്യേകിച്ച് ഇപ്പോൾ ഗ്രാമങ്ങളെ നഗരങ്ങൾ കീഴടക്കിക്കൊണ്ടിരിക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ ഉണ്ടായിരുന്ന രണ്ട് പഞ്ചായത്ത് കോർപ്പറേഷനായി മാറിക്കഴിഞ്ഞു. അങ്ങനെ മറ്റ് പലയിടത്തും സംഭവിക്കുന്നു. നഗരം വികസിച്ചു വരുമ്പോൾ അതിനോടൊപ്പം മാലിന്യങ്ങളുമുണ്ടാകും. മാലിന്യം ഉണ്ടാകുമ്പോൾ കൊതുകുണ്ടാകും. യു.ഡി.എഫ് ഭരിച്ചാലും എൽ.ഡി.എഫ് ഭരിച്ചാലും കൊതുകിന്റെ സംഖ്യ കൂടിക്കൊണ്ടിരിക്കും. വേസ്റ്റുള്ള സ്ഥലത്ത് കൊതുകുണ്ടാകും. തിരുവനന്തപുരം നഗരത്തിൽ പട്ടികളുടെ ശല്യം രൂക്ഷമാണ്. പട്ടികൾ മാലിന്യം കഴിച്ച് ജീവൻ ടോൺ കഴിച്ച പോലെ ആരോഗ്യത്തോടെ കാണുന്നവരെയൊക്കെ കടിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ കഴിഞ്ഞ ദിവസം എന്റെ നിയോജക മണ്ഡലത്തിലെ ഒരു സ്ഥലത്ത് പരിപാടിക്ക് പോയപ്പോൾ കുട്ടികൾ ചേർന്ന് എം.എൽഎയോട് പറയുകയാണ് പട്ടിയിൽ നിന്ന് രക്ഷിക്കണമെന്ന്. നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ. ഇതുപോലെയുള്ള കാര്യങ്ങളിൽ ഗവൺമെന്റ് കർശനമായ നിലപാട് സ്വീകരിച്ചില്ലെങ്കിൽ നമ്മുടെ

നഗരങ്ങളുടെ സ്ഥിതി വളരെ ദയനീയമാകും. അയോഗ്യത കൽപ്പിക്കുന്നത് സംബന്ധിച്ച് പറഞ്ഞിട്ടുള്ളത് പാർട്ട് ടൈം ജീവനക്കാർക്കും ഓണറേറിയം വാങ്ങുന്നവരെയും ഡിസ്ക്വാളിഫൈ ചെയ്യുമെന്നാണ്. എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനെന്താണ്? സർക്കാർ ശമ്പളം കിട്ടുന്നതാണ്. 5 വർഷം ലീവെടുത്ത് പൊതുജന സേവനത്തിന് വരുമ്പോൾ, എല്ലാ പാർട്ടിയിലും ഇതിന് വേണ്ടി പ്രവർത്തിക്കുന്ന പ്രവർത്തകരില്ലേ? എൽ. ഡി.എഫിലായാലും യു.ഡി.എഫിലായാലും ബി. ജെ.പിയിലായാലും സാധാ രണ പ്രവർത്തകർ പാർട്ടിക്കുവേണ്ടി അഹോരാത്രം പണിയെടുക്കുന്ന പ്രവർത്തകരുണ്ട്. അവർക്ക് സീറ്റ് കൊടുക്കുന്നതിന് പകരം എയ്ഡഡ് മേഖ ലയിൽ പ്രവർത്തിക്കുന്നവർ സൗജന്യ സേവനമെന്ന നിലയിൽ, ആരും സൗജന്യ സേവനത്തിന് വരില്ലല്ലോ. നമുക്കറിയാമല്ലോ ഇതിന്റെയൊക്കെ കളി എന്താണെന്ന്. നിർബന്ധമായും ഡിസ്ക്വാളിഫൈ ചെയ്യുന്നവരുടെ കൂട്ട ത്തിൽ എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരെക്കൂടി ഉൾപ്പെടുത്താൻ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. സർക്കാർ അദ്ധ്യാപകരെ ഇപ്പോൾ തന്നെ ഡിസ്ക്വാളിഫൈ ചെയ്തിട്ടുണ്ട്. അതിനുള്ള നിയമം ഉണ്ട്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. മൂന്ന് പോയിന്റുകളിലൂടെ എന്റെ എളിയ നിർദ്ദേശങ്ങൾ ഞാൻ സഭയുടെ മുന്നിൽ വയ്ക്കുകയാണ്. ഗവൺമെന്റിൽ നിന്ന് സബ്ജക്ട് കമ്മിറ്റിക്ക് പോയി ഇതിലെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് പുതിയ നിയമമായി വന്ന് അത് പാസ്സാക്കാമെന്നുള്ള ധാരണയിൽ ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ശ്രീ. കെ. രാജു: സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 69, 86, 407 എന്നീ വകുപ്പുകളിലാണ് ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. എനിക്ക് മുമ്പ് സംസാരിച്ച മുൻ കെ.പി.സി.സി പ്രസിഡന്റ് കൂടിയായ ശ്രീ. കെ. മുരളീധരന്റെ പല അഭിപ്രായങ്ങളോടും എനിക്ക് യോജിപ്പാണുള്ളത്. 69-ാം വകുപ്പ് പറയുന്നത് ഡീ-ലിമിറ്റേഷനെക്കുറിച്ചാണ്. ഡീ-ലിമിറ്റേഷൻ കമ്മീഷൻ, ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട നഗരസഭ വകുപ്പുമന്ത്രിയും ഇക്കാര്യം ശ്രദ്ധിക്കുന്നത് നന്നായിരിക്കും. ഡീ-ലിമിറ്റേഷന് വേണ്ടി പ്രത്യേകം കമ്മീഷനെ വയ്ക്കുന്നുവെങ്കിലും സർക്കാരാണ് ഈ കമ്മീഷനെ അപ്പോയിന്റ് ചെയ്യുന്നത്. ആ കമ്മീഷൻ പലപ്പോഴും നിലവിലുള്ള സമിതിയുടെയും സംസ്ഥാനത്ത് അധികാരത്തിലിരിക്കുന്ന ഗവൺമെന്റിന്റെയും താത്പര്യങ്ങൾക്കനുസരിച്ച് വാർഡ് വിഭജനവും പുന:സംഘടനയും നടത്താനുള്ള സാദ്ധ്യത നിലനിൽക്കുന്നുണ്ട്. പലപ്പോഴും അങ്ങനെ സംഭവിച്ചിട്ടുമുണ്ട്. മുനിസിപ്പാലിറ്റിയിലാകട്ടെ പഞ്ചായത്തുകളിലാകട്ടെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ പുതിയ വാർഡുകൾ രൂപീകരിക്കുമ്പോൾ വാർഡുകളുമായി ബന്ധപ്പെടുത്തിക്കൊണ്ട് കൃത്യമായ അതിരുകൾ ജനസംഖ്യയുമായി ബന്ധപ്പെടുത്തിക്കൊണ്ട് പ്രത്യേകമായ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തന്നെ ചെയ്യണം. പലപ്പോഴും ഭരിച്ചു കൊണ്ടിരിക്കുന്ന കക്ഷിക്കാർ ഡ്രാഫ്റ്റ് തയ്യാറാക്കി ഈ കമ്മീഷന് കൊടുക്കുകയും കമ്മീഷൻ അത് അപ്രൂവ് ചെയ്തുകൊടുക്കുകയുമാണ് ചെയ്യുന്നത്. അത് പലപ്പോഴും മോശമായ

പ്രാക്ടീസിന് ഇടവരുത്തും. ഉദ്ദേശിക്കുന്ന കക്ഷികൾക്ക് ജയിച്ചുവരാൻ കഴിയുന്ന തരത്തിൽ വാർഡ് വിഭജനം ചെയ്യുന്ന രീതി കണ്ടു വരുന്നുണ്ട്. മൊത്തത്തിൽ അല്ലെങ്കിലും അപൂർവ്വമായെങ്കിലും അങ്ങനെ നടക്കുന്നത് കമ്മീഷന്റെ വിശ്വാസത്തെ ബാധിക്കുന്നുണ്ട്. അതുകൊണ്ട് വാർഡ് വിഭജനവുമായി ബന്ധപ്പെട്ടും പുന:സംഘടനയുമായി ബന്ധപ്പെട്ടും വളരെ നിഷ്പക്ഷമായി പ്രവർത്തിക്കുന്ന ഡീ–ലിമിറ്റേഷൻ കമ്മീഷൻ ആവശ്യമുണ്ട്. ആ രീതിയിലായിരിക്കണം അതിന്റെ പ്രവർത്തനം. അതിനാവശ്യമുള്ള നിയമ ഭേദഗതികൾ കൂടി ഈ ബില്ലുമായി ബന്ധപ്പെട്ട് വരേണ്ടതുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ശ്രീ. കെ. മുരളീധരൻ സൂചിപ്പിച്ചപോലെ സംവരണ വാർഡുകൾ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ ഇത് ജനറൽ സീറ്റായതുകൊണ്ട് അടുത്ത വർഷം ഇത് വനിതാ റിസർവേഷനാകും അല്ലെങ്കിൽ എസ്.സി റിസർവേഷനാകും എന്നുള്ള ധാരണയോടുകൂടി പ്രവർത്തിക്കുമ്പോൾ ഈ കാലഘട്ടത്തിൽ സാധാരണയായി മെമ്പർമാർ പലപ്പോഴും ഒന്ന് ഒഴപ്പാൻ അവരുടെ ഉത്തരവാദിത്വങ്ങൾ പൂർണ്ണമായി നിർവ്വഹിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുന്നതിനിട വരുന്ന സാഹചര്യമുണ്ട്. അതുപോലെ സംവരണ സീറ്റിൽ ജയിച്ചുവരുന്ന ആളുകൾക്ക് ഒരു ടേൺ കൂടി അതായത് തുടർച്ചയായി 10 വർഷമെങ്കിലും അത് സംവരണമായി തന്നെ ലഭിക്കുകയാണെങ്കിൽ അത്തരം വാർഡുകളിൽ ഇന്നുള്ളതിനെക്കാൾ ഫലപ്രദമായി ജനപ്രതിനിധികൾക്ക് ഇടപെടാൻ കഴിയും അത് പൊതുവിൽ ജനറൽ വാർഡിലടക്കം പ്രയോജനം ചെയ്യുമെന്നുള്ള കാര്യത്തിൽ തർക്കം വേണ്ട അതുകൊണ്ട് ആ നിലയിലുള്ള ആലോചന നടത്തുന്നത് നന്നായിരിക്കും. അങ്ങയുടെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനുള്ള അയോഗ്യതകൾ കല്പിക്കുന്നതുമായി ബന്ധപ്പെട്ടാണ് 86–ാം വകുപ്പ്. ബാല വാടി ടീച്ചർമാർ, അംഗൻവാടി ടീച്ചർമാർ, വർക്കർമാർ അവരെ ഉദ്ദേശിച്ചാണ് പ്രധാനമായും ഇപ്പോൾ ഇങ്ങനെ ഒരു ക്ലോസ് കൊണ്ടുവരാൻ ബഹുമാന പ്പെട്ട മന്ത്രി ഉദ്ദേശിച്ചതെന്നാണ് എനിക്ക് തോന്നുന്നത്. ഈ വകുപ്പിന്റെ ആവ ശ്യത്തിലേയ്ക്കായി അംഗൻവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും ഒഴികെയുള്ള പാർട്ട് ടൈം ജീവനക്കാർ ഓണറേറിയം കൈപ്പറ്റുന്ന ജീവനക്കാ രായി കരുതപ്പെടേണ്ടതാണ്. അവരെ ജീവനക്കാരായി കരുതേണ്ടതില്ല എന്ന് കണക്കാക്കിക്കൊണ്ട് അവർക്ക് മത്സരിക്കാനുള്ള അനുവാദം കൊടുക്കുന്ന തിനു വേണ്ടിയുള്ള ഒരു enabling provision ആണിത്, നല്ലതു തന്നെ. പക്ഷേ എനിക്ക് ഈ അവസരത്തിൽ ഒരു അഭ്യർത്ഥന വയ്ക്കാനുള്ളത്, ബാലവാടിയിലെയോ അംഗനവാടിയിലെയോ ജീവനക്കാർ എന്നു പറയുന്ന വർ യഥാർത്ഥത്തിൽ ഒരു സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർ ചെയ്യുന്ന ജോലിയെക്കാൾ കൂടുതൽ ജോലി ചെയ്യുന്നവരാണ്. അവരുടെ സേവനം എന്നു പറയുന്നത് എയ്ഡഡ് സ്കൂളിലെയോ ഗവൺമെന്റ് സ്കൂളിലെയോ അദ്ധ്യാപകൻ ചെയ്യുന്നതിനേക്കാൾ കൂടുതൽ ഉത്തരവാദിത്തത്തോടു കൂടി ചെയ്യേണ്ട ജോലിയുമാണ് ചെയ്യേണ്ടത്. എന്തുകൊണ്ട് അംഗൻവാടി ജീവന ക്കാരെ ആ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ജീവനക്കാരനായി അംഗീക രിച്ചുകൂടാ? അംഗീകരിച്ച് അവർക്ക് ഒരു സ്കെയിൽ ഏർപ്പെടുത്തി, അംഗൻവാടി ജീവനക്കാരെ (വർക്കറും ഹെൽപ്പറും) അങ്ങനെയുള്ളവരെ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ തദ്ദേശസ്വയംഭരണ സ്ഥാപന

ത്തിന്റെയോ ജീവനക്കാരായി മാറ്റുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീക രിക്കണം. അംഗൻവാടി വർക്കർമാരായും ഹെൽപ്പർമാരായും വന്നിട്ടുള്ളവ രെല്ലാവരും നല്ല ക്വാളിഫൈഡായിട്ടുള്ളവരാണ്. അവിടെ വർക്കർ പണി ചെയ്യുന്നവരും കുട്ടികളെ നോക്കാനും തൂക്കാനും ഒക്കെ വരുന്ന ഹെൽപ്പർമാരെയും മൊത്തത്തിൽ പരിശോധിച്ചാൽ അവരെല്ലാവരും തന്നെ സാമാന്യം ക്വാളിഫൈഡാണ്, വെൽ ക്വാളിഫൈഡ് എന്നുതന്നെ പറയാം. അങ്ങനെയുള്ള ആളുകളാണ് ഭൂരിപക്ഷവും. അവരിൽ ഏറിയ പങ്കും പാവ പ്പെട്ടവരാണ്. വർഷങ്ങളായി ആ ജോലി ചെയ്യുന്ന ആളുകളെ ആ പഞ്ചായ ത്തിലെ ജീവനക്കാരനായി തന്നെ അംഗീകരിക്കുന്നത് ഒരു കാര്യമല്ല. പുതിയ ധാരാളം പ്രഖ്യാപനങ്ങൾ കേട്ടു. പഞ്ചായത്തും മുനിസിപ്പാലിറ്റിയുമായും ബന്ധപ്പെട്ട് അവിടെയെല്ലാം ഒരു അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയമിക്കാൻ ഗവൺമെന്റിന് തീരുമാനമുണ്ട് എന്നുള്ള നിലയ്ക്ക് ഒരു വാർത്ത പത്രങ്ങളിൽ വായിക്കാൻ ഇടയായി. അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. റ്റി. എ. റഹീം: സർ, അങ്ങ് പറഞ്ഞുവന്നപ്പോൾ ഒരു പോയിന്റ് വിട്ടുപോയെന്ന് തോന്നുന്നു. ഈ ഡിസ്ക്വാളിഫിക്കേഷന്റെ കാര്യം വരു മ്പോൾ സർക്കാർ സ്കൂൾ അദ്ധ്യാപകന്മാരുടെ അവകാശങ്ങൾ തന്നെയാണ് എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്കുമുള്ളത്. ഡൈ-ഇൻ ഹാർനെസ് ഉൾപ്പെടെ. ഇങ്ങനെയുള്ള ആളുകൾക്ക് മത്സരിക്കാനുള്ള ആനുകൂല്യം കൊടുക്കേണ്ടതില്ല എന്ന് ബഹുമാനപ്പെട്ട കെ. മുരളീധരൻ പറഞ്ഞതിനോട് അങ്ങയുടെ വീക്ഷണമെന്താണ് എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. രാജു: സർ, മലബാർ മേഖലയിൽ തെക്കൻ മേഖലയേക്കാൾ കൂടുതൽ സ്കൂൾ മാഷുമാർ തെരഞ്ഞെടുപ്പുകളിലൊക്കെ മത്സരിക്കുന്നുണ്ട്. അതിന്റെ ഒരു സ്വാധീനം കൊണ്ടായിരിക്കാം ഇങ്ങനെ ഒരു ചോദ്യം ചോദി

ച്ചതെന്നു തോന്നുന്നു. ഞാൻ ശ്രീ. കെ. മുരളീധരൻ പറഞ്ഞ അഭിപ്രായ ത്തോട് യോജിക്കുന്നില്ല. കാരണം അദ്ധ്യാപകർ എന്നു പറയുന്നത് പൊതു പ്രവർത്തനരംഗത്ത്, രാഷ്ട്രീയ രംഗത്തായാലും മറ്റു സാമൂഹികപ്രവർത്തന രംഗത്തായാലും വലിയ സംഭാവനകൾ നൽകിയിട്ടുള്ളവരാണ്. അവർ സമൂഹത്തിൽ അംഗീകാരമുള്ള ആളുകളുമൊക്കെയാണ്. ആ നിലയ്ക്ക് സ്കൂൾ മാഷുമാർക്കും മത്സരിക്കാനുള്ള അവസരം ഉണ്ടാകണമെന്ന അഭി പ്രായമാണ് എനിക്ക് അക്കാര്യത്തിലുള്ളത്. അത്തരത്തിൽ ഒരു നിയമം ഈ അസംബ്ലി തെരഞ്ഞെടുപ്പിലടക്കം ബാധകമാക്കിയാൽ എത്രയോ പ്രഗല്ഭരാ യിട്ടുള്ള സാമാജികന്മാരെ നമുക്ക് നഷ്ടപ്പെട്ടുപോകും. ശ്രീ. സി. എഫ്. തോമസ് അദ്ധ്യാപകനായിരുന്നു, അതുപോലെ എത്രയോ അദ്ധ്യാപകർ? അതുകൊണ്ട് അതിനോട് ഞാൻ യോജിക്കുന്നില്ല. ഞാൻ പറഞ്ഞുവന്നത് ബാലവാടി ജീവനക്കാരെ സംബന്ധിച്ച് പറയുമ്പോൾ, പഞ്ചായത്തിലോ മുനി സിപ്പാലിറ്റിയിലോ കോർപ്പറേഷനിലോ സ്ഥിരം ജീവനക്കാരായി അംഗീകരി ക്കുന്നതിനാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി മുൻകൈയെടുത്ത് നടപ്പിലാക്കണം എന്നാണ് അതിനെ സംബന്ധിച്ച് ഈ അവസരത്തിൽ കൂട്ടിച്ചേർക്കാനുള്ളത്. ഇന്നിപ്പോൾ പത്രങ്ങളിലെല്ലാം വാർത്ത വന്നിട്ടുണ്ട്. ഇന്നലെ രാത്രി വളരെ വൈകിയും; പന്ത്രണ്ടു മണിക്കു ശേഷവും ട്രഷറി തുറന്ന് വച്ച് പദ്ധതി പണം ചെലവഴിച്ചതിനെ സംബന്ധിച്ച് വാർത്തകൾ വന്നിട്ടുണ്ട്. അതോടൊപ്പം തന്നെ മറ്റൊരു വാർത്ത വന്നത് പഞ്ചായത്തുകളെ സംബന്ധിച്ച്: പത്തോ പന്ത്രണ്ടോ പഞ്ചായത്തുകളിലെ ങ്കിലും ഈ വർഷം ഏപ്രിൽ മാസത്തിൽ തന്നെ പദ്ധതി ആരംഭിക്കാൻ കഴിയുമെന്ന വാർത്തയും വന്നു. പദ്ധതി പ്രവർത്തനങ്ങൾ, പഞ്ചായത്തിലാ യാലും മുനിസിപ്പാലിറ്റിലായാലും കോർപ്പറേഷനിലായാലും സാമ്പത്തിക

വർഷം ആരംഭിച്ച് ഒന്നോ രണ്ടോ മാസം കഴിയുമ്പോൾ ആ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തു നടപടികളാണോ വേണ്ടത് ആ നടപടികളെല്ലാം സ്വീകരിച്ചുകൊണ്ട് ആ നിലയിലേയ്ക്ക് പോകാൻ നമുക്ക് കഴിയണം. അതിനാവശ്യമായിട്ടുള്ള ജീവനക്കാരെ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും എല്ലാം നൽകുന്നതിന് കഴിയണം. ഇന്ന് ജീവനക്കാരുടെ കുറവ് വലിയ ഒരു വിഷയമാണ്. മാലിന്യവുമായി ബന്ധപ്പെട്ട് ഒരു കാര്യം ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്, ഇന്ന് ഇതിന്റെയെല്ലാം ഉത്തരവാദിത്വം പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നഗരസഭകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുമാണെന്ന് പറഞ്ഞുകൊണ്ട് ഗവൺമെന്റ് മാറിനിൽക്കുകയാണ്. ഗവൺമെന്റ് വേണ്ടത്ര ഇടപെടൽ നടത്തുന്നില്ല. എനിക്ക് സൂചിപ്പിക്കുവാനുള്ളത് ഒരു ഗ്രാമപഞ്ചായത്തിനോ ഒരു മുനിസിപ്പാലിറ്റിക്കോ മാത്രം ഇത്ര വലിയ എക്സ്പെൻസീവായ പ്ലാന്റും മറ്റുമൊക്ക നിർമ്മിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. ആ സാഹചര്യത്തിൽ ഒരു നിയോജകമണ്ഡലം മാത്രമല്ല, ചിലപ്പോൾ മറ്റു നിയോജകമണ്ഡലത്തിന്റെ കുറച്ചു പഞ്ചായത്തുകൾ കൂടി ചേരേണ്ടി വരും. അല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്ത്; ഒന്നോ ഒന്നിലധികമോ പഞ്ചായത്തുകൾ ചേരേണ്ടി വരും. അങ്ങനെ ചേർന്നു വരുമ്പോഴായിരിക്കും എവിടെയെങ്കിലും സൗകര്യപ്രദമായ ഒരു സ്ഥലം നമുക്ക് കണ്ടെത്താൻ വേണ്ടി കഴിയുന്നത്. അതിന് ഗവൺമെന്റിന്റെ ഇടപെടൽ അക്കാര്യത്തിൽ ആവശ്യമുണ്ട്. ഒരു പഞ്ചായത്തിനെയും മുനിസിപ്പാലിറ്റിയെയും മാത്രം കുറ്റം പറഞ്ഞ് ഇക്കാര്യത്തിൽ ഒഴിഞ്ഞുനിൽക്കാൻ പാടില്ല. മറിച്ച് ഗവൺമെന്റ് നേരിട്ട് ഇടപ്പെട്ട് കൊണ്ട് ഒരു ജില്ലയിൽ തന്നെ രണ്ടോ മൂന്നോ കേന്ദ്രങ്ങളിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ അല്ലെങ്കിൽ ജില്ലാ പഞ്ചായത്തിന്റെയും അധികാരികളും എം.എൽ.എ. മാരുമൊക്കെ വിളിച്ചുചേർത്തു

കൊണ്ട് അതിന് നേതൃത്വം ഗവൺമെന്റ് കൊടുത്തുകൊണ്ട് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾക്ക് നേതൃത്വം നൽകണം. പണം എങ്ങനെ പൊതുവായി സംഭരിക്കാം? ഗവൺമെന്റിന് തന്നെ എല്ലാ പണവും വഹിക്കാൻ കഴിയും എന്ന് ഞാൻ കരുതുന്നില്ല. ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും ഗ്രാമപഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും സംയുക്ത സംരംഭം എന്ന നിലയ്ക്ക് ഈ മാലിന്യസംസ്കരണ പ്ലാന്റുകളടക്കം സ്ഥാപിക്കുന്നതിനാവശ്യമായ പണം സംഭരിക്കുന്നതിന് കഴിയും. അത്തരത്തിലുള്ള ഒരു സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് ഈ അവസരത്തിൽ പറയാനുള്ളത്. വകുപ്പ് 407-ന്റെ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിക്കുന്നുണ്ട്. വകുപ്പ് 407 പറയുന്നത് അനധികൃതമായി അല്ലെങ്കിൽ ക്രമവിരുദ്ധമായി നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിച്ചുകൊടുക്കുക എന്നുള്ളതാണ്. 2012 ഒക്ടോബർ 31 വരെ ഏകദേശം ഈ കഴിഞ്ഞ വർഷത്തിന്റെ അവസാനം വരെ അനധികൃതമായി നിയമവിരുദ്ധമായും നിയമം ലംഘിച്ചുകൊണ്ടും സർവ്വചട്ടങ്ങൾക്കും വിരുദ്ധമായി നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള കെട്ടിടങ്ങളെല്ലാം ക്രമവത്ക്കരിച്ചുകൊടുക്കുക എന്നുള്ളതാണ്. ഇതാണോ നിയമസഭയുടെ ഉത്തരവാദിത്വം? നിയമനിർമ്മാണം നടപ്പിലാക്കുന്ന ജനപ്രതിനിധികളുടെ സഭയോടുള്ള ഉത്തരവാദിത്വം ഇതാണോ? ക്രമവിരുദ്ധമായി നടന്ന കാര്യങ്ങൾ ക്രമീകരിച്ചുകൊടുക്കുക. അതിനാണോ നിയമസഭയ്ക്ക് നിയമനിർമ്മാണത്തിനുള്ള അധികാരം തന്നിരിക്കുന്നത്. നിലവിലിരിക്കുന്ന ചട്ടങ്ങൾക്കും നിയമത്തിനും വിരുദ്ധമായി നിർമ്മാണം നടത്തിയവർക്ക് ഒരു പിഴ ഈടാക്കിക്കൊണ്ട് ഇതുവരെയുള്ള മുഴുവൻ നിയമവിരുദ്ധമായ നടപടികളും അംഗീകരിച്ചുകൊടുത്ത് ഒരു

പിഴയും വാങ്ങി അത് ക്രമീകരിച്ചുകൊടുക്കുക എന്നു പറയുന്നത് തെറ്റാണ്, നിയമവിരുദ്ധമാണ്, ഭരണഘടനാ വിരുദ്ധമാണ്. അത് ചെയ്യാൻ പാടില്ല. നിയമവിരുദ്ധമായി ഉണ്ടാകുന്ന കെട്ടിടങ്ങൾ, ഇറക്കുകൾ, കയ്യേറ്റങ്ങൾ ഇവയെല്ലാം അപ്പോഴപ്പോൾ ഒഴിപ്പിക്കാൻ ഗവൺമെന്റിന് കഴിയണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയണം. കെട്ടിടനിർമ്മാണം ആരംഭിക്കുമ്പോൾ തന്നെ ആവശ്യമായിട്ടുള്ള പരാതികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്കോ മുനിസിപ്പാലിറ്റികൾക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കൊക്കെ ലഭിക്കുന്നുണ്ട്. പക്ഷേ നടപടിയെടുക്കേണ്ട ഉദ്യോഗസ്ഥന്മാർ കണ്ണടച്ചിരിക്കുകയാണ്. അങ്ങനെ കണ്ണടച്ചിരിക്കുന്നതിന്റെ പിന്നിൽ അതിഭീമമായ അഴിമതിയാണുള്ളത്. ഈ പറയുന്ന രീതിയിൽ ഇപ്പോൾ കാര്യങ്ങൾ ക്രമീകരിച്ചു കിട്ടും എന്നുണ്ടെങ്കിൽ നാളെ ആർക്കു വേണമെങ്കിലും റോഡിനകത്തോട്ട്......, എൻ.എച്ച്. ആകട്ടെ, സ്റ്റേറ്റ് റോഡ് ആകട്ടെ, റോഡിലോട്ടറിങ്ങി ഒരു കെട്ടിടം കെട്ടിയുയർത്തുകയാണ്. കുറച്ചു വർഷം കഴിയുമ്പോൾ അടുത്ത നിയമം വരും. ക്രമീകരിച്ചു കൊടുക്കും. പിഴ കെട്ടിവച്ചാൽ മതി. ഇതാണ് കാരണം. നിങ്ങളങ്ങ് കെട്ടിക്കോ എന്നു പറയും. ഇപ്പോൾ പലപ്പോഴും റോഡിലൂടെ സഞ്ചരിക്കുമ്പോൾ നമുക്ക് കാണാം. റോഡ് സൈഡുകളിൽ രാത്രികാലങ്ങളിൽ ലൈറ്റെല്ലാം അണച്ചതിനുശേഷം ചാക്കുകെട്ട്, ടാർപോളിൻ എല്ലാം കെട്ടി ഉയർത്തി അതിനകത്ത് നിർമ്മാണം നടക്കുകയാണ്. ആ നിർമ്മാണം രാത്രികാലങ്ങളിൽ തുടങ്ങി വെളുപ്പാൻ കാലം ആകുമ്പോഴേക്കും നിർമ്മാണം പൂർത്തീകരിക്കും. അപ്പോൾ അനധികൃതമായി നടക്കുന്ന അത്തരം നിർമ്മാണങ്ങൾ വളരെ വ്യാപകമായി കേരളത്തിലെമ്പാടും നടക്കുകയാണ്. അതൊന്നും തന്നെ അനുവദിക്കാൻ പാടില്ല. ഈ ഗവൺമെന്റ് അക്കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് വരുത്തുന്നത്. ഈ കേരളത്തിലൊട്ടാകെ

എല്ലായിടങ്ങളിലും ഇതുപോലുള്ള അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ചില അവധി ദിവസങ്ങളിൽ വെള്ളിയാഴ്ച വൈകിട്ട് രാത്രി മെറ്റീരിയൽസ് കൊണ്ടിറക്കുകയും രണ്ടാംശനിയും, ഞായറാഴ്ചയും കണ്ടുകൊണ്ട് ഈ രണ്ടു ദിവസം കൊണ്ട് കെട്ടിടം കെട്ടിയുയർത്തുകയാണ്. പിന്നീട് ക്രമവൽക്കരിച്ചു കിട്ടും. ഇത് അനാശാസ്യമായ അല്ലെങ്കിൽ നിയമവിരുദ്ധമായ സാമൂഹ്യവിരുദ്ധമായിട്ടുള്ള നടപടികൾ നടത്തിയശേഷം പിന്നീട് പിഴ ഈടാക്കിക്കൊണ്ട് ക്രമവൽക്കരിച്ചുകൊടുക്കുന്നതിന് തുല്യമാണ്. അത് നമുക്ക് ഭൂഷണമല്ല. നിയമസഭയ്ക്കോ ഒരു സർക്കാരിനോ ജനാധിപത്യസംവിധാനത്തിനോ ഭൂഷണമായ സംഗതിയല്ല. അതുകൊണ്ട് ഈ നടപടി പിൻവലിക്കണം. ഈ വകുപ്പ് നമുക്ക് വേണ്ട. കർശനമായി ഇത് തടയുന്നതിനാവശ്യമായ വകുപ്പാണ് വേണ്ടത്. അതല്ലെങ്കിൽ നമ്മുടെ സമൂഹത്തിന്റെ പുരോഗതിയെ ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വ്യത്യസ്തമായി പറഞ്ഞതൊഴിച്ച് ബാക്കിയെല്ലാം ശ്രീ. കെ. മുരളീധരൻ പറഞ്ഞതിനോട് യോജിച്ചുകൊണ്ട് ഞാൻ എന്റെ ചർച്ച അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. ഷാജി: സർ, രണ്ട് കാര്യങ്ങൾ മാത്രമാണ് എനിക്ക് പറയാനുള്ളത്. ഒന്ന്, ശ്രീ. കെ. മുരളീധരൻ പറഞ്ഞ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതിൽ എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകന്മാർ മത്സരിക്കുന്നതുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യത്തോട് നൂറ് ശതമാനം യോജിക്കുകയാണ്. അദ്ധ്യാപകന്മാർ യോഗ്യരല്ലാത്തതുകൊണ്ടല്ല അദ്ദേഹം അങ്ങനെ പറഞ്ഞത്. എയ്ഡഡ് സ്ഥാപനങ്ങളിൽ പലരും കയറുന്നത് അദ്ധ്യാപനവൃത്തിയുടെയോ ക്വാളിഫിക്കേഷന്റെയോ മാത്രം പിൻബലം കൊണ്ടല്ല, വലിയ തരത്തിൽ ത്തന്നെ സ്ഥാപനങ്ങളെ സ്വാധീനിച്ചുകൊണ്ടാണ് അതിനകത്ത് കയറുന്നത്.

ഇന്നത്തെ കാലത്ത് ഉയർന്ന ശമ്പളം വാങ്ങി നാടിനെ സേവിക്കാൻ വേറെതരത്തിൽ സാധ്യത ഉണ്ടായിരിക്കേ, മത്സരിക്കുവാൻവേണ്ടി ജോലി രാജിവച്ചുകൊണ്ട് വരികയല്ല ചെയ്യുന്നത്. ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് ലീവെടുത്താണ് പലരും മത്സരരംഗത്ത് വരുന്നത്. അങ്ങനെയൊരു സേവനം അർപ്പിക്കേണ്ട കാര്യമൊന്നുമില്ല. അതിനുമാത്രം സേവനം ചെയ്യാൻ ആളുകളില്ലാത്ത ബുദ്ധിമുട്ടൊന്നും രാഷ്ട്രീയ രംഗത്തില്ലായെന്നാണ് മനസ്സിലാക്കുന്നത്. ബാക്കിയുള്ളവരുടെ പള്ളയ്ക്കടിക്കുന്ന ഏർപ്പാടെന്നല്ല ഞാൻ പറയുന്നത്, ജോലി രാജിവച്ചുകൊണ്ട് മത്സരിക്കുന്നവരുടെ കാര്യമല്ല ഞാൻ പറഞ്ഞത്, റിസൈൻ ചെയ്യാതെ മത്സരിക്കുന്നത് ഒരുതരം തട്ടിപ്പുപോലുള്ള ഏർപ്പാടാണ്. അതുകൊണ്ട് നിർബന്ധമായും അവരെക്കൂടി ഒഴിവാക്കുകയാണ് ചെയ്യേണ്ടത്. അക്കാര്യത്തിൽ നൂറ് ശതമാനവും ഞാൻ യോജിക്കുകയാണ്. മറ്റൊന്ന്, അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്തുകൊടുക്കുന്നത് സംബന്ധിച്ചാണ്. അതിൽ ഒരുകാര്യമുള്ളത്, നഗരങ്ങളിൽ വന്നുപെടുന്നതിൽ സന്തോഷിക്കുന്ന ആളുകളുണ്ടാകാം. പക്ഷേ ഒരുപാട് പാവങ്ങൾ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. നഗരസഭയുടെ പരിധിയിൽ നിന്ന് പുറത്തുപോയാൽ മതിയെന്ന് ആഗ്രഹിക്കുന്ന ആളുകളുമുണ്ട്. വളരെ സാധുക്കളായ ആളുകൾ ഒരു വീടുണ്ടാക്കി അതിനോട് ചെറിയ അടുക്കളയോ, ഡൈനിംഗ് ഹാളോ അതിനോട് കൂട്ടിച്ചേർത്ത് ഉണ്ടാക്കിവയ്ക്കുമ്പോൾ, അവരെ ഒരുതരത്തിലും ഇത് ബാധിക്കാൻ പാടില്ല. എന്നാൽ കച്ചവട താൽപ്പര്യത്തോടുകൂടി നേരത്തേ ശ്രീ. ജി. സുധാകരൻ പറഞ്ഞതുപോലെ റിലയൻസ് പോലുള്ള വമ്പൻ കുത്തകകൾ മാത്രമല്ല, നമ്മുടെ നാട്ടിലെ ചില ബിസിനസ്സുകാർപോലും വളരെ പതുക്കെ കെട്ടിടത്തിന്റെ മുകളിലേയ്ക്ക് വീണ്ടും വീണ്ടും കെട്ടിടമുണ്ടാക്കിയതിനുശേഷം അംഗീകാരത്തിനായി

പോകുന്നുണ്ട്. അവരെ സമീപിക്കുന്ന രൂപത്തിൽ ഒരിക്കലും പാവങ്ങളെ സമീപിക്കാൻ പാടില്ല. വീടുകളിൽ ചെറിയ എക്സ്റ്റെൻഷൻ നടത്തുന്ന ആളുകളെ അതേ രൂപത്തിൽ, അവർക്കൊരു സൗകര്യം ചെയ്തുകൊടുക്കുന്ന വിധത്തിൽ കാണുകയും എന്നാൽ കച്ചവട താൽപ്പര്യത്തോടുകൂടി കെട്ടിട ങ്ങൾ ഉണ്ടാക്കുന്നവരുടെ കയ്യിൽനിന്ന് ഇവരുടെ കയ്യിലുള്ളതുകൂടി പിടിച്ചെ ടുക്കാൻ കഴിയുന്ന തരത്തിൽ അധിക നികുതി ചുമത്തി, വലിയ പിഴതന്നെ ചുമത്തി അവരുടെ കയ്യിൽനിന്ന് ഈടാക്കേണ്ടതാണ്. ശ്രീ. കെ. മുരളീധരൻ പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യത്തോട് ഞാൻ യോജിക്കുന്നു, വാർഡുക ളുടെ ഡീ–ലിമിറ്റേഷൻ സംബന്ധിച്ചാണ്. ആ കാലയളവ് പത്ത് വർഷക്കാല മെങ്കിലും വർദ്ധിപ്പിക്കുകയെന്നതാണ്. അതിലെ പ്രധാന കാര്യം നമുക്കറി യാം, സാധാരണ രാഷ്ട്രീയക്കാരെക്കുറിച്ച് പറയുന്നത് തെരഞ്ഞെടുപ്പിന്റെ സമയത്താണ് അവർ ചിരിയുമായി വരുന്നതെന്നാണ്. ഇതിപ്പോൾ പഞ്ചായ ത്തിൽ സംഭവിക്കുന്നത് തെരഞ്ഞെടുപ്പിന്റെ അവസാനഘട്ടം വരുമ്പോൾ അടുത്ത വാർഡിലുള്ള ആളുകളോടാണ് ചിരിക്കുന്നത്. കാരണം ഈ വാർഡ് എന്തായാലും സംവരണ വാർഡായി പോകും. അടുത്ത വാർഡ് ജനറലാണെ ങ്കിൽ അവിടത്തെ ആളുകൾക്കാണ് ചിരി കിട്ടുന്നത്. അതൊരു ബുദ്ധിമുട്ടുള്ള ഏർപ്പാടാണ്. പത്ത് വർഷക്കാലമെങ്കിലും ഈ വാർഡുകൾ അതുപോലെ നിലനിർത്തി ഡീ–ലിമിറ്റ് ചെയ്യാനുള്ള പരിധി നീട്ടണമെന്നുകൂടി അഭിപ്രായപ്പെടുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ബില്ലുമായി ബന്ധപ്പെട്ട് മൂന്നാലുപേർ സംസാരിച്ചു. വാർഡ് വിഭജനത്തിലെ അപാകതകൾ, സംവരണ വാർഡുകൾ തീരുമാനിക്കുന്നതിലെ അപാകത, ചുരുങ്ങിയത് പത്ത് വർഷമെങ്കിലും ഒരു വാർഡ് അതേരീതിയിൽ നിലനിൽക്കണം, എയ്ഡഡ് അദ്ധ്യാപകരുടെ കാര്യങ്ങൾ, വോട്ടർമാരുടെ ഐ.ഡി. കാർഡ്–വോട്ടിംഗ് ദിവസം ഐ.ഡി. കാർഡ് പ്രൊഡ്യൂസ് ചെയ്യുന്നത് തുടങ്ങിയ ശ്രീ. കെ. മുരളീധരൻ പറഞ്ഞ മൂന്നുനാല് കാര്യങ്ങൾ വളരെ പ്രാധാന്യമുള്ളതാണ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. ഇക്കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും മറ്റുള്ളവരുമായും സംസാരിച്ച് അതിനൊരു തീരുമാനം എടുക്കും. പലപ്പോഴും വാർഡ് വിഭജനത്തിൽ വളരെ വലിയ അപാകതകൾ കാണാറുണ്ട്. ഒരു ബന്ധവുമില്ലാതെയാണ് വാർഡ് വിഭജിക്കുന്നത്. വാർഡ് നന്നാക്കണമെന്ന താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഭൂപ്രകൃതിയും നോക്കാതെയാണ് പലപ്പോഴും വാർഡ് വിഭജിക്കുന്നത്. തീർച്ചയായും അത് മാറ്റണം. അക്കാര്യത്തിൽ മറ്റുള്ളവരുമായി സംസാരിച്ച് തീരുമാനമെടുക്കും. വേറെയൊരു കാര്യമെന്നത് regularization of unauthorized construction-നെ പറ്റിയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്തും അതിനുമുമ്പുമെല്ലാം ഇതേരീതിയിലുള്ള unauthorized construction റെഗുലറൈസ് ചെയ്ത് കൊടുത്തിട്ടുണ്ടായിരുന്നു. പക്ഷേ, കേരളത്തിലെ ഒരു സ്ഥിതി, ബഹുമാനപ്പെട്ട ശ്രീ. ജി. സുധാകരൻ ശ്രദ്ധിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള എല്ലാ പ്രദേശങ്ങളിലും ഈ unauthorized

construction ഉണ്ട്. ഇത് പ്രധാനമായും മൂന്ന് രീതിയിലാണ് സംഭവിക്കുന്നത്. ഒന്ന്, അജ്ഞതകൊണ്ട്, അതിനെപ്പറ്റി അറിവില്ലാത്തതുകൊണ്ട്, പെർമിഷൻ എടുത്തത് എക്സ്പെയറിയായിപ്പോയതിനുശേഷവും ശ്രദ്ധയില്ലാതെ വീണ്ടും നിർമ്മാണം തുടർന്നുകൊണ്ടിരിക്കുന്നു. രണ്ട്, ഒരു കല്യാണവുംമറ്റും വരുമ്പോൾ ഒരു മുറിയുണ്ടാക്കാനും ഒരു അടുക്കള ഉണ്ടാക്കാനും വേണ്ടി പെർമിഷന് പോയാൽ വലിയ പ്രയാസങ്ങൾ നേരിടേണ്ടി വരുമെന്നുള്ളതുകൊണ്ട് അങ്ങനെ വരുമ്പോൾ അവിടെയുള്ള ഉദ്യോഗസ്ഥന്മാരെ ചെന്നുകാണുകയും അവരുടെ ഒത്താശയോടുകൂടി മുറികെട്ടാൻ പെർമിഷൻ വാങ്ങുകയും ചെയ്യുന്നു. ചെറിയ വീടുകളിൽ ഒരു മുറി, ഒരു ടോയ്ലറ്റ് അല്ലെങ്കിൽ ഒരു കിച്ചൺ ഇതെല്ലാം ക്രമവൽക്കരിക്കാവുന്ന unauthorized construction ആണ്. മൂന്നാമത്, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്, പണത്തിന്റെ ലാഭത്തിനുവേണ്ടി നിയമത്തെ വെല്ലുവിളിച്ചുകൊണ്ട് വളരെ വലിയ രീതിയിൽ കൺസ്ട്രക്ഷൻ നടക്കുന്നത്. അടുത്തകാലത്ത് വിജിലൻസ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് കേരളത്തിന്റെ എല്ലാ സ്ഥലങ്ങളിലും ചെക്കിംഗ് നടത്തി. ഏകദേശം 300 ഓളം സ്ഥലങ്ങളാണ് സന്ദർശിച്ചത്. അതിൽ എൺപത് ശതമാനം സ്ഥലങ്ങളിലും unauthorized ആയി വളരെ വലിയ ബിൽഡിംഗ്സ് കെട്ടിപ്പൊക്കിയിരിക്കുകയാണ്. ചിലർ, മൂന്ന് ഫ്ളോറിന് പെർമിഷൻ വാങ്ങി ആറ് നില ഉണ്ടാക്കിയിരിക്കുന്നു. ഏഴ് വില്ലകളുടെ കോംപ്ലെക്സിൽ 25 വില്ലകളുണ്ടാക്കിയിട്ടുണ്ട്. അവിടെ ഏഴ് വില്ലകൾക്കാണ് പെർമിഷനുള്ളത്. അതേ രീതിയിലുള്ള ......................

<u>ശ്രീ. ജി. സുധാകരൻ: </u>സർ, ഇവർക്കെതിരെ ശക്തമായ നടപടി ഉണ്ടാകുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഒരു സംശയവും വേണ്ട. ശക്തമായ നടപടികൾ ഉണ്ടാകും. അതുകൊണ്ട് എത്ര ലാഭം അവർക്ക് ലഭിച്ചിട്ടുണ്ടോ ആ ലാഭം മുഴുവൻ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടിക്കൊണ്ടുള്ള ശക്തമായ നടപടികളുണ്ടാകും. 300 കോടിരൂപയുടെ വരുമാനമാണ് ഇതിൽ നിന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, ആവശ്യമെങ്കിൽ സൂചനയായിട്ടെങ്കിലും ഒന്നുരണ്ട് പ്രമുഖരായ ഉദ്യോഗസ്ഥന്മാരുടെ പേരിലെങ്കിലും നടപടി എടുക്കുമോ?

ശ്രീ.മഞ്ഞളാംകുഴി അലി: സർ, അതിനുള്ള നടപടികൾ ഇപ്പോൾ already തുടങ്ങിക്കഴിഞ്ഞു. രണ്ട് മൂന്ന് ആളുകളെ ഇപ്പോൾത്തന്നെ സസ്പെന്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫയലുകൾ മൂവ് ചെയ്തുകൊണ്ടിരിക്കുകയാണ്. അതിനൊരു സംശയവും വേണ്ട, ഭരണ പക്ഷത്തും പ്രതിപക്ഷത്തുമുള്ള മുനിസിപ്പാലിറ്റിയിലെ എല്ലാ ആളുകളും ഇക്കാര്യത്തിൽ തുല്യരാണ്. എല്ലാവരുംകൂടി സഹകരിച്ചുകൊണ്ടാണ് unauthorized construction ഉണ്ടാകുന്നത്. അല്ലാതെ ഒരു വാർഡ് മെമ്പർക്ക് ആ വാർഡിൽ നടക്കുന്ന unauthorized construction അറിയാത്തതുകൊണ്ടല്ല. പലപ്പോഴും അത് നിസ്സാരവത്ക്കരിക്കുകയാണ്. അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥരുമായി കൂട്ടുചേർന്നുകൊണ്ട് അതിന് പെർമിഷൻ കൊടുക്കുന്നു. ഒന്നുകിൽ നമ്മൾ അത് പൊളിച്ചുകളയണം. ഇത്രയും കോടിക്കണക്കിന് രൂപ മുടക്കി നിർമ്മിക്കുന്ന ബിൽഡിംഗ് പൊളിച്ചുകളയുന്നതിനേക്കാളും നല്ലത് അവർക്കതുകൊണ്ട് കിട്ടിയ ലാഭം മുഴുവനും സർക്കാരിലേയ്ക്ക് വകയിരുത്തിക്കൊണ്ട്, അത് മുതലാക്കിക്കൊണ്ട് രാജിയാക്കലായിരിക്കും നല്ലതെ

ന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് unauthorized construction റെഗുലറൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നത്. ശ്രീ. സാജു പോൾ, ഈ വിഷയവുമായി ബന്ധമില്ലാതെ കുറേ രാഷ്ട്രീയം പറഞ്ഞു. ഈ വകുപ്പിൽ ഒന്നും നടന്നിട്ടില്ലായെന്നും അവിടെയിരുന്നപ്പോഴും ഇവിടെയിരുന്നപ്പോഴും മന്ത്രിയായപ്പോഴും എനിക്കൊരു വ്യത്യാസവും ഇല്ലായെന്നാണ് പറഞ്ഞത്. ഞാൻ മന്ത്രിയായപ്പോൾ അങ്ങയുടെ പാർട്ടിയിലുള്ള ചില മന്ത്രിമാരെപ്പോലെ ഗുരുവായൂർ കേശവനെപ്പോലെ നടക്കണമെന്നാണോ അങ്ങ് പറയുന്നത്? ഞാൻ അതേ രീതിയിൽത്തന്നെയാണ്. വകുപ്പുകളിൽ ധാരാളം കാര്യങ്ങൾ നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പരസ്യബോർഡുകളെപ്പറ്റി പറഞ്ഞു, പരസ്യബോർഡുകൾ വളരെ വലിയ പ്രശ്നമാണ്. ഇത്തരത്തിലുള്ളവ മുഴുവൻ ഒഴിവാക്കിക്കൊണ്ട് 1500 വലിയ മോഡേൺ പരസ്യ ബോർഡുകൾ കേരളത്തിന്റെ പല ഭാഗത്തും നിർമ്മിക്കുന്നതിനായി ഇപ്രാവശ്യത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ആറ് മീറ്റർ പോലും വീതിയില്ലാത്ത ധാരാളം റോഡുകൾ നമ്മുടെ മുനിസിപ്പാലിറ്റികളിലുണ്ട്. അത്തരം റോഡുകൾ വീതി കൂട്ടാൻവേണ്ടി ബഡ്ജറ്റിൽ തുക വച്ചിട്ടുണ്ട്. അതുപോലെതന്നെ പാർക്കിംഗ് ഏരിയകൾ, എല്ലാ സ്ഥലത്തും മെക്കനൈസ്ഡ് പാർക്കിംഗ് ഉണ്ടാക്കാനുള്ള പദ്ധതി ആരംഭിക്കുകയും അതിനുള്ള തുക ബഡ്ജറ്റിൽ വയ്ക്കുകയും ചെയ്തിട്ടുണ്ട്. മോഡേൺ സിറ്റിയായ എറണാകുളത്ത് ഒന്നുമില്ലായെന്ന് അങ്ങ് പറഞ്ഞു. ഡാൻസിംഗ് ഫൗണ്ടെയ്ൻ, ഡോൾഫിൻ അക്വേറിയം, മാസ്റ്റർ പ്ലാൻ ഇതെല്ലാം എറണാകുളം ജില്ലയിലുള്ള പദ്ധതികളാണ്. വളരെ പ്രധാനപ്പെട്ട സംഗതിയാണ് മാസ്റ്റർ പ്ലാൻ, അത് ഫൈനലൈസ് ചെയ്യാൻ വേണ്ടി നാളെ എറണാകുളത്തുള്ള എല്ലാ എം.എൽ.എ.മാരുമായി സംസാരിക്കുക

യാണ്. അങ്ങ് പറഞ്ഞ മറ്റൊരു കാര്യം സി.റ്റി.പി. ഓഫീസിലെ അസൗകര്യമാണ്. ഒന്നുരണ്ട് മാസത്തിനകം പുത്തനായ കമ്പ്യൂട്ടറൈസേഷൻ ഒക്കെയുള്ള ഓഫീസിലേയ്ക്ക് സി.റ്റി.പി. ഓഫീസ് മാറുകയാണ്. ഒരു പ്രശ്നവുമില്ലാത്ത രീതിയിലാണത് പോകുന്നത്. ജൻറം പദ്ധതിയെപ്പറ്റി അങ്ങ് പറഞ്ഞു. അത് എന്ന് ആരംഭിച്ചതാണ്; കുറേ വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചതാണ്. ജൻറം പദ്ധതി. അത് എന്തുകൊണ്ടാണ് നടക്കാത്തത്. കേരളത്തിന് പറ്റിയ ഡി.പി.ആർ. അല്ല നമ്മൾ അവിടെ സബ്മിറ്റ് ചെയ്തത്.__ഒരു അത്യാവശ്യ സമയം വന്നപ്പോൾ കുറച്ച് അവിടെയും ഇവിടെയുമൊക്കെ കുത്തിക്കുറിച്ചുകൊണ്ട് ഉണ്ടാക്കിയ ഡി.പി.ആർ. ആണ് കൊണ്ടുകൊടുത്തത്. നമ്മുടെ നാട്ടിൽ പ്രാക്ടിക്കൽ അല്ലാത്ത കുറേ പദ്ധതികളായതുകൊണ്ട് ജനങ്ങളെല്ലാവരുംകൂടി അതിനെ എതിർത്തു. അതിന്റെ അടിസ്ഥാനത്തിലാണ് ആ പദ്ധതികൾ വേണ്ട രീതിയിൽ നടത്താൻ പറ്റാത്തത്. ഏകദേശം 68 ശതമാനത്തോളം ടോട്ടൽ തുക നമുക്ക് സ്പെന്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതാണ് സംഗതി. വേറെയൊന്ന് പറഞ്ഞത്, വഴിയോര കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടി ഒരു നിയമംതന്നെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ട്. അത് നല്ല രീതിയിൽത്തന്നെ പരിഹരിക്കാൻ കഴിയുന്നതാണ്.

എല്ലാവരും സംസാരിച്ചപ്പോൾ മാലിന്യ പ്ലാന്റുകളെക്കുറിച്ച് പറഞ്ഞിരുന്നു. ഇതുസംബന്ധിച്ച് പല പ്രാവശ്യം ചർച്ച ചെയ്തതാണ്. എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മാലിന്യ പ്ലാന്റുകൾ നല്ല രീതിയിൽ നടത്താൻ വേണ്ടി വലിയ ശ്രമം നടക്കുന്നുണ്ട്. ശ്രീ. വി. ശിവൻകുട്ടിയെ അവിടെ കാണുന്നില്ല, അദ്ദേഹത്തിനറിയാം, അങ്ങയുടെ മണ്ഡലത്തിലുള്ള മുനിസിപ്പാലിറ്റിയിലോ കോർപ്പറേഷനിലോ അന്വേഷിച്ചാ

ലറിയാം; അവിടെ ഏതെല്ലാം രീതിയിലുള്ള പ്രവൃത്തികളാണ് നടക്കുന്ന തെന്ന്. ഇതൊരു വലിയ പ്രശ്നമാണ്. ഇത് രണ്ട് വർഷം കൊണ്ടുണ്ടായതല്ല. വളരെ മുമ്പുതന്നെയുള്ള ഒരു പ്രശ്നമാണ്. നമ്മുടെ പ്ലാനിംഗിലുള്ള അപാകതകൾകൊണ്ടാണ് മാലിന്യപ്രശ്നം ഇത്രയും വലിയ ഒരു പ്രശ്നമായി മാറിയത്. അത് പരിഹരിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്, പ്രത്യേകിച്ച് എറണാകുളത്ത്. അവിടത്തെ എം.എൽ.എ.മാരുൾപ്പെടെ എല്ലാവരും സഹകരിച്ചതുകൊണ്ട് നല്ല രീതിയിൽ അത് മുന്നോട്ടുപോകുകയാണ്. അവിടെ ഒരു ടെണ്ടർ വിളിച്ചിരുന്നു. പക്ഷേ ആ ടെണ്ടർ ശരിയല്ല, അത് വീണ്ടും റീ–ടെണ്ടർ ചെയ്യാൻ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അത് സ്വിസ് ചാലഞ്ചുവഴി അവിടെ ഒരു പുതിയ ടെണ്ടർ ആരംഭിക്കാനുള്ള ശ്രമം ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. സാജു പോൾ: സർ, അങ്ങ് വളരെ മനോഹരമായി എല്ലാ കാര്യങ്ങളും പറയുന്നുണ്ട്. പക്ഷേ ഒരുപാട് സമ്മർദ്ദം ചെലുത്തി മന്ത്രി സ്ഥാനത്ത് വന്നതിനുശേഷം മാലിന്യമാണെങ്കിലും ഫ്ളക്സ് ബോർഡാ ണെങ്കിലും പാർക്കിംഗാണെങ്കിലും നഗരത്തിന്റെ മറ്റ് പ്രശ്നങ്ങളാണെങ്കിലും അതിൽ എന്ത് റിസൾട്ടുണ്ടായി? ഇതൊന്നും ഇന്നുണ്ടായ വിഷയങ്ങളല്ല. പക്ഷേ അങ്ങ് വന്നതിനുശേഷം എന്ത് മാറ്റമുണ്ടായി. ഈ ഉദ്യോഗസ്ഥൻമാർ, അനധികൃത അറവുശാലകൾ ഇതിനെപ്പറ്റിയൊന്നും ഒരു നടപടിയും എങ്ങും ഉണ്ടായിട്ടില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അങ്ങ് ഒരുകാര്യം മനസ്സിലാക്കണം, ഞാൻ ഒരു സമ്മർദ്ദവും ചെലുത്താതെ മന്ത്രിയായതാണ്. ഞാൻ പ്രഷർ ചെലുത്തി മന്ത്രിയായിരുന്നെങ്കിൽ അങ്ങ് നേരത്തെ പറഞ്ഞതുപോലെ ഞാൻ ഗുരുവായൂർ കേശവനെപ്പോലെ നടക്കുമായിരുന്നു. പിന്നെ എന്തെല്ലാം

കാര്യങ്ങൾ ഇവിടെ നടന്നുവെന്ന് ചോദിച്ചാൽ, ഞാൻ വന്നിട്ട് കുറച്ച് കാലമേ ആയിട്ടുള്ളൂ. അതിനിടയ്ക്ക് ധാരാളം കാര്യങ്ങൾ നടക്കുന്നുണ്ട്. മാലിന്യ പ്ലാന്റ് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കഴിഞ്ഞ പ്രാവശ്യവും നമ്മൾ മാലിന്യ പ്ലാന്റ് ആരംഭിച്ചിട്ടുണ്ട്. അതിന്റെ പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. കുറെയധികം കാര്യങ്ങൾ അതിൽ നടന്നിട്ടുണ്ട്. ഒരൊറ്റ ദിവസം കൊണ്ട് ഒരു മാജിക് പോലെ എല്ലാംകൂടി നടക്കണമെന്ന് അങ്ങ് വാശി പിടിക്കുകയാണെങ്കിൽ അതിനുള്ള കഴിവ് എനിക്കില്ല. കേരളത്തിലെ എല്ലാ സ്ഥലങ്ങളെയും വച്ചുനോക്കുമ്പോൾ മാലിന്യ പ്രശ്നം ഏറ്റവും കുറവുള്ളത് കൊച്ചിയിലാണ്. കാരണം മുനിസിപ്പാലിറ്റിയും പഞ്ചായത്തും എം.എൽ.എ. മാരുമെല്ലാം ഇതൊരു വലിയ പ്രശ്നമാണെന്ന് മനസ്സിലാക്കി സഹകരിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെ ഒരു പ്രശ്നവുമില്ലാതെയാണ് ഇപ്പോൾ അത് കൈകാര്യം ചെയ്യുന്നത്. ഇത്രയുമാണ് എനിക്ക് പറയാനുള്ളത്. ഈ പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. സാജു പോൾ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സാജു പോൾ : പ്രസ്സ് ചെയ്യുന്നു.

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..................

മി. സ്പീക്കർ: ശ്രീ. സാജു പോൾ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ : പ്രസ്സ് ചെയ്യുന്നില്ല.

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..................

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. സ്പീക്കർ: ഇന്ന് ചില അംഗങ്ങൾ സമയത്തിന്റെ കാര്യം ചൂണ്ടിക്കാണിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള ലിഫ്റ്റുകളും എസ്ക്കലേറ്ററുകളും ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകളും പ്രസ്തുത ബില്ലിന്റെ വകുപ്പുകൾക്കുള്ള ഭേദഗതികളും ഏപ്രിൽ 2-ാം തീയതി രാവിലെ 10 മണിവരെ സ്വീകരിക്കുന്നതാണ്. മറ്റൊന്ന്, ഇവിടെ ബി.എ.സി. കൂടിയാണ് സാധാരണഗതിയിൽ അജണ്ട ഫിക്സ് ചെയ്യുന്നത്. പല ഭാഗത്തുനിന്നുമുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാവരുമായി ആലോചിച്ച് നാളത്തെ

അജണ്ടയുടെ നമ്പരിൽ മാത്രം ഒരു വ്യത്യാസം വരുത്തിയിട്ടുണ്ട്. 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും നാളത്തെ നിയമനിർമ്മാണ കാര്യത്തിൽ ആദ്യ ഇനമായി എടുക്കുന്നതാണ്.

ഓർഡർ............ഓർഡർ.............സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 – ന് വീണ്ടും സമ്മേളിക്കുന്നതാണ്.

(2013 ഏപ്രിൽ മാസം 2–ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.15–ന് പിരിഞ്ഞു.)

------------